വെളിച്ചം

സൗദി ഓൺലൈൻ

ഖുർആൻ പഠന പദ്ധതി

വെളിച്ചം റമദാൻ 2026

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

പാഠഭാഗം:

സൂറ: ഫാത്വിർ, സൂറ: യാസീൻ

GET IT ON Google Play

Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

Saudi Indian Islahi Center

വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം റമദാൻ 2026

ഷെഡ്യൂൾ

പാഠഭാഗം : സൂറ: ഫാത്വിർ, സൂറ: യാസീൻ
പ്രതിദിന പരീക്ഷകൾ : ഫെബ്രുവരി 21 – മാർച്ച് 6
റിവിഷൻ പരീക്ഷകൾ : മാർച്ച് 7 – 9
ഫൈനൽ പരീക്ഷ : 2026 മാർച്ച് 13 വെള്ളി

ദിവസം	സൂറഃ	ആയത്തുകൾ	ആയത്തുകളുടെ എണ്ണം
ഫെബ്രുവരി 20	Demo		
ഫെബ്രുവരി 21	ഫാത്വിർ	1-7	7
ഫെബ്രുവരി 22	ഫാത്വിർ	8-13	6
ഫെബ്രുവരി 23	ഫാത്വിർ	14-26	13
ഫെബ്രുവരി 24	ഫാത്വിർ	27-32	6
ഫെബ്രുവരി 25	ഫാത്വിർ	33-37	5
ഫെബ്രുവരി 26	ഫാത്വിർ	38-45	8
ഫെബ്രുവരി 27	യാസീൻ	1-12	12
ഫെബ്രുവരി 28	യാസീൻ	13-27	15
മാർച്ച് 1	യാസീൻ	28-40	13
മാർച്ച് 2	യാസീൻ	41-50	10
മാർച്ച് 3	യാസീൻ	51-64	14
മാർച്ച് 4	യാസീൻ	65-70	6
മാർച്ച് 5	യാസീൻ	71-83	13
മാർച്ച് 6	യാസീൻ	യാസീൻ വ്യാഖ്യാനം	
മാർച്ച് 7	റിവിഷൻ 1 | ഫാത്വിർ	1-45	45
മാർച്ച് 8	റിവിഷൻ 2 | യാസീൻ	1-47	47
മാർച്ച് 9	റിവിഷൻ 3 | യാസീൻ	48-83 + വ്യാഖ്യാനം	36
Final Exam			
2026 മാർച്ച് 13 വെള്ളി	മുഴുവൻ സൂറത്തുകളും		128

سورة فاطر

35. സൂറതു ഫാത്വിർ

സൂറത്തുൽ മലാഇകഃ (മലക്കുകൾ) എന്നും ഇതിന് പേരുണ്ട്.

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 45 – വിഭാഗം (റുകൂഉ്) 5

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ٱلۡحَمۡدُ لِلَّهِ فَاطِرِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ جَاعِلِ ٱلۡمَلَٰٓئِكَةِ رُسُلًا أُوْلِيٓ أَجۡنِحَةٖ مَّثۡنَىٰ وَثُلَٰثَ وَرُبَٰعَۚ يَزِيدُ فِي ٱلۡخَلۡقِ مَا يَشَآءُۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿١﴾

﴾1﴿ സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. (അതായത്) ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടികർത്താവ്; മലക്കുകളെ ഈരണ്ടും മുമ്മൂന്നും നന്നാലും പക്ഷങ്ങൾ [ചിറകുകൾ] ഉള്ള ദൂതൻമാരാക്കിയിട്ടുള്ളവൻ: സൃഷ്ടിയിൽ അവൻ ഉദ്ദേശിക്കുന്നത് അവൻ വർദ്ധിപ്പിക്കുന്നു. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

﴾1﴿ اَلْحَمْدُ സ്തുതി (യെല്ലാം) لِلَّهِ അല്ലാഹുവിനാണ് فَاطِرِ السَّمَاوَاتِ ആകാശങ്ങളുടെ സൃഷ്ടികർത്താവ് وَ الْأَرْضِ ഭൂമിയുടെയും جَاعِلِ الْمَلَائِكَةِ മലക്കുകളെ ആക്കിയവൻ رُسُلًا ദൂതൻമാർ أُولِي أَجْنِحَةٍ ചിറകു (പക്ഷം)കളുള്ള مَثْنَى ഈരണ്ട് وَ ثُلَاثَ മുമ്മൂന്നും وَ رُبَاعَ നന്നാലും يَزِيدُ അവൻ വർദ്ധിപ്പിക്കും فِي الْخَلْقِ സൃഷ്ടിയിൽ مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلَى كُلِّ شَيْءٍ എല്ലാ കാര്യത്തിനും, വസ്തുവിനും قَدِيرٌ കഴിവുള്ളവനാണ്

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

اَلْحَمْدُ (സ്തുതി അല്ലാഹുവിനാണ്) എന്ന വാക്യംകൊണ്ട് ആരംഭിക്കുന്ന സൂറത്തുകളിൽ അവസാനത്തെതാണിത്. സ്തുതികീർത്തനങ്ങളുടെ അർഹതയും, അവകാശവും അല്ലാഹുവിനാണെന്നും, സൃഷ്ടികളെല്ലാം അവന് സ്തുതികീർത്തനം ചെയ്യാൻ കടപ്പെട്ടവരാണെന്നും കാണിക്കുന്ന ചില ഗുണവിശേഷങ്ങളും ഈ വാക്യത്തെത്തുടർന്ന് ഓരോ സ്ഥലത്തും പറഞ്ഞിരിക്കുന്നത് കാണാം. അങ്ങനെയുള്ള രണ്ട് ഗുണവിശേഷങ്ങൾ ഇവിടെയും പറഞ്ഞിരിക്കുന്നു. ആകാശങ്ങളുടെയും, ഭൂമിയുടെയും സൃഷ്ടികർത്താവ്– അഥവാ ആകാശഭൂമികൾക്കും അവയിലടങ്ങിയ സർവ്വ ചരാചരങ്ങൾക്കും അതതിന്റെ പ്രകൃതം നൽകി നൂതനമായി സൃഷ്ടിച്ചുണ്ടാക്കിയ കർത്താവ്– ഇതാണ് ഒന്നാമത്തേത്. പലതരത്തിലുള്ള മലക്കുകളെ ദൂതൻമാരാക്കി നിശ്ചയിച്ചവൻ എന്നത്രെ രണ്ടാമത്തേത്. ആദ്യത്തേത് അവന്റെ നിർമാണമാഹാത്മ്യത്തെയും, ഒടുവിലത്തേത് അവന്റെ പരിപാലനപരിപാടികളിൽ ചിലതിനെയും കുറിക്കുന്നു.

ഈരണ്ടും, മുമ്മൂന്നും, നന്നാലും ചിറകുകളുള്ളവർ എന്ന് പറഞ്ഞത് മലക്കുകളുടെ രൂപവ്യത്യാസത്തെയോ, സ്ഥാനപദവികളെയോ എടുത്തുകാട്ടിയതായിരിക്കാം. ഈ ചിറകുകൾ എങ്ങനെയുള്ളവയാണെന്ന യാഥാർത്ഥ്യം നമുക്കറിയുവാൻ നിവൃത്തിയില്ല. നമ്മുടെ ദൃഷ്ടിക്ക് ഗോചരമല്ലാത്ത ആത്മീയ ജീവികളാണല്ലോ മലക്കുകൾ. മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് നബി ﷺ പ്രസ്താവിച്ചതായി മുസ്‌ലിമും, അഹ്മദും (റ) ഉദ്ധരിച്ചിട്ടുള്ള ഒരു ഹദീഥിൽ വന്നിട്ടുണ്ട്. എങ്കിലും, അല്ലാഹു ഉദ്ദേശിക്കുമ്പോൾ, ചില പ്രത്യേക രൂപങ്ങളിലായി മനുഷ്യർക്ക് കാണത്തക്കവിധം മലക്കുകൾ പ്രത്യക്ഷപ്പെട്ടേക്കുമെന്ന് ക്വുർആനിൽനിന്നും ഹദീഥിൽനിന്നും മനസ്സിലാക്കാം. ഇബ്‌റാഹീം നബി (അ), ലൂത്വ് നബി (അ), മർയം (അ) എന്നിവരുടെ അടുക്കൽ ദൈവദൂതന്മാരായി മലക്കുകൾ ചെന്ന വിവരം അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. നബി തിരുമേനി ﷺ ജിബ്‌രീൽ (അ)നെ കണ്ടിട്ടുള്ളതും പ്രസിദ്ധമാണ്. എന്നാൽ, മലക്കിന്റെ സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നപക്ഷം അത് മനുഷ്യപ്രകൃതിക്ക് താങ്ങാനാവാത്ത കാഴ്ചയായിരിക്കും. നബി തിരുമേനി ﷺ രണ്ട് പ്രാവശ്യം ജിബ്‌രീൽ (അ)നെ സാക്ഷാൽ രൂപത്തിൽ കണ്ടിട്ടുള്ളതായി ബുഖാരിയിലും മുസ്‌ലിമിലും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഹിറാ ഗുഹയിൽവെച്ചുണ്ടായ ഒന്നാമത്തെ ആ കാഴ്ച വിവരിച്ചതിൽ, 'ഞാൻ എന്നെപ്പറ്റി ഭയപ്പെട്ടുപോയി' (لقد خشيت على نفسى) എന്നും, രണ്ടാമത്തെ കാഴ്ചയുടെ വിവരണത്തിൽ 'ഞാൻ പേടിച്ച് നടുങ്ങി നിലത്തേക്ക് വീഴാൻ പോയി' (فجئت منه رعبا حتى هويت إلى الأرض) എന്നും മറ്റും തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

സാക്ഷാൽ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ഈ അവസരത്തിൽ ജിബ്‌രീൽ (അ)ന് ആറുനൂറു ചിറകുകൾ ഉണ്ടായിരുന്നുവെന്ന് ഇബ്നുമസ്ഊദ് (റ) പ്രസ്താവിച്ചതായി മുസ്‌ലിം (റ) രേഖപ്പെടുത്തിയിട്ടുണ്ട്. ഉദരത്തിലും, രണ്ടും നാലും കാലുകളിലും നടക്കുന്ന ജീവിക ളെക്കുറിച്ച് പറഞ്ഞശേഷം സൂ: നൂർ 45 ൽ 'അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടി ക്കുന്നു' (يخلق الله ما يشاء) എന്ന് പറഞ്ഞുവല്ലോ. അതുപോലെ, ഈരണ്ടും മുമ്മൂന്നും നന്നാലും ചിറകുകളെപ്പറ്റി പറഞ്ഞശേഷം 'സൃഷ്ടിയിൽ അവൻ ഉദ്ദേശിക്കുന്നത് അവൻ വർദ്ധിപ്പിക്കുന്നു' (يزيد في الخلق ما يشاء) എന്ന് ഇവിടെയും പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധേ യമാണ്. കൂടാതെ, അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്നും ഉണർത്തി യിരിക്കുന്നു. മലക്കുകളിൽ ഈ മൂന്ന് തരക്കാർക്ക് പുറമെ വേറെയും പല തരക്കാരു ണ്ടാവാമെന്നും, ചിറകുകളുടെ ആധിക്യം അനുസരിച്ച് അവരുടെ പദവികളിലും വ്യത്യാ സമുണ്ടാവാമെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം. الله أعلم

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ലോകത്തിന്റെ നന്മക്കും, മനുഷ്യന്റെ വിജയത്തിനും ആവശ്യമായ ദൈവിക സന്ദേശങ്ങളെ നബിമാർക്ക് അല്ലാഹു മലക്കുകൾ മുഖേന എത്തിച്ചുകൊടുക്കുന്നു. കൂടാതെ മറ്റുപല കാര്യങ്ങളും മലക്കുകൾ മുഖേന ലോകത്ത് നടത്തപ്പെടുന്നുണ്ടെന്ന് ക്വുർആനിൽ പലപ്പോഴും കാണാറുള്ളതാണ്. മലക്കുകളെ ദൂതൻമാരാക്കുക എന്ന് പറഞ്ഞത് ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാകുന്നു. അല്ലാഹുവിന്റെ കൽപനയനുസരിച്ച് ഓരോ മലക്കും അവനവന്റെ കൃത്യം നിർവ്വഹിക്കുമെന്നല്ലാതെ, അല്ലാഹുവിന്റെ ഏതെങ്കിലും അധികാരാവകാശങ്ങളിൽ അവർക്ക് വല്ല പങ്കും ഉണ്ടെന്ന് ഇതിനർത്ഥമില്ല. അവർ അല്ലാഹുവിന്റെ ആദരിക്കപ്പെട്ട അടിയാൻമാർ മാത്രമാകുന്നു. അവൻ (بَلْ عِبَادٌ مُّكْرَمُونَ - الأنبياء) അവരോട് എന്ത് കൽപിച്ചുവോ അതിന് അവർ എതിര് പ്രവർത്തിക്കുകയില്ല. അവരോട് കൽപിക്കപ്പെട്ടതെന്തും അവർ പ്രവർത്തിക്കുകയും ചെയ്യും. (لا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ- التحريم) സൂ: അൻബിയാഉ്, 26– 29 എന്നീ ആയത്തുകളും അവയുടെ വിവരണവും നോക്കുക.

മതഗ്രന്ഥങ്ങളിൽ വിശ്വസിക്കാത്തവർ മലക്കുകളുടെ അസ്തിത്വം നിഷേധിക്കുക സ്വാഭാവികമാണ്. എന്നാൽ, മുസ്‌ലിം സമുദായത്തിനുള്ളിൽതന്നെ ചില 'യുക്തിവാദി'കളുണ്ട്. മലക്കുകൾ എന്ന് പറപ്പെടുന്നത് വിദ്യുച്ഛക്തിപോലെയുള്ള എന്തോ ഒരു ശക്തിയായിരിക്കുമെന്നാണവരുടെ ധാരണയും, പ്രസ്താവനകളും. ധാരാളക്കണക്കിലുള്ള ക്വുർആൻ വചനങ്ങളുടെയും, നബിവചനങ്ങളുടെയും പരസ്യമായ നിഷേധമാണത്. അല്ലാമാ ഫരീദുവജ്ദീ പറഞ്ഞതുപോലെ, മലക്കുകളെ തങ്ങൾക്ക് കാണുവാൻ സാധിച്ചിട്ടില്ല എന്നല്ലാതെ, അവർക്ക് യാതൊരു തെളിവും അതിനില്ല. മനുഷ്യരിൽവെച്ച് ഏറ്റവും സത്യവാൻമാരും, ചിന്തകൻമാരും, ബുദ്ധിമാൻമാരുമാണെന്ന് സമ്മതിക്കപ്പെട്ട പ്രവാചകൻമാരും, പുണ്യാത്മാക്കളായ ചില മഹാൻമാരും മലക്കുകളെ കണ്ടിട്ടുണ്ട്താനും. ഇവർ മുഖാന്തരമാണ് സൻമാർഗത്തിന്റെ ആധാരങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നതും. എന്നിരിക്കെ, അതിനെ നിഷേധിക്കുവാൻ ആർക്കാണധികാരം?!

مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا ۖ وَمَا يُمْسِكْ فَلَا مُرْسِلَ لَهُۥ مِنۢ بَعْدِهِۦ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢﴾

《2》 കാരുണ്യമായുള്ള ഏതൊന്നിനെയും അല്ലാഹു മനുഷ്യർക്ക് തുറന്നുകൊടുക്കുന്നപക്ഷം, അതിനെപിടിച്ച് വെക്കുന്നവനില്ല; അവൻ എന്തെങ്കിലും പിടിച്ചുവെക്കുന്നതായാൽ, അതിനുശേഷം അതിനെ (തുറന്ന്) വിടുന്നവനുമില്ല. അവനത്രെ, അഗാധജ്ഞനായ പ്രതാപശാലി.

《2》 مَايَفْتَحِ اللَّهُ അല്ലാഹു ഏതൊന്ന് തുറന്നുകൊടുക്കുന്നുവോ لِلنَّاسِ മനുഷ്യർക്ക് مِن رَّحْمَةٍ കാരുണ്യമായിട്ട്, അനുഗ്രഹത്തിൽനിന്ന് فَلا مُمْسِكَ പിടിച്ചുവെക്കുന്നവനില്ല لَهَا അതിനെ وَمَا ഏതൊന്ന് يُمْسِكْ അവൻ പിടിച്ചുവെക്കുന്നുവോ فَلَا എന്നാൽ വിട്ടയക്കുന്നവനില്ല مُرْسِلَ അതിനെ مِنۢ بَعْدِهِ അവന് പുറമെ, അതിനുശേഷം وَهُوَ അവൻ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞാനി

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

എന്നിരിക്കെ, അല്ലാഹു അല്ലാത്ത ഏതൊന്നിനെയും - അത് മലക്കുകളോ, പ്രവാചകൻമാരോ, പുണ്യാത്മാക്കളോ, ഗോളങ്ങളോ, പ്രതിമകളോ എന്തുതന്നെ ആയാലും ശരി- ആരാധിച്ചിട്ടും പ്രാർത്ഥിച്ചിട്ടും ഫലമില്ല. ആർക്കും അതിന് അർഹതയുമില്ല. നമസ്ക്കാരത്തിലും പുറത്തും നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നതായി പല ഹദീഥ് ഗ്രന്ഥങ്ങളിലും കാണാം: اللهم لا مانع لما أعطيت ولا معطى لما منعت ولا ينفع ذاالجد منك الجد (അല്ലാഹുവേ, നീ കൊടുക്കുന്നതിനെ മുടക്കുന്നവനില്ല; നീ മുടക്കിയതിനെ കൊടുക്കുന്നവനുമില്ല; ഐശ്വര്യക്കാരന് നിന്നെ സംബന്ധിച്ച് ഐശ്വര്യം ഉപയോഗം ചെയ്യുന്നതുമല്ല.)

يَـٰٓأَيُّهَا ٱلنَّاسُ ٱذْكُرُوا۟ نِعْمَتَ ٱللَّهِ عَلَيْكُمْ ۚ هَلْ مِنْ خَـٰلِقٍ غَيْرُ ٱللَّهِ يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ ۚ لَآ إِلَـٰهَ إِلَّا هُوَ ۖ فَأَنَّىٰ تُؤْفَكُونَ ﴿٣﴾

﴿3﴾ ഹേ, മനുഷ്യരേ, നിങ്ങളുടെ മേൽ അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുവിൻ. അല്ലാഹു അല്ലാതെ, ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്ന വല്ല സ്രഷ്ടാവും (വേറെ) ഉണ്ടോ?! അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ, എങ്ങനെയാണ് നിങ്ങൾ (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നത്?!

وَإِن يُكَذِّبُوكَ فَقَدْ كُذِّبَتْ رُسُلٌ مِّن قَبْلِكَ ۚ وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٤﴾

﴿4﴾ (നബിയേ) ഇവർ നിന്നെ വ്യാജമാക്കുന്നുവെങ്കിൽ, നിനക്ക് മുമ്പും 'റസൂലു'കൾ വ്യാജമാക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

﴿3﴾ يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ اذْكُرُوا ഓർക്കുവിൻ نِعْمَةَ اللهِ അല്ലാഹുവിന്റെ അനുഗ്രഹം عَلَيْكُمْ നിങ്ങളിൽ هَلْ مِنْ خَالِقٍ വല്ല സ്രഷ്ടാവുമുണ്ടോ غَيْرُ اللهِ അല്ലാഹു അല്ലാതെ يَرْزُقُكُمْ നിങ്ങൾക്ക് ഉപജീവനം (ആഹാരം) നൽകുന്ന مِنَ السَّمَاءِ ആകാശത്തുനിന്ന് وَالأَرْضِ ഭൂമിയിൽ നിന്നും لا إِلَٰهَ ഒരാരാധ്യനേ ഇല്ല إِلا هُوَ അവൻ അല്ലാതെ فَأَنَّىٰ എന്നിരിക്കെ (അപ്പോൾ) എങ്ങനെ تُؤْفَكُونَ നിങ്ങൾ തെറ്റിക്കപ്പെടുന്നു, നുണയിലകപ്പെടുന്നു ﴿4﴾ وَإِنْ يُكَذِّبُوكَ അവർ (ഇവർ) നിന്നെ വ്യാജമാക്കുന്നുവെങ്കിൽ فَقَدْ كُذِّبَتْ എന്നാൽ വ്യാജമാക്കപ്പെട്ടിട്ടുണ്ട് رُسُلٌ പല റസൂലുകൾ مِنْ قَبْلِكَ നിനക്കുമുമ്പ് وَإِلَى اللهِ അല്ലാഹുവിങ്കലേക്ക് തന്നെ تُرْجَعُ മടക്കപ്പെടുന്നു الأُمُورُ കാര്യങ്ങൾ

പ്രവാചകൻമാരെ വ്യാജമാക്കൽ ഇപ്പോൾ മാത്രമുള്ളതല്ല. മുമ്പും അത് പതിവാണ്. എല്ലാ കാര്യങ്ങളുടെയും കലാശവും, തീരുമാനവും അല്ലാഹുവിങ്കലാണല്ലോ. വ്യാജവാദികളുടെമേൽ അവൻ നടപടി എടുത്തുകൊള്ളും. അതുകൊണ്ട് മുൻപ്രവാചകൻമാരെപ്പോലെ ക്ഷമയും സ്ഥിരചിത്തതയും കൈകൊള്ളണം. എന്ന് താൽപര്യം.

يَٰٓأَيُّهَا ٱلنَّاسُ إِنَّ وَعۡدَ ٱللَّهِ حَقّٞۖ فَلَا تَغُرَّنَّكُمُ ٱلۡحَيَوٰةُ ٱلدُّنۡيَاۖ وَلَا يَغُرَّنَّكُم بِٱللَّهِ ٱلۡغَرُورُ ﴿٥﴾

﴾5﴿ ഹേ, മനുഷ്യരേ, നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം യഥാർത്ഥമാകുന്നു. അതുകൊണ്ട് ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ! അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാ വഞ്ചകനും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ!!

إِنَّ ٱلشَّيۡطَٰنَ لَكُمۡ عَدُوّٞ فَٱتَّخِذُوهُ عَدُوًّاۚ إِنَّمَا يَدۡعُواْ حِزۡبَهُۥ لِيَكُونُواْ مِنۡ أَصۡحَٰبِ ٱلسَّعِيرِ ﴿٦﴾

﴾6﴿ നിശ്ചയമായും, നിങ്ങൾക്ക് ശത്രുവാകുന്നു പിശാച്, ആകയാൽ, നിങ്ങളവനെ ശത്രുവാക്കിവെക്കുവിൻ! അവൻ തന്റെ കക്ഷിയെ ക്ഷണിക്കുന്നത് അവർ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരിൽ പെട്ടവരായിരിക്കുവാൻ വേണ്ടിമാത്രമാണ്.

﴾5﴿ يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ إِنَّ وَعْدَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യാഥാർത്ഥമാണ് فَلَا تَغُرَّنَّكُمُ ആകയാൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, വഞ്ചിക്കരുത് الْحَيَاةُ الدُّنْيَا ഐഹിക ജീവിതം وَلَا يَغُرَّنَّكُم നിങ്ങളെ വഞ്ചിക്കാതെയുമിരിക്കട്ടെ بِاللَّهِ അല്ലാഹുവിനെ സംബന്ധിച്ച് الْغَرُورُ മഹാ വഞ്ചകൻ, ചതിയൻ ﴾6﴿ إِنَّ الشَّيْطَانَ നിശ്ചയമായും പിശാച് لَكُمْ നിങ്ങൾക്ക് عَدُوٌّ ശത്രുവാണ് فَاتَّخِذُوهُ അതുകൊണ്ട് നിങ്ങളവനെ ആക്കുവിൻ عَدُوًّا ശത്രു إِنَّمَا يَدْعُو നിശ്ചയമായും അവൻ ക്ഷണിക്കുന്നു, ക്ഷണിക്കുന്നുള്ളു حِزْبَهُ അവന്റെ കക്ഷിയെ لِيَكُونُوا അവർ ആയിത്തീരുവാൻവേണ്ടി (മാത്രം) مِنْ أَصْحَابِ السَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ ആൾക്കാരിൽ

മരണാനന്തര ജീവിതം, വിചാരണ, രക്ഷാശിക്ഷകൾ മുതലായവയാണ് അല്ലാഹുവിന്റെ വാഗ്ദാനംകൊണ്ട് ഉദ്ദേശ്യം. ഇവയെക്കുറിച്ചുള്ള വിശ്വാസത്തിനും, ഭാവിജീവിതത്തിലേക്കുള്ള മുൻകരുതലിനും മനുഷ്യന് വിഘാതമായി നിലകൊള്ളുന്ന രണ്ട് വൻ ശത്രുക്കളെക്കുറിച്ചാണ് അല്ലാഹു താക്കീത് ചെയ്യുന്നത്. ഒന്ന്, ഐഹിക ജീവിതം, മറ്റൊന്ന് പിശാച്. ഐഹിക ജീവിതത്തിൽ നിന്നാണ് മനുഷ്യൻ പാരത്രിക ജീവിതത്തിലേക്ക് സമ്പാദിക്കേണ്ടതുള്ളത്. പക്ഷേ, ഐഹിക ജീവിതത്തിൽത്തന്നെ ജീവിതലക്ഷ്യമാക്കുകയോ, അതിന് അതിന്റേതിൽ കവിഞ്ഞ പ്രാധാന്യം നൽകുകയോ ചെയ്യുന്ന പക്ഷം അത് അവന്റെ ശത്രുവും നാശഹേതുവുമായി കലാശിക്കുന്നു. പിശാചാണെങ്കിൽ, മനുഷ്യന്റെ വർഗശത്രുവാണ്. മനുഷ്യനെ വഴിപിഴപ്പിക്കുകയെന്നത് അവന്റെ ലക്ഷ്യം മാത്രമാണ്. അതുകൊണ്ട് രണ്ടിനെക്കുറിച്ചും സദാ ജാഗരൂകരായിരിക്കുവാനും, ശത്രുതയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കപ്പെടുവാനില്ലാത്ത പിശാചിന്റെ അദൃശ്യവലകളെപ്പറ്റി പ്രത്യേകം സൂക്ഷിച്ചുകൊള്ളുവാനും അല്ലാഹു മനുഷ്യരെ ഉൽബോധിപ്പിക്കുന്നു. പിശാചിനെപ്പറ്റി മഹാവഞ്ചകൻ എന്നും, അവൻ നിങ്ങൾക്ക് ശത്രുവാണെന്നും, അവനെ നിങ്ങൾ

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ശത്രുവായിത്തന്നെ ഗണിക്കണമെന്നും, അവൻ തന്റെ ആൾക്കാരെ നരകത്തിലേക്ക് മാത്രമാണ് ക്ഷണിക്കുന്നതെന്നും അല്ലാഹു ആവർത്തിച്ചു നൽകിയ താക്കീതുകൾ നാം പ്രത്യേകം ഓർമവെക്കേണ്ടതുണ്ട്. പിശാചിന്റെ വഞ്ചനയുടെ കടുപ്പവും ഗൗരവവുമാണത് ചൂണ്ടിക്കാട്ടുന്നത്. അല്ലാഹു നമ്മെ രക്ഷിക്കട്ടെ. ആമീൻ.

ٱلَّذِينَ كَفَرُوا۟ لَهُمْ عَذَابٌ شَدِيدٌ ۖ وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ ﴿٧﴾

﴾7﴿ യാതൊരുകൂട്ടർ അവിശ്വസിച്ചുവോ അവർക്ക് കഠിനമായ ശിക്ഷയുണ്ട്; യാതൊരുകൂട്ടർ വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തുവോ അവർക്ക് പാപമോചനവും, വലുതായ പ്രതിഫലവും ഉണ്ടായിരിക്കും.

﴾7﴿ الَّذِينَ كَفَرُوا അവിശ്വസിച്ചവർ لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിനശിക്ഷ وَالَّذِينَ آمَنُوا വിശ്വസിച്ചവർ وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَهُمْ അവർക്കുണ്ട് مَغْفِرَةٌ പാപമോചനം, പൊറുതി وَأَجْرٌ كَبِيرٌ വലിയ (വമ്പിച്ച) പ്രതിഫലവും

മനുഷ്യൻ കഠിന ശിക്ഷക്കർഹനായിത്തീരുവാൻ കാരണം അവിശ്വാസമാണ്. അവിശ്വാസത്തോടുകൂടിയുള്ള സൽക്കർമങ്ങൾ പരിഗണിക്കപ്പെടുകയില്ല. നേരെമറിച്ച് സത്യവിശ്വാസത്തോടുകൂടി സൽക്കർമങ്ങൾ ചെയ്തവർക്കാണ് പാപമോചനവും വമ്പിച്ച പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത്.

വിഭാഗം - 2

أَفَمَن زُيِّنَ لَهُۥ سُوٓءُ عَمَلِهِۦ فَرَءَاهُ حَسَنًا ۖ

﴾8﴿ അപ്പോൾ, തന്റെ ദുഷ്പ്രവൃത്തി തനിക്ക് ഭംഗിയായി കാണിക്കപ്പെടുകയും, എന്നിട്ടതിനെ നല്ലതായി കാണുകയും ചെയ്തിട്ടുള്ള ഒരുവനോ?! [ഇവനുണ്ടോ സൽക്കർമശാലികളെപ്പോലെ പ്രതിഫലം ലഭിക്കുന്നു?!]

فَإِنَّ ٱللَّهَ يُضِلُّ مَن يَشَآءُ وَيَهْدِى مَن يَشَآءُ ۖ فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَٰتٍ ۚ إِنَّ ٱللَّهَ عَلِيمٌۢ بِمَا يَصْنَعُونَ ﴿٨﴾

എന്നാൽ, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ വഴിപിഴവിലാക്കുകയും, അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് സങ്കടാധിക്യത്താൽ അവരുടെ പേരിൽ [അവരെച്ചൊല്ലി] നിന്റെ ആത്മാവ് പോകാതിരുന്നുകൊള്ളട്ടെ! നിശ്ചയമായും അവർ പ്രവർത്തിച്ച് വരുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാണ്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

﴾8﴿ أَفَمَنْ അപ്പോൾ യാതൊരുവനോ زُيِّنَ لَهُ അവന് ഭംഗിയാക്കപ്പെട്ടിരിക്കുന്നു سُوءُ عَمَلِهِ അവന്റെ ദുഷ്പ്രവൃത്തി, പ്രവൃത്തിയുടെ തിന്മ فَرَآهُ എന്നിട്ടവൻ അതിനെ കണ്ടു حَسَنًا നല്ലതായി فَإِنَّ اللَّهَ എന്നാൽ അല്ലാഹു يُضِلُّ വഴിപിഴവിലാക്കുന്നു مَن يَشَاءُ അവനുദ്ദേശിക്കുന്നവരെ وَيَهْدِي നേർവഴിയിലുമാക്കുന്നു مَن يَشَاءُ അവനുദ്ദേശിക്കുന്നവരെ فَلَا تَذْهَبْ അത് കൊണ്ടുപോകാതിരുന്നുകൊള്ളട്ടെ نَفْسُكَ നിന്റെ ജീവൻ, നിന്റെ ദേഹം عَلَيْهِمْ അവരുടെ പേരിൽ (അവരാൽ) حَسَرَاتٍ സങ്കടങ്ങളാൽ (സങ്കടാധിക്യം കൊണ്ട്) إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِمَا يَصْنَعُونَ അവർ ചെയ്തു (പണിതു) വരുന്നതിനെപ്പറ്റി

ഐഹികജീവിതത്തിന്റെയും, പിശാചിന്റെയും വഞ്ചനകൾക്ക് പാത്രമാകുന്നവർക്ക് യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കുവാനും, നല്ലതും ചീത്തയും വേർതിരിച്ചറിയുവാനും സാധിക്കാതെവരും. അങ്ങനെ, തങ്ങൾ സ്വീകരിക്കുന്ന ദുർന്നടപ്പുകളുടെ കൊള്ളരുതായ്മ അവർക്ക് അജ്ഞാതമായിത്തീരുകയും, അവ സൽപ്രവൃത്തികളായി ഗണിക്കുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യും. ഇത്രയും ദുഷിച്ചുപോയ ഇവർ എങ്ങനെയാണ് അല്ലാഹുവിന്റെ പാപമോചനത്തിനും, പ്രതിഫലങ്ങൾക്കും അർഹരാവുക?! എങ്ങനെയാണ് നേർമാർഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ അല്ലാഹു ഇവരെ ഉൾപ്പെടുത്തുക?! തങ്ങളുടെ നടപടികൾ ചീത്തയാണെന്ന ബോധമെങ്കിലും അവർക്കുണ്ടായിരുന്നുവെങ്കിൽ അവരെപ്പറ്റി വല്ല പ്രതീക്ഷക്കും വഴിയുണ്ടാകുമായിരുന്നു. അതുകൊണ്ട് ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ സങ്കടപ്പെട്ട് സ്വയം കഷ്ടപ്പെടേണ്ടതില്ല. അല്ലാഹു അവരുടെ ചെയ്തികളെല്ലാം കണ്ടറിയുന്നുണ്ട്. അവൻ തക്ക നടപടി വഴിയെ എടുക്കുകയും ചെയ്യും. എന്ന് സാരം.

وَٱللَّهُ ٱلَّذِىٓ أَرْسَلَ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَسُقْنَٰهُ إِلَىٰ بَلَدٍ مَّيِّتٍ فَأَحْيَيْنَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ كَذَٰلِكَ ٱلنُّشُورُ ﴿٩﴾

﴾9﴿ അല്ലാഹുവത്രെ, കാറ്റുകളെ അയച്ചിട്ടുള്ളവൻ [ചലിപ്പിക്കുന്നവൻ]. എന്നിട്ട് അവ മേഘം ഇളക്കിവിടുന്നു; അങ്ങനെ നാം [അല്ലാഹു] അതിനെ നിർജ്ജീവമായ വല്ല നാട്ടിലേക്കും തെളിച്ചുകൊണ്ട് പോകുകയായി; എന്നിട്ട് (ആ) ഭൂമിയെ അത് നിർജ്ജീവമായതിനുശേഷം- നാം ജീവിപ്പിക്കുകയായി. ഇതുപോലെ (ത്തന്നെ) യാണ് പുനഃരുത്ഥാനം!.

﴾9﴿ وَاللَّهُ അല്ലാഹുവത്രെ الَّذِي أَرْسَلَ അയച്ചവൻ الرِّيَاحَ കാറ്റുകളെ فَتُثِيرُ എന്നിട്ടവ ഇളക്കിവിടുന്നു سَحَابًا മേഘം, മഴക്കാറ് فَسُقْنَاهُ എന്നിട്ട് നാമതിനെ തെളിക്കും, കൊണ്ടുപോകും إِلَى بَلَدٍ വല്ല നാട്ടിലേക്കും مَيِّتٍ നിർജ്ജീവമായ فَأَحْيَيْنَا بِهِ എന്നിട്ട് അതുകൊണ്ട് നാം ജീവിപ്പിക്കും الْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന്റെ (നിർജ്ജീവതയുടെ) ശേഷം كَذَلِكَ അപ്രകാരമാണ് النُّشُورُ എഴുന്നേൽപ് (പുനഃരുത്ഥാനം)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അതിമഹത്തായ ഒരു അനുഗ്രഹവും, നിത്യസത്യമായ ഒരു ദൃഷ്ടാന്തവും എടുത്തുകാട്ടി മരണാനന്തരജീവിതത്തിന്റെ സാധ്യത തെളിയിക്കുകയാണ്. അതത് നാടുകളിലേക്ക് മേഘം നീങ്ങുന്നതിലും, അതിൽനിന്ന് മഴ വർഷിച്ച് നിർജ്ജീവമായ ഭൂമി ഉൽപാദനയോഗ്യമായിത്തീരുന്നതിലും അടങ്ങിയ ഗഹനമായ രഹസ്യങ്ങളിലേക്കുള്ള സൂചനയാണ്, വാചകഘടനയിൽ ഇടക്കുവെച്ച് 'അവൻ' എന്നതിന്റെ സ്ഥാനത്ത് 'നാം' എന്ന മദ്ധ്യമപ്രയോഗം. ഈ പ്രയോഗത്തെപ്പറ്റി ഇതിനുമുമ്പും നാം ഉണർത്തിയിട്ടുണ്ട്.

مَن كَانَ يُرِيدُ ٱلْعِزَّةَ فَلِلَّهِ ٱلْعِزَّةُ جَمِيعًا ۚ إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ وَٱلْعَمَلُ ٱلصَّٰلِحُ يَرْفَعُهُۥ ۚ وَٱلَّذِينَ يَمْكُرُونَ ٱلسَّيِّـَٔاتِ لَهُمْ عَذَابٌ شَدِيدٌ ۖ وَمَكْرُ أُو۟لَٰٓئِكَ هُوَ يَبُورُ ﴿١٠﴾

﴿10﴾ ആരെങ്കിലും പ്രതാപത്തെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, പ്രതാപം മുഴുവനും അല്ലാഹുവിനാണ് ഉള്ളത്. (ശുദ്ധമായ) നല്ല വാക്കുകൾ അവങ്കലേക്കത്രെ കയറിപ്പോകുന്നത്. സൽക്കർമമാകട്ടെ, അതിനെ അവൻ ഉയർത്തുകയും ചെയ്യുന്നു. (കടുത്ത്) ദുഷിച്ച കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്. അക്കൂട്ടരുടെ കുതന്ത്രം തന്നെയാണ് നാശമടയുക.

﴿10﴾ مَنْ كَانَ ആരെങ്കിലും ആണെങ്കിൽ يُرِيدُ الْعِزَّةَ പ്രതാപം (യശസ്സ്) ഉദ്ദേശിക്കുക فَلِلَّهِ എന്നാൽ അല്ലാഹുവിനാണ് الْعِزَّةُ പ്രതാപം جَمِيعًا മുഴുവനും إِلَيْهِ അവങ്കലേക്കത്രെ يَصْعَدُ കയറിപ്പോകുന്നത് الْكَلِمُ വാക്ക്, വാക്കുകൾ الطَّيِّبُ നല്ല, ശുദ്ധമായ وَالْعَمَلُ الصَّالِحُ സൽക്കർമമാകട്ടെ يَرْفَعُهُ അത് (അവൻ) അതിനെ ഉയർത്തുകയും ചെയ്യുന്നു وَالَّذِينَ يَمْكُرُونَ കുതന്ത്രം പ്രവർത്തിക്കുന്നവർ السَّيِّئَاتِ ദുഷിച്ച (കടുത്ത) കുതന്ത്രങ്ങൾ لَهُمْ അവർക്കുണ്ട് عَذَابٌ شَدِيدٌ കഠിന ശിക്ഷ وَمَكْرُ أُولَٰئِكَ അക്കൂട്ടരുടെ കുതന്ത്രം هُوَ അത് (തന്നെ) يَبُورُ നാശമടയും, നഷ്ടപ്പെടും

മൂന്നുനാല് കാര്യങ്ങൾ ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു. 1) പ്രതാപം മുഴുവനും അല്ലാഹുവിനുള്ളതാണ്. ആർക്കെങ്കിലും പ്രതാപം സിദ്ധിക്കേണമെന്നുണ്ടെങ്കിൽ അത് അവനിൽനിന്ന് ലഭിക്കേണ്ടതും, അതിന് അവൻ നിർദ്ദേശിക്കുന്ന മാർഗങ്ങൾ വഴി അവനോട് ആവശ്യപ്പെടേണ്ടതുമാണ്. അവൻ നൽകുന്ന പ്രതാപമേ സാക്ഷാൽ പ്രതാപമായിരിക്കുകയുള്ളൂ. അവൻ പ്രതാപം നൽകാതെ അവഗണിക്കുന്നവർക്ക് മാന്യതയും, യശസ്സും ലഭിക്കുകയില്ല. (ومن يهن الله فما له من مكرم) എന്നാൽ- പലരും ധരിക്കുന്നതുപോലെ -യശസ്സ് അല്ലെങ്കിൽ പ്രതാപം എന്ന് പറയുന്നത് കുറെ ധനശക്തിയോ, തോന്നിയതുപോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യമോ, മറ്റുള്ളവരെ കീഴ്പ്പെടുത്തി കയ്യൂക്ക് നടത്തുവാനുള്ള സ്വാധീനമോ ഒന്നുമല്ല. സത്യവും നീതിയും അന്യന് അടിയറവെക്കാതെ, അക്രമവും അനീതിയും അവലംബമാക്കാതെ- സൽസ്വഭാവം, ഹൃദയശുദ്ധി, മാനമര്യാദ, സൽക്കർമം മുതലായവ വഴി- സിദ്ധിക്കുന്ന അന്തസ്സും മനസ്സമാധാനവുമാണ് സാക്ഷാൽ യശസ്സ് (العزة). ഇങ്ങനെയുള്ളവന് അല്ലാഹുവിനെ മാത്രമേ ഭയ

പ്പെടേണ്ടിവരികയുള്ളൂ. അവന്റെ സർവ്വാശ്രയവും അവൻതന്നെ. ഇതോടൊപ്പ ജനമദ്ധ്യെ അവന് വിലയും നിലയും താനെ ഉണ്ടായിത്തീരുന്നു. യശസ്സ് ലഭിക്കുവാനുള്ള മാർഗം അടുത്ത വാക്യത്തിൽ കണ്ടെത്താവുന്നതുമാണ്. 'പ്രതാപം' എന്ന് നാം അർത്ഥം നൽകിയത് عزة എന്ന വാക്കിനാണ്. 'യശസ്സ്, വീര്യം, യോഗ്യത, അന്തസ്സ്' എന്നൊക്കെ സന്ദർഭോചിതം അതിന് അർത്ഥം പറയാം.

2, 3) വിശ്വാസംകൊണ്ടും, ആത്മാർത്ഥതകൊണ്ടും പരിശുദ്ധമായ ഹൃദയത്തിൽനിന്ന് ഉടലെടുത്ത് നാവിൽകൂടി വെളിക്കുവരുന്ന നല്ല വാക്കുകൾ- ദിക്ർ, ദുആ, ക്വുർആൻ, സദുപദേശം മുതലായ എല്ലാ സംസാരങ്ങളും -അല്ലാഹുവിങ്കൽ എത്തിച്ചേരുന്നു. അവൻ അവയെ സ്വീകരിച്ച് തക്ക പ്രതിഫലം നൽകുകയും ചെയ്യും. നല്ല വാക്കുകളി (الكلم الطيب)ൽ തൗഹീദിന്റെ സാക്ഷ്യവാചകമായ لاإله إلاالله (അല്ലാഹു അല്ലാതെ ആരാധ്യനേ ഇല്ല) എന്ന 'കലിമഃ'ക്കാണ് പ്രഥമസ്ഥാനമുള്ളതെന്ന് പറയേണ്ടതില്ല. സൽകർമങ്ങളെയെല്ലാം -അവ ചെറുതോ വലുതോ, സ്വകാര്യമോ പരസ്യമോ ഏതാവട്ടെ- അല്ലാഹു ഉയർത്തുകയും അവയെ രേഖപ്പെടുത്തി യഥായോഗ്യം പ്രതിഫലം നൽകുകയും ചെയ്യും. ചുരുക്കത്തിൽ, നല്ല വാക്കുകളോ പ്രവൃത്തികളോ ഒന്നുംതന്നെ അല്ലാഹു പാഴാക്കുകയില്ല.

والعمل الصالح يرفعه എന്ന വാക്യത്തിന് നാം വായിച്ച അർത്ഥം ഓർമിക്കുക. 'അതിനെ അവൻ ഉയർത്തുന്നു' يرفعه എന്നതിലെ കർത്താവിന്റെ സ്ഥാനത്ത് 'അല്ലാഹു'വും, അതിൽ കർമമായി നിൽക്കുന്നത് 'സൽക്കർമവു'മാണല്ലോ. ക്വുർആൻ വ്യാഖ്യാതാക്കളിൽ ഒരു വിഭാഗം സ്വീകരിച്ച അഭിപ്രായമാണിത്. മറ്റൊരുവിഭാഗത്തിന്റെ അഭിപ്രായത്തിൽ ഈ ക്രിയയുടെ കർത്താവ് 'സൽക്കർമ' (العمل الصالح)വും, കർമം 'നല്ല വാക്കും' (الكلم الطيب) ആകുന്നു. (*) അപ്പോൾ, ഈ വാക്കിന്റെ അർത്ഥവിവർത്തനം ഇപ്രകാരം വരും; 'സൽക്കർമമാകട്ടെ, അതിനെ- നല്ല വാക്കിനെ- ഉയർത്തുകയും ചെയ്യും.' അതായത് നല്ല വാക്കുകൾ ഉന്നതങ്ങളാകുന്നതും, ഫലപ്രദമാകുന്നതും സൽകർമങ്ങൾ നിമിത്തമാണ് എന്ന് സാരം.

'നല്ല വാക്കുകൾ കയറിപ്പോകു'മെന്നും, 'സൽക്കർമം ഉയർത്തു'മെന്നും പറഞ്ഞതിന്റെ താൽപര്യം അല്ലാഹു അവയെ സ്വീകരിക്കുമെന്നോ, അറിയിക്കുമെന്നോ മാത്രമാണെന്ന് കരുതേണ്ടതില്ല. വസ്തുതകൾ വസ്തുക്കളായി രൂപാന്തരപ്പെടുന്ന ഒരു ലോകമാണ് (عالم يتجسد فيه المعانى) ആത്മീയ ലോകം -അഥവാ പരലോകം. അല്ലാഹുവിന്റെ കഴിവിൽപെടാത്തതൊന്നുമില്ല. മാത്രമല്ല, പല ഹദീഥുകളിലും ഇതിന് തെളിവുകൾ കാണാം. ഇന്നത്തെ ചില ശാസ്ത്രീയസിദ്ധാന്തങ്ങളും ഇതിന് ഉപോൽബലങ്ങളായുണ്ട് താനും.

4) ഉപായങ്ങളും, കാപട്യങ്ങളും പ്രയോഗിച്ച് നടത്തപ്പെടുന്ന എല്ലാ കുതന്ത്രങ്ങളും കുറ്റകരവും ആക്ഷേപകരവും തന്നെ. എന്നാൽ, അത് കടുത്തതും ദുഷ്ടതരവുമാകുമ്പോൾ കൂടുതൽ ശിക്ഷാർഹമായിത്തീരുന്നതാണ്. മാത്രമല്ല, അത് അതിന്റെ കർത്താക്കളിൽതന്നെ തിരിച്ചടിച്ച് നാശമായിക്കലാശിക്കുകയും ചെയ്യും. നബി തിരുമേനി ﷺയെ കൊലപ്പെടുത്തുകയോ, പിടിച്ച് ബന്ധനത്തിലാക്കുകയോ, നാടുകടത്തിവിടുകയോ ചെയ്യാൻ ക്വുറൈശികൾ ദാറുന്നദ്‌വത്തി'ൽ വെച്ച് ഗൂഢാലോചന നടത്തി. അതിനായി രാത്രി വീടുവളഞ്ഞു. ഇതുപോലുള്ള പല ഉദാഹരണങ്ങളും, അവയുടെ അനന്തരഫലങ്ങളും അന്നും ഇന്നും ചരിത്രത്തിൽ ധാരാളം കാണാവുന്നതാണ്.

(*) الكلم എന്ന വാക്കിന് ഏകവചനത്തിന്റെയും ബഹുവചനത്തിന്റെയും അർത്ഥം വരാവുന്നതാണ്.

وَٱللَّهُ خَلَقَكُم مِّن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ جَعَلَكُمْ أَزْوَٰجًا ۚ وَمَا تَحْمِلُ مِنْ أُنثَىٰ وَلَا تَضَعُ إِلَّا بِعِلْمِهِۦ ۚ وَمَا يُعَمَّرُ مِن مُّعَمَّرٍ وَلَا يُنقَصُ مِنْ عُمُرِهِۦٓ إِلَّا فِى كِتَٰبٍ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١١﴾

﴿11﴾ അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ഇന്ദ്രിയത്തുള്ളിയിൽനിന്നുമായി സൃഷ്ടിച്ചു; പിന്നെ, അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവോടെയല്ലാതെ യാതൊരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. (ദീർഘിച്ച) ആയുസ്സ് നൽകപ്പെട്ടിട്ടുള്ള ഏതൊരാൾക്കും ആയുസ്സ് നൽകപ്പെടുന്നതാകട്ടെ, (ആർക്കെങ്കിലും) അവന്റെ ആയുസ്സിൽ നിന്നും കുറക്കപ്പെടുന്നതാകട്ടെ, ഒരു (രേഖാ) ഗ്രന്ഥത്തിൽ ഇല്ലാതില്ല. നിശ്ചയമായും, അത് അല്ലാഹുവിന്റെ മേൽ നിസ്സാരമായതാണ്.

﴿11﴾ وَاللهُ അല്ലാഹു خَلَقَكُم നിങ്ങളെ സൃഷ്ടിച്ചു مِنْ تُرَابٍ മണ്ണിൽനിന്ന്, മണ്ണിനാൽ ثُمَّ പിന്നെ مِنْ نُطْفَةٍ ഒഴുകുന്ന ജലത്തിൽ (ഇന്ദ്രിയത്തുള്ളിയിൽ) നിന്ന് ثُمَّ جَعَلَكُمْ പിന്നെ നിങ്ങളെ അവൻ ആക്കി أَزْوَاجًا ഇണകൾ (ഭാര്യാഭർത്താക്കൾ) وَمَا تَحْمِلُ ഗർഭം ധരിക്കുന്നില്ല مِنْ أُنثَىٰ ഒരു പെണ്ണും സ്ത്രീയും وَلَا تَضَعُ അവൾ പ്രസവിക്കുന്നുമില്ല إِلَّا بِعِلْمِهِ അവന്റെ അറിവോടെയല്ലാതെ وَمَا يُعَمَّرُ ആയുസ്സ് നൽകപ്പെടുന്നതുമല്ല مِنْ مُعَمَّرٍ ഒരു ആയുസ്സ് നൽകപ്പെട്ടവന്നും وَلَا يُنقَصُ കുറക്കപ്പെടുക (ചുരുക്കപ്പെടുക)യുമില്ല مِنْ عُمُرِهِ അവന്റെ ആയുസ്സിൽ (വയസ്സിൽ) നിന്ന് إِلَّا فِي كِتَابٍ ഒരു ഗ്രന്ഥത്തിൽ ഇല്ലാതെ إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى اللهِ അല്ലാഹുവിന്റെ മേൽ يَسِيرٌ നിസ്സാരമാണ്, ലഘുവായതാണ്

അല്ലാഹു ലോകകാര്യങ്ങളെ മൊത്തത്തിൽ മാത്രമേ അറിയുന്നുള്ളൂവെന്നും, ഓരോ കാര്യത്തിന്റെയും വിശദവിവരം അവൻ അറിയുകയില്ലെന്നും പറയുന്ന ധിക്കാരികളും, അത് ശരിയാണെന്ന് ധരിച്ചുവശായ പാമരൻമാരും മനസ്സിരുത്തി വായിക്കേണ്ടുന്ന ക്വുർആൻ വചനങ്ങളാണ് ഇതും, സൂറത്തുസബഇലെ 2 ഉം 3 ഉം പോലുള്ള മറ്റുചില വചനങ്ങളും. ഓരോ സ്ത്രീയും ഗർഭം ധരിക്കുന്നതും, പ്രസവിക്കുന്നതും, ഓരോരുത്തന്റെ ആയുഷ്കാലത്തിന്റെ ഏറ്റക്കുറവുമെല്ലാം കൃത്യമായും സൂക്ഷ്മമായും അറിയുകയും, രേഖപ്പെടുത്തുകയും ചെയ്യുന്നവനത്രെ അല്ലാഹു. ഓരോ കാര്യവും അവന്റെ അടുക്കൽ ഒരു തോതനുസരിച്ചാണുള്ളത്. (كل شيء عنده بمقدار) മാത്രമല്ല, ഭൂമിയിലുള്ള ഓരോ ജീവിക്കും ആഹാരം കൊടുക്കുന്ന കാര്യം അവൻ ഏൽക്കുകയും ചെയ്തിരിക്കുന്നു. (وما من دابة إلا على الله رزقها) മനുഷ്യൻ അത് ആരാഞ്ഞ് തിരിഞ്ഞുപിടിക്കുകയേ വേണ്ടൂ. എന്നിരിക്കെ, കുറച്ചുകാലം കഴിയുമ്പോഴേക്ക് ഈ ലോകത്ത് ജനപ്പെരുപ്പം മൂലം ഭക്ഷണത്തിന് മാർഗമില്ലാതെ പട്ടിണികിടന്ന് മനുഷ്യൻ നശിച്ചുപോകുമെന്ന് ഭയപ്പെട്ടുകൊണ്ടിരിക്കുവാൻ സത്യവിശ്വാസമുള്ള ഒരാൾക്കും അവകാശമില്ല. إن ذلك على الله يسير

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

(അതൊക്കെ അല്ലാഹുവിന്റെ മേൽ നിസ്സാരമാണ്) എന്നുള്ള ഒടുവിലത്തെ വാക്യം ബുദ്ധിയും, വിശ്വാസവും ഉള്ളവർ ചിന്തിച്ചു നോക്കട്ടെ!

وَمَا يَسْتَوِى ٱلْبَحْرَانِ هَـٰذَا عَذْبٌ فُرَاتٌ سَآئِغٌ شَرَابُهُۥ وَهَـٰذَا مِلْحٌ أُجَاجٌ ۖ

﴾12﴿ രണ്ട് സമുദ്രങ്ങൾ [ജലാശയങ്ങൾ] സമമാവുകയില്ല, ഇതാ ഒന്ന് കുടിക്കുവാനെളുപ്പമുള്ളതായ സ്വച്ഛ ജലം; മറ്റേത് കൈപ്പുരസമായ ഉപ്പു ജലവും!

وَمِن كُلٍّ تَأْكُلُونَ لَحْمًا طَرِيًّا وَتَسْتَخْرِجُونَ حِلْيَةً تَلْبَسُونَهَا ۖ وَتَرَى ٱلْفُلْكَ فِيهِ مَوَاخِرَ لِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿١٢﴾

ഓരോന്നിൽനിന്നും നിങ്ങൾ പുതിയ മാംസം തിന്നുകയും നിങ്ങൾ ധരിക്കുന്ന ആഭരണവസ്തു പുറത്തെടുക്കുകയും ചെയ്യുന്നു. അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ അന്വേഷിക്കുവാൻവേണ്ടി അതിൽ [സമുദ്രത്തിൽ] കൂടി ഭേദിച്ചുകൊണ്ട് കപ്പലുകൾ (സഞ്ചരിക്കുന്നത്) നിനക്ക് കാണാം; നിങ്ങൾ നന്ദി കാണിക്കുകയും ചെയ്തേക്കാമല്ലോ.

﴾12﴿ وَمَا يَسْتَوِي സമമാവുകയില്ല ٱلْبَحْرَانِ രണ്ട് സമുദ്ര (ജലാശയ)ങ്ങൾ هَٰذَا ഇത് (ഒന്ന്) عَذْبٌ നല്ല വെള്ളമാണ് فُرَاتٌ ശുദ്ധമായ سَآئِغٌ കുടിക്കാനെളുപ്പം ഉള്ളതാണ് شَرَابُهُ അതിലെ പാനീയം وَهَٰذَا ഇത് (മറ്റേത്) مِلْحٌ ഉപ്പ് (ഉപ്പുരസമുള്ളത്) ആകുന്നു أُجَاجٌ കയ്പ്പായ (ഉപ്പുകവിഞ്ഞ) وَمِن كُلٍّ എല്ലാറ്റിൽനിന്നും تَأْكُلُونَ നിങ്ങൾ തിന്നുന്നു لَحْمًا മാംസം طَرِيًّا പുത്തനായ (പഴക്കമില്ലാത്ത) وَتَسْتَخْرِجُونَ നിങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു حِلْيَةً ആഭരണം, അലങ്കാര വസ്തു تَلْبَسُونَهَا നിങ്ങൾ ധരിക്കുന്ന وَتَرَى നീ കാണുന്നു, നിനക്ക് കാണാം ٱلْفُلْكَ കപ്പലുകൾ فِيهِ അതിൽ مَوَاخِرَ ഭേദിച്ച് (മുറിച്ച്) പോകുന്നതായി لِتَبْتَغُوا നിങ്ങൾ അന്വേഷിക്കുവാൻ (തേടുവാൻ) വേണ്ടി مِن فَضْلِهِ അവന്റെ അനുഗ്രഹത്തിൽനിന്ന് وَلَعَلَّكُمْ നിങ്ങളാകുവാനും, ആയേക്കാം تَشْكُرُونَ നന്ദികാണിക്കും

അല്ലാഹു മനുഷ്യർക്ക് ചെയ്തുകൊടുത്തിട്ടുള്ള ചില അനുഗ്രഹങ്ങളെയും, അവയിലടങ്ങിയ ദൃഷ്ടാന്തങ്ങളെയും ഓർമിപ്പിക്കുകയാണ്. സുഖമായി കുടിക്കുവാനും, ഉപയോഗിക്കുവാനും ഉതകുമാറ് രുചിയും, ശുചിയും തികഞ്ഞ ശുദ്ധജലാശങ്ങളും, ചവർപ്പും പുളിപ്പും കവിഞ്ഞ് കൈപ്പുരസമായിത്തീർന്നിട്ടുള്ള ഉപ്പുജലാശയങ്ങളും പ്രകൃത്യാ വ്യത്യസ്തങ്ങളാണല്ലോ. പക്ഷേ, രണ്ടിൽനിന്നും മനുഷ്യന് ഒരു പ്രധാനാഹാരമായ പുതിയ

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

പച്ചമത്സ്യമാംസങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. മുത്ത്, ചിപ്പി, പവിഴം തുടങ്ങിയ പല വിഭവങ്ങളും അവയിൽ നിന്ന് ലഭിക്കുന്നു. മനുഷ്യരുടെ അലങ്കാരവസ്തുക്കളായും മറ്റും അവ ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ദൂരസഞ്ചാരം ചെയ്തും, ചരക്കുകൾ അങ്ങോട്ടുമിങ്ങോട്ടും നീക്കം ചെയ്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തേടിത്തിരഞ്ഞുകൊണ്ട് മനുഷ്യൻ സമുദ്രത്തിൽ കപ്പൽ യാത്ര നടത്തുന്നു. സമുദ്രജലം ഭേദിച്ചുകൊണ്ടും, തിരമാലകളെ പിന്നിട്ടുകൊണ്ടും കപ്പലുകൾ ഓടിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം മനുഷ്യന്റെ ഐഹിക ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന അല്ലാഹുവിന് അവൻ നന്ദിചെയ്യേണ്ടതില്ലയോ?! നിശ്ചയമായും ഉണ്ട്. അതവന്റെ ഭാവിജീവിത വിജയത്തിലേക്കുള്ള മൂലധനമായി വകയിരുത്തപ്പെടുകയും ചെയ്യും.

يُولِجُ ٱلَّيْلَ فِى ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ كُلٌّ يَجْرِى لِأَجَلٍ مُّسَمًّى ۚ ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾

﴾13﴿ അവൻ രാത്രിയെ പകലിൽ കടത്തുന്നു; പകലിനെ രാത്രിയിലും കടത്തുന്നു. സൂര്യനെയും, ചന്ദ്രനെയും കീഴ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു; ഓരോന്നും ഒരു നിർണയിക്കപ്പെട്ട അവധിവരേക്ക് സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനത്രെ, നിങ്ങളുടെ രക്ഷിതാവായ അല്ലാഹു! അവനാണ് രാജാധികാരം! നിങ്ങൾ അവനുപുറമെ വിളിച്ച് (പ്രാർത്ഥിച്ചു) വരുന്നവരാകട്ടെ, ഒരു ഈത്തപ്പഴ(ക്കുരുവിന്റെ) പാട(യുടെ അത്ര)യും അവർ സ്വാധീനപ്പെടുത്തുന്നില്ല.

﴾13﴿ يُولِجُ അവൻ കടത്തുന്നു, പ്രവേശിപ്പിക്കുന്നു اللَّيْلَ രാത്രിയെ فِي النَّهَارِ പകലിൽ وَيُولِجُ النَّهَارَ പകലിനെയും കടത്തുന്നു فِي اللَّيْلِ രാത്രിയിൽ وَسَخَّرَ അവൻ കീഴ്പെടുത്തി (വിധേയമാക്കി)ത്തരുകയും ചെയ്തു الشَّمْسَ وَالْقَمَرَ സൂര്യനെയും ചന്ദ്രനെയും كُلٌّ എല്ലാം, ഓരോന്നും يَجْرِي സഞ്ചരിക്കുന്നു لِأَجَلٍ ഒരു അവധിവരേക്ക് مُسَمًّى നിർണയിക്കപ്പെട്ട ذَٰلِكُمُ അവൻ (അങ്ങനെയുള്ളവൻ) اللَّهُ رَبُّكُمْ നിങ്ങളുടെ റബ്ബായ അല്ലാഹുവാണ് لَهُ അവന്നാണ് الْمُلْكُ രാജത്വം, രാജാധികാരം وَالَّذِينَ تَدْعُونَ നിങ്ങൾ വിളിക്കുന്നവർ مِن دُونِهِ അവന് പുറമെ مَا يَمْلِكُونَ അവർ സ്വാധീനമാക്കുന്നില്ല, ഉടമപ്പെടുത്തുന്നില്ല مِن قِطْمِيرٍ ഒരു ഈത്തപ്പാടയും

ഉണങ്ങിയ ഉള്ളിത്തൊലിപ്പോലെ, ഈത്തക്കുരുവെ പൊതിഞ്ഞുനിൽക്കുന്ന നേരിയ പാടയാണ് قطمير അവർക്ക് സ്വാധീനമില്ല എന്ന് സാരം. സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തിയതിനെ സംബന്ധിച്ച് പലപ്പോഴും നാം വിവരിച്ചിട്ടുള്ളതാണ്. (*)

(*) ഇന്നിതാ മനുഷ്യൻ ചന്ദ്രഗോളത്തിൽ ഇറങ്ങി തിരിച്ച് പോരുവാൻ തുടങ്ങിയിരിക്കുന്നു. എനിയും, ചന്ദ്രനിലും മറ്റും എന്തെല്ലാമോ അവൻ കൈകാര്യം ചെയ്യാൻ പോകുന്നു. അപ്പോൾ അല്ലാഹുവിന്റെ ഈ പ്രസ്താവന നാൾക്കുനാൾ പുലർന്നു വരികയാണ്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

إِن تَدۡعُوهُمۡ لَا يَسۡمَعُواْ دُعَآءَكُمۡ وَلَوۡ سَمِعُواْ مَا ٱسۡتَجَابُواْ لَكُمۡۖ وَيَوۡمَ ٱلۡقِيَٰمَةِ يَكۡفُرُونَ بِشِرۡكِكُمۡۚ وَلَا يُنَبِّئُكَ مِثۡلُ خَبِيرٖ ﴿١٤﴾

﴾14﴿ നിങ്ങളവരെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നപക്ഷം, അവർ നിങ്ങളുടെ വിളി കേൾക്കുകയില്ല; അവർ കേട്ടാലും, അവർ നിങ്ങൾക്ക് ഉത്തരം ചെയ്കയുമില്ല. ക്വിയാമത്ത്നാളിലാകട്ടെ, നിങ്ങളുടെ (ഈ) 'ശിർക്കി'നെ അവർ നിഷേധിക്കുകയും ചെയ്യും. (മനുഷ്യാ) സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള ഒരാൾ നിനക്ക് വർത്തമാനമറിയിക്കുവാനില്ല.

﴾14﴿ إِنۡ تَدۡعُوهُمۡ നിങ്ങളവരെ വിളിക്കുന്നപക്ഷം । لَا يَسۡمَعُوا അവർ കേൾക്കയില്ല دُعَاءَكُمۡ നിങ്ങളുടെ വിളി । وَلَوۡ سَمِعُوا അവർ കേട്ടാലും । مَا اسۡتَجَابُوا അവർ ഉത്തരം ചെയ്യില്ല لَكُمۡ നിങ്ങൾക്ക് وَيَوۡمَ الۡقِيَامَةِ ക്വിയാമത്ത്നാളിലാകട്ടെ يَكۡفُرُونَ അവർ അവിശ്വസിക്കും (നിഷേധിക്കും) يَكۡفُرُونَ നിങ്ങളുടെ ശിർക്കിൽ, ശിർക്കിനെ وَلَا يُنَبِّئُكَ നിനക്ക് വർത്തമാനം അറിയിക്കയില്ല مِثۡلُ خَبِيرٍ സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള (ഒരു)വൻ

യാതൊരു വ്യാഖ്യാനവും കൂടാതെതന്നെ ഈ വചനങ്ങളുടെ ആശയങ്ങൾ വ്യക്തമാണ്. ഇവിടെ 'നിങ്ങളുടെ ശിർക്ക്' (شرككم) എന്ന് പറഞ്ഞത് അവർ വിളിച്ച് പ്രാർത്ഥിക്കുന്നതിനെ ഉദ്ദേശിച്ചാണെന്ന് പറയേണ്ടതില്ല. ഇത് സംബന്ധിച്ച് സൂ: മർയം 49, 50 എന്നീ വചനങ്ങളുടെ വിവരണത്തിൽ നാം വിവരിച്ചത് ഓർക്കുക. വിളിച്ച് പ്രാർത്ഥിക്കപ്പെടുന്നവർ ആരായിരുന്നാലും അത് ശിർക്ക്തന്നെയാണെന്ന് കഴിഞ്ഞ സൂറ: 40, 41 ലും അവയുടെ വ്യാഖ്യാനത്തിലും നാം കാണുകയും ചെയ്തു. അടുത്ത വചനവും താഴെ 22-ാം വചനവും പരിശോധിച്ചുനോക്കിയാലും മതിയാകും. എന്നിരിക്കെ, മരണമടഞ്ഞ മഹാത്മക്കളെ വിളിച്ച് പ്രാർത്ഥിക്കാമോ, അവരത് കേൾക്കുമോ ഉത്തരം ചെയ്യുമോ എന്നൊന്നും പരിശോധിക്കുകയോ അതിന് ന്യായീകരണം ഉണ്ടാക്കുകയോ ചെയ്യുന്നത് ക്വുർആനെ ധിക്കരിക്കൽ മാത്രമാകുന്നു. ഈ ആയത്തിലെ അവസാനവാക്യം (ولا ينبئك مثل خبير) അങ്ങനെയുള്ളവർക്ക് വമ്പിച്ചൊരു താക്കീതാണ് നൽകുന്നത്. മേൽപറഞ്ഞ വസ്തുതകൾ വിവരിച്ചുതരുന്നത് അല്ലാഹുവാണ്; അവൻ എല്ലാം സസൂക്ഷ്മം അറിയുന്നവനാണ്: അറിഞ്ഞുംകൊണ്ടുതന്നെയാണിതെല്ലാം പറയുന്നതും; ഇത്രയും വ്യക്തമായും വസ്തുനിഷ്ഠമായും ഇവയെക്കുറിച്ച് നിങ്ങൾക്ക് പറഞ്ഞുതരുവാൻ വേറെ ആളില്ല; എന്നിരിക്കെ ഇതിനെതിരായി പ്രവർത്തിക്കുന്നതും ന്യായീകരിക്കുന്നതും ആപത്താണ് എന്നൊക്കെയാണ് ആ വാക്യം ചൂണ്ടിക്കാട്ടുന്നത്.

വിഭാഗം - 3

۞ يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلۡفُقَرَآءُ إِلَى ٱللَّهِۖ وَٱللَّهُ هُوَ ٱلۡغَنِيُّ ٱلۡحَمِيدُ ﴿١٥﴾

﴾15﴿ ഹേ, മനുഷ്യരേ, അല്ലാഹുവിങ്കലേക്ക് ആശ്രയമുള്ളവരത്രെ നിങ്ങൾ.

അല്ലാഹുവാകട്ടെ, അവൻ (അനാശ്രയമില്ലാത്ത) ധന്യനാണ്; സ്തുത്യർഹനാണ്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

إِن يَشَأْ يُذْهِبْكُمْ وَيَأْتِ بِخَلْقٍ جَدِيدٍ ﴿١٦﴾

﴾16﴿ അവൻ (വേണമെന്ന്) ഉദ്ദേശിക്കുന്നപക്ഷം, നിങ്ങളെ അവൻ പോക്കി [നശിപ്പിച്ചു] കളയുകയും, ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്.

وَمَا ذَٰلِكَ عَلَى ٱللَّهِ بِعَزِيزٍ ﴿١٧﴾

﴾17﴿ അത് അല്ലാഹുവിന്റെ മേൽ ഒരു വീര്യപ്പെട്ട [പ്രയാസപ്പെട്ട] കാര്യമല്ലതാനും.

﴾15﴿ يَا أَيُّهَا النَّاسُ ഹേ, മനുഷ്യരേ أَنتُمُ الْفُقَرَاءُ നിങ്ങൾ ആശ്രയക്കാരാണ് إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَاللَّهُ അല്ലാഹു هُوَ الْغَنِيُّ അവൻ ധന്യനാണ്, അന്യാശ്രയനാണ് الْحَمِيدُ സ്തുത്യർഹനാണ് ﴾16﴿ إِن يَشَأْ അവൻ ഉദ്ദേശിക്കുന്ന പക്ഷം يُذْهِبْكُمْ നിങ്ങളെ പോക്കിക്കളയും, (നശിപ്പിക്കും) وَيَأْتِ വരുകയും ചെയ്യും بِخَلْقٍ പുതിയൊരു സൃഷ്ടിയുംകൊണ്ട് ﴾17﴿ وَمَا ذَٰلِكَ അതല്ലതാനും عَلَى اللَّهِ അല്ലാഹുവിന്റെമേൽ بِعَزِيزٍ ഒരു വീര്യപ്പെട്ട (പ്രയാസമായ) കാര്യം

മനുഷ്യന്റെ -അവൻ എത്ര ദുർബ്ബലനോ യോഗ്യനോ ആവട്ടെ- ഓരോ ചലനവും, ഓരോ അടക്കവും അല്ലാഹുവിന്റെ സഹായത്തെ മാത്രം ആശ്രയിക്കുന്നവയാണ്. അല്ലാഹുവിങ്കൽനിന്നുള്ള സഹായം കൂടാതെ ഒരു വിരൽപോലും അനക്കുവാനും, മടക്കുവാനും അവന് സാധ്യമല്ല. അല്ലാഹുവിനാകട്ടെ ആരുടെയും യാതൊരു സഹായവും ആവശ്യവുമില്ല. എന്നിരിക്കെ മനുഷ്യൻ അവന്റെ എല്ലാ അപേക്ഷകളും പ്രാർത്ഥനകളും അല്ലാഹുവിൽ മാത്രമാണ് അർപ്പിക്കേണ്ടത്. ഒരു ദിവസം നബി തിരുമേനി ﷺയുടെ പുറകിലായി ഒരു വാഹനപ്പുറത്ത് പോകുമ്പോൾ തന്നോട് ഇപ്രകാരം അവിടുന്ന് പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു:-

يا غلام إني أعلمك كلمات : احفظ الله يحفظك . احفظ الله تجده تجاهك . إذا سألت فاسأل الله . وإذا استعنت فاستعن باالله . وأعلم أن الأمة لو اجتمعت على ان يضروك بشيئ قد كتبه الله لك . وان اجتمعوا على ان يضروك بشيئ قد كتبه الله عليك الخ – رواه الترمدى

സാരം: 'കുട്ടി, ഞാൻ നിനക്ക് ചില വാക്യങ്ങൾ പഠിപ്പിച്ചുതരാം: നീ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളുക- അവൻ നിന്നെ സൂക്ഷിക്കും. നീ അല്ലാഹുവിനെ സൂക്ഷിക്കുക- അവനെ നിന്റെ മുമ്പിൽ നീ കണ്ടെത്തും. നീ വല്ലതും ചോദിക്കുന്നപക്ഷം അല്ലാഹുവിനോട് ചോദിക്കുക. നീ വല്ല സഹായാഭ്യർത്ഥനയും ചെയ്യുന്നപക്ഷം അല്ലാഹുവിനോട് സഹായാഭ്യർത്ഥന ചെയ്യുക. നീ അറിഞ്ഞേക്കു; നിനക്ക് എന്തെങ്കിലും ഒരു ഉപകാരം ചെയ്യാൻ വേണ്ടി സമുദായം ഒന്നിച്ചുചേർന്നാലും അല്ലാഹു നിനക്ക് നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപകാരം ചെയ്കയില്ല. നിനക്ക് എന്തെങ്കിലും ഒരു ഉപദ്രവം ചെയ്യാൻ അവർ ഒരുമിച്ചു ചേർന്നാലും അവൻ നിന്റെ പേരിൽ നിശ്ചയിച്ചിട്ടുള്ളതല്ലാതെ അവർ ഉപദ്രവം ചെയ്കയില്ല'. (തി.)

ശിർക്കും ദൈവനിഷേധവും പുലർത്തിപ്പോരുന്ന മനുഷ്യസമുദായത്തെ നശിപ്പിച്ച് പകരം, തികച്ചും അനുസരണവും കൂറും ഭക്തിയുമുള്ള ഒരു ജനസമുദായത്തെ ഇവിടെ സ്ഥാപിക്കുവാൻ അല്ലാഹുവിന് കഴിയും. മനുഷ്യവർഗത്തെത്തന്നെ നാമാവശേഷമാക്കി

വേറൊരു വർഗത്തെ ഭൂമിയിൽ കൊണ്ടുവരുവാനും അവന് കഴിയും. അതൊന്നും അവനെസംബന്ധിച്ചിടത്തോളം ഒട്ടും പ്രയാസപ്പെട്ട കാര്യമല്ല. പക്ഷേ, അവൻ അതിന് ഉദ്ദേശിച്ചിട്ടില്ല. മഹത്തായ ചില ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടിയാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചുവെച്ചിട്ടുള്ളത്. അതുകൊണ്ട് നിശ്ചിത അവധിവരെ അവരെ അവൻ അവശേഷിപ്പിക്കുകയാണ്.

وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۚ وَإِن تَدْعُ مُثْقَلَةٌ إِلَىٰ حِمْلِهَا لَا يُحْمَلْ مِنْهُ شَيْءٌ وَلَوْ كَانَ ذَا قُرْبَىٰ ۗ إِنَّمَا تُنذِرُ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ وَأَقَامُوا۟ ٱلصَّلَوٰةَ ۚ وَمَن تَزَكَّىٰ فَإِنَّمَا يَتَزَكَّىٰ لِنَفْسِهِۦ ۚ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿١٨﴾

﴾18﴿ കുറ്റം വഹിക്കുന്ന ഒരു ദേഹവും മറ്റൊന്നിന്റെ കുറ്റം വഹിക്കുകയില്ല. ഭാരം പിടിപെട്ട ഒരു ദേഹം അതിന്റെ ചുമടെടുക്കുന്നതിന് (മറ്റൊരാളെ) വിളിക്കുന്നപക്ഷം, അതിൽനിന്ന് യാതൊന്നും തന്നെ വഹിക്കപ്പെടുന്നതുമല്ല; അത് അടുത്ത ബന്ധമുള്ളവനായിരുന്നാലും ശരി.

തങ്ങളുടെ റബ്ബിനെ (നേരിൽ കാണാതെ) അദൃശ്യനിലയിൽ ഭയപ്പെടുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുന്നവരെ മാത്രമേ നീ താക്കീത് ചെയ്യേണ്ടതുള്ളൂ. ആർ (ആത്മ) പരിശുദ്ധി പ്രാപിക്കുന്നുവോ അവൻ, തനിക്ക് (ഗുണത്തിന്) വേണ്ടിത്തന്നെ പരിശുദ്ധി അടയുന്നു. അല്ലാഹുവിങ്കലേക്കാണ് തിരിച്ചുചെല്ലൽ.

﴾18﴿ وَلَا تَزِرُ കുറ്റം വഹിക്കയില്ല وَازِرَةٌ ഒരു കുറ്റക്കാരിയും (കുറ്റക്കാരിയായ ദേഹവും, ആത്മാവും) وِزْرَ أُخْرَى മറ്റൊന്നിന്റെ കുറ്റം وَإِن تَدْعُ വിളിച്ചാൽ, ക്ഷണിച്ചാൽ مُثْقَلَةٌ ഒരു ഭാരം പിടിപെട്ട ദേഹം إِلَى حِمْلِهَا അതിന്റെ ചുമട്ടിലേക്ക് (ചുമടെടുക്കാൻ) لَا يُحْمَلْ വഹിക്ക (ഏറ്റെടുക്ക)പ്പെടുകയില്ല مِنْهُ شَيْءٌ അതിൽനിന്ന് യാതൊന്നും وَلَوْ كَانَ അത് (അവൻ) ആയിരുന്നാലും ذَا قُرْبَى അടുത്ത ബന്ധമുള്ളവൻ إِنَّمَا تُنذِرُ നീ താക്കീത് ചെയ്യേണ്ടതുള്ളൂ الَّذِينَ يَخْشَوْنَ ഭയപ്പെടുന്നവരെ (മാത്രം) رَبَّهُم തങ്ങളുടെ റബ്ബിനെ بِالْغَيْبِ അദൃശ്യനിലയിൽ, കാണാതെ وَأَقَامُوا الصَّلَاةَ നമസ്കാരം നിലനിറുത്തുകയും ചെയ്ത وَمَن تَزَكَّى ആർ, ആരെങ്കിലും പരിശുദ്ധി പ്രാപിച്ചു, ആത്മശുദ്ധിനേടി فَإِنَّمَا يَتَزَكَّى എന്നാലവൻ നിശ്ചയമായും പരിശുദ്ധി പ്രാപിക്കുന്നു لِنَفْسِهِ തനിക്ക് വേണ്ടിത്തന്നെ وَإِلَى اللَّهِ അല്ലാഹുവിങ്കലേക്കാണ് الْمَصِيرُ തിരിച്ചുചെല്ലൽ

ഒരാളുടെ കുറ്റം മറ്റൊരാൾ ഏറ്റെടുക്കുകയോ, മറ്റൊരാളുടെമേൽ ചുമത്തപ്പെടുകയോ, രണ്ടും അല്ലാഹുവിന്റെ കോടതിയിൽ സംഭവിക്കുകയില്ല. കുറ്റഭാരം താങ്ങാൻ വയ്യാത്തവർ, തങ്ങളുടെ ഭാരത്തിൽനിന്നൊരു പങ്ക് വഹിക്കുവാൻ തങ്ങളുടെ ഏറ്റവും

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ഉറ്റ ബന്ധുക്കളോടുപോലും അപേക്ഷിച്ചാൽ, ആ അപേക്ഷ സ്വീകരിക്കുവാൻ ആളെ കിട്ടുകയുമില്ല. കാരണം, ഓരോരുത്തർക്കും മതിയാവോളം കാര്യം അവരവർക്കുതന്നെ ഉണ്ടായിരിക്കും. (لِكُلِّ امْرِيٍٕ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ) ഒരാൾ അതിന് സമ്മതിച്ചുവെന്ന് സങ്കൽപിച്ചാൽതന്നെ അത് നടപ്പിലാകുകയുമില്ല. കാരണം, ഓരോരുത്തന് ചെയ്യുന്ന പ്രവൃത്തിയുടെ ഗുണത്തിനും ദോഷത്തിനും ഉത്തരവാദി അവൻതന്നെയാണെന്നാണ് അല്ലാഹുവിങ്കലുള്ള നീതിനിയമം. (لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ) അപ്പോൾ 'അതിന്റെ കുറ്റം ഞാൻ ഏറ്റുകൊള്ളാം, അത് പ്രവൃത്തിച്ചുകൊള്ളുക' എന്ന് ചിലർ ചില സന്ദർഭങ്ങളിൽ പറയാറുള്ളത് വെറും പാഴ്വാക്കാണെന്ന് പറയേണ്ടതില്ല. (സൂ: അൻകബൂത്ത് 12 ഉം 13 ഉം വിവരണം ഓർക്കുക.)

وَمَا يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ ﴿١٩﴾

﴾19﴿ അന്ധനും, കാഴ്ചയുള്ളവനും സമമാവുകയില്ല;

وَلَا ٱلظُّلُمَٰتُ وَلَا ٱلنُّورُ ﴿٢٠﴾

﴾20﴿ അന്ധകാരങ്ങളും, പ്രകാശവുമാകട്ടെ, (അവയും സമമാവുക) ഇല്ല.

وَلَا ٱلظِّلُّ وَلَا ٱلْحَرُورُ ﴿٢١﴾

﴾21﴿ തണലും, സൂര്യോഷ്ണവും (അഥവാ ഉഷ്ണക്കാറ്റും) ആകട്ടെ, (സമമാവുക) ഇല്ല.

وَمَا يَسْتَوِى ٱلْأَحْيَآءُ وَلَا ٱلْأَمْوَٰتُ ۚ إِنَّ ٱللَّهَ يُسْمِعُ مَن يَشَآءُ ۖ وَمَآ أَنتَ بِمُسْمِعٍ مَّن فِى ٱلْقُبُورِ ﴿٢٢﴾

﴾22﴿ ജീവിച്ചിരിക്കുന്നവരും, മരണമടഞ്ഞവരുമാകട്ടെ സമമാവുകയില്ല. നിശ്ചയമായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കും. 'ക്വബ്റ്' (ശ്മശാനം)കളിൽ ഉള്ളവരെ നീ കേൾപ്പിക്കുന്നവനല്ല.

إِنْ أَنتَ إِلَّا نَذِيرٌ ﴿٢٣﴾

﴾23﴿ നീ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

﴾19﴿ وَمَا يَسْتَوِي സമമാവുകയില്ല الأَعْمَى അന്ധൻ وَالْبَصِيرُ കാഴ്ചയുള്ളവനും ﴾20﴿ وَلا الظُّلُمَاتُ അന്ധകാരങ്ങളും (ഇരുട്ടുകളും) ഇല്ല وَلاالنُّورُ പ്രകാശവും ഇല്ല ﴾21﴿ وَلاالظِّلُّ തണലുമില്ല وَلاالْحَرُورُ സൂര്യോഷ്ണവുമില്ല, ഉഷ്ണക്കാറ്റുമില്ല ﴾22﴿ وَمَايَسْتَوِي സമമാവുകയില്ല الأَحْيَاءُ ജീവിച്ചിരിക്കുന്നവർ وَلاالأَمْوَاتُ മരണപ്പെട്ടവരുമില്ല إِنَّ اللهَ നിശ്ചയമായും അല്ലാഹു يُسْمِعُ കേൾപ്പിക്കുന്നു مَنْ يَشَاءُ അവൻ ഉദ്ദേശി

ക്കുന്നവരെ وَمَآأَنتَ നീ അല്ല بِمُسْمِعٍ കേൾപ്പിക്കുന്നവൻ مَّن فِي ٱلْقُبُورِ ഖബ്റുകളിലുള്ള വരെ ﴾23﴿ إِنْ أَنتَ നീ അല്ല إِلَّا نَذِيرٌ ഒരു താക്കീതുകാരനല്ലാതെ

സത്യവിശ്വാസവും സത്യനിഷേധവും തമ്മിലും, വിശ്വാസികളും അവിശ്വാസികളും തമ്മിലും– ഒരിക്കലും സന്ധിയും യോജിപ്പും ഉണ്ടാകാത്തവിധം– പരസ്പരം വൈരുദ്ധ്യ മാണുള്ളതെന്ന് ചില ഉദാഹരണങ്ങളാണ് ഇവ എന്ന് മൊത്തത്തിൽ പറയാം. ഓരോ ഉപമയെപ്പറ്റിയും ചിന്തിക്കുന്നവർക്ക് ഓരോന്നിലും അടങ്ങിയ പ്രത്യേകത ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയുന്നതുമാണ്, 'ഖബ്റുകളിലുള്ളവരെ നീ കേൾപ്പിക്കുകയില്ല' എന്നതിനെക്കുറിച്ച് സൂ: നംല് 80 ൽ വിവരിച്ചത് ഇവിടെയും സ്മരിക്കേണ്ടതാകുന്നു. നബി ﷺ ജനങ്ങളെ നിർബന്ധപൂർവ്വം സത്യവിശ്വാസം സ്വീകരിപ്പിക്കുവാൻ ബാദ്ധ്യ സ്ഥനല്ല, അവരെ വേണ്ടപോലെ താക്കീത് ചെയ്താൽമതി എന്നാണ് 23–ാം വചനത്തിന്റെ താൽപര്യം. അല്ലാതെ, സന്തോഷവാർത്ത അറിയിക്കേണ്ടതില്ല എന്നല്ല ഉദ്ദേശ്യം. അടുത്ത വചനം നോക്കുക:

إِنَّآ أَرْسَلْنَٰكَ بِٱلْحَقِّ بَشِيرًا وَنَذِيرًا ۚ وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ ﴿٢٤﴾

﴾24﴿ നിശ്ചയമായും നാം നിന്നെ സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീത് നൽകുന്നവനുമായിക്കൊണ്ട് യഥാർത്ഥ (മത)ത്തോടുകൂടി അയച്ചിരിക്കുന്നു. ഒരു സമുദായവും തന്നെ, അതിൽ ഒരുതാക്കീതുകാരൻ കഴിഞ്ഞുപോകാതെയിരുന്നിട്ടില്ല.

وَإِن يُكَذِّبُوكَ فَقَدْ كَذَّبَ ٱلَّذِينَ مِن قَبْلِهِمْ جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ وَبِٱلزُّبُرِ وَبِٱلْكِتَٰبِ ٱلْمُنِيرِ ﴿٢٥﴾

﴾25﴿ ഇവർ നിന്നെ വ്യാജമാക്കുന്നുവെങ്കിൽ, ഇവരുടെ മുമ്പുള്ളവരും (ഇതുപോലെ) വ്യാജമാക്കുകയുണ്ടായിട്ടുണ്ട്. അവരുടെ റസൂലുകൾ വ്യക്തമായ തെളിവുകളോടും, ഏടുകളോടും, പ്രകാശം നൽകുന്ന വേദഗ്രന്ഥത്തോടും കൂടി അവരുടെ അടുക്കൽ ചെന്നിരുന്നു.

ثُمَّ أَخَذْتُ ٱلَّذِينَ كَفَرُوا۟ ۖ فَكَيْفَ كَانَ نَكِيرِ ﴿٢٦﴾

﴾26﴿ പിന്നീട്, (അവരിൽ) അവിശ്വസിച്ചവരെ ഞാൻ പിടിച്ച് (ശിക്ഷിച്ചു). അപ്പോൾ എന്റെ പ്രതിഷേധം എങ്ങനെയായി (-നോക്കുക)?!

﴾24﴿ إِنَّآ أَرْسَلْنَٰكَ നിശ്ചയമായും നാം നിന്നെ അയച്ചിരിക്കുന്നു بِٱلْحَقِّ യഥാർത്ഥത്തോടുകൂടി بَشِيرًا സന്തോഷമറിയിക്കുന്നവനായിട്ടും وَنَذِيرًا താക്കീതുകാരനായും وَإِن مِّنْ أُمَّةٍ ഒരു സമുദായവും തന്നെയില്ല إِلَّا خَلَا കഴിഞ്ഞുപോകാതെ فِيهَا അതിൽ نَذِيرٌ

ഒരു താക്കീതുകാരൻ ﴾25﴿ وَإِن يُكَذِّبُوكَ അവർ (ഇവർ) നിന്നെ കളവാക്കുകയാണെ ങ്കിൽ فَقَدْ كَذَّبَ എന്നാൽ കളവാക്കിയിട്ടുണ്ട് الَّذِينَ مِن قَبْلِهِمْ ഇവരുടെ (അവരുടെ) മുമ്പു ള്ളവർ جَاءَتْهُمْ അവർക്ക് വന്നു, ചെന്നു رُسُلُهُم അവരുടെ റസൂലുകൾ بِالْبَيِّنَاتِ വ്യക്ത മായ തെളിവുകൾകൊണ്ട് وَبِالزُّبُرِ ഏടുകൾകൊണ്ടും وَبِالْكِتَابِ വേദഗ്രന്ഥംകൊണ്ടും الْمُنِيرِ പ്രകാശം നൽകുന്ന ﴾26﴿ ثُمَّ أَخَذْتُ പിന്നെ ഞാൻ പിടിച്ചു الَّذِينَ كَفَرُوا അവിശ്വ സിച്ചവരെ فَكَيْفَ كَانَ അപ്പോൾ എങ്ങനെയായി نَكِيرِ എന്റെ പ്രതിഷേധം

ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിനാണ് امة (ഉമ്മത്ത് = സമുദായം) എന്ന് പറയുന്നത്. തൗഹീദ് പ്രബോധനം ചെയ്യാനും അതിനെ അംഗീ കരിക്കാത്തവർക്ക് അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യാനും പ്രവാ ചകൻമാർ നിയോഗിക്കപ്പെടാത്ത ഒരു സമുദായവും ഉണ്ടായിട്ടില്ല. അത് നിഷേധിച്ച സമുദായങ്ങളുടെമേൽ അല്ലാഹു ശിക്ഷാനടപടി എടുത്തി ട്ടുമുണ്ട്. ഈ സമുദായവും അത് ഓർത്തിരിക്കട്ടെ എന്ന് സാരം. എന്നാൽ, ഓരോ സമുദായത്തിലുമുണ്ടായിരുന്ന പ്രവാചകൻമാരെക്കുറിച്ച് നമുക്ക് വിശ ദമായി അറിവ് കിട്ടിയിട്ടില്ല. ക്വുർആനിൽ പ്രസ്താവിക്കപ്പെട്ടവരെ സംബ ന്ധിച്ച് മാത്രമേ നമുക്ക് അറിവ് ലഭിച്ചിട്ടുള്ളൂ. അല്ലാഹു പറയുന്നു: وَلَقَدْ أَرْسَلْنَا رُسُلًا مِّن قَبْلِكَ مِنْهُم مَّن قَصَصْنَا عَلَيْكَ وَمِنْهُم مَّن لَّمْ نَقْصُصْ عَلَيْكَ (നിനക്കുമുമ്പ് നാം പല റസൂലുകളെയും അയക്കുകയുണ്ടായിട്ടുണ്ട്. നാം നിനക്ക് വിവരിച്ച് തന്നിട്ടു ള്ളവരും അവരിലുണ്ട്. നിനക്ക് വിവരിച്ച് തന്നിട്ടില്ലാത്തവരും അവരിലുണ്ട്. 40 : 78 ആക യാൽ നമുക്ക് വിവരം സിദ്ധിച്ചവരിൽ പ്രത്യേകം പ്രത്യേകമായും, അല്ലാത്തവരിൽ പൊതു വായും നാം വിശ്വസിക്കുന്നു. വിശ്വസിക്കൽ നിർബന്ധവുമാണ്.

നബിമാർക്ക് അല്ലാഹു നൽകിയ മൂന്നുതരം ലക്ഷ്യങ്ങളെ ഇവിടെ എടുത്തുകാട്ടുന്നു:

1. വ്യക്തമായ തെളിവുകൾ (البينات) ബുദ്ധികൊണ്ട് കണ്ടെത്താവുന്ന യുക്തിന്യായ ങ്ങളും, പ്രകൃതിദൃഷ്ടാന്തങ്ങളും, അമാനുഷിക ദൃഷ്ടാന്തങ്ങളും ഇതിൽ ഉൾപ്പെടും.

2. ഏടുകൾ (الزبر) അഥവാ ഇബ്‌റാഹീം നബി (അ), ദാവൂദ് നബി (അ) മുതലായ വർക്ക് നൽകപ്പെട്ടതുപോലെയുള്ള ഏടുകൾ.

3. പ്രകാശം നൽകുന്ന വേദഗ്രന്ഥം (الكتاب المنير). തൗറാത്ത്, ഇൻജീൽ എന്നീ വേദഗ്ര ന്ഥങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

രണ്ട് കാര്യങ്ങൾ ഇവിടെ അറിയുന്നത് നന്നായിരിക്കും: 1) ഓരോ സമുദായത്തിലും പ്രവാചകൻമാർ കഴിഞ്ഞുപോയിട്ടുണ്ടെന്ന് അല്ലാഹു പറഞ്ഞുവല്ലോ. അതിനാൽ, ഏതെ ങ്കിലും സമുദായക്കാർ തങ്ങളുടെ മതാചാര്യൻമാരായി എണ്ണിവരുന്നവരെല്ലാം നബിമാ രായിരുന്നുവെന്ന് നിശ്ചയിക്കുവാൻ നിവൃത്തിയില്ല. ഒരുപക്ഷേ ആയിരിക്കാം; തൗഹീദ് മുതലായ മൗലികസിദ്ധാന്തങ്ങൾക്കെതിരായി ആ സമുദായത്തിൽ സ്ഥിതിചെയ്യുന്ന വി ശ്വാസാചാരങ്ങൾ പിൽക്കാലത്ത് ഉടലെടുത്തതുമായിരിക്കാം എന്നുമാത്രമേ പറയുവാൻ സാധിക്കൂ. രണ്ടിലൊന്ന് തീർത്തുപറയുവാൻ തക്കതായ ചരിത്രലക്ഷ്യംതന്നെ വേണം.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

2) 24-ാം വചനത്തിൽ 'കഴിഞ്ഞുപോയി' എന്ന് നാം അർത്ഥം കൽപിച്ചത് خلا (ഖലാ) (*) എന്ന ക്രിയക്കാണ്. 'കഴിഞ്ഞു, ഒഴിഞ്ഞു, തീർന്നു, കാലിയായി, ഒഴിഞ്ഞു പോയി' എന്നൊക്കെയാണ് ആ ക്രിയയുടെ അർത്ഥം. സ്ഥലത്തിലോ കാലത്തിലോ വരുന്ന ഒഴിവിനെ ഉദ്ദേശിച്ച് അത് ഉപയോഗിക്കപ്പെടുന്നു. 'മരണപ്പെട്ടു' എന്ന ആ വാക്കിന് അർത്ഥമില്ലതന്നെ. മരണംമൂലം ഉണ്ടാകുന്ന ഒഴിവിലും ഉപയോഗിക്കുമെന്ന് മാത്രം. ക്വുർആനിൽ 28 സ്ഥലങ്ങളിൽ ഈ ക്രിയയിൽ നിന്നുള്ള പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 'മരണമടഞ്ഞു' എന്നുമാത്രം അർത്ഥം നൽകേണ്ടതായ ഒരു ഉദാഹരണവും അതിൽ കാണുകയില്ല. ഈസാ നബി (അ) ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ, അതല്ല മരണപ്പെട്ടുപോയിരിക്കുന്നുവോ എന്ന വിഷയം -ക്വുർആന്റെയും ഹദീഥുകളുടെയും വ്യക്തമായ പ്രസ്താവനകൾ തൃപ്തി അടയാതെ- ഇന്ന് പലരും ജനങ്ങളിൽ ആശയക്കുഴപ്പത്തിനും, കക്ഷിതാൽപര്യത്തിനും ഇടയാക്കിയിരിക്കുകയാണല്ലോ. ഈസാ നബി (അ) മരണപ്പെട്ടിട്ടുണ്ടെന്ന് സ്ഥാപിക്കുന്നതിൽ താൽപര്യമുള്ളവർ തങ്ങൾക്ക് തെളിവുകളായി സമർപ്പിക്കാനുള്ള ഒന്നാണ് ഈ വചനം. ഈ തെളിവ് സ്വീകാര്യമല്ലെന്ന് മേൽപറഞ്ഞതിൽനിന്ന് വ്യക്തമാണ്.

വിഭാഗം - 4

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ ثَمَرَٰتٍ مُّخْتَلِفًا أَلْوَٰنُهَا ۚ وَمِنَ ٱلْجِبَالِ جُدَدٌۢ بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَٰنُهَا وَغَرَابِيبُ سُودٌ ﴿٢٧﴾

﴾27﴿ അല്ലാഹു ആകാശത്തുനിന്ന് വെള്ളം ഇറക്കിയിട്ടുള്ളത് നീ കണ്ടില്ലേ?-

എന്നിട്ട് അതുമൂലം നാം [അല്ലാഹു] വർണങ്ങൾ വ്യത്യസ്തമായിക്കൊണ്ട് ഫലവർഗങ്ങളെ ഉൽപാദിപ്പിച്ചു. മലകളിലുംതന്നെ, വർണങ്ങൾ വ്യത്യസ്തമായ- വെളുപ്പും ചുവപ്പുമായ -(തെളിഞ്ഞ) വഴികളും, തനി കറുത്തിരുണ്ടവയും ഉണ്ട്.

﴾27﴿ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ اللَّهَ أَنزَلَ അല്ലാഹു ഇറക്കിയിട്ടുള്ളത് مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം فَأَخْرَجْنَا بِهِ എന്നിട്ട് അത്മൂലം നാം പുറപ്പെടുവിച്ചു (ഉല്പാദിപ്പിച്ചു) ثَمَرَاتٍ ഫല (വർഗ)ങ്ങളെ مُخْتَلِفًا വ്യത്യസ്തമായിട്ട് أَلْوَانُهَا അവയുടെ വർണങ്ങൾ أَلْوَانُهَا മലകളിലുണ്ട് جُدَدٌ വഴികൾ بِيضٌ വെളുത്തവ وَحُمْرٌ ചുവന്നവയും مُخْتَلِفٌ അവയുടെ വർണങ്ങളിൽ വ്യത്യസ്തമായ أَلْوَانُهَا (കാക്കയെപ്പോലെ) കറുത്തിരുണ്ടവയും وَغَرَابِيبُ കറുത്ത

(*) الخلو يستعمل فى الزمان والمكان – مفردات الراغب

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَـٰمِ مُخْتَلِفٌ أَلْوَٰنُهُۥ كَذَٰلِكَ ۗ إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَـٰٓؤُا۟ ۗ إِنَّ ٱللَّهَ عَزِيزٌ غَفُورٌ ﴿٢٨﴾

《28》 മനുഷ്യരിലും, ജീവജന്തുക്കളിലും, കന്നുകാലികളിലുമുണ്ട് അതുപോലെ വർണവ്യത്യാസമുള്ളത്. അല്ലാഹുവിന്റെ അടിയാൻമാരിൽനിന്ന് അറിവുള്ളവർ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയാണ്, വളരെ പൊറുക്കുന്നവനാണ്.

《28》 وَمِنَ النَّاسِ മനുഷ്യരിലുണ്ട് وَ الدَّوَابِّ ജീവജന്തുക്കളിലും وَالأَنْعَامِ കന്നുകാലി (ആടുമാടൊട്ടകം)കളിലും مُخْتَلِفٌ أَلْوَانُهُ വർണം വ്യത്യസ്തമായത് كَذَٰلِكَ അതുപോലെ إِنَّمَا يَخْشَى തീർച്ചയായും ഭയപ്പെടുന്നുള്ളൂ اللهَ അല്ലാഹുവിനെ مِنْ عِبَادِهِ അവന്റെ അടിയാൻമാരിൽനിന്ന് الْعُلَمَاءُ അറിവുള്ളവർ (മാത്രം) إِنَّ اللهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണ് غَفُورٌ വളരെ പൊറുക്കുന്നവനാണ്

മനുഷ്യൻ നിത്യേന പരിചയപ്പെട്ടുകൊണ്ടിരിക്കുന്ന വസ്തുക്കളിൽപോലും- ഒരേ ഇനത്തിൽതന്നെ- വർണ വൈവിധ്യങ്ങളും, ജാതി വ്യത്യാസങ്ങളും കാണുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യനെ അല്ലാഹു ആഹ്വാനം ചെയ്യുന്നു. ഒരേ മഴവെള്ളം, ഒരേതരം വളം, ഒരേ ഭൂമി, ഇവയിൽനിന്നുൽഭവിച്ച ഫലവർഗങ്ങൾ നോക്കുക! ഒന്നൊന്നിൽനിന്ന് നിറത്തിലും, രൂപത്തിലും വ്യത്യസ്തമായിരിക്കും. മലകൾ നോക്കുക! അവയും, അവയിലുള്ള വഴികളും വ്യത്യസ്ത രൂപത്തിലും വർണത്തിലും! മനുഷ്യരടക്കമുള്ള എല്ലാ ജീവികളും, അവർ നിത്യം ഉപയോഗപ്പെടുത്തിവരുന്ന കന്നുകാലികളും അങ്ങനെത്തന്നെ. ചുരുക്കിപ്പറഞ്ഞാൽ, വർണം, ആകൃതി, രുചി, ഗുണം ആദിയായവയുടെ ആധിക്യം നിമിത്തം അവയ്ക്ക് ഒരു നിദാനം കണ്ടെത്തുവാൻ മനുഷ്യന് കഴിയുന്നില്ല. ഈ കാലമത്രയും ഈ ലോകത്ത് പുരോഗമിച്ചുകൊണ്ടേ ഇരുന്ന മനുഷ്യന് -കണ്ടതിനെല്ലാം പേരും പരിധിയും പറയുവാൻ വെമ്പുന്ന മനുഷ്യന് -വർണം, രുചി, ആകൃതി മുതലായവയിൽ -വിരൽകൊണ്ടെണ്ണാവുന്ന എണ്ണങ്ങൾ മാത്രമേ ഇതേവരെ പേരുപറയുവാൻ പോലും കഴിഞ്ഞിട്ടുള്ളൂ. ബാക്കിയുള്ളതിലെല്ലാം ചെറുശിശുക്കളെപ്പോലെ, 'ഇന്നതിന്റെ വർണം, അല്ലെങ്കിൽ ഇന്നതിന്റെ രുചി, ഇന്നതിന്റെ രൂപം' എന്നൊക്കെ പറയുവാനേ നാളിതുവരെ അവന് സാധിച്ചിട്ടുള്ളൂ.

അറിവുള്ളവരേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ എന്ന് പറഞ്ഞുവല്ലോ. ഇവിടെ 'അറിവു'കൊണ്ടുദ്ദേശ്യം ഏതാണെന്ന് നോക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ അപ്രീതിയും, ശിക്ഷയും സൂക്ഷിക്കുക, അതിന്നാസ്പദമായ അവന്റെ വിധിവിലക്കുകൾ സ്വീകരിക്കുക, ഇതാണ് അല്ലാഹുവിനെ ഭയപ്പെടുക എന്നതിന്റെ താല്പര്യം. ഇതിന് ഉപയുക്തമായ അറിവാണ് ഇവിടെ ഉദ്ദേശ്യമെന്ന് പറയേണ്ടതില്ല. അഥവാ ഭൗതിക ലക്ഷ്യങ്ങളെ ഉന്നംവെച്ചുകൊണ്ടുള്ളതോ, ദൈവവിശ്വാസത്തെയും ധാർമികബോധത്തെയും നശിപ്പിച്ചുകളയുന്നതോ ആയ അറിവുകളല്ല ഉദ്ദേശ്യം. അല്ലാഹു പറയുന്നു:

فَأَعْرِضْ عَن مَّن تَوَلَّىٰ عَن ذِكْرِنَا وَلَمْ يُرِدْ إِلَّا الْحَيَاةَ الدُّنْيَا ذَٰلِكَ مَبْلَغُهُم مِّنَ الْعِلْمِ- النجم

(നമ്മുടെ ഓർമവിട്ട് തിരിഞ്ഞുപോകുകയും, ഐഹികജീവിതത്തെയല്ലാതെ ഉദ്ദേശിക്കാതിരിക്കുകയും ചെയ്തവരിൽനിന്ന് നീ വിട്ടുമാറുക. അറിവിൽനിന്നുമുള്ള അവരുടെ ആകെത്തുക അതാണ്. (സൂ: നജ്മ് 29, 30) അപ്പോൾ ഇവിടെ അറിവുകൊണ്ടുദ്ദേശ്യം നബിമാരുടെ അറിവുകളും അവർ സമുദായത്തിന് പ്രബോധനം ചെയ്ത വിജ്ഞാനങ്ങളും ആയിരിക്കുവാനേ മാർഗമുള്ളൂ. ഒരു സന്ദർഭത്തിൽ നബി ﷺ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: (فوالله إنى لا عليهم بالله واشدهم له خشية (متفق عليه) (അല്ലാഹുവാണ സത്യം! ഞാൻ അല്ലാഹുവിനെക്കുറിച്ച് അവരെക്കാൾ അറിയുന്നവനും, അവരെക്കാൾ കഠിനമായി അവനെ ഭയപ്പെടുന്നവനുമാണ്. (ബു; മു.) അല്ലാഹുവിനെക്കുറിച്ച് എറ്റവും അറിവുള്ള ആൾ നബി ﷺ യാകകൊണ്ടാണ്, അവനെക്കുറിച്ച് അവിടുത്തേക്ക് കൂടുതൽ ഭയമുണ്ടായതെന്നും, അല്ലാഹുവിനെക്കുറിച്ചുള്ള അറിവിന്റെ ഏറ്റക്കുറവനുസരിച്ച് ഭയപ്പാടിലും വ്യത്യാസം വരുമെന്നും ഇതിൽനിന്ന് വ്യക്തമാണ്. മറ്റൊരിക്കൽ -ഒരു പ്രസംഗത്തിൽ തന്നെ- തിരുമേനി ﷺ പറഞ്ഞു لو تعلمون ما اعلم لضحكتم قليلا ولبكيتم كثيرا (متفق عليه) (എനിക്ക് അറിയാവുന്നത് നിങ്ങൾക്കറിയാമായിരുന്നെങ്കിൽ നിങ്ങൾ അൽപം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു (ബു; മു.). അല്ലാഹുവിന്റെ സ്മരണയും ഭയപ്പാടും പ്രദാനം ചെയ്യുന്ന അറിവ് ലഭിക്കുവാനുള്ള ഒരു പ്രധാന മാർഗം വിശുദ്ധ ക്വുർആനാണെന്ന് തുടർന്നുള്ള ആയത്തിൽനിന്ന് ഗ്രഹിക്കാവുന്നതാണ്;-

إِنَّ ٱلَّذِينَ يَتْلُونَ كِتَـٰبَ ٱللَّهِ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟ مِمَّا رَزَقْنَـٰهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَـٰرَةً لَّن تَبُورَ ﴿٢٩﴾

﴿29﴾ നിശ്ചയമായും, അല്ലാഹുവിന്റെ വേദഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുകയും, നമസ്കാരം നിലനിറുത്തുകയും, നാം തങ്ങൾക്ക് നൽകിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചിലവഴിക്കുകയും ചെയ്യുന്നവർ, നഷ്ടപ്പെട്ടുപോകുന്നതേയല്ലാത്ത ഒരു വ്യാപാരത്തെ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്;-

لِيُوَفِّيَهُمْ أُجُورَهُمْ وَيَزِيدَهُم مِّن فَضْلِهِۦٓ ۚ إِنَّهُۥ غَفُورٌ شَكُورٌ ﴿٣٠﴾

﴿30﴾ അവർക്ക് തങ്ങളുടെ പ്രതിഫലങ്ങൾ അവൻ [അല്ലാഹു] നിറവേറ്റിക്കൊടുക്കുവാനും, അവന്റെ ദയാനുഗ്രഹത്തിൽനിന്ന് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും വേണ്ടി. (അതിനാണവർ പ്രവർത്തിക്കുന്നത്.) നിശ്ചയമായും അവൻ വളരെ പൊറുക്കുന്നവനാണ്, വളരെ നന്ദിയുള്ളവനാണ്.

﴿29﴾ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يَتْلُونَ പാരായണം ചെയ്യുന്ന, ഓതുന്ന كِتَابَ اللَّهِ അല്ലാഹുവിന്റെ (വേദ)ഗ്രന്ഥം وَأَقَامُوا നിലനിറുത്തുകയും ചെയ്ത الصَّلَاةَ നമ

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

സ്കാരം وَأَنفَقُوا ചിലവഴിക്കുകയും مِمَّا رَزَقْنَاهُمْ നാം അവർക്ക് നൽകിയതിൽനിന്ന് سِرًّا രഹസ്യമായി وَعَلَانِيَةً പരസ്യമായും يَرْجُونَ അവർ ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു تِجَارَةً ഒരു വ്യാപാരം, കച്ചവടം لَّن تَبُورَ (ഒരിക്കലും) നഷ്ടപ്പെടാത്ത ﴾30﴿ لِيُوَفِّيَهُمْ അവൻ അവർക്ക് നിറവേറ്റിക്കൊടുക്കുവാൻ أُجُورَهُمْ തങ്ങളുടെ പ്രതിഫലങ്ങളെ وَيَزِيدَهُم തങ്ങൾക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും مِّن فَضْلِهِ അവന്റെ അനുഗ്രഹത്തിൽ (ദയവിൽ. ഔദാര്യത്തിൽ) നിന്ന് إِنَّهُ നിശ്ചയമായും അവൻ غَفُورٌ വളരെ പൊറുക്കുന്നവനാണ് شَكُورٌ വളരെ നന്ദിയുള്ളവനാണ്

വേദഗ്രന്ഥം ഖുർആനാണെന്ന് വ്യക്തമാണ്. അതിന്റെ അർത്ഥം അറിയാതെയും, ഉള്ളടക്കം ശ്രദ്ധിക്കാതെയും ഉരുവിടുകയല്ല പാരായണം കൊണ്ടുദ്ദേശ്യം. അതിന്റെ ആശയങ്ങൾ ഗ്രഹിച്ചും, ചിന്തിച്ചുംകൊണ്ടായിരിക്കണം അത്. എന്നാൽ മാത്രമേ അത് ഫലപ്പെടുകയുള്ളൂ. ഖുർആൻ പാരായണത്തെപ്പറ്റി മുഖവുരയിൽ നാം വിസ്തരിച്ച് പറഞ്ഞിട്ടുണ്ട്. 'പാരായണം ചെയ്യുക, ഓതുക' എന്നീ അർത്ഥങ്ങളുള്ള يتلوا എന്ന പദത്തിന് പിൻതുടരുക എന്നും അർത്ഥമുണ്ട്. ഈ അർത്ഥമാണ് ചില ഖുർആൻ വ്യാഖ്യാതാക്കൾ ഇവിടെ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്താവ്യമാണ്. വിശുദ്ധഖുർആൻ വഴി അറിവും ബോധവും ലഭിക്കുന്നു. അതിന്റെ പ്രതികരണം പ്രവർത്തനരംഗത്ത് വരുമ്പോൾ നമസ്കാരത്തിനും ദാനധർമങ്ങൾക്കും അതിൽനിന്ന് പ്രചോദനം ലഭിക്കുകയും ചെയ്യുന്നു. ഈ വ്യാപാരത്തിന്റെ ഫലമാകട്ടെ, ഒരിക്കലും മുറിഞ്ഞുപോകാത്ത വർദ്ധിച്ച ലാഭവും! സ്വാഭാവികമായി വന്നുപോയേക്കാവുന്ന തെറ്റുകുറ്റങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുകയും, സദുദ്ദേശ്യത്തോടുകൂടി ചെയ്യപ്പെടുന്ന സൽക്കർമങ്ങളെ നന്ദിപൂർവ്വം സ്വീകരിച്ച് കൂടുതൽ വളർത്തിക്കൊണ്ടിരിക്കുകയും ചെയ്യും. പരസ്യമായി ചിലവഴിക്കേണ്ടിവരുമ്പോൾ പരസ്യമായും, അല്ലാത്തപ്പോൾ രഹസ്യമായും ചിലവഴിക്കുക, അഥവാ ആവശ്യവും സന്ദർഭവും അനുസരിച്ച് ചിലവാക്കുക എന്നാണ് 'രഹസ്യമായും പരസ്യമായും' (سرا و علانية) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം.

وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ مِنَ ٱلْكِتَٰبِ هُوَ ٱلْحَقُّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ ۗ إِنَّ ٱللَّهَ بِعِبَادِهِۦ لَخَبِيرٌۢ بَصِيرٌ ﴿٣١﴾

﴾31﴿ വേദഗ്രന്ഥത്തിൽനിന്ന് നിനക്ക് നാം 'വഹ്‌യ്' [ബോധനം] നൽകിയിട്ടുള്ളതോ അതത്രെ യഥാർത്ഥം; അതിന്റെ മുമ്പിലുള്ളതിനെ [പൂർവ്വഗ്രന്ഥങ്ങളെ] സത്യമാക്കി (ശരിവെച്ച്) കൊണ്ടാണ് (അതുള്ളത്). നിശ്ചയമായും, അല്ലാഹു അവന്റെ അടിയാൻമാരെപ്പറ്റി സൂക്ഷ്മമായറിയുന്നവനും കാണുന്നവനുംതന്നെ.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ثُمَّ أَوْرَثْنَا ٱلْكِتَٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا ۖ فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ ٱللَّهِ ۚ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٣٢﴾

﴾32﴿ പിന്നെ, നമ്മുടെ അടിയാൻമാരിൽനിന്ന് (നല്ലവരായി) നാം തിരഞ്ഞെടുത്തിട്ടുള്ളവർക്ക് (ഈ) വേദഗ്രന്ഥത്തെ നാം അവകാശപ്പെടുത്തിയിരിക്കുന്നു. എന്നാൽ, സ്വന്തം ആത്മാവിനോട് അക്രമം പ്രവർത്തിക്കുന്നവർ അവരിലുണ്ട്; മിതം പാലിക്കുന്നവരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയനുസരിച്ച് സൽകാര്യങ്ങളുമായി മുൻകടക്കുന്നവരും അവരിലുണ്ട്. അതത്രെ വലുതായ അനുഗ്രഹം (അഥവാ യോഗ്യത)

﴾31﴿ ثُمَّأَوْرَثْنَا നാം വഹ്‌യ് നൽകിയിട്ടുള്ളത് الْكِتَابَ നിനക്ക് الَّذِينَاصْطَفَيْنَا വേദ ഗ്രന്ഥത്തിൽനിന്ന് هُوَالْحَقُّ അതാണ് യഥാർത്ഥം مُصَدِّقًا സത്യമാക്കിക്കൊണ്ട്, ശരിവെക്കുന്നനിലയിൽ لِمَابَيْنَيَدَيْهِ അതിന്റെ മുമ്പിലുള്ളതിനെ إِنَّاللهَ നിശ്ചയമായും അല്ലാഹു بِعِبَادِهِ തന്റെ അടിയാൻമാരെപ്പറ്റി لَخَبِيرٌ സൂക്ഷ്മജ്ഞാനിതന്നെ بَصِيرٌ കാണുന്നവൻ ﴾32﴿ ثُمَّأَوْرَثْنَا പിന്നെ നാം അനന്തരം നൽകി, അവകാശപ്പെടുത്തി الْكِتَابَ വേദ ഗ്രന്ഥം الَّذِينَاصْطَفَيْنَا നാം തിരഞ്ഞെടുത്തവർക്ക് مِنْعِبَادِنَا നമ്മുടെ അടിയാൻമാരിൽനിന്ന് فَمِنْهُمْ എന്നാലവരിലുണ്ട് ظَالِمٌ لِنَفْسِهِ തന്നോട് അക്രമം ചെയ്തവൻ وَمِنْهُمْ അവരിലുണ്ട് مُقْتَصِدٌ മിതം പാലിക്കുന്നവനും وَمِنْهُمْ അവരിലുണ്ട് سَابِقٌ മുൻകടന്നവനും بِالْخَيْرَاتِ സൽകാര്യങ്ങൾ (നന്മകൾ) കൊണ്ട് بِإِذْنِاللهِ അല്ലാഹുവിന്റെ അനുമതി (സമ്മതം) പ്രകാരം ذَٰلِكَهُوَ അതുതന്നെയാണ് الْفَضْلُ അനുഗ്രഹം, ദയവ്, ശ്രേഷ്ഠത الْكَبِيرُ വലുതായ

പൂർവഗ്രന്ഥങ്ങളും മുൻപ്രവാചകൻമാരും പ്രബോധനം ചെയ്ത സിദ്ധാന്തങ്ങളെ ശരിവെച്ചും, സത്യമെന്ന് സ്ഥാപിച്ചുംകൊണ്ടാണ് വിശുദ്ധ ക്വുർആൻ നിലകൊള്ളുന്നത്. അത് നബി ﷺക്ക് അല്ലാഹു അവതരിപ്പിച്ചുകൊടുത്തും, അവിടുന്ന് അത് പ്രബോധനം ചെയ്തു എന്നതുകൊണ്ട് കാര്യം അവസാനിക്കുന്നില്ല. നബി ﷺയുടെ ശേഷം അവിടുത്തെ സമുദായം കൈകാര്യം ചെയ്യേണ്ടുന്ന ഒരു അനന്തര സ്വത്താക്കി അതിനെ അവൻ നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. പ്രവാചകൻമാർ പ്രബോധനം ചെയ്യുന്ന അറിവാണല്ലോ അവരിൽനിന്ന് സമുദായത്തിന് ലഭിക്കുന്ന അനന്തരാവകാശം. വേദഗ്രന്ഥങ്ങളിൽവെച്ച് ഏറ്റവും ഉൽകൃഷ്ടവും അവസാനത്തെ ആളുമായ നബി തിരുമേനി ﷺയുടെ സമുദായം (خيرامة اخرجت للناس)- കൈകാര്യം ചെയ്യാൻ ബാധ്യസ്ഥനാണ്. പഠിച്ചറിയുക, പഠിപ്പിക്കുക, ഉപദേശിക്കുക, പ്രചരിപ്പിക്കുക, പ്രവർത്തനങ്ങളിൽ വരുത്തുക, തടസ്സമാർഗങ്ങളെ നീക്കം ചെയ്യുക, അങ്ങനെ മനുഷ്യവർഗത്തിന് മാതൃകയാവുക, ഇതൊക്കെയാണവർ നിറവേറ്റേണ്ടത്. (شُهَدَاءَ عَلَى النَّاسِ وَيَكُونَ الرَّسُولُ عَلَيْكُمْ شَهِيدًا- البقرة:)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അപ്രകാരം, നിങ്ങൾ മനുഷ്യർക്ക് സാക്ഷികൾ- മാതൃക- ആയിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷി- മാതൃക- ആയിരിക്കുവാനുംവേണ്ടി നാം നിങ്ങളെ ഒരു മാദ്ധ്യമ- ശ്രേഷ്ഠം- സമുദായമാക്കിയിരിക്കുന്നു. (സൂ: അൽബക്വറഃ)

ഈ സമുദായം ലോകാവസാനം വരെ നിലനിൽക്കേണ്ടതുണ്ട്. നേട്ടകോട്ടങ്ങൾ എന്തുണ്ടായാലും അതങ്ങിനെ നിലനിൽക്കുകയും ചെയ്യും. സ്വാഭാവികമായും- മൊത്തത്തിൽ പറയുകയാണെങ്കിൽ- അവർ മൂന്ന് തരക്കാരായിരിക്കുമെന്ന് ഈ വചനം ചൂണ്ടിക്കാട്ടുന്നു: 1. തങ്ങളോടുതന്നെ അക്രമം പ്രവർത്തിച്ചവർ (ظالم لنفسه) 2. മിതം പാലിക്കുന്നവർ (مقتصد) 3. സൽക്കർമങ്ങളുമായി മുൻകടന്നവർ (سابق باالخيرات) ഈ മൂന്ന് തരക്കാർ ആരാണെന്നതിനെക്കുറിച്ച് പലരും പല അഭിപ്രായങ്ങളും പറഞ്ഞുകാണാം. എങ്കിലും, അവയിൽ കൂടുതൽ വ്യക്തമായിട്ടുള്ളതും, മിക്ക അഭിപ്രായങ്ങളുടെയും സാരാംശം ഉൾക്കൊള്ളുന്നതുമാണ് ഇമാം ഇബ്നുകഥീർ (റ)ന്റെ വിശദീകരണം. അത് ഇപ്രകാരമാകുന്നു: 1-ാമത്തെ വിഭാഗം, നിർബന്ധ കടമകളുടെ കാര്യത്തിൽ കുറെയൊക്കെ വീഴ്ച വരുത്തുകയും, നിരോധിക്കപ്പെട്ട ചില കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. 2 -ാമത്തെ വിഭാഗം, നിർബന്ധ കടമകളെ മുഴുവൻ നിർവഹിക്കുന്നവരും, നിഷിദ്ധങ്ങളെയെല്ലാം ഉപേക്ഷിക്കുന്നവരുമാണ്. പക്ഷേ, ചിലപ്പോഴൊക്കെ മതത്തിൽ തൃപ്തികരങ്ങളായ (പുണ്യകരങ്ങളായ) കാര്യങ്ങളെ ഉപേക്ഷിക്കുകയും, തൃപ്തികരങ്ങളല്ലാത്ത കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തേക്കും. 3 -ാമത്തെ വിഭാഗം, നിർബന്ധ കടമകളും, മതത്തിൽ തൃപ്തികരങ്ങളായ മറ്റ് കാര്യങ്ങളും നിർവഹിക്കുകയും, നിഷിദ്ധമായതിനെ തൃപ്തികരമല്ലാത്തതിനെയും ഉപേക്ഷിക്കുകയും ചെയ്യുന്നവരാകുന്നു.

ഈ ഒടുവിൽ പറഞ്ഞവരാണ് ഏറ്റവും ഉയർന്ന പദവിയിലുള്ളതെന്ന് പറയേണ്ടതില്ല. ഇവരെപ്പറ്റി പറഞ്ഞപ്പോൾ 'അല്ലാഹുവിന്റെ അനുമതി അനുസരിച്ച്' (بإذن الله) എന്നുകൂടി വിശേഷിപ്പിച്ചത് ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും അവർക്ക് ലഭിച്ചതുകൊണ്ടാണവർ ആ നിലയിലെത്തിയതെന്നും, അല്ലാഹു അവരെക്കുറിച്ച് നല്ലപോലെ തൃപ്തിപ്പെടുന്നുവെന്നും അത് സൂചിപ്പിക്കുന്നു. അതുതന്നെയാണല്ലോ വമ്പിച്ച ശ്രേഷ്ഠതയും. (ذالك هو الفضل الكبير) ക്വുർആന്റെ അനന്തരം ഏറ്റെടുത്ത് കൈകാര്യം നടത്തുന്നവരുടെ പ്രതിഫലം അടുത്ത വചനത്തിൽ വിവരിക്കുന്നു:-

جَنَّٰتُ عَدۡنٖ يَدۡخُلُونَهَا يُحَلَّوۡنَ فِيهَا مِنۡ أَسَاوِرَ مِن ذَهَبٖ وَلُؤۡلُؤٗاۖ وَلِبَاسُهُمۡ فِيهَا حَرِيرٞ ﴿٣٣﴾

﴾33﴿ (അതെ) നിത്യവാസത്തിന്റെ സ്വർഗങ്ങൾ! അതിലവർ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് സ്വർണം കൊണ്ടുള്ള ചില (തരം) വളകളും, മുത്തും അണിയിക്കപ്പെടും; അവിടെ അവരുടെ ഉടുപ്പ് (വസ്ത്രം) പട്ടായിരിക്കും.

وَقَالُواْ ٱلۡحَمۡدُ لِلَّهِ ٱلَّذِيٓ أَذۡهَبَ عَنَّا ٱلۡحَزَنَۖ إِنَّ رَبَّنَا لَغَفُورٞ شَكُورٌ ﴿٣٤﴾

﴾34﴿ അവർ പറയുകയും ചെയ്യും: 'ഞങ്ങളിൽനിന്ന് ദുഃഖം നീക്കിത്തന്നവനായ അല്ലാഹുവിന് സർവ്വസ്തുതിയും! നിശ്ചയമായും, ഞങ്ങളുടെ റബ്ബ് വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനും തന്നെ.

ٱلَّذِىٓ أَحَلَّنَا دَارَ ٱلْمُقَامَةِ مِن فَضْلِهِۦ لَا يَمَسُّنَا فِيهَا نَصَبٌ وَلَا يَمَسُّنَا فِيهَا لُغُوبٌ ﴿٣٥﴾

《35》 'അതായത് തന്റെ ദയാനുഗ്രഹംനിമിത്തം (ഈ) സ്ഥിരതാമസത്തിന്റെ ഭവനത്തിൽ ഞങ്ങളെ ഇറക്കിത്തന്നിട്ടുള്ളവൻ! യാതൊരു ഞെരുക്കവും ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല! യാതൊരു ക്ഷീണവും [അസഹ്യതയും] ഇവിടെ ഞങ്ങളെ സ്പർശിക്കുന്നില്ല!!'

《33》 جَنَّٰتُ عَدْنٍ സ്ഥിരവാസത്തിന്റെ സ്വർഗങ്ങൾ يَدْخُلُونَهَا അതിലവർ പ്രവേശിക്കുന്നതാണ് يُحَلَّوْنَ فِيهَا അതിൽ അവർക്ക് അണിയിക്കപ്പെടും مِنْ أَسَاوِرَ വളകളിൽനിന്ന് مِن ذَهَبٍ സ്വർണത്താലുള്ള وَلُؤْلُؤًا മുത്തും وَلِبَاسُهُمْ فِيهَا അതിലവരുടെ ഉടുപ്പ്, വസ്ത്രം حَرِيرٌ പട്ടാകുന്നു 《34》 وَقَالُوا അവർ പറയുകയും ചെയ്യും ٱلْحَمْدُ لِلَّهِ അല്ലാഹുവിന് സർവ്വസ്തുതിയും ٱلَّذِي أَذْهَبَ പോക്കി (നീക്കി)ക്കളഞ്ഞ عَنَّا ഞങ്ങളിൽനിന്ന് ٱلْحَزَنَ ദുഃഖം إِنَّ رَبَّنَا നിശ്ചയമായും നമ്മുടെ റബ്ബ് لَغَفُورٌ വളരെ പൊറുക്കുന്നവൻ തന്നെ شَكُورٌ വളരെ നന്ദിയുള്ളവൻ 《35》 ٱلَّذِي أَحَلَّنَا നമ്മെ ഇറക്കി (എത്തിച്ചു)തന്ന دَارَ ٱلْمُقَامَةِ (സ്ഥിര) താമസത്തിന്റെ ഭവനത്തിൽ (വീട്ടിൽ) مِن فَضْلِهِ അവന്റെ അനുഗ്രഹത്താൽ, ദയവായി لَا يَمَسُّنَا നമ്മെ (ഞങ്ങളെ) സ്പർശിക്കുന്നില്ല, ബാധിക്കുകയില്ല فِيهَا ഇതിൽ, ഇവിടെ نَصَبٌ ഒരു ഞെരുക്കവും, വിഷമവും وَلَا يَمَسُّنَا നമ്മെ സ്പർശിക്കയുമില്ല فِيهَا ഇതിൽ لُغُوبٌ ഒരു അസഹ്യതയും, ക്ഷീണവും

---

29 -ാം വചനത്തിൽ, ഒരിക്കലും നഷ്ടം വരാത്ത ലാഭകരമായ വ്യാപാരം നടത്തുന്നവരെപ്പറ്റി പറഞ്ഞതിനെത്തുടർന്ന് അല്ലാഹു വളരെ പൊറുക്കുന്നവനും, വളരെ നന്ദിയുള്ളവനുമാണെന്ന് ഓർമിപ്പിക്കുകയുണ്ടായി. ആ വാഗ്ദാനം തികച്ചും സത്യമായി തങ്ങൾക്ക് അനുഭവപ്പെട്ടിരിക്കുന്നു എന്ന് ആ വ്യാപാരികൾ സ്വർഗത്തിൽവെച്ച് ഇപ്പോൾ ഇതാ സന്തോഷപൂർവ്വം പ്രഖ്യാപിക്കുകയാണ്: إن ربنا لغفور شكور (നമ്മുടെ റബ്ബ് വളരെ പൊറുക്കുന്നവനും വളരെ നന്ദിയുള്ളവനും തന്നെ) എന്ന്. കഴിഞ്ഞ ആയത്തിൽ പ്രസ്താവിച്ച മൂന്ന് വിഭാഗക്കാർ ഉൾക്കൊള്ളുന്ന സത്യവിശ്വാസികൾക്ക് ലഭിക്കുന്ന പ്രതിഫലമാണ് അല്ലാഹു ഈ വചനങ്ങളിൽ പ്രസ്താവിച്ചു കാണുന്നത്. ഈ മൂന്നിലും ഉൾപ്പെടാത്ത അവിശ്വാസികളുടെ പ്രതിഫലം തുടർന്നുള്ള ആയത്തിൽ പ്രസ്താവിക്കുന്നുമുണ്ട്.

അപ്പോൾ, ഇവിടെ ചില സംശയങ്ങൾക്കവകാശമുണ്ട്. മൂന്ന് വിഭാഗക്കാരും തമ്മിൽ വളരെ വ്യത്യസ്തമായ നിലപാടാണല്ലോ കർമരംഗങ്ങളിൽ ഉണ്ടായിരുന്നത്. എന്നിരിക്കെ, എല്ലാവർക്കും ഒരേ പ്രതിഫലംതന്നെ ലഭിക്കുന്നതെങ്ങനെ? അത് ന്യായമാണോ? സത്യവിശ്വാസിയാണെങ്കിലും അവരിൽ കുറ്റം ചെയ്തവർ അതിന്റെ ശിക്ഷ അനുഭവിക്കേണ്ടതില്ലേ? അപ്പോൾ എല്ലാവരെയും ഒന്നിച്ച് സ്വർഗത്തിൽ പ്രവേശിക്കുമോ? ഇതാണ് സംശയം. ഈ ആയത്തുകളിൽ പ്രസ്താവിച്ച പ്രതിഫലം മൂന്ന് വിഭാഗക്കാർക്കും പൊതുവിൽ ലഭിക്കുന്ന പ്രതിഫലം തന്നെ. പക്ഷേ, ഓരോരുത്തർക്കും ലഭിക്കുന്ന വിഭവങ്ങളുടെയും, സുഖസൗകര്യങ്ങളുടെയും തോത് അതത് വ്യക്തിയുടെ വ്യത്യസ്ത നിലപാടനുസരിച്ചായിരിക്കും. അനേകം ക്വുർആൻ വചനങ്ങൾകൊണ്ടും, നബിവചനങ്ങൾകൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതാണിത്. കൂടാതെ, സത്യവിശ്വാസികളായ ആളുകൾ

ചെയ്ത കുറ്റങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചുകഴിഞ്ഞശേഷമേ അവർക്ക് സ്വർഗത്തിൽ പ്രവേശനം ലഭിക്കുകയുമുള്ളൂ. സ്വർഗത്തിൽ പ്രവേശനം അപേക്ഷിച്ച് താഴെ കിടയിലായിരിക്കും അവർക്ക് ലഭിക്കുന്ന സുഖസൗകര്യങ്ങൾ എന്നുമാത്രം. ഈ വസ്തുതയും ക്വുർആനിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും. ധാരാളം ഹദീഥുകളിൽ വ്യക്തമായി ത്തന്നെ അത് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഒരു ഹദീഥ് മാത്രം ഉദാഹരണത്തിന് ഉദ്ധരിക്കാം:-

'നരകത്തിലെ ശിക്ഷ അനുഭവിച്ചുകഴിഞ്ഞശേഷം ഏറ്റവും അവസാനമായി, നരകത്തിൽനിന്ന് രക്ഷകിട്ടി സ്വർഗത്തിൽ പ്രവേശിക്കുവാൻ ഭാഗ്യം സിദ്ധിക്കുന്നവന്റെ കഥ നബി ﷺ വിവരിച്ചിട്ടുള്ള സ്വൽപം ദീർഘമായ ഒരു ഹദീഥിൽ, ഇപ്രകാരം കാണാം: (അവൻ സ്വർഗത്തിലെത്തിയശേഷം) അല്ലാഹു അവനോട് പറയും: 'നീ മോഹിച്ചുകൊള്ളുക!' അപ്പോൾ അവൻ (പലതും പലതും) മോഹിച്ച് മോഹിച്ചുകൊണ്ടിരിക്കും. എന്നിട്ട് അല്ലാഹു ചോദിക്കും: 'നീ മോഹിച്ചുകഴിഞ്ഞുവോ?' അവൻ 'അതെ' എന്ന് പറയും. അപ്പോൾ അല്ലാഹു പറയും: 'അതെല്ലാം നിനക്കുണ്ട്. അതോടൊപ്പം അത്രയും കൂടിയുണ്ട് ....' ഇമാം ബുഖാരി, മുസ്‌ലിം മുതലായവർ പല മാർഗങ്ങളിൽകൂടിയും ഉദ്ധരിച്ചിട്ടുള്ളതാണ് ഈ ഹദീഥ്.

ഈ ആയത്തുകളിൽ പ്രസ്താവിച്ച പ്രതിഫലം മൊത്തത്തിൽ മേൽപറഞ്ഞ മൂന്ന് വിഭാഗക്കാർക്കും ബാധകമല്ലെന്നും, അതിൽ ഒന്നാമത്തെ വിഭാഗക്കാർ (ظالم لنفسه) തീരെ രക്ഷക്കവകാശപ്പെട്ടവരല്ലെന്നും ചിലർ പ്രസ്താവിക്കാറുണ്ട്: നിഷിദ്ധമായ ഏതെങ്കിലും പാപം ചെയ്യുന്നവർ അതോടെ സത്യവിശ്വാസത്തിൽനിന്ന് തെറ്റിപ്പോയെന്നും ചിലർ വാദിക്കാറുണ്ട്. നിരവധി ഹദീഥുകളുടെ വ്യക്തമായ പ്രസ്താവനകൾക്ക് പുറമെ, 32-ാം വചനത്തിൽ മൂന്നുകൂട്ടരെപ്പറ്റിയും പ്രസ്താവിച്ചശേഷം തുടർന്നുകൊണ്ട് 33-ാം വചനത്തിൽ ആരെയും ഒഴിവാക്കാതെ അവർ സ്വർഗത്തിൽ പ്രവേശിക്കും (يدخلونها) എന്ന് പറഞ്ഞതും ഈ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നു. മാത്രമല്ല, അടുത്ത വചനത്തിൽ 'അവിശ്വാസികളാകട്ടെ, അവർക്ക് നരകത്തിന്റെ അഗ്നിയാണ് (والذين كفروا لهم نار جهنم) എന്ന് എടുത്ത് പറയുന്നതും കാണാം: 32-ാം വചനത്തിൽ പറഞ്ഞ മൂന്നുതരം ആളുകളും, 33-ാം വചനത്തിൽ പ്രസ്താവിച്ച ഭാഗ്യവാൻമാരും അല്ലാത്തവർ- അഥവാ ക്വുർആന്റെ അനന്തരാവകാശം ഏറ്റുവാങ്ങാതിരിക്കുകയോ, ഏറ്റു വാങ്ങിയശേഷം പാടെ പുറംതള്ളുകയോ ചെയ്ത അവിശ്വാസികൾ- മാത്രമാണിതുകൊണ്ടുദ്ദേശ്യമെന്ന് വ്യക്തമാണ്. ഇമാം ഇബ്നുജരീർ (റ), ഇബ്നുകഥീർ (റ) എന്നീ മഹാന്മാർ ഈ സംഗതി പ്രത്യേകം ഉണർത്തിയിരിക്കുന്നു. والله ا لموفق للصواب

وَٱلَّذِينَ كَفَرُوا۟ لَهُمْ نَارُ جَهَنَّمَ لَا يُقْضَىٰ عَلَيْهِمْ فَيَمُوتُوا۟ وَلَا يُخَفَّفُ عَنْهُم مِّنْ عَذَابِهَا ۚ كَذَٰلِكَ نَجْزِى كُلَّ كَفُورٍ ﴿٣٦﴾

﴿36﴾ അവിശ്വസിച്ചവരാകട്ടെ, അവർക്ക് 'ജഹന്നമി'ന്റെ അഗ്നിയുണ്ടായിരിക്കും. അവരിൽ (മരണം) വിധിക്കപ്പെടുകയില്ല- എന്നാലവർക്ക് മരണപ്പെട്ടു പോകാമായിരുന്നു, അതിന്റെ ശിക്ഷയിൽനിന്ന് അവർക്ക് ലഘുവാക്കപ്പെടുകയുമില്ല. അപ്രകാരമാണ്, എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുക.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَآ أَخْرِجْنَا نَعْمَلْ صَٰلِحًا غَيْرَ ٱلَّذِى كُنَّا نَعْمَلُ ۚ

أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ وَجَآءَكُمُ ٱلنَّذِيرُ ۖ فَذُوقُوا۟ فَمَا لِلظَّٰلِمِينَ مِن نَّصِيرٍ ﴿٣٧﴾

《37》 അവർ അതിൽവെച്ച് അലമുറയിട്ടുകൊണ്ടിരിക്കും: 'ഞങ്ങളുടെ റബ്ബേ! ഞങ്ങളെ (ഒന്ന്) പുറത്താക്കിത്തരേണമേ!- ഞങ്ങൾ (മുമ്പ്) പ്രവർത്തിച്ചുകൊണ്ടിരുന്നതല്ലാത്ത സൽക്കർമം ഞങ്ങൾ ചെയ്തുകൊള്ളാം!' (എന്ന്).

'ഉറ്റാലോചിക്കുന്നവർക്ക് ഉറ്റാലോചിക്കാവുന്നത്ര (കാലം) നിങ്ങൾക്ക് നാം ആയുസ്സ് നൽകിയിരുന്നില്ലേ?!- മുന്നറിയിപ്പ് നൽകുന്നവർ നിങ്ങൾക്ക് വരുകയും ചെയ്തിരുന്നു (വല്ലോ). അതുകൊണ്ട്, (ശിക്ഷ) ആസ്വദിച്ചുകൊള്ളുവിൻ! എനി, അക്രമികൾക്ക് യാതൊരു സഹായകനും [രക്ഷകനും] ഇല്ല'. (ഇതായിരിക്കും അവർക്ക് മറുപടി.)

《36》 وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ لَهُمْ അവർക്കുണ്ട് نَارُ جَهَنَّمَ 'ജഹന്നമി'ന്റെ അഗ്നി لَا يُقْضَىٰ عَلَيْهِمْ അവരുടെ മേൽ വിധിക്കപ്പെടുകയില്ല فَيَمُوتُوا എന്നാലവർക്ക് മരണപ്പെടാമായിരുന്നു وَلَا يُخَفَّفُ عَنْهُم അവർക്ക് ലഘുവാക്കപ്പെടുകയുമില്ല مِّنْ عَذَابِهَا അതിന്റെ ശിക്ഷയിൽ നിന്ന് (ഒട്ടും) كَذَٰلِكَ അപ്രകാരം نَجْزِي നാം പ്രതിഫലം കൊടുക്കും كُلَّ كَفُورٍ എല്ലാ നന്ദികെട്ടവർക്കും 《37》 وَهُمْ يَصْطَرِخُونَ അവർ മുറവിളികൂട്ടും, അലമുറയിടും فِيهَا അതിൽവെച്ച് رَبَّنَا ഞങ്ങളുടെ റബ്ബേ أَخْرِجْنَا ഞങ്ങളെ പുറത്താക്കിത്തരണേ نَعْمَلْ صَالِحًا ഞങ്ങൾ നല്ലത് (സൽക്കർമം) പ്രവർത്തിക്കാം غَيْرَ الَّذِي യാതൊന്നല്ലാതെ كُنَّا نَعْمَلُ ഞങ്ങൾ പ്രവർത്തിച്ചിരുന്ന أَوَلَمْ نُعَمِّرْكُم നിങ്ങൾക്ക് നാം ആയുസ്സ് നൽകിയില്ലേ مَا يَتَذَكَّرُ ഉറ്റാലോചിക്കാവുന്നത് (അത്രകാലം) فِيهِ അതിൽ مَن تَذَكَّرَ ഉറ്റാലോചിക്കുന്നവർ وَجَاءَكُمُ നിങ്ങൾക്ക് വരുകയും ചെയ്തു النَّذِيرُ മുന്നറിയിപ്പുകാരൻ فَذُوقُوا അതുകൊണ്ട് ആസ്വദിക്കുവിൻ فَمَا لِلظَّالِمِينَ എനി അക്രമികൾക്കില്ല مِن نَّصِيرٍ ഒരു രക്ഷകനും, സഹായിയും.

'ജഹന്നം' (جهنم) എന്നുള്ളത് നരകത്തിന്റെ പേരുകളിൽ ഒന്നത്രെ. ശിക്ഷയുടെ കാഠിന്യംകൊണ്ടോ, കാലാവധി അവസാനിക്കുന്നതുകൊണ്ടോ മരണം അവിടെ സംഭവിക്കുകയില്ല. പരലോകജീവിതം -സ്വർഗീയമാകട്ടെ നരകീയമാകട്ടെ- ശാശ്വതമാണ്. ഏതെങ്കിലും വിധേന മരണപ്പെട്ടുകിട്ടിയാൽ ഈ ശിക്ഷയിൽനിന്നൊരു വിശ്രമം കിട്ടുമല്ലോ എന്നവർ മോഹിക്കും. പക്ഷേ, അത് സംഭവിക്കുകയില്ല. ശിക്ഷയുടെ കാഠിന്യം സഹിക്കവയ്യാതെ അവർ നിലവിളി കൂടുന്നതും, അതവർക്ക് അപ്പോൾ ലഭിക്കുന്ന മറുപടിയുമാ

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ണ്. അല്ലാഹു ഇവിടെ ഉദ്ധരിക്കുന്നത്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ ആമീൻ.

നബി ﷺ ഇപ്രകാരം പറഞ്ഞതായി ഇബ്നുഅബ്ബാസ് (റ) നിവേദനം ചെയ്യുന്നു: 'നരകക്കാരിൽവെച്ച് ഏറ്റവും എളിയ ശിക്ഷ അനുഭവിക്കുന്നവൻ, അഗ്നികൊണ്ടുള്ള രണ്ട് ചെരുപ്പുകളും (ചെരുപ്പിന്റെ) രണ്ട് വാറും ഉള്ളവനായിരിക്കും. അവ രണ്ടും നിമിത്തം അവന്റെ തലച്ചോറ് (അടുപ്പത്തുവെച്ച്) കുടുക്ക തിളച്ചുമറിയുംപോലെ തിളച്ചുമറിയുന്നതായിരിക്കും. അവനെക്കാൾ കഠിനമായ ശിക്ഷയുള്ളവൻ വേറെ ഉണ്ടെന്ന് അവന് തോന്നുകയില്ല. അവനാകട്ടെ, അവരിൽ ഏറ്റവും എളിയ ശിക്ഷക്കാരനാണുതാനും!' (ബു; മു.)

വിഭാഗം – 5

إِنَّ ٱللَّهَ عَٰلِمُ غَيْبِ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٣٨﴾

﴿38﴾ **നിശ്ചയമായും, അല്ലാഹു ആകാശങ്ങളിലെയും, ഭൂമിയിലെയും അദൃശ്യത്തെ അറിയുന്നവനാണ്; നിശ്ചയമായും, അവൻ ഹൃദയങ്ങളിലുള്ളതിനെപ്പറ്റി അറിവുള്ളവനാണ്.**

هُوَ ٱلَّذِى جَعَلَكُمْ خَلَٰٓئِفَ فِى ٱلْأَرْضِ ۚ فَمَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ عِندَ رَبِّهِمْ إِلَّا مَقْتًا ۖ وَلَا يَزِيدُ ٱلْكَٰفِرِينَ كُفْرُهُمْ إِلَّا خَسَارًا ﴿٣٩﴾

﴿39﴾ **നിങ്ങളെ ഭൂമിയിൽ (മുൻ കഴിഞ്ഞവരുടെ) പിൻഗാമികളാക്കിയവനത്രെ അവൻ. അതിനാൽ, ആരെങ്കിലും അവിശ്വസിച്ചാൽ അവന്റെ അവിശ്വാസം അവന്റെമേൽ തന്നെയാണ് (ദോഷം ചെയ്യുക.) അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം, തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ കഠിനകോപമല്ലാതെ വർദ്ധിപ്പിക്കുകയില്ല; അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം, നഷ്ടവുമല്ലാതെ വർദ്ധിപ്പിക്കുകയില്ല.**

﴿38﴾ إِنَّ اللهَ നിശ്ചയമായും അല്ലാഹു عَالِمُ അറിയുന്നവനാണ് غَيْبِ السَّمَاوَاتِ ആകാശങ്ങളിലെ അദൃശ്യം وَالأَرْضِ ഭൂമിയിലെയും إِنَّهُ عَلِيمٌ അവൻ അറിവുള്ളവനാണ് بِذَاتِ الصُّدُورِ നെഞ്ച് (ഹൃദയം) കളിലുള്ളതിനെപ്പറ്റി ﴿39﴾ هُوَ الَّذِي അവൻ യാതൊരുവനാണ് جَعَلَكُمْ നിങ്ങളെ ആക്കിയ خَلَائِفَ പിൻഗാമികൾ, പ്രതിനിധികൾ فِي الأَرْضِ ഭൂമിയിൽ فَمَنْ كَفَرَ അതിനാൽ ആർ അവിശ്വസിച്ചുവോ فَعَلَيْهِ എന്നാലവന്റെ മേലാണ് كُفْرُهُ അവന്റെ അവിശ്വാസം وَلَا يَزِيدُ الْكَافِرِينَ അവിശ്വാസികൾക്ക് വർദ്ധിപ്പിക്കുകയില്ല كُفْرُهُمْ അവരുടെ അവിശ്വാസം عِنْدَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ إِلَّا مَقْتًا

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

കഠിന കോപ (ക്രോധ)ത്തെയല്ലാതെ وَلَا يَزِيدُ الْكَافِرِينَ അവിശ്വാസികൾക്ക് വർദ്ധിപ്പിക്കയില്ല كُفْرُهُمْ അവരുടെ അവിശ്വാസം إِلَّا خَسَارًا നഷ്ടമല്ലാതെ

ഒരു സമുദായത്തിനുശേഷം മറ്റൊരു സമുദായമെന്ന നിലക്ക് മുമ്പുള്ളവരുടെ പിന്നാലെ വരുന്നവർ എന്നാണ് خلائف എന്ന വാക്കുകൊണ്ടുദ്ദേശ്യം. 'പിൻതുടർച്ചക്കാർ, പ്രതിനിധികൾ, അനന്തരക്കാർ' എന്നൊക്കെ ആ വാക്കിന് അർത്ഥം പറയാം.

قُلْ أَرَءَيْتُمْ شُرَكَآءَكُمُ ٱلَّذِينَ تَدْعُونَ مِن دُونِ ٱللَّهِ أَرُونِى مَاذَا خَلَقُوا۟ مِنَ ٱلْأَرْضِ أَمْ لَهُمْ شِرْكٌ فِى ٱلسَّمَـٰوَٰتِ أَمْ ءَاتَيْنَـٰهُمْ كِتَـٰبًا فَهُمْ عَلَىٰ بَيِّنَتٍ مِّنْهُ ۚ بَلْ إِن يَعِدُ ٱلظَّـٰلِمُونَ بَعْضُهُم بَعْضًا إِلَّا غُرُورًا ﴿٤٠﴾

《40》 (നബിയേ) പറയുക: 'നിങ്ങൾ കണ്ടുവോ, അല്ലാഹുവിന് പുറമെ നിങ്ങൾ വിളി(ച്ചു പ്രാർത്ഥി)ക്കുന്ന നിങ്ങളുടെ പങ്കുകാരെ?! (ഇവരെപ്പറ്റി നിങ്ങളെന്ത് പറയുന്നു?) ഭൂമിയിൽനിന്ന് അവർ എന്തൊരു വസ്തുവാണ് സൃഷ്ടിച്ചുണ്ടാക്കിയതെന്ന് എനിക്ക് കാട്ടിത്തരുവിൻ! അല്ലാത്തപക്ഷം, അവർക്ക് ആകാശങ്ങളിൽ വല്ല പങ്കും ഉണ്ടോ?! അതല്ലെങ്കിൽ, അവർക്ക് നാം വല്ല (പ്രത്യേക) വേദഗ്രന്ഥവും കൊടുത്തിട്ട് അതിൽ നിന്നുള്ള വല്ല തെളിവിൻമേലുമാണോ അവർ (നിലകൊള്ളുന്നത്)?! (അതൊന്നുമല്ല.) പക്ഷെ, അക്രമികൾ- ചിലർ ചിലരോട് -വഞ്ചനയല്ലാതെ വാഗ്ദാനം ചെയ്യുന്നില്ല.

《40》 قُلْ നീ പറയുക أَرَأَيْتُمْ നിങ്ങൾ കണ്ടുവോ شُرَكَاءَكُمْ നിങ്ങളുടെ പങ്കുകാരെ الَّذِينَ تَدْعُونَ നിങ്ങൾ വിളിക്കുന്ന مِنْ دُونِ اللَّهِ അല്ലാഹുവിനുപുറമെ أَرُونِي എനിക്ക് കാണിച്ചുതരുവിൻ ! مَاذَا خَلَقُوا അവരെന്ത് സൃഷ്ടിച്ചുവെന്ന് مِنَ الْأَرْضِ ഭൂമിയിൽനിന്ന് أَمْ لَهُمْ അതല്ല അവർക്കുണ്ടോ شِرْكٌ വല്ലപങ്കും فِي السَّمَاوَاتِ ആകാശങ്ങളിൽ أَمْ آتَيْنَاهُمْ അതല്ലെങ്കിൽ നാമവർക്ക് കൊടുത്തിട്ടുണ്ടോ كِتَابًا വല്ല ഗ്രന്ഥവും فَهُمْ എന്നിട്ടവർ عَلَىٰ بَيِّنَةٍ വല്ല തെളിവിൻമേലുമാണ് مِنْهُ അതിൽനിന്ന് بَلْ പക്ഷേ إِنْ يَعِدُ വാഗ്ദാനം ചെയ്യുന്നില്ല الظَّالِمُونَ അക്രമികൾ بَعْضُهُمْ بَعْضًا അവരിൽ ചിലർ ചിലരോട് إِلَّا غُرُورًا വഞ്ചന (ചതി, കൃത്രിമം) അല്ലാതെ

അല്ലാഹുവിന് പങ്കുകാരാണെന്ന് ഗണിച്ചുകൊണ്ട് അവർ വിളിച്ചാരാധിച്ചുവരുന്ന ദൈവങ്ങൾ ഭൂമിയിൽ വല്ലതും സൃഷ്ടിച്ചിട്ടുണ്ടോ? അല്ലെങ്കിൽ ആകാശങ്ങളിൽ എന്തെങ്കിലും ഒരു കൂട്ടവകാശം അവർക്കുണ്ടോ? അല്ലെങ്കിൽ തങ്ങളുടെ നിലപാടിന് തെളിവ് നൽകത്തക്കവണ്ണം വല്ല വേദഗ്രന്ഥവും അവർക്ക് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന്

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

കാണിച്ച് ബോധ്യപ്പെടുത്തുക എന്ന് അവരെ വെല്ലുവിളിക്കുന്നു. അതൊന്നും ഇല്ലാത്ത സ്ഥിതിക്ക് തങ്ങളുടെ ആരാധനയെയും, ആരാധ്യനെയും കുറിച്ച് അവർ തമ്മതമ്മിൽ ചെയ്യുന്ന പ്രസ്താവനകളെല്ലാം തനി കൃത്രിമത്വവും വഞ്ചനയുമാണെന്ന് സാരം.

۞ إِنَّ ٱللَّهَ يُمۡسِكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ أَن تَزُولَاۚ وَلَئِن زَالَتَآ إِنۡ أَمۡسَكَهُمَا مِنۡ أَحَدٖ مِّنۢ بَعۡدِهِۦٓۚ إِنَّهُۥ كَانَ حَلِيمًا غَفُورٗا ﴿٤١﴾

﴾41﴿ നിശ്ചയമായും അല്ലാഹു ആകാശങ്ങളും ഭൂമിയും (തൽസ്ഥാനംവിട്ടു) നീങ്ങുന്നതിന് [നീങ്ങാതിരിക്കുവാൻ] അവയെ പിടിച്ചുനിറുത്തുന്നു. അവ രണ്ടും നീങ്ങിപ്പോയെങ്കിലോ, അവനുപുറമെ ഒരാളും അവയെ പിടിച്ചുനിറുത്തുകയില്ല. അവൻ സഹനശീലനും വളരെ പൊറുക്കുന്നവനുമാകുന്നു.

﴾41﴿ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يُمْسِكُ പിടിച്ചുനിറുത്തുന്നു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും أَن تَزُولَا അവ രണ്ടും നീങ്ങുന്നതിന്, നീങ്ങുമെന്നതിനാൽ وَلَئِن زَالَتَا അവരണ്ടും നീങ്ങിപ്പോയെങ്കിലോ إِنْ أَمْسَكَهُمَا അവ രണ്ടിനെയും പിടിച്ചു നിറുത്തുകയില്ല مِنْ أَحَدٍ ഒരാളും തന്നെ مِن بَعْدِهِ അവന് പുറമെ إِنَّهُ كَانَ നിശ്ചയമായും അവനാകുന്നു حَلِيمًا സഹനശീലൻ غَفُورًا വളരെ പൊറുക്കുന്നവൻ

ആകാശഭൂമികളുടെ സൃഷ്ടിയിൽ വേറെ ആർക്കും പങ്കില്ലാത്തതുപോലെ, അവയുടെ നിലനിൽപിന്റെ കാര്യത്തിലും ആർക്കും കയ്യില്ല. അല്ലാഹുവിന്റെ മാത്രം നിയന്ത്രണത്തിലാണവ സ്ഥിതിചെയ്യുന്നത്. ഭൂമിയിൽ ചുരുക്കം ചില സ്ഥലങ്ങളിൽ എപ്പോഴെങ്കിലും ഉണ്ടാകാറുള്ള കമ്പനത്തിനോ, ഇളക്കത്തിനോപോലും പരിഹാരം ഉണ്ടാക്കാൻ മറ്റാർക്കും കഴിയാത്ത സ്ഥിതിക്ക് ആകാശഭൂമികൾ ഒന്നാകെ നിലതെറ്റിയാൽ ആർക്കാണവയെ പിടിച്ചു നിറുത്തുവാൻ കഴിയുക- അല്ലാഹുവിനല്ലാതെ?!

وَأَقۡسَمُواْ بِٱللَّهِ جَهۡدَ أَيۡمَٰنِهِمۡ لَئِن جَآءَهُمۡ نَذِيرٞ لَّيَكُونُنَّ أَهۡدَىٰ مِنۡ إِحۡدَى ٱلۡأُمَمِۖ فَلَمَّا جَآءَهُمۡ نَذِيرٞ مَّا زَادَهُمۡ إِلَّا نُفُورًا ﴿٤٢﴾

﴾42﴿ അവർ [അവർ മുശ്‌രിക്കുകൾ] തങ്ങൾക്ക് കഴിയും പ്രകാരം അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നു; 'തങ്ങൾക്ക് ഒരു താക്കീതുകാരൻ [റസൂൽ] വന്നുവെങ്കിൽ, (മറ്റുള്ള) സമുദായങ്ങളിൽ ഏതൊന്നിനെക്കാളും നിശ്ചയമായും തങ്ങൾ കൂടുതൽ സൻമാർഗികളായിത്തീരും' എന്ന്. എന്നിട്ട് അവർക്ക് താക്കീതുകാരൻ വന്നപ്പോഴാകട്ടെ, (സത്യത്തിൽനിന്ന്) വിരണ്ടോടുകയല്ലാതെ (മറ്റൊന്നും) അതവർക്ക് വർദ്ധിപ്പിച്ചില്ല;

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

جَهْدَ أَيْمَانِهِمْ ﴿42﴾ وَأَقْسَمُوا അവർ സത്യം ചെയ്തു بِاللَّهِ അല്ലാഹുവിനെക്കൊണ്ട്
لَئِنْ جَاءَهُمْ അവരുടെ സത്യങ്ങളിൽവെച്ച് ഞെരുങ്ങിയത് (കഴിയും പ്രകാരമുള്ളത്)
അവർക്ക് വന്നുവെങ്കിൽ نَذِيرٌ ഒരു താക്കീതുകാരൻ لَيَكُونُنَّ നിശ്ചയമായും അവർ ആയി
രിക്കുമെന്ന് أَهْدَىٰ കൂടുതൽ സൻമാർഗികൾ مِنْ إِحْدَى الْأُمَمِ സമുദായങ്ങളിൽ ഏതൊ
ന്നിനെക്കാളും فَلَمَّا جَاءَهُمْ അങ്ങനെ അവർക്ക് വന്നപ്പോൾ نَذِيرٌ ഒരു താക്കീതുകാരൻ
مَا زَادَهُمْ അതവർക്ക് വർദ്ധിപ്പിച്ചില്ല إِلَّا نُفُورًا വിരണ്ടോട്ടമല്ലാതെ, വെറുത്തുപോക്കല്ലാതെ

ٱسْتِكْبَارًا فِى ٱلْأَرْضِ وَمَكْرَ ٱلسَّيِّئِ ۚ وَلَا يَحِيقُ ٱلْمَكْرُ ٱلسَّيِّئُ إِلَّا بِأَهْلِهِۦ ۚ

﴿43﴾ ഭൂമിയിൽ ഗർവ്വ് നടിക്കുകയും, ദുഷിച്ച [കടുത്ത] കുതന്ത്രം പ്രയോഗിക്കുകയും ചെയ്തതിനാൽ, (വാസ്തവത്തിൽ) ദുഷിച്ച കുതന്ത്രം അതിന്റെ ആൾക്കാരിലല്ലാതെ വന്ന് ഭവിക്കുകയുമില്ല.

فَهَلْ يَنظُرُونَ إِلَّا سُنَّتَ ٱلْأَوَّلِينَ ۚ فَلَن تَجِدَ لِسُنَّتِ ٱللَّهِ تَبْدِيلًا ۖ وَلَن تَجِدَ لِسُنَّتِ ٱللَّهِ تَحْوِيلًا ﴿٤٣﴾

എന്നിരിക്കെ, പൂർവ്വികന്മാരുടെ (മേലുണ്ടായ) നടപടിച്ചട്ടത്തെയല്ലാതെ (മറ്റ് വല്ലതും ഇവർ നോക്കി(ക്കാത്തു)ക്കൊണ്ടിരിക്കുന്നുണ്ടോ?! എന്നാൽ, അല്ലാഹുവിന്റെ നടപടിച്ചട്ടത്തിന് ഒരു മാറ്റത്തിരുത്തും നീ കണ്ടെത്തുന്നതല്ല. അല്ലാഹുവിന്റെ നടപടിച്ചട്ടത്തിന് ഒരു ഭേദഗതിയും നീ കണ്ടെത്തുകയില്ല.

فِي الْأَرْضِ ﴿43﴾ اسْتِكْبَارًا ഗർവ്വ് നടിച്ചതിനാൽ, അതായത് ഗർവ്വ് നടിക്കൽ (അല്ലാതെ)
الْمَكْرُ السَّيِّئُ ഭൂമിയിൽ وَمَكْرَ السَّيِّئِ ദുഷിച്ച കുതന്ത്രവും وَلَا يَحِيقُ വന്ന് ഭവിക്കയില്ല
ദുഷിച്ച (കടുത്ത) കുതന്ത്രം إِلَّا بِأَهْلِهِ അതിന്റെ ആൾക്കാരിലല്ലാതെ فَهَلْ يَنظُرُونَ എന്നി
രിക്കെ ഇവർ നോക്കുന്നു (പ്രതീക്ഷിക്കുന്നു)ണ്ടോ إِلَّا سُنَّةَ നടപടി (ചട്ടം, മാർഗം)
അല്ലാതെ الْأَوَّلِينَ പൂർവ്വികൻമാരുടെ فَلَنْ تَجِدَ എന്നാൽ നീ കണ്ടെത്തുകയില്ലതന്നെ
لِسُنَّةِ اللَّهِ അല്ലാഹുവിന്റെ നടപടിക്ക് تَبْدِيلًا ഒരു മാറ്റവും, പകരം വരുത്തലും وَلَنْ تَجِدَ നീ
കാണുകയുമില്ല لِسُنَّةِ اللَّهِ അല്ലാഹുവിന്റെ നടപടിക്ക് تَحْوِيلًا ഒരു ഭേദഗതി,
ഭേദപ്പെടുത്തൽ

ക്വുർആൻ അവതരിക്കുന്നതിന് മുമ്പ് ജൂതൻമാരും ക്രിസ്ത്യാനികളുമാണ് വേദക്കാരെന്ന നിലയിൽ അറേബ്യയിലുണ്ടായിരുന്നത്. ഈ രണ്ട് സമുദായങ്ങൾക്കുമിടയിൽ ഭിന്നിപ്പും വഴക്കുമാണുള്ളത്. തങ്ങളുടെ മാർഗമാണ് ശരിയായതെന്നും, മറ്റേവർ പിഴച്ചവരാണെന്നും ഇരുകൂട്ടരും വാദിക്കുക പതിവായിരുന്നു. ഇതെല്ലാം കാണുമ്പോൾ ബഹുദൈവവിശ്വാസികളായ അറബികൾ ഗൗരവമേറിയ സത്യവാചകങ്ങൾ ഉപയോഗിച്ചുകൊണ്ട് പറയും: 'തങ്ങൾക്ക് ഒരു റസൂൽ വന്നിരുന്നെങ്കിൽ തങ്ങൾ മറ്റ് സമുദായക്കാരെപ്പോലെ വഴിപിഴക്കാതെ, അവരെക്കാൾ സന്മാർഗികളായിത്തീരുമായിരുന്നു.' അങ്ങനെ,

അവരിൽ നിന്നുതന്നെ നബി ﷺ റസൂലായി നിയോഗിക്കപ്പെട്ടു. അപ്പോൾ അദ്ദേഹത്തിന്റെ മാർഗദർശനം സ്വീകരിക്കുന്നതിനുപകരം, പൂർവ്വാധികം ധിക്കാരികളായിത്തീരുകയും, നബി ﷺക്കെതിരിൽ കടുത്ത കുതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയുമാണ് അവർ ചെയ്തത്. ഇവരുടെ മുൻഗാമികളായ ധിക്കാരികൾ അനുഭവിച്ചതുപോലെ, ഇവരുടെ ധിക്കാരഫലം ഇവരും അനുഭവിക്കാതിരിക്കുകയില്ലെന്നും, അത് അല്ലാഹുവിന്റെ നടപടിക്രമങ്ങളിൽ പെട്ടതാണെന്നും, ആ നടപടിക്രമങ്ങൾക്ക് ഒരിക്കലും മാറ്റമോ ഭേദഗതിയോ ഉണ്ടാകുകയില്ലെന്നും അല്ലാഹു അവരെ താക്കീത് ചെയ്യുന്നു.

ശാം, യമൻ, ഇറാക് മുതലായ ദൂരരാജ്യങ്ങളിലേക്ക് ഇവർ നടത്താറുള്ള കച്ചവടയാത്രകളിൽ, വഴിമദ്ധ്യേവെച്ച് ഇവരെക്കാൾ ശക്തൻമാരായിരുന്ന മുൻസമുദായങ്ങൾ അനുഭവിച്ച ശിക്ഷകളുടെ പല അടയാളങ്ങളും, നശിച്ചുപോയ അവരുടെ പല അവശിഷ്ടങ്ങളും ഇവർക്ക് കണ്ട് പാഠം പഠിക്കുവാനുണ്ടല്ലോ എന്ന് അടുത്ത വചനത്തിൽ അല്ലാഹു അവരെ ഉണർത്തുന്നു:-

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ وَكَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً ۚ

﴾44﴿ **ഇവർ ഭൂമിയിൽകൂടി സഞ്ചരിക്കാറില്ലേ? ഇവർക്ക് മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയാണുണ്ടായിട്ടുള്ളതെന്ന് അപ്പോൾ ഇവർക്ക് നോക്കിക്കാണാമല്ലോ!- അവർ ഇവരെക്കാൾ ശക്തിയിൽ ഊക്കൻമാരായിരുന്നുതാനും.**

وَمَا كَانَ ٱللَّهُ لِيُعْجِزَهُۥ مِن شَىْءٍ فِى ٱلسَّمَـٰوَٰتِ وَلَا فِى ٱلْأَرْضِ ۚ إِنَّهُۥ كَانَ عَلِيمًا قَدِيرًا ﴿٤٤﴾

ആകാശങ്ങളിലാകട്ടെ, ഭൂമിയിലാകട്ടെ, യാതൊരു വസ്തുവും അല്ലാഹുവിനെ (തോൽപിച്ച്) അസാധ്യമാക്കുവാനില്ലതന്നെ. നിശ്ചയമായും, അവൻ സർവ്വജ്ഞനാകുന്നു; സർവ്വശക്തനാകുന്നു.

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِمَا كَسَبُوا۟

﴾45﴿ **മനുഷ്യർ പ്രവർത്തിച്ചുവെച്ചിട്ടുള്ളതിന് അല്ലാഹു അവരെ പിടികൂടുകയാണെങ്കിൽ,**

مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ

അതിന്റെ പുറഭാഗത്ത് [ഭൂമുഖത്ത്] ഒരു ജന്തുവെയും അവൻ (ബാക്കി) വിടുമായിരുന്നില്ല.

وَلَـٰكِن يُؤَخِّرُهُمْ إِلَىٰٓ أَجَلٍ مُّسَمًّى

പക്ഷേ, ഒരു നിർണയിക്കപ്പെട്ട അവധിവരേക്കും അവൻ അവർക്ക് (കാല) താമസം ചെയ്തുകൊടുക്കുകയാണ്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

فَإِذَا جَآءَ أَجَلُهُمْ فَإِنَّ ٱللَّهَ كَانَ بِعِبَادِهِۦ بَصِيرًۢا ﴿٤٥﴾

അങ്ങനെ, അവരുടെ അവധി വന്നാൽ, നിശ്ചയമായും അപ്പോൾ, അല്ലാഹു തന്റെ അടിയാൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു. (വേണ്ടുന്ന നടപടി അവൻ എടുത്തുകൊള്ളും.)

﴾44﴿ أَوَلَمْ يَسِيرُوا ഇവർ (അവർ) സഞ്ചരിക്കാറില്ലേ فِي الْأَرْضِ ഭൂമിയിൽ فَيَنظُرُوا അപ്പോൾ അവർക്ക് നോക്കാമല്ലോ, കാണാം كَيْفَ كَانَ എങ്ങനെ ഉണ്ടായെന്ന് عَاقِبَةُ الَّذِينَ യാതൊരുകൂട്ടരുടെ പര്യവസാനം مِن قَبْلِهِمْ ഇവരുടെ മുമ്പുള്ള وَكَانُوا അവർ ആയിരുന്നുതാനും أَشَدَّ مِنْهُمْ ഇവരെക്കാൾ ഊക്കുള്ളവൻ, കഠിനമായവൻ قُوَّةً ശക്തിയാൽ, ബലംകൊണ്ട് وَمَا كَانَ اللَّهُ അല്ലാഹു അല്ല (ഇല്ല) لِيُعْجِزَهُ അവനെ അസാധ്യമാക്കാൻ مِن شَيْءٍ യാതൊന്നുംതന്നെ فِي السَّمَاوَاتِ ആകാശങ്ങളിൽ وَلَا فِي الْأَرْضِ ഭൂമിയിലുമില്ല إِنَّهُ كَانَ തീർച്ചയായും അവനാകുന്നു عَلِيمًا സർവ്വജ്ഞൻ قَدِيرًا (എല്ലാറ്റിനും) കഴിവുള്ളവൻ, സർവ്വജ്ഞൻ ﴾45﴿ وَلَوْ يُؤَاخِذُ പിടികൂടുകയാണെങ്കിൽ اللَّهُ അല്ലാഹു النَّاسَ മനുഷ്യരെ بِمَا كَسَبُوا അവർ പ്രവർത്തിച്ച (സമ്പാദിച്ചുവെച്ച)തിന് مَا تَرَكَ അവൻ വിട്ടേക്കുകയില്ല عَلَىٰ ظَهْرِهَا അതിന്റെ പുറത്ത്, വെളിയിൽ مِن دَابَّةٍ ഒരു ജന്തുവെയും وَلَٰكِن പക്ഷേ يُؤَخِّرُهُمْ അവൻ അവരെ താമസിപ്പിക്കുന്നു, പിന്തിച്ചുവെക്കുന്നു إِلَىٰ أَجَلٍ ഒരു അവധി വരെ مُّسَمًّى നിർണയിക്കപ്പെട്ട فَإِذَا جَاءَ എന്നിട്ട് വന്നാൽ أَجَلُهُمْ അവരുടെ അവധി فَإِنَّ اللَّهَ അപ്പോൾ അല്ലാഹു كَانَ ആകുന്നു بِعِبَادِهِ തന്റെ അടിയാൻമാരെപ്പറ്റി بَصِيرًا കണ്ടറിയുന്നവൻ

മനുഷ്യസമുദായം ചെയ്തുകൂട്ടുന്ന പാപങ്ങളും, അക്രമങ്ങളും കണക്കിലെടുക്കുമ്പോൾ ഈ ഭൂമുഖത്ത് ഒരു ജീവിപോലും ഇല്ലാതാവത്തക്കവണ്ണം- മഴവർഷിപ്പിക്കാതെയോ, മറ്റേതെങ്കിലും വിധത്തിലോ- എല്ലാവരെയും, അല്ലാഹു നശിപ്പിക്കേണ്ടതാണ്. അത്രയും കടുത്തതും വമ്പിച്ചതുമാണവ. പക്ഷേ, അല്ലാഹു ക്ഷമാശീലനാണ്. കാരുണ്യവാനാണ്. അവൻ അവർക്ക് -ഓരോരുത്തർക്കും പ്രത്യേകവും, എല്ലാവർക്കും പൊതുവായും- ഒരവധി നിർണയിച്ചിട്ടുണ്ട്. അതുവരെ അവരെ ഒഴിവാക്കിവിട്ടിരിക്കയാണ്. ആ അവധി വന്നാൽ ഓരോരുത്തരിലും എടുക്കേണ്ട നടപടി എന്താണെന്ന് അവന് നല്ലപോലെ അറിയാം. അവൻ എടുക്കുകയും ചെയ്യും.

നബി ﷺ ഇപ്രകാരം പറഞ്ഞതായി അബൂമൂസൽ അശ്അരീ (റ) ഉദ്ധരിക്കുന്നു: ما احدا أصبر على اذى يسمعه من الله ندعون له الولد ثم يعافيهم ويرزقهم – متفق عليه സാരം: ശല്യവാക്കുകൾ കേട്ടിട്ട് അതിനെപ്പറ്റി അല്ലാഹുവിനെക്കാൾ ക്ഷമിക്കുന്ന ഒരാളും തന്നെ ഇല്ല. ജനങ്ങൾ അവന് മക്കളുണ്ടെന്ന് വാദിക്കുന്നു. എന്നിട്ട് പിന്നെയും അവൻ അവർക്ക് ആരോഗ്യവും ആഹാരവും നൽകുന്നു: (ബു. മു.)

അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. അവന്റെ സദ്വൃത്തരായ അടിയാൻമാരിൽ നമ്മെ ഉൾപ്പെടുത്തുകയും ചെയ്യട്ടെ. ആമീൻ

[والله الحمد والمنة]

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

سورة يس

36. സൂറതു യാസീൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 83 - വിഭാഗം (റുകൂഉ്) 5

عن معقل بن يسار رضى: ان رسول الله صلى اللّٰه عليه وسلم قال: يس قلب القرآن ـ وعد ذلك احد اسمائها ـ رواه احمد وابو داود والنسائى وابن ماجه وغيرهم

മഅ്ക്വലുബ്നുയസാർ (റ) പറയുകയാണ്: 'യാസീൻ' ക്വുർആന്റെ ഹൃദയമാണ്.' എന്ന് റസൂൽﷺ പറഞ്ഞിരിക്കുന്നു. അത് അതിന്റെ ഒരു പേരായി തിരുമേനി എണ്ണുകയും ചെയ്തിട്ടുണ്ട്. (അ; ദാ; ജ; ന.)

ക്വിയാമത്ത്നാളിനെയും, അതിലുണ്ടാകുന്ന സംഭവവികാസങ്ങളെയും കുറിച്ച് ഈ അദ്ധ്യായത്തിൽ കൂടുതൽ വിവരിച്ചിട്ടുള്ളതുകൊണ്ടാണ് ഇതിന്ന് 'ക്വുർആന്റെ ഹൃദയം' (قلب القرآن) എന്ന് പറഞ്ഞതെന്ന് ഇമാം ഗസ്സാലി (റ) പ്രസ്താവിച്ചിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

يسٓ ﴿١﴾

﴾1﴿ 'യാ- സീൻ'

وَٱلۡقُرۡءَانِ ٱلۡحَكِيمِ ﴿٢﴾

﴾2﴿ വിജ്ഞാനപൂർണമായ ക്വുർആൻ തന്നെയാണ (സത്യം)!-

إِنَّكَ لَمِنَ ٱلۡمُرۡسَلِينَ ﴿٣﴾

﴾3﴿ നിശ്ചയമായും നീ 'മുർസലു' കളിൽ [ദൈവദൂതൻമാരിൽ]പെട്ടവൻ തന്നെ.

عَلَىٰ صِرَٰطٖ مُّسۡتَقِيمٖ ﴿٤﴾

﴾4﴿ (നേരെ) ചൊവ്വായ ഒരു പാതയിലാകുന്നു (നീ).

تَنزِيلَ ٱلۡعَزِيزِ ٱلرَّحِيمِ ﴿٥﴾

﴾5﴿ കരുണാനിധിയായ പ്രതാപ

ശാലി അവതരിപ്പിച്ചത്!-

لِتُنذِرَ قَوْمًا مَّآ أُنذِرَ ءَابَآؤُهُمْ فَهُمْ غَٰفِلُونَ ﴿٦﴾

﴾6﴿ ഒരു ജനതയെ നീ താക്കീത് ചെയ്യാൻ വേണ്ടി(യാണത്); അവരുടെ പിതാക്കൾക്ക് താക്കീത് നൽകപ്പെടുകയുണ്ടായിട്ടില്ല;അതിനാൽ അവർ അശ്രദ്ധരാകുന്നു.

﴾1﴿ يس 'യാ-സീൻ' ﴾2﴿ وَالْقُرْآنِ ഖുർആൻ തന്നെയാണ الْحَكِيمِ വിജ്ഞാനപ്രദ
മായ, തത്വപൂർണമായ, ബലവത്തായ ﴾3﴿ إِنَّكَ നിശ്ചയമായും നീ لَمِنَ الْمُرْسَلِينَ മുർസ
ലുകളിൽ പെട്ടവൻ തന്നെ ﴾4﴿ عَلَىٰ صِرَاطٍ ഒരു പാതയിലാകുന്നു, മാർഗത്തിലാകുന്നു
مُّسْتَقِيمٍ ചൊവ്വായ, നേരായ ﴾5﴿ تَنزِيلَ الْعَزِيزِ പ്രതാപശാലി അവതരിപ്പിച്ചത് الرَّحِيمِ കരു
ണാനിധിയായ ﴾6﴿ لِتُنذِرَ നീ താക്കീത് ചെയ്യാൻ قَوْمًا ഒരു ജനതയെ مَّا أُنذِرَ താക്കീത്
നൽകപ്പെട്ടിട്ടില്ലാത്ത آبَاؤُهُمْ അവരുടെ പിതാക്കൾ فَهُمْ അതിനാൽ അവർ غَافِلُونَ അശ്ര
ദ്ധരാണ്.

'യാസീൻ' പോലെ ചില സൂറത്തുകളുടെ ആരംഭത്തിൽ കാണുന്ന കേവലാക്ഷരങ്ങളെക്കുറിച്ച് നാം ഒന്നിലധികം സ്ഥലത്ത് സംസാരിച്ചിട്ടുണ്ട്. അവയെക്കുറിച്ച് പല മഹാൻമാരും പലതും പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അവകൊണ്ട് യഥാർത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടത് എന്താണെന്ന് നമുക്ക് തിട്ടമായി അറിഞ്ഞുകൂടാ എന്നാണതിന്റെ ചുരുക്കം. 'യാസീൻ' എന്നാൽ 'ഹേ, മനുഷ്യാ' (يَا اِنْسَان) എന്നാണർത്ഥമെന്ന് ഇബ്നു അബ്ബാസ് (റ) ഇക്‌രിമഃ (റ), ഹസൻ (റ), സുഫ്‌യാൻ (റ) മുതലായവരിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഏതായാലും, അത് ഈ അദ്ധ്യായത്തിന്റെ പേരാണെന്ന് നാം മേലുദ്ധരിച്ച ഹദീഥിൽ കണ്ടുവല്ലോ.

നബിﷺ അല്ലാഹുവിന്റെ റസൂലാണെന്നും, അവിടുന്ന് സ്വീകരിച്ചിട്ടുള്ള മാർഗം യാതൊരു വക്രതയുമില്ലാത്ത നേരായ മാർഗമാണെന്നും, അത് അല്ലാഹു അവതരിപ്പിച്ചത് തന്നെയാണെന്നും ഖുർആൻ മുഖേന സത്യം ചെയ്തുകൊണ്ടാണ് അല്ലാഹു ഈ സൂറത്ത് ആരംഭിക്കുന്നത്.

പിതാക്കൾക്ക് താക്കീത് നൽകപ്പെട്ടിട്ടില്ലാത്ത ജനത എന്ന് പറഞ്ഞത് വേദക്കാരല്ലാത്ത അറബികളെക്കുറിച്ചാകുന്നു. നബിﷺക്ക് മുമ്പ് അടുത്ത കാലത്തൊന്നും അവരിൽ ദൈവദൂതൻമാർ നിയോഗിക്കപ്പെടുകയുണ്ടായിട്ടില്ല. അതുകൊണ്ട് വേദഗ്രന്ഥത്തെക്കുറിച്ചോ, ദൈവികമതത്തെക്കുറിച്ചോ അറിയാത്തവരാണവർ. സൂ: സബഉ് 28 ലും മറ്റ് പലേടത്തും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതുപോലെ, നബിﷺ മനുഷ്യലോകത്തിന് ആകമാനമുള്ള റസൂൽ തന്നെ. എങ്കിലും, അവിടുന്ന് ജനിച്ചുവളർന്നതും, ഇപ്പോൾ -ഈ സൂറത്തും മറ്റ് മക്കീസൂറത്തുകളും അവതരിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ -ജീവിച്ചുവരുന്നതും അവർക്കിടയിലാണ്. തൽസമയം പ്രബോധന കൃത്യം നടന്നുകൊണ്ടിരിക്കുന്നതും അവരിൽ തന്നെ. അതുകൊണ്ടാണ് ഇവിടെയും, മക്കീസൂറത്തുകളിൽപെട്ട മറ്റുചില ആയത്തുകളിലും അറബികളെ- വിശേഷിച്ചും ഖുറൈശികളെ- താക്കീത് ചെയ്യുന്നതിനെപ്പറ്റി പ്രത്യേകം എടുത്ത് പറഞ്ഞുകാണുന്നത്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

لَقَدْ حَقَّ ٱلْقَوْلُ عَلَىٰٓ أَكْثَرِهِمْ فَهُمْ لَا يُؤْمِنُونَ ﴿٧﴾

﴿7﴾ തീർച്ചയായും അവരിൽ അധികമാളുകളുടെമേലും വാക്ക് സ്ഥിരപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. എനി അവർ വിശ്വസിക്കുകയില്ല.

﴿7﴾ لَقَدْحَقَّ സ്ഥിരപ്പെട്ടിട്ടുണ്ട്, യഥാർത്ഥമായിരിക്കുന്നു الْقَوْلُ വാക്ക്, വചനം عَلَىٰٓ أَكْثَرِهِمْ അവരിലധികമാളുകളുടെ മേൽ فَهُمْ അതിനാലവർ لَا يُؤْمِنُونَ വിശ്വസിക്കുന്നതല്ല

'വാക്ക്' സ്ഥിരപ്പെട്ടു' (حَقَّ الْقَوْلُ) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, മേലിൽ ഹൃദയപരിവർത്തനം വന്ന് നന്നായിത്തീരുവാൻ മാർഗമില്ലാത്തവിധം അവരുടെ ഹൃദയങ്ങൾ ദുഷിച്ചുപോയിട്ടുണ്ടെന്നും, അതിനാൽ ശിക്ഷയെ സംബന്ധിച്ച താക്കീത് അവരിൽ ബാധകമായിക്കഴിഞ്ഞിട്ടുണ്ടെന്നും ആകുന്നു. സൂ: സജദഃ 13 ഉം, അതിന്റെ വ്യാഖ്യാനവും നോക്കുക. അവർ എത്രമാത്രം ദുഷിച്ചുപോയെന്ന് അടുത്ത വചനങ്ങളിൽ അല്ലാഹു വിവരിക്കുന്നു:-

إِنَّا جَعَلْنَا فِىٓ أَعْنَـٰقِهِمْ أَغْلَـٰلًا فَهِىَ إِلَى ٱلْأَذْقَانِ فَهُم مُّقْمَحُونَ ﴿٨﴾

﴿8﴾ നിശ്ചയമായും, നാം അവരുടെ കഴുത്തുകളിൽ ചില ആമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എന്നിട്ടവ താടിയെല്ലുകൾ വരേക്കുമുണ്ട്; അതിനാൽ അവർ തലപൊക്കപ്പെട്ടവരാകുന്നു.

وَجَعَلْنَا مِنۢ بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا فَأَغْشَيْنَـٰهُمْ فَهُمْ لَا يُبْصِرُونَ ﴿٩﴾

﴿9﴾ അവരുടെ മുമ്പിൽകൂടി ഒരു (തരം) തടവും, അവരുടെ പിമ്പിൽകൂടി ഒരു (തരം) തടവും നാം ഏർപ്പെടുത്തിയിരിക്കുന്നു. അങ്ങനെ, നാമവരെ മൂടിയിരിക്കുകയാണ്. അതിനാൽ അവർ കണ്ടറിയുകയില്ല.

﴿8﴾ إِنَّاجَعَلْنَا നിശ്ചയമായും നാം ആക്കി (ഏർപ്പെടുത്തി)യിരിക്കുന്നു فِيٓ أَعْنَاقِهِمْ അവരുടെ കഴുത്തുകളിൽ أَغْلَالًا ചില ആമങ്ങളെ, കുടുക്കുകളെ فَهِيَ എന്നിട്ടവ إِلَى الْأَذْقَانِ താടിയെല്ലുകൾവരെയുണ്ട് فَهُمْ അതിനാലവർ مُقْمَحُونَ തല പൊക്കപ്പെട്ടവരാണ് ﴿9﴾ وَجَعَلْنَا നാം ആക്കുകയും ചെയ്തു مِنۢ بَيْنِ أَيْدِيهِمْ അവരുടെ മുമ്പിൽകൂടി سَدًّا ഒരു തടവ്, അണ, മറ وَمِنْ خَلْفِهِمْ അവരുടെ പിമ്പിൽകൂടിയും سَدًّا ഒരു തടവ് فَأَغْشَيْنَاهُمْ അങ്ങനെ നാമവരെ മൂടി فَهُمْ അതിനാലവർ لَا يُبْصِرُونَ കണ്ടറിയുന്നതല്ല

കൈകൾ കഴുത്തിലേക്ക് കൂട്ടിബന്ധിക്കുന്ന ഒരുതരം ആമങ്ങൾ- അഥവാ വിലങ്ങുകൾക്കാണ് أَغْلَال എന്ന് പറയുന്നത്. കൈകൾ താടിയെല്ലിന് താഴെ കൂട്ടി

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ച്ചേർത്തുവെച്ചായിരിക്കും ഈ ആമങ്ങൾ കഴുത്തിൽ കുടുക്കുന്നത്. അതുകൊണ്ട് ആമം വെക്കപ്പെട്ടവന് തലതാഴ്ത്തുവാനോ, യഥേഷ്ടം നോക്കിക്കാണുവാനോ സാധിക്കാത്തവണ്ണം തലപൊക്കിപ്പിടിക്കുവാൻ അവൻ നിർബന്ധിതനായിരിക്കും. 'തടവ്, മറ, മലന്തിട്ട, അണക്കെട്ട്' എന്നൊക്കെ അർത്ഥം വരുന്ന വാക്കാണ് سَدّ.

മുശ്‌രിക്കുകളുടെ ഹൃദയങ്ങൾ എത്രമാത്രം കടുത്തു കഠിനമായിപ്പോയിരിക്കുന്നുവെന്ന് കാണിക്കുന്ന രണ്ട് ഉപമകളാണ് ഈ വചനങ്ങളിലുള്ളത്. മേൽപറഞ്ഞ തരത്തിലുള്ള ആമങ്ങളാൽ ബന്ധിക്കപ്പെടുകയും, അതോടുകൂടി മുമ്പിലും പിമ്പിലുമെല്ലാം വമ്പിച്ച മറകളാൽ വലയം ചെയ്യപ്പെടുകയും ചെയ്തതുപോലെയാണ് ഇവരുടെ സ്ഥിതി. ഇവർക്ക് വെളിയിൽ നടക്കുന്ന സംഭവങ്ങളൊന്നും നോക്കിക്കാണുവാൻ നിവൃത്തിയില്ല. സത്യം കണ്ടറിഞ്ഞേക്കുമെന്നോ അതിനെക്കുറിച്ച് ചിന്തിച്ചേക്കുമെന്നോ എനി അവരെപ്പറ്റി പ്രതീക്ഷിക്കുവാൻപോലും മാർഗമില്ല എന്ന് സാരം. അടുത്ത വചനം നോക്കുക:

وَسَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ﴿١٠﴾

﴾10﴿ നീ അവരെ താക്കീത് ചെയ്തുവോ, അല്ലെങ്കിൽ താക്കീത് ചെയ്തില്ലയോ അവരിൽ (രണ്ടും) സമമാകുന്നു: അവർ വിശ്വസിക്കുകയില്ല.

﴾10﴿ وَسَوَاءٌ സമമാണ് عَلَيْهِمْ അവരിൽ أَأَنذَرْتَهُمْ നീ അവരെ താക്കീതുചെയ്തുവോ أَمْ لَمْ تُنذِرْهُمْ അഥവാ അവരെ താക്കീത് ചെയ്തില്ലയോ لَا يُؤْمِنُونَ അവർ വിശ്വസിക്കയില്ല

അതുകൊണ്ട് അവരെ താക്കീതുചെയ്യാൻ മിനക്കെടേണ്ടതില്ലെന്ന് താൽപര്യം. താക്കീത് ചെയ്യേണ്ടത് ആരെയാണ് എന്ന് അടുത്ത വചനത്തിൽ പ്രസ്താവിക്കുന്നു:-

إِنَّمَا تُنذِرُ مَنِ ٱتَّبَعَ ٱلذِّكۡرَ وَخَشِيَ ٱلرَّحۡمَٰنَ بِٱلۡغَيۡبِۖ فَبَشِّرۡهُ بِمَغۡفِرَةٖ وَأَجۡرٖ كَرِيمٍ ﴿١١﴾

﴾11﴿ പ്രബോധനത്തെ (അഥവാ പ്രമാണത്തെ) പിൻതുടരുകയും, അദൃശ്യമായ നിലയിൽ പരമകാരുണികനായുള്ളവനെ ഭയപ്പെടുകയും ചെയ്യുന്നതാരോ അവനെ മാത്രമേ നീ താക്കീത് ചെയ്യേണ്ടതുള്ളൂ. എന്നാലവന് പാപമോചനത്തെയും, മാന്യമായ പ്രതിഫലത്തെയും കുറിച്ച് നീ സന്തോഷവാർത്ത അറിയിച്ചുകൊള്ളുക.

﴾11﴿ إِنَّمَا تُنذِرُ നീ താക്കീത് ചെയ്യേണ്ടതുള്ളൂ مَنِ اتَّبَعَ പിൻതുടർന്നവനെ (മാത്രം) الذِّكْرَ പ്രമാണത്തെ, സ്മരണയെ, ഉപദേശം وَخَشِيَ الرَّحْمَٰنَ പരമകാരുണികനെ ഭയപ്പെടുകയും ചെയ്ത بِالْغَيْبِ അദൃശ്യത്തിൽ, കാണാതെ فَبَشِّرْهُ എന്നാലവന് നീ സന്തോഷമറിയിക്കുക بِمَغْفِرَةٍ പാപമോചനം കൊണ്ട് وَأَجْرٍ كَرِيمٍ മാന്യമായ പ്രതിഫലവും (കൊണ്ട്)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അല്ലാഹുവിനെ നേരിൽ കാണാതെത്തന്നെ- ദൃഷ്ടാന്തങ്ങൾ വഴി- അവനിൽ വിശ്വസിക്കുകയും അവനെ ഭയപ്പെടുകയും ചെയ്യാത്തവരെയും, പ്രമാണങ്ങളും സദുപദേശങ്ങളും ചെവികൊള്ളാത്തവരെയും താക്കീതുചെയ്തിട്ടും ഫലമുണ്ടാകുന്നതല്ലല്ലോ.

إِنَّا نَحْنُ نُحْيِ ٱلْمَوْتَىٰ وَنَكْتُبُ مَا قَدَّمُوا۟ وَءَاثَـٰرَهُمْ ۚ وَكُلَّ شَىْءٍ أَحْصَيْنَـٰهُ فِىٓ إِمَامٍ مُّبِينٍ ﴿١٢﴾

﴾12﴿ നിശ്ചയമായും, നാം മരണപ്പെട്ടവരെ ജീവിപ്പിക്കുന്നു; അവർ മുൻചെയ്തുവച്ചിട്ടുള്ളതും, അവരുടെ അവശിഷ്ടങ്ങളും -പ്രവർത്തനഫലങ്ങളും- നാം എഴുതി രേഖപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ കാര്യവും തന്നെ, ഒരു സ്പഷ്ടമായ മൂലരേഖയിൽ നാം കണക്കാക്കി (സൂക്ഷിച്ചു) വെക്കുകയും ചെയ്തിരിക്കുന്നു.

﴾12﴿ إِنَّا നിശ്ചയമായും നാം نَحْنُ നാം തന്നെ نُحْيِي الْمَوْتَى മരണപ്പെട്ടവരെ നാം ജീവിപ്പിക്കുന്നു وَنَكْتُبُ നാം എഴുതുക (രേഖപ്പെടുത്തുക)യും ചെയ്യുന്നു مَاقَدَّمُوا അവർ മുൻ ചെയ്തതിനെ وَآثَارَهُمْ അവരുടെ അവശിഷ്ട (പ്രവർത്തനഫല)ങ്ങളെയും وَكُلَّ شَيْءٍ എല്ലാ കാര്യവും أَحْصَيْنَاهُ നാമതിനെ കണക്കാക്കി (ക്ളിപ്തമാക്കി) വെച്ചിരിക്കുന്നു فِي إِمَامٍ ഒരു മൂലരേഖയിൽ, കേന്ദ്രഗ്രന്ഥത്തിൽ مُبِينٍ സ്പഷ്ടമായ, വ്യക്തമായ

മരണത്തിനുമുമ്പ് ഓരോരുത്തനും ചെയ്ത എല്ലാ കർമങ്ങളും- അവ നല്ലതോ ചീത്തയോ ആയിക്കൊള്ളട്ടെ- 'അവർ മുൻ ചെയ്തുവെച്ചത്' (مَاقَدَّمُوا) എന്ന വാക്കിൽ ഉൾപ്പെടുന്നു. പ്രസ്തുത കർമങ്ങളുടെ ഫലമായി അവശേഷിക്കുന്ന എല്ലാ നന്മകളും, തിന്മകളും 'അവരുടെ അവശിഷ്ടങ്ങൾ അഥവാ പ്രവർത്തന ഫലങ്ങൾ' (آثَارَهُمْ) എന്ന് പറഞ്ഞതിലും ഉൾപ്പെടുന്നു. മനുഷ്യൻ മരണപ്പെടുന്നതിനുമുമ്പ് ചെയ്തുകഴിഞ്ഞ പ്രവൃത്തികൾ മാത്രമല്ല, അവന്റെ മരണശേഷം അവന് പുണ്യം ലഭിക്കുവാൻ ഉതകുന്ന എല്ലാ സൽപ്രവർത്തനഫലങ്ങളും, നേരെമറിച്ച് അവന് ദോഷം ബാധിക്കുവാൻ കാരണമായിത്തീരുന്ന എല്ലാ ദുഷ്പ്രവർത്തനഫലങ്ങളും- ഒന്നൊഴിയാതെ- അല്ലാഹു രേഖപ്പെടുത്തിവെക്കുന്നു. ഈ രേഖയെക്കുറിച്ചാണ് صَحِيفَةُ الأَعْمَال (കർമങ്ങളുടെ ഏട്) എന്ന് പറയപ്പെടുന്നത്. ഇതിന്പുറമെ, മനുഷ്യകർമങ്ങളടക്കമുള്ള എല്ലാ കാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു മൂലരേഖയും അല്ലാഹുവിങ്കലുണ്ട്. അതത്രെ إِمَامٍ مُبِينٍ(സ്പഷ്ടമായ മൂലരേഖ). സൂ: ക്വമറിൽ അല്ലാഹു പറയുന്നു:- وَكُلُّ شَيْءٍ فَعَلُوهُ فِي الزُّبُرِ وَكُلُّ صَغِيرٍ وَكَبِيرٍ مُسْتَطَرٌ :القمر (അവർ ചെയ്യുന്ന എല്ലാ കാര്യവും ഏടുകളിലുണ്ട്. എല്ലാ ചെറിയ കാര്യവും, വലിയ കാര്യവും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്.)

നബിﷺ പറഞ്ഞതായി അബ്ദുല്ലാഹിൽ ബജലി (റ) ഉദ്ധരിക്കുന്നു: 'ഒരാൾ ഒരു നല്ല നടപടിക്രമം നടപ്പിലാക്കിയാൽ, അവന് അതിന്റെ പ്രതിഫലവും, അവനുശേഷം അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ പ്രതിഫലവും- അവരുടെ പ്രതിഫലങ്ങളിൽ ഒട്ടും കുറവുവരാതെത്തന്നെ- ഉണ്ടായിരിക്കും. ഒരാൾ ഒരു ദുഷിച്ച നടപടി നടപ്പാക്കിയാൽ,

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അവന് അതിന്റെ കുറ്റവും, അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ കുറ്റവും- അവരുടെ കുറ്റങ്ങളിൽ ഒട്ടും കുറവ് വരാതെതന്നെ- ഉണ്ടായിരിക്കുന്നതുമാണ്.' പിന്നീട് നബിﷺ وَنَكْتُبُ مَاقَدَّمُوا وَآثَارَهُمْ എന്ന് (ഈ ആയത്ത്) ഓതുകയും ചെയ്തു.'(اخرجه ابن ابي حاتم)

വിഭാഗം - 2

وَٱضْرِبْ لَهُم مَّثَلًا أَصْحَـٰبَ ٱلْقَرْيَةِ إِذْ جَآءَهَا ٱلْمُرْسَلُونَ ﴿١٣﴾

《13》 (നബിയേ) നീ അവർക്ക് (ആ) രാജ്യക്കാരെ ഒരു ഉപമയായി വിവരിച്ചുകൊടുക്കുക: അതായത്, അവിടെ 'മുർസലുകൾ' (ദൂതൻമാരായി അയക്കപ്പെട്ടവർ) ചെന്ന സന്ദർഭം.

إِذْ أَرْسَلْنَآ إِلَيْهِمُ ٱثْنَيْنِ فَكَذَّبُوهُمَا فَعَزَّزْنَا بِثَالِثٍ فَقَالُوٓا۟ إِنَّآ إِلَيْكُم مُّرْسَلُونَ ﴿١٤﴾

《14》 അവരുടെ അടുക്കലേക്ക് നാം രണ്ടാളെ അയച്ചപ്പോൾ, അവർ അവരെ വ്യാജമാക്കി. അപ്പോൾ മൂന്നാമതൊരാളെക്കൊണ്ട് നാം (അവർക്ക്) പ്രാബല്യം നൽകി. എന്നിട്ട് അവർ (ദൂതൻമാർ) പറഞ്ഞു; 'ഞങ്ങൾ നിങ്ങളിലേക്ക് (അയക്കപ്പെട്ട) ദൂതൻമാരാണ്.'

قَالُوا۟ مَآ أَنتُمْ إِلَّا بَشَرٌ مِّثْلُنَا وَمَآ أَنزَلَ ٱلرَّحْمَـٰنُ مِن شَىْءٍ إِنْ أَنتُمْ إِلَّا تَكْذِبُونَ ﴿١٥﴾

《15》 അവർ [രാജ്യക്കാർ] പറഞ്ഞു: 'നിങ്ങൾ ഞങ്ങളെപ്പോലെയുള്ള മനുഷ്യരല്ലാതെ (മറ്റാരും) അല്ല; പരമകാരുണികനായുള്ളവൻ യാതൊന്നുംതന്നെ ഇറക്കിയിട്ടുമില്ല, നിങ്ങൾ വ്യാജം പറയുകയല്ലാതെ ചെയ്യുന്നില്ല.'

قَالُوا۟ رَبُّنَا يَعْلَمُ إِنَّآ إِلَيْكُمْ لَمُرْسَلُونَ ﴿١٦﴾

《16》 അവർ [ദൂതൻമാർ] പറഞ്ഞു: 'ഞങ്ങളുടെ രക്ഷിതാവിന്നറിയാം, നിശ്ചയമായും ഞങ്ങൾ നിങ്ങളിലേക്ക് അയക്കപ്പെട്ടവർതന്നെയാണെന്ന്.

وَمَا عَلَيْنَآ إِلَّا ٱلْبَلَـٰغُ ٱلْمُبِينُ ﴿١٧﴾

《17》 'സ്പഷ്ടമായ സന്ദേശം (എത്തിക്കൽ) അല്ലാതെ, ഞങ്ങളുടെ മേൽ (ബാധ്യത) ഇല്ലതാനും.'

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

أَصْحَابَ الْقَرْيَةِ ﴿13﴾ وَاضْرِبْ لَهُم നീ അവർക്ക് വിവരിച്ചുകൊടുക്കുക مَثَلًا ഒരു ഉപമ
(ആ) രാജ്യക്കാരെ إِذْ جَاءَهَا അവിടെ ചെന്ന സന്ദർഭം الْمُرْسَلُونَ ദൂതൻമാർ, മുർസലു
കൾ ﴿14﴾ إِذْ أَرْسَلْنَا നാം അയച്ചപ്പോൾ إِلَيْهِمُ അവരിലേക്ക് اثْنَيْنِ രണ്ടാളെ فَكَذَّبُوهُمَا
എന്നിട്ടവർ അവരെ രണ്ടു പേരേയും വ്യാജമാക്കി فَعَزَّزْنَا അപ്പോൾ നാം പ്രബല(ശ
ക്തി)പ്പെടുത്തി بِثَالِثٍ ഒരു മൂന്നാമനെക്കൊണ്ട് فَقَالُوا എന്നിട്ടവർ പറഞ്ഞു إِنَّا നിശ്ചയ
മായും ഞങ്ങൾ إِلَيْكُم നിങ്ങളിലേക്ക് مُرْسَلُونَ അയക്കപ്പെട്ടവരാണ് (ദൂതൻമാരാണ്)
﴿15﴾ قَالُوا അവർ പറഞ്ഞു مَا أَنتُمْ നിങ്ങളല്ല إِلَّا بَشَرٌ മനുഷ്യരല്ലാതെ مِّثْلُنَا ഞങ്ങളെപ്പോ
ലുള്ള وَمَا أَنزَلَ ഇറക്കിയിട്ടുമില്ല الرَّحْمَٰنُ പരമകാരുണികൻ مِن شَيْءٍ യാതൊന്നും إِنْ أَنتُمْ
നിങ്ങളല്ല إِلَّا تَكْذِبُونَ നിങ്ങൾ കളവ് പറയുകയല്ലാതെ ﴿16﴾ قَالُوا അവർ പറഞ്ഞു
رَبُّنَا يَعْلَمُ ഞങ്ങളുടെ റബ്ബ് അറിയും, റബ്ബിന്നറിയാം إِنَّا നിശ്ചയമായും ഞങ്ങൾ إِلَيْكُمْ
നിങ്ങളിലേക്ക് لَمُرْسَلُونَ അയക്കപ്പെട്ടവർതന്നെ എന്ന് ﴿17﴾ وَمَا عَلَيْنَا ഞങ്ങളുടെമേൽ
(ബാധ്യത) ഇല്ലതാനും إِلَّا الْبَلَاغُ സന്ദേശം (പ്രബോധനം, എത്തിക്കൽ) അല്ലാതെ الْمُبِينُ
സ്പഷ്ടമായ, വ്യക്തമായ

അറബിമുശ്‌രിക്കുകളെപ്പോലെ, തൗഹീദിൽ വിശ്വസിക്കാത്തവരും, തൗഹീദിലേക്ക് ക്ഷണിക്കുവാൻ നിയോഗിക്കപ്പെട്ടവരെ ധിക്കരിച്ചവരുമായ ഒരു രാജ്യക്കാരുടെ കഥയാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. ഈ രാജ്യക്കാർ (أَصْحَابَ الْقَرْيَةِ) ഏതായിരുന്നുവെന്ന് തിട്ടപ്പെടുത്തിപ്പറയുവാൻ സാധ്യമല്ല. ഇവർ അന്താക്കിയ *(*)* നിവാസികളായിരുന്നുവെന്നും, ഈസാ നബി (അ) മതപ്രബോധനാർത്ഥം അവരിലേക്കയച്ച ദൂതൻമാരെ *(**)*ക്കുറിച്ചാണ് ഇവിടെ ദൂതൻമാർ (الْمُرْسَلُون) എന്ന് പറഞ്ഞിട്ടുള്ളതെന്നുമാണ് ഖുർആൻ വ്യാഖ്യാതാക്കളിൽ മിക്കവരും പറയുന്നത്. അന്താക്കിയായിലേക്ക് ഈസാ നബി (അ)യുടെ ദൂതൻമാർ അയക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഈ ആയത്തുകളിൽ പ്രസ്താവിക്കപ്പെട്ട സംഭവം മറ്റൊന്നാണെന്നത്രെ മറ്റുചിലരുടെ അഭിപ്രായം. ഇബ്നു കഥീർ (റ) പ്രസ്താവിക്കുന്നതുപോലെ ഖുർആന്റെ വാക്കുകൾ പരിശോധിച്ചാൽ ഈ രണ്ടാമത്തെ അഭിപ്രായത്തിനാണ് പ്രാബല്യം കാണുന്നത്.

(*) സിരിയായുടെ (ശാമിന്റെ) ഉത്തരപ്രദേശത്ത് അലക്സാന്തരിയാറ്റ (اسكندرونة) ഉൾക്കടലിന്റെ അല്പം തെക്കും, മധ്യധരണ്യാഴിയിൽ നിന്ന് അൽപം കിഴക്കുമായി സ്ഥിതിചെയ്യുന്ന ഒരു പൗരാണിക പട്ടണമാണ് അന്താക്കിയ (انْطَاكِية -Antioche - അന്തോക്യ). 1 -ാം പടം നോക്കുക. ക്രിസ്ത്യാനികൾക്കിടയിൽ ചരിത്രപ്രാധാന്യമുള്ള ഒരു പട്ടണമാണിത്. ക്രിസ്ത്വബ്ദം 638 ൽ മുസ്‌ലിംകൾ അവിടെ പ്രവേശിച്ചു. 1098 ൽ കുരിശുയുദ്ധത്തിൽ വെച്ച് ക്രിസ്ത്യാനികൾ അത് അധീനപ്പെടുത്തുകയും ഫ്രഞ്ചുകാർ അതൊരു തലസ്ഥാന നഗരിയാക്കിവെക്കുകയും ചെയ്തു. ഇപ്പോൾ ഈ രാജ്യത്തിന്റെ കീർത്തി നഷ്ടപ്പെട്ടിരിക്കുന്നു. ജനസംഖ്യ ഒരുകാലത്ത് അഞ്ച് ലക്ഷം വന്നിരുന്നുവെന്ന് കാണുന്നു.

(**) ഈസാ നബി (അ)യുടെ ശിഷ്യഗണങ്ങളും സഹായികളുമായ അപ്പോസ്തലൻമാരെ (الحواريون- ശ്ലീഹാമാർ- Apostles) ഉദ്ദേശിച്ചാണ് ആയത്തിൽ 'മുർസലുകൾ' എന്ന് പറഞ്ഞിരിക്കുന്നതെന്നാണ് ഈ വിഭാഗക്കാർ അഭിപ്രായപ്പെടുന്നത്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ഭൂരിപക്ഷം മുഫസ്സിറുകളുടെയും അഭിപ്രായം ഉദ്ധരിച്ചശേഷം ഇബ്നു കഥീർ (റ) പ്രസ്താവിക്കുന്നതിന്റെ ചുരുക്കം ഇതാണ്:- ഇതിൽ പലനിലക്കും ആലോചിക്കേണ്ട തായുണ്ട്.

(1) ക്വുർആന്റെ പ്രസ്താവനകൾ പ്രത്യക്ഷത്തിൽ കാണിച്ചുതരുന്നത് പ്രസ്തുത ദൂതൻമാർ അല്ലാഹുവിന്റെ ദൂതൻമാർ (റസൂലുകൾ) തന്നെയായിരുന്നുവെന്നാണ്. ഈസാ നബിയുടെ ദൂതൻമാരാണെന്ന് കാണിക്കുന്ന യാതൊന്നും അതിലില്ല. 'നിങ്ങൾ ഞങ്ങ ളെപ്പോലെയുള്ള മനുഷ്യരല്ലാതെ മറ്റൊന്നുമല്ല' (إِنْ أَنتُمْ إِلَّا بَشَرٌ مِّثْلُنَا) എന്നുള്ള വാക്യവും ഇതാണ് കാണിക്കുന്നത്.

(2) ക്രിസ്ത്യാനികൾക്കിടയിൽ ഏറ്റവും പ്രധാനപ്പെട്ട പട്ടണങ്ങളായിരുന്നു അൽകുദ്സ്, അന്താക്കിയ, അലക്സാന്തരിയ, റൂമിയ എന്നിവ. ഓരോന്നിന്റെയും പ്രാധാന്യം ഓരോ നിലക്കായിരുന്നു. ഒരു രാജ്യക്കാർ മുഴുവനുംകൂടി ഈസാ നബി (അ)യിൽ വിശ്വസിച്ച ഒന്നാമത്തെ രാജ്യമെന്ന നിലക്കായിരുന്നു അന്താക്കിയക്കുള്ള സ്ഥാനം. ആയത്തിൽ പ്രസ്താവിച്ച രാജ്യക്കാരാവട്ടെ, ദൂതൻമാരെ നിഷേധിക്കുകയും, (താഴെ കാണുന്നപ്രകാരം) അല്ലാഹുവിൽനിന്ന് പൊതുശിക്ഷക്ക് വിധേയരാകുകയുമാണ് ഉണ്ടായത്.

(3) തൗറാത്ത് അവതരിച്ചതിനുശേഷം ഒരു ജനത ആകമാനം പൊതുശിക്ഷയാൽ നശിപ്പിക്കപ്പെടുകയുണ്ടായിട്ടില്ലെന്നും, അതിന്നുശേഷമാണ് ബഹുദൈവവിശ്വാസികളുമായി യുദ്ധം നടന്നിട്ടുള്ളതെന്നുമാണ് അബൂസഈദിൽ ഖുദ്‌രീ (റ)യും പല മുൻഗാമികളും പറയുന്നത്. അപ്പോൾ, ക്വുർആനിൽ പറഞ്ഞ ഈ രാജ്യം -മുൻഗാമികളായ പലരും പറഞ്ഞതുപോലെ- അന്താക്കിയ ആയിരിക്കയില്ല. അല്ലെങ്കിൽ അതേ പേരിലുള്ള വേറെ ഒരു രാജ്യമായിരിക്കാം. *(*)* കാരണം, ക്രിസ്തീയ കാലത്താകട്ടെ, അതിനുമുമ്പാകട്ടെ ഒരു രാജ്യം നശിപ്പിക്കപ്പെട്ടതായി അറിയപ്പെടുന്നില്ല. അല്ലാഹു വിനറിയാം. (راجع ابن كثير)

ആദ്യം അല്ലാഹു ആ രാജ്യക്കാരിലേക്ക് രണ്ടുപേരെ ദൂതൻമാരായി അയച്ചു. അവർ അവരെ വ്യാജമാക്കി നിഷേധിച്ചപ്പോൾ മൂന്നാമത് ഒരാളെയും *(**)* നിയോഗിച്ചുകൊണ്ട് പ്രബോധനം ശക്തിപ്പെടുത്തി. പക്ഷേ, ജനങ്ങൾ നിഷേധത്തിൽ തന്നെ ഉറച്ചുനിന്നു. അവർക്കിടയിൽ നടന്ന സംഭാഷണങ്ങളുടെ ചുരുക്കം മാത്രമാണ് അല്ലാഹു ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. സത്യനിഷേധികളുടെ സാധാരണ പതിവുപോലെ, ഒടുക്കം ഈ രാജ്യക്കാരും ഭീഷണി പുറപ്പെടുവിക്കുകയായി:-

---

***(*)* 'ക്രി. മു. 300 ൽ സുരിയാ മുതലായ പ്രദേശങ്ങളെ ഭരിച്ച ഒരു രാജാവ് പണി കഴിപ്പിച്ചതായി ഇതേ പേരുള്ള 16 പട്ടണങ്ങളിൽ രണ്ട് മാത്രം പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നു. 1. സുരിയയിലുള്ള അന്തോക്യാ... 2. പിസിദ്യാ ദേശത്തിലെ അന്തോക്യാ...' (വേ. പു. നിഘണ്ടു.)**

***(**)* ഈ ദൂതൻമാർ ഈസാ നബി (അ)യുടെ അപ്പോസ്തലൻമാരായിരുന്നുവെന്ന അഭിപ്രായക്കാരിൽ ചിലർ, ആദ്യത്തെ രണ്ട് ദൂതൻമാർ യോഹന്നാനും, പൗലൂസും ആണെന്നും, മൂന്നാമത്തെ ദൂതൻ ശിമയോൻ ആണെന്നും പറയുന്നു. വേറെയും അഭിപ്രായമുണ്ട്.**

قَالُوٓاْ إِنَّا تَطَيَّرۡنَا بِكُمۡۖ

《18》 അവർ പറഞ്ഞു; 'നിങ്ങൾ നിമിത്തം ഞങ്ങൾ ശകുനപ്പിഴവിലായിരിക്കുന്നു;

لَئِن لَّمۡ تَنتَهُواْ لَنَرۡجُمَنَّكُمۡ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٞ ﴿١٨﴾

നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ, നിശ്ചയമായും ഞങ്ങൾ നിങ്ങളെ കല്ലേറ് നടത്തുകതന്നെ ചെയ്യുന്നതാണ്; ഞങ്ങളിൽനിന്ന് നിങ്ങൾക്ക് തീർച്ചയായും വേദനയേറിയ ശിക്ഷ ബാധിക്കുന്നതുമാണ്.'

قَالُواْ طَٰٓئِرُكُم مَّعَكُمۡۚ أَئِن ذُكِّرۡتُمۚ بَلۡ أَنتُمۡ قَوۡمٞ مُّسۡرِفُونَ ﴿١٩﴾

《19》 അവർ [ദൂതൻമാർ] പറഞ്ഞു: 'നിങ്ങളുടെ ശകുനപ്പിഴ നിങ്ങളൊന്നിച്ചുതന്നെയാണുള്ളത്. നിങ്ങൾക്ക് ഉപദേശം നൽകപ്പെട്ടതിനാലാണോ (ഇങ്ങനെ പറയുന്നത്)?! പക്ഷേ, നിങ്ങൾ അതിരുകവിഞ്ഞ ഒരു ജനതയാണ്.'

《18》 قَالُوا അവർ പറഞ്ഞു إِنَّا تَطَيَّرْنَا ഞങ്ങൾ ശകുനപ്പിഴവിൽ (ലക്ഷണക്കേടിൽ) ആയിരിക്കുന്നു بِكُمْ നിങ്ങൾ നിമിത്തം لَئِن لَّمْ تَنتَهُوا നിശ്ചയമായും നിങ്ങൾ വിരമിക്കുന്നില്ലെങ്കിൽ لَنَرْجُمَنَّكُمْ ഞങ്ങൾ നിങ്ങളെ കല്ലേറ് നടത്തുക (എറിഞ്ഞാട്ടുക) തന്നെ ചെയ്യും وَلَيَمَسَّنَّكُمْ നിങ്ങൾക്ക് തീർച്ചയായും ബാധിക്കുക (സ്പർശിക്കുക)യും ചെയ്യും مِّنَّا ഞങ്ങളിൽ നിന്ന് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ 《19》 قَالُوا അവർ പറഞ്ഞു طَائِرُكُمْ നിങ്ങളുടെ ദുശ്ശകുനം, ശകുനപ്പിഴ, ദുർലക്ഷണം مَّعَكُمْ നിങ്ങളുടെ ഒന്നിച്ചാണ് أَئِن ذُكِّرْتُم നിങ്ങൾക്ക് ഉപദേശം (പ്രബോധനം) നൽകപ്പെട്ടിട്ടാണോ بَلْ എങ്കിലും, പക്ഷേ أَنتُمْ നിങ്ങൾ قَوْمٌ ഒരു ജനതയാണ് مُّسْرِفُونَ അതിരുകവിഞ്ഞ

പ്രവാചകൻമാരുടെ പ്രബോധനത്തെ ധിക്കരിച്ച മുൻസമുദായങ്ങളിലും കാണാവുന്ന ഒന്നാണ് ഈ ദുശ്ശകുനവാദം. ഫിർഔന്റെ ആൾക്കാരെപ്പറ്റി അല്ലാഹു പറയുന്നു: فَإِذَا جَاءَتْهُمُ الْحَسَنَةُ قَالُوا لَنَا هَٰذِهِ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا بِمُوسَىٰ وَمَن مَّعَهُ أَلَا إِنَّمَا طَائِرُهُمْ عِندَ اللَّهِ - الاعراف (അവർക്ക് നന്മ വന്നാൽ അവർ പറയും: 'നമ്മുടേതാണ് ഇത്' എന്ന്. വല്ല തിന്മയും അവർക്ക് ബാധിക്കുന്നപക്ഷം, മൂസായും അദ്ദേഹത്തിന്റെ കൂടെയുള്ളവരും നിമിത്തം തങ്ങൾക്ക് ശകുനപ്പിഴ ബാധിച്ചതായി ഗണിക്കുകയും ചെയ്യും. അല്ലാ! (അറിയുക:) അവരുടെ ശകുനപ്പിഴ അല്ലാഹുവിങ്കലാണുള്ളത് (സൂ: അഅ്റാഫ്: 131) ഇതുപോലെ, സ്വാലിഹ് നബി (അ)യുടെ ജനത അദ്ദേഹത്തെയും, അദ്ദേഹത്തിൽ വിശ്വസിച്ചവരെയും ദുശ്ശകുനക്കാരാക്കിയത് സൂറത്തുന്നംല് 47 ലും പ്രസ്താവിച്ചിട്ടുണ്ട്.

ദൂതൻമാർ അവരോട് പറഞ്ഞ മറുപടിയുടെ സാരം ഇതാണ്: നിങ്ങൾക്ക് വല്ല ദുശ്ശകുനവും ഉണ്ടെങ്കിൽ അത് നിങ്ങളുടെ ദോഷംകൊണ്ടുതന്നെയാണ്. നിങ്ങളുടെ ദുർന്ന

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ടപ്പാണതിന് കാരണം. ഞങ്ങൾ നിങ്ങളെ തൗഹീദിലേക്കും സൻമാർഗത്തിലേക്കും ക്ഷണിക്കുകമാത്രമേ ചെയ്യുന്നുള്ളൂ. ഇതൊരിക്കലും ശകുനപ്പിഴക്ക് കാരണമല്ല. നിങ്ങൾ ഞങ്ങളുടെ ഉപദേശം സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല, ഞങ്ങളെ ധിക്കരിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. ഈ അതിരുകവിച്ചലാണ് നിങ്ങൾക്ക് ദുശ്ശകുനമായിത്തീരുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം.

وَجَآءَ مِنْ أَقْصَا ٱلْمَدِينَةِ رَجُلٌ يَسْعَىٰ قَالَ يَٰقَوْمِ ٱتَّبِعُوا۟ ٱلْمُرْسَلِينَ ﴿٢٠﴾

﴾20﴿ പട്ടണത്തിന്റെ അങ്ങേഅറ്റത്തുനിന്ന് ഒരു മനുഷ്യൻ ഓടിക്കൊണ്ടുവന്നു. അവൻ പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ ദൂതൻമാരെ പിൻപറ്റുവിൻ!-

ٱتَّبِعُوا۟ مَن لَّا يَسْـَٔلُكُمْ أَجْرًا وَهُم مُّهْتَدُونَ ﴿٢١﴾

﴾21﴿ 'നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല, തങ്ങൾ സന്മാർഗികളുമാണ്, അങ്ങനെയുള്ളവരെ നിങ്ങൾ പിൻപറ്റുവിൻ!'

﴾20﴿ وَجَاءَ വന്നു مِنْ أَقْصَى അങ്ങേഅറ്റത്ത് (ദൂരത്ത്) നിന്ന് الْمَدِينَةِ പട്ടണത്തിന്റെ, നഗരത്തിന്റെ رَجُلٌ ഒരു പുരുഷൻ (മനുഷ്യൻ) يَسْعَى ഓടി (ബദ്ധപ്പെട്ടു) കൊണ്ട് قَالَ അദ്ദേഹം പറഞ്ഞു يَاقَوْمِ എന്റെ ജനങ്ങളേ اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ الْمُرْسَلِينَ ദൂതൻമാരെ, മുർസലുകളെ ﴾21﴿ اتَّبِعُوا مَنْ യാതൊരു കൂട്ടരെ നിങ്ങൾ പിൻപറ്റുവിൻ لَا يَسْأَلُكُمْ നിങ്ങളോട് ചോദിക്കാത്ത أَجْرًا ഒരു പ്രതിഫലം وَهُمْ അവർ مُهْتَدُونَ സൻമാർഗികളുമാണ്.

ഈ മനുഷ്യനെപ്പറ്റി കൂടുതൽ വിവരമൊന്നും അല്ലാഹു പ്രസ്താവിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അദ്ദേഹത്തിന്റെ പേരും മറ്റും നമുക്ക് ആരായേണ്ടതില്ല. വിഷയം മനസ്സിലാക്കുവാൻ അതാവശ്യവുമില്ല. സത്യവിശ്വാസിയും, ഗുണകാംക്ഷിയുമായ ഒരു സൽപുരുഷനായിരുന്നു അദ്ദേഹമെന്ന് വ്യക്തമാണ്. ഇമാം റാസി (റ) ചൂണ്ടിക്കാട്ടിയതുപോലെ, ആ രാജ്യക്കാരെ സംബന്ധിച്ചിടത്തോളം ഒരു അപരിചിതനായിരുന്നു അദ്ദേഹം എന്നത്രെ ഖുർആൻ അദ്ദേഹത്തെപ്പറ്റി പ്രസ്താവിച്ച വാചകം കാണുമ്പോൾ മനസ്സിലാകുന്നത്. അപരിചിതനായ ഒരാളുടെ ഉപദേശം- അയാൾ ഒരു കക്ഷി താൽപര്യക്കാരനാണെന്നോ മറ്റോ പറഞ്ഞു- വേഗമങ്ങ് പുറം തള്ളുന്നത് യുക്തമല്ലല്ലോ.

തങ്ങളെ ഉപദേശിക്കുന്ന ദൂതൻമാർ, അവരുടെ ഉപദേശം വഴി യാതൊരു കാര്യലാഭവും ഉദ്ദേശിക്കുന്നില്ല; അതോടുകൂടി അവർ എല്ലാനിലക്കും വളരെ നല്ല മനുഷ്യരുമാണ്; എന്നിരിക്കെ അവരുടെ ഉപദേശം നിങ്ങൾ സ്വീകരിക്കാതിരിക്കുവാൻ യാതൊരു ന്യായവുമില്ല എന്നാണ് ആ മനുഷ്യൻ ജനങ്ങളെ ആദ്യം പറഞ്ഞുമനസ്സിലാക്കുന്നത്. ഇത് ഫലപ്പെടുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹം സംസാരഗതി മാറ്റുകയും, തന്നെത്തന്നെ സംസാരവിഷയമാക്കുകയും ചെയ്യുന്നു. അദ്ദേഹം തുടരുന്നു:-

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

وَمَا لِىَ لَآ أَعْبُدُ ٱلَّذِى فَطَرَنِى وَإِلَيْهِ تُرْجَعُونَ ﴿٢٢﴾

﴾22﴿ 'എന്നെ സൃഷ്ടിച്ചുണ്ടാക്കിയവനെ ഞാൻ ആരാധന ചെയ്യാതിരിക്കുവാൻ എനിക്ക് എന്താണ് (തടസ്സം) ഉള്ളത്?! അവന്റെ അടുക്കലേക്കുതന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും.

ءَأَتَّخِذُ مِن دُونِهِۦٓ ءَالِهَةً إِن يُرِدْنِ ٱلرَّحْمَٰنُ بِضُرٍّ لَّا تُغْنِ عَنِّى شَفَٰعَتُهُمْ شَيْـًٔا وَلَا يُنقِذُونِ ﴿٢٣﴾

﴾23﴿ 'അവന് പുറമെ വല്ല ദൈവങ്ങളെയും ഞാൻ സ്വീകരിക്കുകയോ?! (ആ) പരമകാരുണികൻ എനിക്ക് വല്ല ഉപദ്രവവും ഉദ്ദേശിക്കുന്നപക്ഷം, അവരുടെ ശുപാർശ എനിക്ക് ഒട്ടും തന്നെ ഉപകാരപ്പെടുകയില്ല; അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല!

إِنِّىٓ إِذًا لَّفِى ضَلَٰلٍ مُّبِينٍ ﴿٢٤﴾

﴾24﴿ 'അപ്പോൾ (അങ്ങനെയാണെങ്കിൽ) ഞാൻ നിശ്ചയമായും സ്പഷ്ടമായ ദുർമാർഗത്തിൽ തന്നെയായിരിക്കും.

إِنِّىٓ ءَامَنتُ بِرَبِّكُمْ فَٱسْمَعُونِ ﴿٢٥﴾

﴾25﴿ 'നിശ്ചയമായും ഞാൻ, നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിച്ചിരിക്കുന്നു. ആകയാൽ, നിങ്ങൾ എന്നെ [എന്റെ ഉപദേശം] കേട്ടുകൊള്ളുവിൻ!'

﴾22﴿ وَمَالِيَ എനിക്കെന്താണ്, (എനിക്ക് പാടില്ല) لَاأَعْبُدُ ഞാൻ ആരാധിക്കുകയില്ലെന്ന്, (ആരാധിക്കാതിരിക്കുവാൻ) الَّذِي فَطَرَنِي എന്നെ സൃഷ്ടിച്ചുണ്ടാക്കിയവനെ وَإِلَيْهِ അവനിലേക്കുതന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴾23﴿ أَأَتَّخِذُ ഞാൻ സ്വീകരിക്കുക (ഉണ്ടാക്കുക)യോ مِنْ دُونِهِ അവന് പുറമെ آلِهَةً വല്ല ദൈവങ്ങളെയും إِنْ يُرِدْنِ എനിക്ക് ഉദ്ദേശിക്കുന്നതായാൽ الرَّحْمَٰنُ പരമകാരുണികൻ بِضُرٍّ വല്ല ഉപദ്രവത്തെ (ദോഷത്തെ)യും لَاتُغْنِ ഉപകാരപ്പെടുക (പര്യാപ്തമാക്കുക, ധന്യമാക്കുക)യില്ല عَنِّي എനിക്ക്, എന്നെപ്പറ്റി شَفَاعَتُهُمْ അവരുടെ ശുപാർശ شَيْئًا യാതൊന്നും, ഒട്ടും وَلَايُنْقِذُونِ അവർ എന്നെ രക്ഷപ്പെടുത്തുകയുമില്ല ﴾24﴿ إِنِّي നിശ്ചയമായും ഞാൻ إِذًا അപ്പോൾ, അങ്ങനെയെങ്കിൽ لَفِي ضَلَالٍ ദുർമാർഗത്തിൽ തന്നെയായിരിക്കും مُبِينٍ സ്പഷ്ടമായ ﴾25﴿ إِنِّي آمَنْتُ നിശ്ചയമായും ഞാൻ വിശ്വസിച്ചു بِرَبِّكُمْ നിങ്ങളുടെ റബ്ബിൽ فَاسْمَعُونِ അതുകൊണ്ട് എന്നെ കേൾക്കുവിൻ (അനുസരിക്കുവിൻ, എനിക്ക് സാക്ഷിയാകുവിൻ)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

നിഷ്പക്ഷനായ ഒരു ഗുണകാംക്ഷി എന്ന നിലക്ക് ആദ്യം അദ്ദേഹം ദൂതൻമാരെക്കുറിച്ച് അവരെ മനസ്സിലാക്കി. അനന്തരം, അവർ പ്രബോധനം ചെയ്യുന്ന തൗഹീദ് സ്വീകരിക്കാതിരിക്കുവാൻ നിർവ്വാഹമില്ലെന്നും, അതുകൊണ്ട് താൻ അതിൽ വിശ്വസിക്കുന്നവനാണെന്നും വ്യക്തമാക്കി. അതുപോലെ അവരും അത് സ്വീകരിക്കുവാൻ ബാധ്യസ്ഥരാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. പക്ഷേ, ആ ജനത അതൊന്നും ചെവിക്കൊണ്ടില്ല.

قِيلَ ٱدْخُلِ ٱلْجَنَّةَ ۖ قَالَ يَٰلَيْتَ قَوْمِى يَعْلَمُونَ ﴿٢٦﴾

﴾26﴿ (അദ്ദേഹത്തോട്) പറയപ്പെട്ടു: 'നീ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക, എന്ന്! അദ്ദേഹം പറഞ്ഞു: 'ഹാ!എന്റെ ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ നന്നായേനെ,-

بِمَا غَفَرَ لِى رَبِّى وَجَعَلَنِى مِنَ ٱلْمُكْرَمِينَ ﴿٢٧﴾

﴾27﴿ 'എന്റെ റബ്ബ് എനിക്ക് പൊറുത്തു തരുകയും, എന്നെ ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ആക്കിത്തരുകയും ചെയ്തതിനെക്കുറിച്ച്'

﴾26﴿ قِيلَ നീ പറയപ്പെട്ടു ادْخُلِ നീ പ്രവേശിക്കുക الْجَنَّةَ സ്വർഗത്തിൽ قَالَ അദ്ദേഹം പറഞ്ഞു يَالَيْتَقَوْمِي എന്റെ ജനത ആയിരുന്നെങ്കിൽ നന്നായേനേ يَعْلَمُونَ അറിയു(മായിരു)ന്നെങ്കിൽ ﴾27﴿ بِمَاغَفَرَلِي എനിക്ക് പൊറുത്തു തന്നതിനെപ്പറ്റി رَبِّي എന്റെ റബ്ബ് وَجَعَلَنِي എന്നെ ആക്കുകയും مِنَ الْمُكْرَمِينَ ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ

ആ ജനതയുടെ ഗുണകാംക്ഷിയായിരുന്ന ആ മാന്യന്റെ മരണത്തെക്കുറിച്ച് ക്വുർആൻ ഒന്നും വ്യക്തമാക്കിയിട്ടില്ല. എങ്കിലും, അദ്ദേഹത്തെയും, ആ ജനതയെയും കുറിച്ചുള്ള പ്രസ്താവനകളിൽ നിന്ന് അദ്ദേഹം അവരാൽ കൊല്ലപ്പെടുകയാണുണ്ടായതെന്ന് കരുതുവാൻ ന്യായമുണ്ട്. പല വ്യാഖ്യാതാക്കളും അങ്ങനെ പറയുകയും ചെയ്തിരിക്കുന്നു. ഏതായാലും, മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന് അല്ലാഹുവിങ്കൽ ആദരണീയസ്ഥാനം ലഭിക്കുകയും, അദ്ദേഹം സ്വർഗാവകാശിയായി സ്വാഗതം ചെയ്യപ്പെടുകയും ചെയ്തു. തന്റെ ജനത സത്യം സ്വീകരിക്കുകയും, സദുപദേശം ചെവിക്കൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ ഇതുപോലെയുള്ള മഹാഭാഗ്യം അവർക്കും കൈവരുമായിരുന്നുവല്ലോ എന്ന് അദ്ദേഹം ആശിച്ചു. അവരാകട്ടെ, അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമാകുകയാണ് ഉണ്ടായത്. അല്ലാഹു പറയുന്നു:-

ജുസ്ഉ് - 23

۞ وَمَآ أَنزَلْنَا عَلَىٰ قَوْمِهِۦ مِنۢ بَعْدِهِۦ مِن جُندٍ مِّنَ ٱلسَّمَآءِ وَمَا كُنَّا

﴾28﴿ അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ജനതയുടെ മേൽ ആകാശത്തുനിന്ന് നാം ഒരു സൈന്യത്തെയും ഇറക്കിയിട്ടില്ല; നാം (അങ്ങ

مُنزِلِينَ ﴿٢٨﴾

നെ) ഇറക്കുന്നവരുമല്ല.

إِن كَانَتْ إِلَّا صَيْحَةً وَٰحِدَةً فَإِذَا هُمْ خَٰمِدُونَ ﴿٢٩﴾

﴾29﴿ അത് [ആ സംഭവം] ഒരൊറ്റ ഘോരശബ്ദമല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. അപ്പോൾ, അവരതാ (നശിച്ച്) കെട്ടടങ്ങിയവരായിരിക്കുന്നു!

يَٰحَسْرَةً عَلَى ٱلْعِبَادِ ۚ مَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٠﴾

﴾30﴿ ഹാ! (ആ) അടിയാൻമാരുടെ മേലുള്ള കഷ്ടമേ! അവരുടെ അടുക്കൽ ഏതൊരു റസൂൽ ചെല്ലുന്നതായാലും അവർ അദ്ദേഹത്തെക്കുറിച്ച് പരിഹസിക്കുകയല്ലാതെ ചെയ്തിരുന്നില്ല.

﴾28﴿ وَمَا أَنزَلْنَا നാം ഇറക്കിയിട്ടില്ല عَلَىٰ قَوْمِهِ അദ്ദേഹത്തിന്റെ ജനതയിൽ مِنۢ بَعْدِهِ അദ്ദേഹത്തിനുശേഷം مِن جُندٍ ഒരു സേനയും, പട്ടാളവും مِنَ السَّمَاءِ ആകാശത്ത് നിന്ന് وَمَا كُنَّا നാം അല്ല, ആയിട്ടുമില്ല مُنزِلِينَ ഇറക്കുന്നവർ ﴾29﴿ إِن كَانَتْ അതായിരുന്നില്ല إِلَّا صَيْحَةً ഒരു അട്ടഹാസം (ഘോരശബ്ദം) അല്ലാതെ وَاحِدَةً ഒറ്റ فَإِذَا هُمْ അപ്പോഴതാ അവർ خَامِدُونَ കെട്ടടങ്ങിയ (നശിച്ച) വരായിരിക്കുന്നു ﴾30﴿ يَا حَسْرَةً കഷ്ടമേ, സങ്കടമേ عَلَى الْعِبَادِ അടിയാൻമാരുടെ മേലുള്ള مَا يَأْتِيهِمْ അവർക്ക് വന്നിരുന്നില്ല مِن رَّسُولٍ ഒരു റസൂലും إِلَّا كَانُوا അവരായിരിക്കാതെ بِهِ അദ്ദേഹത്തെപ്പറ്റി يَسْتَهْزِئُونَ പരിഹസിക്കുക.

ദൂതൻമാരെ ധിക്കരിക്കുകയും, ഉപദേഷ്ടാവിനെ അക്രമിക്കുകയും ചെയ്തതിന്റെ ഫലമായി ആ ജനതയെ അല്ലാഹു വമ്പിച്ച ശിക്ഷമൂലം നശിപ്പിച്ചു. അതിനായി ആകാശത്ത്നിന്ന് ഒരു പട്ടാളത്തെ അയക്കുകയുണ്ടായില്ല. അതിന്റെ ആവശ്യവുമില്ല. അങ്ങനെ അല്ലാഹുവിന്ന് പതിവുമില്ല. ഒരൊറ്റ ഘോരശബ്ദം മാത്രം ഉണ്ടായി. അതോടെ ജനതയുടെ കഥ കഴിഞ്ഞു! ഇത്രയും വമ്പിച്ച ശിക്ഷ അവർ അനുഭവിക്കേണ്ടി വന്നത് ദൈവദൂതൻമാരെയും, ദിവ്യദൗത്യത്തെയും പരിഹസിക്കൽ അവർ ഒരു പതിവാക്കിത്തീർത്തതുകൊണ്ടായിരുന്നു.

أَلَمْ يَرَوْا۟ كَمْ أَهْلَكْنَا قَبْلَهُم مِّنَ ٱلْقُرُونِ أَنَّهُمْ إِلَيْهِمْ لَا يَرْجِعُونَ ﴿٣١﴾

﴾31﴿ അവരുടെ മുമ്പ് (പല) തലമുറകളിൽ നിന്നും എത്രയോ നാം നശിപ്പിച്ചിരിക്കുന്നു- അവർ (ആരും) ഇവരിലേക്ക് മടങ്ങിവരുന്നില്ല- എന്ന് അവർക്ക് കണ്ടുകൂടേ?!

وَإِن كُلٌّ لَّمَّا جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٣٢﴾

﴾32﴿ എല്ലാവരും- മുഴുവനും തന്നെ- നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നവരല്ലാതെ ഇല്ല.

﴾31﴿ أَلَمْ يَرَوْا അവർക്ക് കണ്ടുകൂടേ كَمْ أَهْلَكْنَا നാം എത്ര (എത്രയോ) നശിപ്പിച്ചിരിക്കുന്നു എന്ന് قَبْلَهُمْ അവരുടെ മുമ്പ് مِنَ الْقُرُونِ തലമുറകളിൽനിന്ന് أَنَّهُمْ അവർ ആണെന്ന് إِلَيْهِمْ അവരിലേക്ക് لَا يَرْجِعُونَ മടങ്ങിവരുന്നില്ല. ﴾32﴿ وَإِن كُلٌّ എല്ലാവരുമില്ല لَمَّا جَمِيعٌ മുഴുവനും അല്ലാതെ (ഇല്ല) لَدَيْنَا നമ്മുടെ അടുക്കൽ مُحْضَرُونَ ഹാജരാക്കപ്പെടുന്നവർ

മുമ്പ് നശിച്ചുപോയവരാരെങ്കിലും മടങ്ങിവന്നു മരണശേഷം യാതൊന്നും സംഭവിക്കാനില്ലെന്ന് ഇവർക്ക് പറഞ്ഞുകൊടുക്കുന്നുണ്ടെങ്കിൽ, ഇവർക്ക് മരണാനന്തര കാര്യങ്ങളെ നിഷേധിക്കാമായിരുന്നു. പക്ഷേ, ആരും മടങ്ങി വരുന്നില്ല, വരുകയുമില്ല. ഒന്നടങ്കം അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും, ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. ആരും ഒഴിവില്ല. ഒരു കവി പറഞ്ഞ വാക്യങ്ങൾ ശ്രദ്ധേയമാണ്:-

وَلَوْ اَنَّا اِذَا مِتْنَا تُرِكْنَا لَكَانَ الْمَوْتُ رَاحَةَ كُلِّ حَيّ
وَلَكِنَّا اِذَا مِتْنَا بُعِثْنَا وَنُسْأَلُ بَعْدَهُ عن كُلِّ شَيءِ

(നാം മരണപ്പെട്ടാൽ നമ്മെ അതോടെ വിട്ടുകളയുമായിരുന്നുവെങ്കിൽ, മരണം ഓരോ ജീവിക്കും ആശ്വാസമാകുമായിരുന്നു! പക്ഷേ, മരിച്ചാൽ നാം എഴുന്നേൽപിക്കപ്പെടുകയും, എന്നിട്ട് എല്ലാ കാര്യത്തെക്കുറിച്ചും ചോദ്യംചെയ്യപ്പെടുകയും ചെയ്യുമല്ലോ!)

വിഭാഗം - 3

وَءَايَةٌ لَّهُمُ ٱلْأَرْضُ ٱلْمَيْتَةُ أَحْيَيْنَٰهَا وَأَخْرَجْنَا مِنْهَا حَبًّا فَمِنْهُ يَأْكُلُونَ ﴿٣٣﴾

﴾33﴿ അവർക്കൊരു ദൃഷ്ടാന്തമാണ്, നിർജ്ജീവമായ ഭൂമി, -നാമതിനെ ജീവിപ്പിക്കുകയും, അതിൽനിന്ന് ധാന്യം ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു, എന്നിട്ട് അതിൽ നിന്ന് അവർ തിന്നുകൊണ്ടിരിക്കുന്നു.

وَجَعَلْنَا فِيهَا جَنَّٰتٍ مِّن نَّخِيلٍ وَأَعْنَٰبٍ وَفَجَّرْنَا فِيهَا مِنَ ٱلْعُيُونِ ﴿٣٤﴾

﴾34﴿ അതിൽ, ഈത്തപ്പനയുടെയും, മുന്തിരികളുടെയും തോട്ടങ്ങൾ നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. നീരുറവകളെയും നാമതിൽ തുറന്നുവിട്ടു;-

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

لِيَأْكُلُوا۟ مِن ثَمَرِهِۦ وَمَا عَمِلَتْهُ أَيْدِيهِمْ ۖ أَفَلَا يَشْكُرُونَ ﴿٣٥﴾

《35》 അതിന്റെ ഫലങ്ങളിൽ നിന്നും, തങ്ങളുടെ കൈകൾ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്നും അവർക്ക് തിന്നുവാൻ വേണ്ടി(യാണ് അതെല്ലാം), അപ്പോൾ, അവർക്ക് നന്ദി കാണിച്ചുകൂടേ?!

سُبْحَـٰنَ ٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا مِمَّا تُنۢبِتُ ٱلْأَرْضُ وَمِنْ أَنفُسِهِمْ وَمِمَّا لَا يَعْلَمُونَ ﴿٣٦﴾

《36》 എല്ലാ ഇണവർഗങ്ങളെയും സൃഷ്ടിച്ചിട്ടുള്ളവൻ മഹാ പരിശുദ്ധനത്രെ! (അതെ) ഭൂമി ഉൽപാദിപ്പിക്കുന്നതിൽനിന്നും, അവരുടെ ദേഹങ്ങളിൽനിന്നും, അവർക്ക് അറിഞ്ഞുകൂടാത്തവയിൽനിന്നും (ഇണകളെ സൃഷ്ടിച്ചവൻ.)

《33》 وَآيَةٌ ഒരു ദൃഷ്ടാന്തമാണ് لَهُمُ അവർക്ക് الأَرْضُ الْمَيْتَةُ ചത്ത (നിർജ്ജീവമായ) ഭൂമി أَحْيَيْنَاهَا നാമതിനെ ജീവിപ്പിച്ചിരിക്കുന്നു وَأَخْرَجْنَا مِنْهَا അതിൽനിന്ന് പുറത്ത് വരുത്തുക (ഉല്പാദിപ്പിക്കുക)യും ചെയ്തു حَبًّا ധാന്യം فَمِنْهُ എന്നിട്ടതിൽ നിന്ന് يَأْكُلُونَ അവർ തിന്നുന്നു, ഭക്ഷിക്കുന്നു 《34》 وَجَعَلْنَا فِيهَا അതിൽ നാം ഉണ്ടാക്കുകയും ചെയ്തു جَنَّاتٍ തോട്ടങ്ങൾ مِنْ نَخِيلٍ ഈത്തപ്പനയാൽ, (ഈത്തപ്പനയുടെ) وَأَعْنَابٍ മുന്തിരികളാലും وَفَجَّرْنَا നാം തുറന്നുവിടുക (പിളർത്തിയുണ്ടാക്കുക)യും ചെയ്തു فِيهَا അതിൽ مِنَ الْعُيُونِ നീരുറവകളിൽ നിന്നും 《35》 لِيَأْكُلُوا അവർക്ക് തിന്നുവാൻ مِنْ ثَمَرِهِ അതിന്റെ ഫലത്തിൽനിന്ന് وَمَا യാതൊന്നിൽ നിന്നും عَمِلَتْهُ അത് പ്രവർത്തിച്ചുണ്ടാക്കി أَيْدِيهِمْ അവരുടെ കൈകൾ أَفَلَا يَشْكُرُونَ അപ്പോൾ അവർ നന്ദി കാണിക്കുന്നില്ലേ, കാണിച്ചുകൂടേ 《36》 سُبْحَانَ الَّذِي യാതൊരുവൻ മഹാപരിശുദ്ധൻ خَلَقَ الأَزْوَاجَ ഇണകളെ സൃഷ്ടിച്ച كُلَّهَا അവയെല്ലാറ്റിനെയും مِمَّا تُنْبِتُ ഉൽപാദിപ്പിക്കുന്നവയിൽ നിന്ന് الأَرْضُ ഭൂമി وَمِنْ أَنْفُسِهِمْ അവരുടെ ദേഹങ്ങളിൽ നിന്നും وَمِمَّا യാതൊന്നിൽ നിന്നും لَا يَعْلَمُونَ അവർ അറിയാത്ത

അറേബ്യയിലെ പ്രധാന ഉൽപന്നവും, അറബികൾക്ക് കൂടുതൽ പരിചിതവുമാണ് ഈന്തത്തോട്ടങ്ങളും, മുന്തിരിത്തോട്ടങ്ങളും. അതുകൊണ്ടാണ് അവയെ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്. എല്ലാതരം കൃഷിവിഭവങ്ങളും 'കൈകൾ പ്രവർത്തിച്ചുണ്ടാക്കിയതി'ൽ ഉൾപ്പെടുന്നു. പ്രത്യക്ഷത്തിൽ അവ മനുഷ്യന്റെ പ്രയത്നഫലങ്ങളാണെങ്കിലും, അവ മുളക്കുന്നതും, വളരുന്നതും, വിളയുന്നതുമെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണല്ലോ. അതുകൊണ്ട് ഓരോന്നിലും മനുഷ്യൻ അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കേണ്ടതുണ്ട്. *(*)*

(*) 35-ാം ആയത്തിൽ لِيَأْكُلُوا مِنْ ثَمَرِهِ (അതിന്റെ ഫലങ്ങളിൽനിന്ന് അവർക്ക് ▸▸

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

സസ്യങ്ങൾ, വൃക്ഷങ്ങൾ, കായ്കനികൾ, ജീവജന്തുക്കൾ തുടങ്ങിയ എല്ലാ വർഗത്തിലും- മനുഷ്യരിൽതന്നെ വിവിധ വിഭാഗങ്ങളും, തരങ്ങളും ഉൾക്കൊള്ളുന്നു. ഓരോന്നിലും ഏതെല്ലാം ഇനങ്ങളാണുള്ളതെന്ന് തിട്ടപ്പെടുത്തുവാൻ പോലും മനുഷ്യന് സാധ്യമല്ല. മനുഷ്യന്റെ അറിവിലും ശ്രദ്ധയിലും പെടാത്ത വസ്തുക്കളും, അവയിലെ തരാതരങ്ങളും ഇതിനുപുറമെയും. ഇതെല്ലാം സൃഷ്ടിച്ചുണ്ടാക്കി നിലനിറുത്തിപ്പോരുന്ന സ്രഷ്ടാവ് അതിമഹാൻ തന്നെ! ഈ കണക്കറ്റ വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്ന മനുഷ്യൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുവാനും, മഹത്വത്തെ കീർത്തനം ചെയ്യാനും ബാധ്യസ്ഥനല്ലേ?! നിശ്ചയമായും അതെ.

وَءَايَةٌ لَّهُمُ ٱلَّيْلُ نَسْلَخُ مِنْهُ ٱلنَّهَارَ فَإِذَا هُم مُّظْلِمُونَ ﴿٣٧﴾

﴾37﴿ അവർക്കൊരു ദൃഷ്ടാന്തമാണ് രാത്രിയും;- നാം അതിൽനിന്ന് പകലിനെ ഉരിച്ചെടുക്കുന്നു. അപ്പോൾ അവരതാ, ഇരുട്ടിൽപെട്ടവരാകുന്നു!

وَٱلشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ﴿٣٨﴾

﴾38﴿ സൂര്യൻ അതിന്റേതായ ഒരു താവളത്തിലേക്ക് (അഥവാ നിശ്ചിത അതിർത്തിയിലേക്ക്) ചലിച്ചുകൊണ്ടുമിരിക്കുന്നു. അത്, സർവ്വജ്ഞനായ പ്രതാപശാലിയായുള്ളവൻ (വ്യവസ്ഥ ചെയ്തു) കണക്കാക്കിയതാണ്.

وَٱلْقَمَرَ قَدَّرْنَٰهُ مَنَازِلَ حَتَّىٰ عَادَ كَٱلْعُرْجُونِ ٱلْقَدِيمِ ﴿٣٩﴾

﴾39﴿ ചന്ദ്രനും തന്നെ, നാം ചില ഭവനങ്ങൾ അതിന് കണക്കാക്കിയിരിക്കുന്നു. അങ്ങനെ, അത് (ഈത്തപ്പ നയുടെ) പഴക്കം ചെന്ന കുലത്തണ്ടുപോലെ ആയിത്തീരുന്നു.

لَا ٱلشَّمْسُ يَنۢبَغِى لَهَآ أَن تُدْرِكَ

﴾40﴿ സൂര്യനാകട്ടെ, അതിന് ചന്ദ്രനെ പ്രാപിക്കുവാൻ പറ്റുകയില്ല; രാത്രി പകലിനെ മുൻകടക്കുന്നതുമ

---

*◀◀ തിന്നുവാൻവേണ്ടി എന്നതിനോട് ചേർത്തു (**عطف**) കൊണ്ടാണ് وَمَا عَمِلَتْهُ أَيْدِيهِمْ (തങ്ങളുടെ കൈകൾ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്നും എന്ന് വാക്ക് നിലകൊള്ളുന്നത് എന്ന അഭിപ്രായമനുസരിച്ചത്രെ മുകളിൽ വായിച്ച അതിന്റെ പരിഭാഷയും വ്യാഖ്യാനവും. രണ്ടാമത്തെ വാക്ക് (وَمَا عَمِلَتْهُ أَيْدِيهِمْ) ഒന്നാമത്തേതിനോട് ചേർന്ന് നിൽക്കുന്നതല്ലെന്ന് അതിലെ مَا എന്ന പദം 'ഇല്ല' എന്ന അർത്ഥത്തിലുള്ള നിഷേധത്തിന്റെ അവ്യയമാണെന്നും വ്യാഖ്യാതാക്കളിൽ ചിലർ അഭിപ്രായപ്പെടുന്നു. അപ്പോൾ, അതിന് ഇങ്ങനെ അർത്ഥമായിരിക്കും: 'അതിനെ അവരുടെ കൈകൾ പ്രവർത്തിച്ചുണ്ടാക്കിയിട്ടുമില്ല.' അതായത് അവർക്ക് തിന്നുവാനുള്ള ആ ഫലങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയത് അല്ലാഹു മാത്രമാണ് - അവരുടെ പ്രവൃത്തികൊണ്ടല്ല അതുണ്ടായത്- എന്ന് സാരം- മുഹമ്മദ് അമാനി.*

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ٱلْقَمَرَ وَلَا ٱلَّيْلُ سَابِقُ ٱلنَّهَارِ ۚ وَكُلٌّ فِى فَلَكٍ يَسْبَحُونَ ﴿٤٠﴾

ല്ല, എല്ലാവരും [ഓരോ ഗ്രഹവും] ഓരോ സഞ്ചാരമണ്ഡലത്തിൽ നീന്തി (സഞ്ചരിച്ചു)കൊണ്ടിരിക്കുന്നു.

وَآيَةٌ لَّهُمُ ﴾37﴿ അവർക്കൊരു ദൃഷ്ടാന്തമാണ് اللَّيْلُ രാത്രി نَسْلَخُ مِنْهُ അതിൽനിന്ന് നാം ഉരിച്ചെടുക്കുന്നു, വേർപ്പെടുത്തുന്നു النَّهَارَ പകലിനെ فَإِذَا هُم അപ്പോഴവർ مُظْلِمُونَ ഇരുളടഞ്ഞവരാകുന്നു. ﴾38﴿ وَالشَّمْسُ സൂര്യനും تَجْرِي നടക്കുന്നു, സഞ്ചരിക്കുന്നു لِمُسْتَقَرٍّ لَّهَا അതിന്റെ ഒരു താവളത്തിലേക്ക് ذَٰلِكَ അത് تَقْدِيرُ الْعَزِيزِ പ്രതാപശാലിയുടെ കണക്കാക്കൽ (വ്യവസ്ഥ) ആകുന്നു الْعَلِيمِ സർവ്വജ്ഞനായ ﴾39﴿ وَالْقَمَرَ ചന്ദ്രനെയും, ചന്ദ്രനും قَدَّرْنَاهُ അതിനെ (അതിന്) നാം കണക്കാക്കിയിരിക്കുന്നു مَنَازِلَ ചില ഭവനങ്ങൾ, പതനസ്ഥാനങ്ങൾ حَتَّىٰ عَادَ അങ്ങനെ അത് മടങ്ങിവരും (പരിണമിക്കും), ആയിത്തീരുവോളം كَالْعُرْجُونِ (ഈന്തപ്പനയുടെ) കുലത്തണ്ട് (കുലച്ചിൽ) പോലെ الْقَدِيمِ പഴകിയ ﴾40﴿ لَا الشَّمْسُ സൂര്യനില്ല يَنبَغِي لَهَا അതിന് യോജിക്കുക, പറ്റുക(യില്ല) أَن تُدْرِكَ അത് പ്രാപിക്കൽ, കണ്ടുമുട്ടൽ الْقَمَرَ ചന്ദ്രനെ وَلَا اللَّيْلُ രാത്രിയുമല്ല سَابِقُ النَّهَارِ പകലിനെ മുൻകടക്കുന്നത് وَكُلٌّ എല്ലാം, എല്ലാവരും فِي فَلَكٍ ഓരോ സഞ്ചാരമണ്ഡല (പഥ)ത്തിൽ يَسْبَحُونَ നീന്തുന്നു

ഭൂവിഭവങ്ങളിലടങ്ങിയ ചില ദൃഷ്ടാന്തങ്ങളെക്കുറിച്ച് പറഞ്ഞശേഷം, ആകാശത്തിൽ കാണാവുന്ന ചില ദൃഷ്ടാന്തങ്ങളെ ചൂണ്ടിക്കാട്ടുകയാണ്:

1) ഭൂഗോളത്തിന്റെ അർദ്ധഭാഗങ്ങളിലായി രാപ്പകലുകൾ ഒന്നൊന്നിനെ അനുഗമിച്ചു കൊണ്ടിരിക്കുന്നു. ഏതൊരു സ്ഥലത്തുനിന്ന് പകൽവെളിച്ചത്തെ അല്ലാഹു നീക്കി എടുക്കുന്നുവോ അവിടെ ഇരുട്ടുമൂടി രാത്രിയായിത്തീരുന്നു. ഇതിനെ ആട് മുതലായ ജന്തുക്കളുടെ തോലുരിച്ച് വേർപെടുത്തുന്നതിനോട് ഉപമിച്ചിരിക്കുകയാണ്.

2) സൂര്യൻ ചില നിശ്ചിതമാർഗങ്ങളിൽകൂടി ഒരു നിശ്ചിത അതിർത്തിവരെ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ദിവസക്കണക്കിലും, മാസക്കണക്കിലും, കൊല്ലക്കണക്കിലും അതിന്റെ സഞ്ചാരത്തിന് കൃത്യമായ ലക്ഷ്യവും മാർഗവുമുണ്ട്. അല്ലാഹു നിശ്ചയിച്ചു വെച്ചിട്ടുള്ള ആ കണക്കും, ചിട്ടയും തെറ്റാതെ അത് സഞ്ചരിച്ചുവരുന്നു. നമ്മുടെ കാഴ്ചയുടെയും, അനുഭവത്തിന്റെയും അടിസ്ഥാനത്തിലാണ് ഇപ്പറഞ്ഞത്. ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും ഇപ്പറഞ്ഞത് ശരിതന്നെ. ഭൂമിയെ അപേക്ഷിക്കുമ്പോൾ സൂര്യൻ ഒരേ കേന്ദ്രത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിലും, സൗരയൂഥം ഒന്നാകെ മറ്റൊരു കേന്ദ്രത്തെ ലക്ഷ്യംവെച്ച്- മറ്റനേകം നക്ഷത്രവ്യൂഹങ്ങളെപ്പോലെ- കറങ്ങുന്നുവെന്നാണ് ഗോളശാസ്ത്രസിദ്ധാന്തം.

3) ചന്ദ്രനുമുണ്ട് അതിന്റേതായ സഞ്ചാര മാർഗവും, യാത്രാ പരിപാടിയും. ഓരോ ദിവസവും ചന്ദ്രമുഖം വികസിച്ചോ, സങ്കോചിച്ചോ, കൊണ്ടിരിക്കുന്നു. ചന്ദ്രമാസാരംഭത്തിൽ ഒന്നാമത്തെ ദിവസം കേവലം ഒരു നേരിയ അർദ്ധവളയംപോലെ അത് വാനത്ത് പ്രത്യക്ഷപ്പെടും. ക്രമേണ വികസിച്ചു ഒരു പൂർണവൃത്തമായിത്തീരുന്നു.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

വീണ്ടും പഴയസ്ഥിതിയിലേക്ക് തന്നെ മടങ്ങി അവസാനം ഈന്തപ്പനയുടെ ഉണങ്ങി പ്പഴകിയ കുലത്തണ്ടുപോലെ നേർത്ത ഒരു വളയമായിത്തീരുന്നു.

4) എന്തെങ്കിലും ക്രമക്കേടോ, പാകപ്പിഴവോ ബാധിച്ച് സൂര്യചന്ദ്രൻമാർ തമ്മിൽ കൂട്ടി മുട്ടുകയോ, രാത്രി പകലിനെ കവച്ചുവെക്കുകയോ ഒന്നും തന്നെ ഉണ്ടാകുന്നില്ല. ഓരോന്നും അല്ലാഹു നിശ്ചയിച്ച വ്യവസ്ഥപ്രകാരം ഒട്ടും കൃത്യദോഷം ബാധിക്കാതെ അതതിന്റെ പരിധിയിൽ നീന്തിക്കറങ്ങിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ സൃഷ്ടി വൈഭവത്തിനും, ശക്തി മഹാത്മ്യത്തിനും ഇവ ഓരോന്നിലും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. *(*)*

وَ كُلٌّ فِي فَلَكٍ يَسْبَحُونَ (എല്ലാവരും ഓരോ സഞ്ചാര മണ്ഡലത്തിൽ നീന്തിക്കൊണ്ടിരി ക്കുന്നു) എന്ന വാക്യത്തിലും ക്രിയ (يَسْبَحُونَ) ബഹുവചന രൂപത്തിലും, ബുദ്ധി ജീവി കളിൽ മാത്രം ഉപയോഗിക്കപ്പെടാറുള്ള രൂപത്തിലുമാണുള്ളത്. സാധാരണ നിലക്ക് ഇതിന്റെ കർത്താവ് രണ്ടിലധികം വസ്തുക്കൾ അടങ്ങിയതും, അവ ബുദ്ധിജീവികളുമാ യിരിക്കേണ്ടതുമാണ്. അപ്പോൾ, സൂര്യനും ചന്ദ്രനും മാത്രമല്ല, ഭൂമിയും, രാവും, പകലും എല്ലാം തന്നെ ചലിച്ചുകൊണ്ടിരിക്കുന്നുവെന്നും, ഇവ ഓരോന്നും ബുദ്ധി വർഗത്തെ പ്പോലെ അതതിന്റെ ചലനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിൽ സൂചന കാണാം. കൂടാതെ, 'ചലിക്കുന്നു'വെന്നോ മറ്റോ പറയാതെ 'നീന്തുന്നു'വെന്ന് പ്രയോ ഗിച്ചതും ശ്രദ്ധേയമാകുന്നു.

وَءَايَةٌ لَّهُمْ أَنَّا حَمَلْنَا ذُرِّيَّتَهُمْ فِى ٱلْفُلْكِ ٱلْمَشْحُونِ ﴿٤١﴾

﴾41﴿ തങ്ങളുടെ സന്താനങ്ങളെ (സാധനം) നിറക്കപ്പെട്ട കപ്പലിൽ നാം വഹിച്ചുകൊണ്ട് പോകുന്നതും അവർക്കൊരു ദൃഷ്ടാന്തമാണ്.

وَخَلَقْنَا لَهُم مِّن مِّثْلِهِۦ مَا يَرْكَبُونَ ﴿٤٢﴾

﴾42﴿ അതുപോലെയുള്ള വസ്തുക്കളിൽനിന്ന് അവർക്ക് സവാരി ചെയ്യാവുന്ന (പല)തിനെയും അവർക്ക് നാം സൃഷ്ടിച്ചുകൊടുത്തിരിക്കുന്നു.

وَإِن نَّشَأْ نُغْرِقْهُمْ فَلَا صَرِيخَ لَهُمْ وَلَا هُمْ يُنقَذُونَ ﴿٤٣﴾

﴾43﴿ നാം ഉദ്ദേശിക്കുകയാണെങ്കിൽ, അവരെ (സമുദ്രത്തിൽ) നാം മുക്കിക്കളഞ്ഞേക്കും; അപ്പോൾ അവർക്ക് (നിലവിളികേട്ട്) സഹായിക്കുന്ന ഒരാളും ഉണ്ടാവുകയില്ല; അവർ രക്ഷപ്പെടുത്തപ്പെടുകയുമില്ല;-

(*) കൂടുതൽ വിവരം അൽകഹ്ഫ്; 109 ന്റെയും, അൻബിയാഉ്; 33 ന്റെയും വിവരണത്തിൽ നോക്കുക.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

إِلَّا رَحْمَةً مِّنَّا وَمَتَٰعًا إِلَىٰ حِينٍ ﴿٤٤﴾

﴾44﴿ പക്ഷേ, നമ്മുടെ പക്കൽ നിന്ന് കാരുണ്യമായിട്ടും, ഒരു (നിശ്ചിത) സമയംവരേക്കുള്ള ജീവിതസുഖമായിട്ടുമത്രെ (നാമവരെ രക്ഷപ്പെടുത്തുന്നത്).

﴾41﴿ وَآيَةٌ لَّهُمْ അവർക്കൊരു ദൃഷ്ടാന്തമാണ് أَنَّا حَمَلْنَا നാം വഹിക്കുന്നത് ذُرِّيَّتَهُمْ അവരുടെ സന്താനങ്ങളെ فِي الْفُلْكِ കപ്പലിൽ الْمَشْحُونِ സാധനസാമഗ്രികൾ നിറക്കപ്പെട്ട ﴾42﴿ وَخَلَقْنَا لَهُمْ അവർക്ക് നാം സൃഷ്ടിച്ചിരിക്കുന്നു مِّن مِّثْلِهِ അതുപോലെയുള്ള തിൽനിന്ന് مَا يَرْكَبُونَ അവർ സവാരിചെയ്യുന്നത്, വാഹനമേറാവുന്നത് ﴾43﴿ وَإِن نَّشَأْ നാം ഉദ്ദേശിക്കുന്ന പക്ഷം نُغْرِقْهُمْ നാമവരെ മുക്കുന്നതാണ് فَلَا صَرِيخَ അപ്പോൾ (നിലവിളിക്കുത്തരം നൽകി) സഹായിക്കുന്നവനില്ല لَهُمْ അവർക്ക് وَلَا هُمْ അവരില്ലതാനും يُنقَذُونَ രക്ഷപ്പെടുത്തപ്പെടും ﴾44﴿ إِلَّا رَحْمَةً പക്ഷേ, കാരുണ്യമായിട്ട്, കാരുണ്യമല്ലാതെ مِّنَّا നമ്മിൽനിന്നുള്ള وَمَتَاعًا (ജീവിത) സുഖവും, ഉപയോഗവും إِلَىٰ حِينٍ ഒരുകാലം (സമയം) വരെ

ക്വുർആൻ അവതരിക്കുന്ന കാലത്ത് സമുദ്രത്തിൽ സഞ്ചരിക്കുവാൻ പായക്കപ്പലുകളും, കരയിൽ സഞ്ചരിക്കുവാൻ ഒട്ടകം, കുതിര മുതലായവയുമായിരുന്നു പ്രധാന വാഹനങ്ങൾ. ഇന്നാകട്ടെ, ഏറ്റവും പരിഷ്കൃത രീതിയിലുള്ള യാന്ത്രിക വാഹനങ്ങളാണ് മനുഷ്യൻ ഉപയോഗിക്കുന്നത്. ഇന്ന് അവന്റെ യാത്രാമണ്ഡലം, കരയും കടലും മാത്രമല്ല, വായുവും, ഉപരിയാകാശവും കൂടിയാണ്. ഇന്നത്തെ വാഹനങ്ങൾ മനുഷ്യ കരങ്ങളാൽ നിർമിക്കപ്പെട്ടവയുമാണ്. പക്ഷേ, ഇതുകൊണ്ടൊന്നും മനുഷ്യന് അഹങ്കരിച്ചുകൂടാ. അവ കണ്ടുപിടിക്കുവാനുള്ള ബുദ്ധി, നിർമിക്കുവാനുള്ള ഉപകരണങ്ങൾ, ഉപയോഗപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ എന്നിവയെല്ലാം അല്ലാഹു നൽകിയതും, അവൻ സജ്ജമാക്കികൊടുത്തതും മാത്രമാണ്. അതെ, وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ - الصافات (നിങ്ങളെയും, നിങ്ങൾ പ്രവർത്തിച്ചുണ്ടാക്കുന്നതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്.)

വാഹനങ്ങൾ സുഖകരവും, സുരക്ഷിതവും ആയിരിക്കേണ്ടതിനും, യാത്രാപരിപാടിയിൽ വിഘ്നം നേരിടാതിരിക്കേണ്ടതിനും കാലേക്കൂട്ടിതന്നെ വിവിധ മുൻകരുതലുകൾ എടുക്കപ്പെടുന്നു. പ്രതിവിധികൾ പലതും ആസൂത്രണം ചെയ്യപ്പെടുന്നു. എന്നിട്ടും അവിചാരിതവും, അപ്രതീക്ഷിതവുമായ അത്യാഹിതങ്ങൾ ചിലപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. നിർമാണത്തിന്റെ വൈദഗ്ധ്യമോ, നിയന്ത്രണത്തിന്റെ സാമർത്ഥ്യമോ ഒന്നും തന്നെ അവിടെ ഉപകരിക്കുന്നില്ല. പുറമെനിന്നുള്ള സഹായവും ലഭ്യമാകുന്നില്ല. സംഭവിക്കുന്നത് അനുഭവിക്കുവാനേ മനുഷ്യന് കഴിയുന്നുള്ളു. ഇതെല്ലാം കേവലം സങ്കൽപമല്ല, നമ്മുടെ അനുഭവങ്ങളാണ്. കടലിലോ, കരയിലോ, വായുവിലോ, ശൂന്യാകാശത്തിലോ എന്ന വ്യത്യാസംകൂടാതെ, അല്ലാഹു ഉദ്ദേശിക്കുമ്പോൾ, അവൻ ഉദ്ദേശിച്ചപ്രകാരം എല്ലാം സംഭവിക്കുന്നുവെന്ന് മാത്രം. അപ്പോൾ, ഇങ്ങനെയുള്ള ആപൽസന്ധികളിൽ അകപ്പെടാതെ രക്ഷപ്പെടുകയെന്നത് മനുഷ്യന്റെ കഴിവിനെയല്ല, അല്ലാഹുവിന്റെ കാരുണ്യത്തെയാണ് യഥാർത്ഥത്തിൽ ആശ്രയിക്കുന്നത് എന്ന് വ്യക്തമത്രെ.

وَإِذَا قِيلَ لَهُمُ ٱتَّقُوا۟ مَا بَيْنَ أَيْدِيكُمْ وَمَا خَلْفَكُمْ لَعَلَّكُمْ تُرْحَمُونَ ﴿٤٥﴾

﴾45﴿ 'നിങ്ങളുടെ മുമ്പിലുള്ളതും, നിങ്ങളുടെ പിമ്പിലുള്ളതും നിങ്ങൾ സൂക്ഷിക്കണം, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം,' എന്ന് അവരോട് പറയപ്പെട്ടാൽ (അവർ തിരിഞ്ഞുകളയുന്നു)!

وَمَا تَأْتِيهِم مِّنْ ءَايَةٍ مِّنْ ءَايَٰتِ رَبِّهِمْ إِلَّا كَانُوا۟ عَنْهَا مُعْرِضِينَ ﴿٤٦﴾

﴾46﴿ അവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ട ഏതൊരു ദൃഷ്ടാന്തവും വരുന്നില്ല, അവരതിൽനിന്ന് തിരിഞ്ഞുകളയുന്നവരായിട്ടല്ലാതെ.

﴾45﴿ وَإِذَاقِيلَ لَهُمُ അവരോട് പറയപ്പെട്ടാൽ اتَّقُوا നിങ്ങൾ സൂക്ഷിക്കുവിൻ എന്ന് مَابَيْنَ أَيْدِيكُمْ നിങ്ങളുടെ മുമ്പിലുള്ളത് وَمَاخَلْفَكُمْ നിങ്ങളുടെ പിമ്പിലുള്ളതും لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ تُرْحَمُونَ നിങ്ങൾ കരുണ ചെയ്യപ്പെടും ﴾46﴿ وَمَاتَأْتِيهِمْ അവർക്ക് വരുകയില്ല مِنْ آيَةٍ ഒരു ദൃഷ്ടാന്തവും مِنْ آيَاتِ ദൃഷ്ടാന്തങ്ങളിൽപെട്ട رَبِّهِمْ തങ്ങളുടെ റബ്ബിന്റെ إِلَّا كَانُوا അവരാകാതെ عَنْهَا അതിൽനിന്ന് مُعْرِضِينَ തിരിഞ്ഞുപോകുന്ന (അവഗണിക്കുന്ന)വർ

'മുമ്പിലുള്ളത്' എന്ന് പറഞ്ഞത്, മുൻസമുദായങ്ങൾക്ക് ബാധിച്ചതുപോലെയുള്ള ഐഹികശിക്ഷകളും, 'പിമ്പിലുള്ളത്' എന്ന് പറഞ്ഞത് വരാനിരിക്കുന്ന പരലോകശിക്ഷയുമാകുന്നു.

وَإِذَا قِيلَ لَهُمْ أَنفِقُوا۟ مِمَّا رَزَقَكُمُ ٱللَّهُ

﴾47﴿ 'നിങ്ങൾക്ക് അല്ലാഹു നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചിലവഴിക്കുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ,-

قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَنُطْعِمُ مَن لَّوْ يَشَآءُ ٱللَّهُ أَطْعَمَهُۥٓ إِنْ أَنتُمْ إِلَّا فِى ضَلَٰلٍ مُّبِينٍ ﴿٤٧﴾

(ആ) അവിശ്വസിച്ചവർ വിശ്വസിച്ചിട്ടുള്ളവരോട് പറയും: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ ഭക്ഷണം കൊടുക്കുമായിരുന്നവർക്ക് ഞങ്ങൾ ഭക്ഷണം കൊടുക്കുകയോ?! നിങ്ങൾ സ്പഷ്ടമായ വഴിപിഴവില്ലാതെ (മറ്റൊന്നും) അല്ല.'

﴾47﴿ وَإِذَاقِيلَ لَهُمْ അവരോട് പറയപ്പെട്ടാൽ أَنْفِقُوا നിങ്ങൾ ചിലവഴിക്കുവിൻ എന്ന്

ٱلَّذِينَ كَفَرُوا۟ അവിശ്വസിച്ചവര്‍ لِلَّذِينَ آمَنُوا۟ വിശ്വസിച്ചവരോട് أَنُطْعِمُ ഞങ്ങള്‍ ഭക്ഷണം നല്‍കുകയോ مَن ഒരുവര്‍ക്ക്, ഒരുവന് لَّوْ يَشَآءُ ٱللَّهُ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കില്‍ أَطْعَمَهُۥ അവന്ന് അവന്‍ ഭക്ഷണം നല്‍കുമായിരുന്നു إِنْ أَنتُمْ നിങ്ങളല്ല إِلَّا فِى ضَلَٰلٍ വഴിപിഴവിലല്ലാതെ مُّبِينٍ സ്പഷ്ടമായ

ധനികന്‍മാരായ പലരിലും ഇന്നും കാണപ്പെടാറുള്ള ഒരു മനോഭാവമാണിത്: സാധുക്കളും, പാവങ്ങളുമായ ആളുകള്‍ക്ക് സുഖവും സമ്പത്തും കൊടുക്കുവാന്‍ ആല്ലാഹു ഉദ്ദേശിക്കാത്തതുകൊണ്ട് അവര്‍ക്കത് ലഭിക്കാത്തതാണ്. ആ സ്ഥിതിക്ക് അവര്‍ക്ക് ഞങ്ങളെന്തിന് സഹായം നല്‍കണം?! അവര്‍ക്ക് വേണമെങ്കില്‍ അല്ലാഹു കൊടുത്തുകൊള്ളുമല്ലോ. ഇതാണവരുടെ നില. സാധുക്കളെ സഹായിക്കുവാനും, സല്‍കാര്യങ്ങളില്‍ ചിലവഴിക്കുവാനും ഉപദേശിക്കുന്നവരോട് ഇത് തുറന്ന് പറയുവാനും, അവരെ പരിഹസിക്കുവാനും ധൈര്യപ്പെടുന്നവരും ഇല്ലാതില്ല. ധനം ഒരു പരീക്ഷണം മാത്രമാണ്. അത് ആര്‍ക്കും സ്ഥിരാവകാശമല്ല; അല്ലാഹു തല്‍ക്കാലം അവരുടെ കൈവശം കൊടുത്തിരിക്കുന്നുവെന്നേയുള്ളൂ എന്നൊന്നും അവര്‍ ഓര്‍ക്കുന്നില്ല. ഈ മനോഭാവവും, ഈ ന്യായവാദവും അല്ലാഹുവില്‍ വിശ്വസിക്കുന്ന ഒരാള്‍ക്ക് യോജിച്ചതല്ലെന്നും, ഇത് അവിശ്വാസികളുടെ സ്വഭാവമാണെന്നും ഈ വചനങ്ങളില്‍നിന്ന് മനസ്സിലാക്കാവുന്നതാണ്.

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٤٨﴾

﴾48﴿ അവര്‍ പറയുന്നു: 'എപ്പോഴാണ് ഈ വാഗ്ദാനം (സംഭവിക്കുക)- നിങ്ങള്‍ സത്യവാന്‍മാരാണെങ്കില്‍?!'

مَا يَنظُرُونَ إِلَّا صَيْحَةً وَٰحِدَةً تَأْخُذُهُمْ وَهُمْ يَخِصِّمُونَ ﴿٤٩﴾

﴾49﴿ ഒരൊറ്റ ഘോരശബ്ദത്തെ അല്ലാതെ അവര്‍ നോക്കി (ക്കാത്തു) കൊണ്ടിരിക്കുന്നില്ല: അവര്‍ (തര്‍ക്കിച്ച്) വഴക്ക് കൂട്ടിക്കൊണ്ടിരിക്കെ അതവരെ പിടികൂടുന്നതാണ്.

فَلَا يَسْتَطِيعُونَ تَوْصِيَةً وَلَآ إِلَىٰٓ أَهْلِهِمْ يَرْجِعُونَ ﴿٥٠﴾

﴾50﴿ അപ്പോള്‍, വല്ല വസ്വിയ്യത്തും ചെയ്യാന്‍ അവര്‍ക്ക് സാദ്ധ്യമാകുകയില്ല; അവരുടെ സ്വന്തക്കാരിലേക്ക് അവര്‍ മടങ്ങിച്ചെല്ലുകയുമില്ല.

﴾48﴿ وَيَقُولُونَ അവര്‍ പറയുന്നു مَتَىٰ എപ്പോഴാണ് هَٰذَا ٱلْوَعْدُ ഈ വാഗ്ദാനം, വാഗ്ദത്തം إِن كُنتُمْ നിങ്ങളാണെങ്കില്‍ صَٰدِقِينَ സത്യം പറയുന്നവര്‍ ﴾49﴿ مَا يَنظُرُونَ അവര്‍ നോക്കിക്കൊണ്ടിരിക്കുന്നില്ല إِلَّا صَيْحَةً ഒരു ഘോരശബ്ദം (അട്ടഹാസം) അല്ലാതെ وَٰحِدَةً ഒരേ, ഒന്ന് تَأْخُذُهُمْ അതവരെ പിടികൂടും وَهُمْ അവരായിരിക്കെ يَخِصِّمُونَ തര്‍ക്കിക്കുക, വഴക്കടിച്ചുകൊണ്ടിരിക്കുക ﴾50﴿ فَلَا يَسْتَطِيعُونَ അപ്പോഴവര്‍ക്ക് സാധിക്കയില്ല

تَوْصِيَةً വല്ല വസ്വിയ്യത്തിനും وَلَا إِلَىٰٓ أَهْلِهِمْ അവരുടെ സ്വന്തക്കാരിലേക്ക് (കുടുംബത്തിലേക്ക്) ഇല്ലതാനും يَرْجِعُونَ അവർ മടങ്ങിച്ചെല്ലും

'വാഗ്ദാനം' (الْوَعْد) കൊണ്ടുദ്ദേശ്യം ലോകാവസാന സമയമാകുന്നു. മുശ്‌രിക്കുകൾ അന്ത്യനാളിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ടാണ് അതെപ്പോഴാണുണ്ടാകുക എന്ന് അവർ പരിഹാസപൂർവ്വം ചോദിക്കുന്നത്. അത് സംഭവിക്കുന്ന സമയത്തെക്കുറിച്ചല്ല അവർ അന്വേഷിക്കേണ്ടത്; അത് ആർക്കും അറിയുകയില്ല; അല്ലാഹുവിന് മാത്രമേ അറിയൂ; പക്ഷേ, അത് സംഭവിക്കുന്നത് വളരെ പെട്ടെന്നായിരിക്കും; അവർ അന്യോന്യം തർക്കിച്ചും വഴക്കടിച്ചും കൊണ്ടിരിക്കുന്നതിനിടയിൽ- ഒരു മുന്നറിയിപ്പും കൂടാതെ- വമ്പിച്ച ഒരു ഘോരശബ്ദം ഉണ്ടായേക്കും. അത്ര മാത്രം! എല്ലാവരും അതോടെ നാശമടയും. അത് വന്നുകഴിഞ്ഞാൽ, സാധാരണപോലെ വല്ല വസ്വിയ്യത്തും ചെയ്യാനോ, കുടുംബത്തിലേക്ക് പോയിച്ചേരുവാനോ ഒന്നുംതന്നെ ആർക്കും സാധ്യമല്ല. എന്നൊക്കെയാണ് മറുപടിയുടെ സാരം. അല്ലാഹു പറയുന്നു:

وَمَآ أَمْرُ ٱلسَّاعَةِ إِلَّا كَلَمْحِ ٱلْبَصَرِ أَوْ هُوَ أَقْرَبُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٧٧﴾ [النحل]

(അന്ത്യസമയത്തിന്റെ കാര്യം കണ്ണിമവെട്ടുന്നതുപോലെയല്ലാതെ മറ്റൊന്നുമല്ല. അഥവാ അത് അതിനെക്കാൾ സമീപത്തിലായിരിക്കും. അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. (സൂ: നഹ്ൽ : 77)

ഒരു ഘോരശബ്ദം (صَيْحَةً) എന്ന് പറഞ്ഞത്, ഈ ലോകം അവസാനിക്കുകയും, എല്ലാവരും നാശമടയുകയും ചെയ്യുന്നതിനുള്ള ഒന്നാമത്തെ കാഹളമൂത്തിനെ ഉദ്ദേശിച്ചാകുന്നു. പിന്നീട് പുനരുത്ഥാനത്തിനുവേണ്ടിയുള്ള രണ്ടാമതൊരു ഊത്തും ഉണ്ടാകുന്നതാണ്. ഇതിനെക്കുറിച്ചാണ് അടുത്ത വചനത്തിൽ 'കാഹളത്തിൽ ഊതപ്പെടു' മെന്നും, 53-ാം വചനത്തിൻ 'ഒരു ഘോരശബ്ദം' എന്നും പറഞ്ഞിരിക്കുന്നത്.

വിഭാഗം - 4

وَنُفِخَ فِى ٱلصُّورِ فَإِذَا هُم مِّنَ ٱلْأَجْدَاثِ إِلَىٰ رَبِّهِمْ يَنسِلُونَ ﴿٥١﴾

﴿51﴾ കാഹളത്തിൽ ഊതപ്പെടും. അപ്പോഴേക്കും അവരതാ 'ക്വബ്റു' കളിൽനിന്ന് തങ്ങളുടെ റബ്ബിങ്കലേക്ക് ബദ്ധപ്പെട്ടുവരുന്നതാണ്!

قَالُوا۟ يَـٰوَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَا ۜ

﴿52﴾ അവർ പറയും: 'ഞങ്ങളുടെ നാശമേ! ആരാണ് ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് ഞങ്ങളെ (ഉയിർത്ത്) എഴുന്നേൽപിച്ചത്?!

هَـٰذَا مَا وَعَدَ ٱلرَّحْمَـٰنُ وَصَدَقَ ٱلْمُرْسَلُونَ ﴿٥٢﴾

ഇത് പരമകാരുണികനായുള്ളവൻ നമ്മോട് വാഗ്ദാനം ചെയ്കയും, 'മുർസലു'കൾ സത്യം പറയുകയും

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ചെയ്തിട്ടുള്ളതാകുന്നു.'

إِن كَانَتْ إِلَّا صَيْحَةً وَاحِدَةً فَإِذَا هُمْ جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٥٣﴾

《53》 അത് ഒരേ ഒരു ഘോര ശബ്ദം അല്ലാതെ (മറ്റൊന്നും) ആയിരിക്കയില്ല. അപ്പോഴേക്കും അവരതാ, മുഴുവൻ നമ്മുടെ അടുക്കൽ ഹാജരാക്കപ്പെട്ടവരായിരിക്കും.

فَالْيَوْمَ لَا تُظْلَمُ نَفْسٌ شَيْئًا وَلَا تُجْزَوْنَ إِلَّا مَا كُنتُمْ تَعْمَلُونَ ﴿٥٤﴾

《54》 അന്ന് ഒരാളോടുംതന്നെ ഒട്ടും അനീതി ചെയ്യപ്പെടുന്നതല്ല; നിങ്ങൾ പ്രവർത്തിച്ചിരുന്നതിനല്ലാതെ, നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല.

《51》 وَنُفِخَ ഊതപ്പെടും فِي الصُّورِ കൊമ്പിൽ, കാഹളത്തിൽ فَإِذَاهُمْ അപ്പോൾ അവരതാ مِنَ الْأَجْدَاثِ ഖബ്റ് (ശവക്കുഴി, ശ്മശാനം) കളിൽ നിന്ന് إِلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിങ്കലേക്ക് يَنسِلُونَ ബദ്ധപ്പെട്ടുവരുന്നു 《52》 قَالُوا അവർ പറയും يَاوَيْلَنَا ഞങ്ങളുടെ നാശമേ, കഷ്ടമേ مَنۢ بَعَثَنَا ഞങ്ങളെ എഴുന്നേൽപിച്ചതാരാണ് مِن مَّرْقَدِنَا ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് هَٰذَا ഇത് مَاوَعَدَ വാഗ്ദാനം ചെയ്തതാണ് الرَّحْمَٰنُ പരമകാരുണികൻ وَصَدَقَ സത്യം പറയുകയും ചെയ്തു الْمُرْسَلُونَ മുർസലുകൾ 《53》 إِن كَانَتْ അതായിരിക്കയില്ല إِلَّا صَيْحَةً وَاحِدَةً ഒരേ ഒരു ഘോരശബ്ദമല്ലാതെ فَإِذَاهُمْ അപ്പോൾ അവരതാ جَمِيعٌ മുഴുവനും لَدَيْنَا നമ്മുടെ അടുക്കൽ مُحْضَرُونَ ഹാജരാക്കപ്പെട്ടവരായിരിക്കും 《54》 فَالْيَوْمَ അന്ന്, ആ ദിവസം لَا تُظْلَمُ അനീതി (അക്രമം) ചെയ്യപ്പെടുകയില്ല نَفْسٌ ഒരു ദേഹവും, ഒരാളോടും شَيْئًا ഒട്ടും, യാതൊന്നും وَلَا تُجْزَوْنَ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല إِلَّا مَا യാതൊന്നിന്നല്ലാതെ كُنتُمْ تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചിരുന്നതായ

ഒന്നാമത്തെ കാഹളം ഊത്തിൽ എല്ലാവരും നാശമടയുകയും, പിന്നീട് അല്ലാഹു ഉദ്ദേശിച്ച കാലം കഴിഞ്ഞശേഷം ഉണ്ടാകുന്ന രണ്ടാമത്തെ ഊത്തിൽ എല്ലാവരും പുനർജ്ജീവിപ്പിക്കപ്പെടുകയും, അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നു. പുനരെഴുന്നേൽപ്പിന്റെ ഊത്തുണ്ടാകുമ്പോൾ ജനങ്ങൾ 'മഹ്ശറി'ലേക്ക് ധൃതിപ്പെട്ട് ചെല്ലുന്നതിനെപ്പറ്റി സൂ: മആരിജി (الْمَعَارِج)ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: يَوْمَ يَخْرُجُونَ مِنَ الْأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَىٰ نُصُبٍ يُوفِضُونَ (ഒരു കുറി നാട്ടിയതിലേക്ക് പാഞ്ഞുചെല്ലുന്നപ്രകാരം ധൃതിപ്പെട്ടുകൊണ്ട് അവർ ഖബ്റുകളിൽനിന്ന് പുറത്തുവരുന്ന ദിവസം!- 70: 43)

പെട്ടെന്നുണ്ടാകുന്ന അതിഭയാനകമായ ഈ സംഭവവികാസത്തിൽ മനുഷ്യൻ അമ്പരന്നുപോകുന്നു. ഈ അവസരത്തിൽ അവിശ്വാസികളുടെ ഭയവും, പരിഭ്രമവും എത്രമാ

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ത്രമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. തങ്ങൾ ഇപ്പോൾ നേരിൽതന്നെ കണ്ടുകഴിഞ്ഞ ഈ പരലോകജീവിതത്തെ അപേക്ഷിച്ചുനോക്കുമ്പോൾ ഇതേവരെ ക്വബ്റുകളിൽ തങ്ങൾ വിശ്രമിച്ചുകിടക്കുകയായിരുന്നുവെന്ന് അവർക്ക് തോന്നിപ്പോകും. അങ്ങനെ, പരിഭ്രമത്തിന്റെ കാഠിന്യം നിമിത്തം അവർ സ്വയം പറയും: 'കഷ്ടമേ! ആരാണ് ഞങ്ങൾ ഉറങ്ങിക്കിടന്നിരുന്നേടത്തുനിന്ന് ഞങ്ങളെ എഴുന്നേൽപിച്ചത്?!' 48-ാം വചനത്തിലും മറ്റും അല്ലാഹു പ്രസ്താവിച്ചതുപോലെ, അന്ത്യനാളിലും പരലോകത്തിലും വിശ്വസിക്കാത്തവർ 'എപ്പോഴാണ് ഈ വാഗ്ദാനം ഉണ്ടാവുക' (مَتَى هَٰذَا الْوَعْدُ) എന്നും മറ്റും പറഞ്ഞു പരിഹസിച്ചിരുന്നുവല്ലോ. ഇപ്പോൾ അതെല്ലാം തികച്ചും യാഥാർത്ഥ്യങ്ങളാണെന്ന് അവർ അനുഭവിച്ചറിഞ്ഞു. ഇതൊക്കെത്തന്നെയാണ് അല്ലാഹു തങ്ങളോട് വാഗ്ദാനം ചെയ്തിരുന്നതെന്നും, ദൈവദൂതൻമാർ തങ്ങളോട് പറഞ്ഞിരുന്നതെല്ലാം വാസ്തവമായിരുന്നുവെന്നും അവർക്ക് തികച്ചും ബോധ്യപ്പെട്ടിരിക്കയാണ്. പക്ഷേ, ഈ അവസരത്തിൽ ബോധ്യപ്പെട്ടതുകൊണ്ട് കാര്യമില്ലതാനും.

مَن بَعَثَنَا مِن مَّرْقَدِنَا (ഞങ്ങളെ ഉറങ്ങിയേടത്തുനിന്ന് എഴുന്നേൽപിച്ചതാരാണ്.) എന്ന് പറഞ്ഞതുകൊണ്ട്, മരണശേഷം പുനരുത്ഥാനം വരെയുള്ള കാലത്ത് എല്ലാവരും ക്വബ്റുകളിൽ- ഓരോരുത്തരും അടക്കപ്പെട്ട സ്ഥാനങ്ങളിൽ- യഥാർത്ഥത്തിൽ ഉറക്കത്തിൽതന്നെയായിരുന്നുവെന്നോ, ആ കാലത്ത് പാപികൾക്ക് ശിക്ഷാമയമായ ചില അനുഭവങ്ങളും, സജ്ജനങ്ങൾക്ക് സുഖകരമായ ചില അനുഭവങ്ങളും ഉണ്ടായിരുന്നില്ലെന്നോ ധരിക്കേണ്ടതില്ല. സുഖകരമായ ഒരവസ്ഥയ്ക്കു ശേഷം, അതിനെക്കാൾ ഉയർന്ന തരത്തിലുള്ള ഒരു സൗഖ്യാവസ്ഥ കൈവരുമ്പോൾ, അതിന് മുമ്പത്തെ അവസ്ഥയെ നിസ്സാരമായി ഗണിക്കലും, ഒരു വിഷമാവസ്ഥക്കുശേഷം അതിനെക്കാൾ വമ്പിച്ച ഒരു വിഷമഘട്ടം നേരിടുമ്പോൾ മുമ്പത്തെ വിഷമം മറന്ന് പോകലും മനുഷ്യന്റെ പതിവാണ്. എന്നിരിക്കെ, പരലോകത്തെ ശിക്ഷകളും, മുമ്പ് ഊഹിക്കുവാൻപോലും സാധ്യമല്ലാതിരുന്ന പല യാഥാർത്ഥ്യങ്ങളും അനുഭവത്തിൽ വരുമ്പോൾ, അതിന് മുമ്പത്തെ ഏതനുഭവങ്ങളും കേവലം നിസ്സാരവും, സുഖകരവുമായിത്തോന്നാതിരിക്കുമോ?! മഹ്ശറിലേക്ക് ഉയിർത്തെഴുന്നേൽക്കുന്നതിനുമുമ്പായി അവർക്ക് അല്ലാഹു ഒരു യഥാർത്ഥ ഉറക്ക്തന്നെ നൽകുന്നതാണെന്ന് ഉബയ്യുബ്നു കഅ്ബും (റ) മറ്റും പ്രസ്താവിച്ചതായി ഇബ്നു അബീഹാതിം (റ) മുതലായവർ നിവേദനം ചെയ്തിരിക്കുന്നു. ഇത് ശരിയാണെങ്കിൽ വിഷയം കൂടുതൽ സ്പഷ്ടമാണ് താനും.

ക്വബ്റിൽവെച്ച് കുറ്റവാളികൾക്ക് ശിക്ഷ അനുഭവപ്പെടുന്നതിനെ നിഷേധിക്കുന്നവർ ഈ വാക്യം തങ്ങൾക്ക് തെളിവായി ഉദ്ധരിക്കാറുണ്ട്. മരണപ്പെട്ടവർ പുനരുത്ഥാനം വരെ ഉറങ്ങിക്കിടക്കുകയായിരിക്കുമെന്ന് ഈ വാക്യത്തിൽനിന്ന് വ്യക്തമാണ്താനും, അതുകൊണ്ട് അവർക്ക് ക്വബ്റിൽവെച്ച് ശിക്ഷ അനുഭവപ്പെടുമെന്ന് പറയുന്നത് ശരിയല്ലെന്നുമാണ് അവരുടെ വാദം. പക്ഷേ, സജ്ജനങ്ങൾക്ക് സന്തോഷത്തിന്റെയും, ദുർജ്ജനങ്ങൾക്ക് സന്താപത്തിന്റെയും അനുഭവങ്ങൾ ക്വബ്റിൽവെച്ച് ഉണ്ടാകുമെന്ന് അനേകം ഹദീഥുകളിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതാണ്. ചില ക്വുർആൻ വചനങ്ങളിൽനിന്നും അത് മനസ്സിലാക്കാവുന്നതുമാണ്. (ഈ സൂറത്തിന്റെ അവസാനത്തിൽ കൊടുത്തിട്ടുള്ള വ്യാഖ്യാനക്കുറിപ്പ് നോക്കുക.) എന്നിരിക്കെ ഈ വാദം തികച്ചും തെറ്റായതും, ഇസ്‌ലാമിന്റെ പ്രമാണങ്ങൾക്ക് വിരുദ്ധമായതുമാണെന്നതിൽ സംശയമില്ല. അതുകൊണ്ട് പ്രസ്തുത വാക്യത്തിന് എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളും നൽകിയിട്ടുള്ളതും, മുകളിൽ കണ്ടതുമായ വ്യാഖ്യാനം നൽകുവാനേ നിവൃത്തിയുള്ളൂ.

അവിശ്വാസികളെപ്പറ്റി പ്രസ്താവിച്ചശേഷം, സത്യവിശ്വാസികളെക്കുറിച്ച് പ്രസ്താവിക്കുന്നു:-

إِنَّ أَصْحَٰبَ ٱلْجَنَّةِ ٱلْيَوْمَ فِى شُغُلٍ فَٰكِهُونَ ﴿٥٥﴾

﴿55﴾ നിശ്ചയമായും സ്വർഗത്തിന്റെ ആൾക്കാർ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖം ആസ്വദിക്കുന്നവരായിരിക്കും.

هُمْ وَأَزْوَٰجُهُمْ فِى ظِلَٰلٍ عَلَى ٱلْأَرَآئِكِ مُتَّكِـُٔونَ ﴿٥٦﴾

﴿56﴾ അവരും, അവരുടെ ഇണകളും തണലുകളിൽ, അലങ്കൃത സോഫകളിൽ (സുഖമായി) ചാരിയിരിക്കുന്നവരായിരിക്കും.

لَهُمْ فِيهَا فَٰكِهَةٌ وَلَهُم مَّا يَدَّعُونَ ﴿٥٧﴾

﴿57﴾ അവർക്ക് (സുഖഭോജ്യങ്ങളായ) ഫലവർഗം അതിലുണ്ട്; അവർ എന്താവശ്യപ്പെടുന്നുവോ അതും അവർക്ക് (അവിടെ) ഉണ്ട്.

سَلَٰمٌ قَوْلًا مِّن رَّبٍّ رَّحِيمٍ ﴿٥٨﴾

﴿58﴾ 'സലാം' [സമാധാനശാന്തി]! കരുണാനിധിയായ ഒരു രക്ഷിതാവിങ്കൽനിന്നുള്ള വചനം (തന്നെ)!!

﴿55﴾ إِنَّ أَصْحَابَ الْجَنَّةِ നിശ്ചയമായും സ്വർഗക്കാർ الْيَوْمَ അന്ന് فِي شُغُلٍ ഓരോ ജോലിയിൽ, ഏർപ്പാടിൽ فَاكِهُونَ സുഖമാസ്വദിക്കുന്ന (ആനന്ദിക്കുന്ന) വരായിരിക്കും ﴿56﴾ هُمْ അവർ وَأَزْوَاجُهُمْ അവരുടെ ഇണകളും (ഭാര്യാഭർത്താക്കൾ) فِي ظِلَالٍ തണലുകളിൽ عَلَى الْأَرَائِكِ അലങ്കൃത കട്ടിലു(സോഫ)കളിൽ مُتَّكِئُونَ ചാരി ഇരിക്കുന്നവരായിരിക്കും. ﴿57﴾ لَهُمْ فِيهَا അതിൽ അവർക്കുണ്ട് فَاكِهَةٌ (സുഖഭോജനത്തിനുള്ള) പഴങ്ങൾ, ഫലവർഗം وَلَهُمْ അവർക്കുണ്ട്താനും مَا يَدَّعُونَ അവർ ആവശ്യപ്പെടുന്നത് ﴿58﴾ سَلَامٌ സലാം, സമാധാനശാന്തി قَوْلًا വചനം, വാക്ക് (തന്നെ) مِنْ رَبٍّ ഒരു രക്ഷിതാവിൽനിന്നുള്ള رَحِيمٍ കരുണാനിധിയായ

സ്വർഗസ്ഥരായ സജ്ജനങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുന്നതോടെ അവർക്ക് ആനന്ദസമ്പൂർണവും, വിഭവസമൃദ്ധവുമായ സുഖസൗകര്യങ്ങൾ ലഭിക്കുകയും, അവർ അതിൽ വ്യാപൃതരാകുകയും ചെയ്യുന്നു. മറ്റു ചിന്തകളോ, മനോവിചാരങ്ങളോ അവർക്കുണ്ടാകുന്നതല്ല. ഇണകൾ– ഭാര്യാഭർത്താക്കൾ– ഒന്നിച്ച് വിവിധ സുഖാഡംബരങ്ങളിൽ അവർ മുഴുകിക്കൊണ്ടിരിക്കും. ഒരു ഹദീഥിൽ നബി ﷺ പറഞ്ഞതുപോലെ, ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെ ഹൃദയത്തിലും തോന്നിയിട്ടില്ലാത്തതുമായ സുഖസൗകര്യങ്ങളായിരിക്കും അല്ലാഹു അവന്റെ സദ്വൃത്തരായ അടിയാൻമാർക്ക് തയ്യാറാക്കിവെച്ചിരിക്കുക. (ബു: മു.) സന്തോഷത്തിനും, രസത്തിനുംവേണ്ടി കഴിക്കുന്ന പഴങ്ങൾ മുതലായ ഭോജ്യവസ്തുക്കൾക്കാണ് فَاكِهَةٌ എന്ന് പറയുന്നത്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

സൂ: അഹ്സാബ് 44 ലും അതിന്റെ വ്യാഖ്യാനത്തിലും കണ്ടതുപോലെ, അവർക്ക് എല്ലാവരിൽനിന്നും 'സലാമി'ന്റെ ഉപചാരവും സ്വീകരണവും ലഭിച്ചുകൊണ്ടിരിക്കും. അതിൽവെച്ച് ഏറ്റവും ഭാഗ്യകരവും, ഏറ്റവും ഉന്നതവുമായതത്രെ, അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന ഉപചാരവചനം. അതെ, അല്ലാഹുവിന്റെ സലാം. ഇങ്ങനെയുള്ള മഹാഭാഗ്യവാൻമാരിൽ കരുണാനിധിയായ റബ്ബ് നമ്മെയെല്ലാം ഉൾപ്പെടുത്തി. അനുഗ്രഹിക്കട്ടെ, ആമീൻ; അവിശ്വാസികളോട് അന്ന് ഇപ്രകാരം പറയപ്പെടും:-

وَٱمْتَـٰزُوا۟ ٱلْيَوْمَ أَيُّهَا ٱلْمُجْرِمُونَ ﴿٥٩﴾

《59》 'നിങ്ങൾ ഇന്ന് വേർതിരിഞ്ഞു നിൽക്കുവിൻ- ഹേ, കുറ്റവാളികളേ!

۞ أَلَمْ أَعْهَدْ إِلَيْكُمْ يَـٰبَنِىٓ ءَادَمَ أَن لَّا تَعْبُدُوا۟ ٱلشَّيْطَـٰنَ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾

《60》 'നിങ്ങൾക്ക് ഞാൻ ആജ്ഞാപനം നൽകിയില്ലേ- ആദമിന്റെ മക്കളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത്; നിശ്ചയമായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ് എന്ന്?!

وَأَنِ ٱعْبُدُونِى ۚ هَـٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

《61》 'നിങ്ങൾ എന്നെ ആരാധിക്കണം; ഇതാ, നേരെ ചൊവ്വായ പാത എന്നും?!

وَلَقَدْ أَضَلَّ مِنكُمْ جِبِلًّا كَثِيرًا ۖ أَفَلَمْ تَكُونُوا۟ تَعْقِلُونَ ﴿٦٢﴾

《62》 'തീർച്ചയായും, അവൻ നിങ്ങളിൽനിന്ന് വളരെ ജനസമൂഹത്തെ വഴിപിഴപ്പിച്ചിട്ടുണ്ട്. എന്നിട്ടും നിങ്ങൾ (ബുദ്ധികൊടുത്ത്) മനസ്സിരുത്തിയിരുന്നില്ലേ?!

هَـٰذِهِۦ جَهَنَّمُ ٱلَّتِى كُنتُمْ تُوعَدُونَ ﴿٦٣﴾

《63》 'ഇതാ, നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന 'ജഹന്നം' [നരകം]!-

ٱصْلَوْهَا ٱلْيَوْمَ بِمَا كُنتُمْ تَكْفُرُونَ ﴿٦٤﴾

《64》 'നിങ്ങൾ അവിശ്വസിച്ചിരുന്നത് നിമിത്തം' ഇന്ന് നിങ്ങളതിൽ (കടന്ന്) ചൂടേറ്റുകൊള്ളുവിൻ!!'

《59》 وَامْتَازُوا നിങ്ങൾ വേറിടുവിൻ الْيَوْمَ ഇന്ന് أَيُّهَا الْمُجْرِمُونَ ഹേ കുറ്റവാളികളേ

﴿60﴾ أَلَمْ أَعْهَدْ ഞാൻ ആജ്ഞ (കല്പന) നൽകിയില്ലേ إِلَيْكُمْ നിങ്ങൾക്ക്, നിങ്ങളിലേക്ക് يَا بَنِي آدَمَ ആദമിന്റെ മക്കളേ, സന്തതികളേ أَن لَّا تَعْبُدُوا നിങ്ങൾ ആരാധിക്കരുതെന്ന് الشَّيْطَانَ പിശാചിനെ إِنَّهُ لَكُمْ നിശ്ചയമായും അവൻ നിങ്ങൾക്ക് عَدُوٌّ مُّبِينٌ പ്രത്യക്ഷശത്രുവാണ് ﴿61﴾ وَأَنِ اعْبُدُونِي നിങ്ങൾ എന്നെ ആരാധിക്കണമെന്നും هَٰذَا ഇതാ, ഇത് صِرَاطٌ പാത (വഴി)യാണ് مُّسْتَقِيمٌ ചൊവ്വായ, നേരായ ﴿62﴾ وَلَقَدْ أَضَلَّ തീർച്ചയായും അവൻ വഴിപിഴപ്പിച്ചിട്ടുണ്ട് مِنكُمْ നിങ്ങളിൽനിന്ന് جِبِلًّا كَثِيرًا വളരെ ജനസമൂഹത്തെ أَفَلَمْ تَكُونُوا അപ്പോൾ (എന്നിട്ടും) നിങ്ങളായിരുന്നില്ലേ تَعْقِلُونَ ബുദ്ധികൊടുക്കുന്ന, മനസ്സിരുത്തുന്ന(വർ) ﴿63﴾ هَٰذِهِ ഇതാ, ഇത് جَهَنَّمُ الَّتِي യാതൊരു ജഹന്നം (നരകം) كُنتُمْ تُوعَدُونَ നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന, താക്കീത് ചെയ്യപ്പെട്ടിരുന്ന ﴿64﴾ اصْلَوْهَا നിങ്ങളതിൽ ചുടേല്ക്കുവിൻ, കടന്ന് കരിയുവിൻ الْيَوْمَ ഇന്ന് بِمَا كُنتُمْ നിങ്ങളായിരുന്നത് നിമിത്തം تَكْفُرُونَ നിങ്ങൾ അവിശ്വസിക്കുക

ഇതായിരിക്കും അന്ന് കുറ്റവാളികളായ അവിശ്വാസികളോട് മഹ്ശറിൽവെച്ച് പറയപ്പെടുക! ഇതിൽപരം സങ്കടകരമായി മറ്റെന്താണുള്ളത്?! കരുണാനിധിയായ റബ്ബ് നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

يَا بَنِي آدَمَ (ആദമിന്റെ മക്കളേ) എന്ന് വിളിച്ചുകൊണ്ട് പിശാചിനെ ആരാധിച്ചുവന്ന അവിശ്വാസികളെ ആക്ഷേപിക്കുന്നത് വളരെ അർത്ഥഗർഭമാണ്. നിങ്ങളുടെ പിതാവായ ആദം മുതൽക്കുതന്നെ അവൻ നിങ്ങളുടെ സ്ഥിരം ശത്രുവാണ്; അദ്ദേഹത്തോടും, അദ്ദേഹത്തിന്റെ സന്തതികളായ നിങ്ങളോടും അവനെപ്പറ്റി ഞാൻ വളരെ താക്കീത് ചെയ്തിട്ടുമുണ്ട്. എന്നിട്ട് പിന്നെയും ഇത്രയധികം ജനസമൂഹത്തെ അവൻ പിഴിപ്പിച്ചുകളഞ്ഞു. നിങ്ങൾക്ക് ബുദ്ധിയുണ്ടായിരുന്നില്ലേ?! നിങ്ങൾ ഒട്ടും ബുദ്ധികൊടുത്ത് ആലോചിച്ചില്ലേ?! എന്ന് സാരം. മനുഷ്യപിതാവായ ആദം നബി (അ)ക്ക് സുജൂദ് ചെയ്യാൻ പിശാച് കൂട്ടാക്കാതിരിക്കുകയും, അവൻ അദ്ദേഹത്തെ സ്വർഗത്തിൽ നിന്ന് പുറത്താക്കുവാൻ തന്ത്രം പ്രയോഗിക്കുകയും ചെയ്ത സംഭവം വിവരിച്ചശേഷം, സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു: 'ആദമിന്റെ മക്കളേ, പിശാച് നിങ്ങളുടെ മാതാപിതാക്കളെ സ്വർഗത്തിൽനിന്ന് പുറത്താക്കിയതുപോലെ, നിങ്ങളെ അവൻ കുഴപ്പത്തിലാക്കാതിരുന്നുകൊള്ളട്ടെ!

(يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ – الاعراف :٢٧)

تَعْبُدُوا الشَّيْطَانَ (പിശാചിനെ ആരാധിക്കുക) എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം അവനെ അനുസരിക്കുക (تطيعوه) എന്നാണെന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ പറയുന്നത്. അവന്റെ ദുഷ്പ്രേരണയിൽ കുടുങ്ങിയും അതിനെ അനുസരിച്ചുമാണല്ലോ മനുഷ്യൻ വഴിപിഴക്കുന്നത്. വാസ്തവത്തിൽ, പിശാചിനെ അനുസരിക്കുക മാത്രമല്ല മനുഷ്യൻ ചെയ്യാറുള്ളത്. പിശാചിന്– വിഗ്രഹങ്ങൾക്കും മറ്റുമെന്നപോലെ– യഥാർത്ഥ ആരാധനാ കർമങ്ങൾ നടത്തലും ചിലരുടെ പതിവായിരുന്നു. ഇന്നും പതിവുണ്ട്താനും. (സൂ: സബഉ് 41 ലും അതിന്റെ വിവരണത്തിലും പ്രസ്താവിച്ചത് നോക്കുക) ദേഹേച്ഛകൾക്കനുസരിച്ച് ജീവിക്കുന്നവനെപ്പറ്റി 'അവന്റെ ഇച്ഛയെ അവൻ ദൈവമാക്കി' (**اتَّخَذَ إِلَٰهَهُ هَوَاهُ**) എന്ന് പറയുന്നതുപോലെയുള്ള ഒരു അലങ്കാര പ്രയോഗമാണത്. ('ഇബാദത്തി' ന്റെ അർത്ഥം സൂ: ഫാത്തിഹഃയുടെ വിവരണത്തിൽ നോക്കുക.)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ٱلۡيَوۡمَ نَخۡتِمُ عَلَىٰٓ أَفۡوَٰهِهِمۡ وَتُكَلِّمُنَآ أَيۡدِيهِمۡ وَتَشۡهَدُ أَرۡجُلُهُم بِمَا كَانُواْ يَكۡسِبُونَ ﴿٦٥﴾

《65》 ആ ദിവസം, അവരുടെ വായകളിൽ നാം മുദ്രവെക്കുന്നതാണ്; അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും, അവരുടെ കാലുകൾ അവർ ചെയ്തുകൂട്ടിയിരുന്നതിനെപ്പറ്റി സാക്ഷി പറയുകയും ചെയ്യും.

《65》 ٱلۡيَوۡمَ അന്ന്, ആ ദിവസം نَخۡتِمُ നാം മുദ്ര വെക്കും عَلَىٰٓ أَفۡوَٰهِهِمۡ അവരുടെ വായകളിൽ, വായകൾക്ക് وَتُكَلِّمُنَآ നമ്മോട് സംസാരിക്കയും ചെയ്യും أَيۡدِيهِمۡ അവരുടെ കൈകൾ وَتَشۡهَدُ സാക്ഷി നിൽക്കുക (പറയുക)യും ചെയ്യും أَرۡجُلُهُم അവരുടെ കാലുകൾ بِمَا كَانُواْ അവർ ആയിരുന്നതിനെപ്പറ്റി يَكۡسِبُونَ ചെയ്തുകൂട്ടുക, പ്രവർത്തിച്ചുണ്ടാക്കുക

കുറ്റവാളികൾ മഹ്ശറിൽവെച്ച് തങ്ങളുടെ കുറ്റം നിഷേധിച്ച് നോക്കും. അപ്പോൾ അല്ലാഹു അവരുടെ വായകൾക്ക് മുദ്ര വെക്കുകയും, അവരുടെ അവയവങ്ങൾ അവർക്കെതിരിൽ സാക്ഷി പറയുകയും ചെയ്യും. കൈകാലുകളെക്കുറിച്ച് മാത്രമാണ് ഇവിടെ പ്രസ്താവിച്ചിട്ടുള്ളതെങ്കിലും, അവരുടെ മറ്റ് അവയവങ്ങളെല്ലാം തന്നെ അവ ഓരോന്നും പ്രവർത്തിച്ച കുറ്റങ്ങളെ ഏറ്റുപറയുന്നതാണെന്ന് ഖുർആനിൽ നിന്നും, ഹദീഥിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. ഓരോരുത്തന്റെയും ചെയ്തികൾ അണുവോളം തെറ്റാതെ അറിയുന്ന അല്ലാഹുവാണ് ആ കോടതിയിലെ വിധികർത്താവ്. ഓരോ വ്യക്തിയുടെയും സകല ചെയ്തികളും മലക്കുകളാൽ സവിസ്തരം രേഖപ്പെടുത്തപ്പെട്ടിരിക്കുകയും ചെയ്യും. പ്രവാചകൻമാരുടെയും മറ്റും സാക്ഷ്യങ്ങൾ ഇതിന് പുറമെയും, അതുകൊണ്ടൊന്നും മതിയാക്കാതെ, അവരവരുടെ അവയവങ്ങളാൽ തന്നെ അവരവരുടെ കുറ്റങ്ങൾ തെളിയിച്ച് അല്ലാഹു അവരെ ബോധ്യപ്പെടുത്തുന്നതാകുന്നു.

മഹ്ശറിൽവെച്ച് മുശ്‌രിക്കുകൾ ചോദ്യം ചെയ്യപ്പെടുന്നതിനെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ, സൂ: അൻആമിൽ അല്ലാഹു പറയുന്നു: ثُمَّ لَمۡ تَكُن فِتۡنَتُهُمۡ إِلَّآ أَن قَالُواْ وَٱللَّهِ رَبِّنَا مَا كُنَّا مُشۡرِكِينَ - الانعام : ٢٣ (പിന്നീട് അവരെക്കൊണ്ടുള്ള കുഴപ്പം, 'ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുതന്നെ സത്യം! ഞങ്ങൾ മുശ്‌രിക്കുകളായിരുന്നില്ല.' എന്ന് അവർ പറയുന്നതല്ലാതെ മറ്റൊന്നുമല്ല.) അല്ലാഹുവിന്റെ ശത്രുക്കളാകുന്ന കുറ്റവാളികൾ നരകത്തിന്റെ അടുക്കലേക്ക്കൊണ്ടുവരപ്പെടുന്ന സന്ദർഭം വിവരിച്ചുകൊണ്ട് സൂ; ഹാമീം സജദഃയിൽ ഇപ്രകാരം പറയുന്നു: حَتَّىٰٓ إِذَا مَا جَآءُوهَا - الى قوله : أَنطَقَ كُلَّ شَيۡءٍ (അങ്ങനെ, അവർ അതിനടുത്ത് വരുമ്പോൾ, അവരുടെ കേൾവിയും കാഴ്ചകളും, (ചെവിയും കണ്ണും) തൊലികളും അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. 'നിങ്ങൾ എന്തിനാണ് നമുക്കെതിരിൽ സാക്ഷി പറയുന്നത്?!' എന്ന് അവർ തങ്ങളുടെ തൊലികളോട് ചോദിക്കും. അവ പറയും: 'എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചിരിക്കയാണ്. (41: 20, 21)

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

നബിﷺ പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു: 'ക്വിയാമത്ത്നാളിൽ അടിയാൻ-മനുഷ്യൻ- 'എനിക്ക് എന്നിൽ നിന്നല്ലാതെ (പുറമെ നിന്ന്) സാക്ഷി ലഭിക്കുവാനില്ല' എന്ന് പറയും. അപ്പോൾ, അല്ലാഹു അവന്റെ വായിൽ മുദ്രവെക്കും. അവന്റെ അംഗങ്ങളോട് സംസാരിക്കുവാൻ പറയും. അങ്ങനെ അവൻ ചെയ്ത പ്രവൃത്തികളെപ്പറ്റി അവ സംസാരിക്കും. പിന്നീട് അവന് സംസാരിക്കുവാൻ അവസരം കൊടുക്കും. അപ്പോൾ അവൻ അവയോട് പറയും: നിങ്ങൾക്ക് വിദൂരം! നിങ്ങൾക്ക് വേണ്ടിയായിരുന്നുവല്ലോ (ഇഹത്തിൽ വെച്ച്) ഞാൻ ചെറുത്ത് പോന്നിരുന്നത്!' (മുസ്‌ലിം).

മഹ്ശറിൽവെച്ച് അവയവങ്ങൾ സാക്ഷി പറയുമെന്ന് പറഞ്ഞത് യഥാർത്ഥം തന്നെയാണെന്നും, അത് കേവലം ഒരു ഉപമയോ അലങ്കാരമോ ആയി പറഞ്ഞതല്ലെന്നും മേൽപറഞ്ഞതിൽ നിന്ന് വ്യക്തമാണ്. പക്ഷേ, ചിലരുടെ യുക്തിക്ക് അതിലെന്തോ പന്തികേട് തോന്നിയതുകൊണ്ടായിരിക്കാം അവർ ഇത് സംബന്ധിച്ച ക്വുർആൻ വാക്യങ്ങളെ വളച്ച് തിരിച്ച് വ്യാഖ്യാനിക്കാറുള്ളത്. ഹാമീം സജദഃയിൽ നിന്ന് മേലുദ്ധരിച്ച വചനത്തിൽ തന്നെ, വാസ്തവത്തിൽ അവർക്ക് മറുപടിയുണ്ട്. ഇതിനെപ്പറ്റി ആ സൂറത്തിൽ വെച്ച് നമുക്ക് കൂടുതൽ വിവരിക്കാം. إنْ شَاء الله

وَلَوْ نَشَآءُ لَطَمَسْنَا عَلَىٰٓ أَعْيُنِهِمْ فَٱسْتَبَقُوا۟ ٱلصِّرَٰطَ فَأَنَّىٰ يُبْصِرُونَ ﴿٦٦﴾

《66》 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, അവരുടെ കണ്ണുകളെ നാം തുടച്ചുകളയുകയും, അങ്ങനെ, (കണ്ണു കാണാതെ) അവർ പാതയിലേക്ക് മുന്നോട്ടുവരാൻ ശ്രമിക്കയും ചെയ്യുമായിരുന്നു. അപ്പോൾ പിന്നെ എങ്ങനെയാണവർക്ക് കണ്ണുകാണുന്നത്?!

وَلَوْ نَشَآءُ لَمَسَخْنَٰهُمْ عَلَىٰ مَكَانَتِهِمْ فَمَا ٱسْتَطَٰعُوا۟ مُضِيًّا وَلَا يَرْجِعُونَ ﴿٦٧﴾

《67》 നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, (അവർ നിലകൊള്ളുന്ന) അവരുടെ സ്ഥാനത്ത് വെച്ചുതന്നെ നാം അവരെ രൂപം മാറ്റുമായിരുന്നു. അപ്പോൾ അവർക്ക് (മുമ്പോട്ട്) പോകുന്നതിന് സാദ്ധ്യമാകുന്നതല്ല: അവർ മടങ്ങുകയുമില്ല.

《66》 وَلَوْ نَشَاءُ നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَطَمَسْنَا നാം തുടച്ചുകളയുമായിരുന്നു عَلَىٰٓ أَعْيُنِهِمْ അവരുടെ കണ്ണുകളിൽ, കണ്ണുകളെ | فَاسْتَبَقُوا എന്നിട്ടവർ മുൻകടക്കാൻ (മുമ്പോട്ടുവരാൻ) ശ്രമിക്കും الصِّرَاطَ പാതയിൽ, വഴിയിലേക്ക് فَأَنَّىٰ അപ്പോൾ എങ്ങനെയാണ് يُبْصِرُونَ അവർ കാണുക 《67》 وَلَوْ نَشَاءُ നാം ഉദ്ദേശിച്ചിരുന്നെങ്കിൽ لَمَسَخْنَاهُمْ നാമവരെ രൂപം മാറ്റുമായിരുന്നു عَلَىٰ مَكَانَتِهِمْ അവരുടെ സ്ഥാനത്തുവെച്ചുതന്നെ | فَمَا اسْتَطَاعُوا എന്നിട്ടവർക്ക് സാധിക്കുകയില്ല مُضِيًّا പോകാൻ, നടക്കുവാൻ وَلَا يَرْجِعُونَ അവർ മടങ്ങുകയുമില്ല.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

അവരുടെ ആന്തരികമായ കണ്ണ്- മാനസികദൃഷ്ടി- ഉപയോഗിക്കാത്തതു കൊണ്ടാണല്ലോ അവര്‍ ഇത്രയും ദുഷിച്ചത്. അതുപോലെ, ഇഹത്തില്‍വെച്ചുതന്നെ അവരുടെ ബാഹ്യമായ കണ്ണുകളെയും കാഴ്ചയില്ലാതാക്കുവാനും അങ്ങനെ വഴികാണാതെ തപ്പിപ്പിടിച്ച് നടക്കുമാറാക്കുവാനും അല്ലാഹുവിന് പ്രയാസമില്ല. വേണമെങ്കില്‍, അവരുടെ രൂപം പെട്ടെന്ന് മാറ്റി അവര്‍ക്ക് വരാനും പോകാനും കഴിയാത്തവണ്ണം മറ്റേതെങ്കിലും വികൃതരൂപം നല്‍കുവാനും അവന് കഴിയും. പക്ഷേ, അതൊന്നും ചെയ്യാതെ അവരുടെ പാട്ടിന് വിട്ടുകൊടുത്തിരിക്കുന്നത് അവന്റെ കാരുണ്യംകൊണ്ടായിരുന്നു എന്ന് സാരം.

വിഭാഗം - 5

وَمَن نُّعَمِّرْهُ نُنَكِّسْهُ فِي ٱلْخَلْقِ ۖ أَفَلَا يَعْقِلُونَ ﴿٦٨﴾

﴾68﴿ ആര്‍ക്കെങ്കിലും നാം ദീര്‍ഘായുസ്സ് നല്‍കുന്നതായാല്‍, അവന് സൃഷ്ടിയില്‍ [പ്രകൃതിയില്‍] നാം വിപരീതാവസ്ഥ വരുത്തുന്നു. അപ്പോള്‍ അവര്‍ക്ക്(ബുദ്ധികൊടുത്ത്) മനസ്സിലാക്കിക്കൂടേ?!

﴾68﴿ وَمَنْ ആര്‍, യാതൊരുവന്‍ نُعَمِّرْهُ അവന്ന് നാം ദീര്‍ഘായുസ്സ് നല്‍കുന്നു(വോ) نُنَكِّسْهُ അവനെ നാം വിപരീതമാക്കുന്നു, തലകീഴാക്കുന്നു فِي الْخَلْقِ സൃഷ്ടി (പ്രകൃതി)യില്‍ أَفَلَا يَعْقِلُونَ അപ്പോള്‍ അവര്‍ ബുദ്ധികൊടുക്കുന്നില്ലേ

മനുഷ്യന്‍ ദീര്‍ഘകാലം ജീവിക്കുന്നതോടെ, അവന്റെ മുമ്പത്തെ ആകൃതിയിലും പ്രകൃതിയിലും മാറ്റം സംഭവിക്കുന്നു. സ്ഥിതിഗതികളെല്ലാം തിരിച്ചടിക്കുന്നു. ശരീരവും, മനസ്സും, വിചാരവും, വികാരവും, അറിവും, സാമര്‍ത്ഥ്യവും എല്ലാംതന്നെ ദുര്‍ബ്ബലമാകുന്നു. എഴുന്നേല്‍ക്കാനും, നടക്കാനും വയ്യാതെ, കാഴ്ചയും കേള്‍വിയും ക്ഷയിച്ച് കേവലം ശിശുമയനായിത്തീരുന്നു. ഇതെല്ലാം ആലോചിച്ചാല്‍, അല്ലാഹുവിന് അവന്റെ കാഴ്ച നഷ്ടപ്പെടുത്തുവാനും, രൂപം മാറ്റുവാനും- എന്നുവേണ്ട, അവന്‍ ഉദ്ദേശിക്കുന്നതെന്തും ചെയ്യാന്‍- കഴിയുമെന്ന് മനസ്സിലാക്കാവുന്നതാണ്. وَفِي أَنفُسِكُمْ أَفَلَا تُبْصِرُونَ (നിങ്ങളുടെ ദേഹങ്ങളിലുമുണ്ട് ദൃഷ്ടാന്തം. നിങ്ങള്‍ കണ്ടറിയുന്നില്ലേ!)

وَمَا عَلَّمْنَٰهُ ٱلشِّعْرَ وَمَا يَنۢبَغِى لَهُۥٓ ۚ إِنْ هُوَ إِلَّا ذِكْرٌ وَقُرْءَانٌ مُّبِينٌ ﴿٦٩﴾

﴾69﴿ അദ്ദേഹത്തിന് [നബിക്ക്] നാം കവിത പഠിപ്പിച്ചിട്ടില്ല; അതദ്ദേഹത്തിനുയോജിക്കുന്നതുമല്ല. അത് ഒരു ഉപദേശവും (അഥവാ സന്ദേശവും), വ്യക്തമായ ഒരു 'ക്വുര്‍ആനും' [പാരായണഗ്രന്ഥവും]അല്ലാതെ (മറ്റൊന്നും) അല്ല.

لِّيُنذِرَ مَن كَانَ حَيًّا وَيَحِقَّ ٱلْقَوْلُ

﴾70﴿ ജീവസ്സുള്ളവരായവര്‍ക്ക് അദ്ദേഹം താക്കീത് ചെയ്യാനും, അവി

ശ്വാസികളുടെ മേൽ (ശിക്ഷയുടെ) വാക്യം (ന്യായമായി) സ്ഥിരപ്പെടു വാനും വേണ്ടിയാകുന്നു (അത്). عَلَى ٱلْكَٰفِرِينَ ﴿٧٠﴾

﴾69﴿ وَمَا عَلَّمْنَٰهُ വും نَّا وَمَا يَنۢبَغِي അദ്ദേഹത്തിന് നാം പഠിപ്പിച്ചിട്ടില്ല الشِّعْرَ കവിത, പദ്യം وَمَا يَنۢبَغِي അത് യോജിക്കയും (ചേരുകയും) ഇല്ല لَهُۥٓ അദ്ദേഹത്തിന് إِنْ هُوَ അതല്ല إِلَّا ذِكْرٌ ഒരു ഉപദേശം (സന്ദേശം, പ്രമാണം, പ്രബോധനം) അല്ലാതെ وَقُرْءَانٌ ഒരു ക്വുർആനും, പാരായണ ഗ്രന്ഥവും مُّبِينٌ വ്യക്തമായ, വ്യക്തമാക്കുന്ന ﴾70﴿ لِّيُنذِرَ അദ്ദേഹം (അത്) താക്കീത് ചെയ്യാൻ مَن كَانَ ആയിട്ടുള്ളവനെ حَيًّا ജീവസ്സ് (ജീവനു)ള്ളവൻ وَيَحِقَّ ന്യായമാകു(സ്ഥിരപ്പെടു)വാനും الْقَوْلُ വചനം عَلَى الْكَافِرِينَ അവിശ്വാസികളുടെ മേൽ

നബിﷺ ഒരു കവിയാണെന്ന് അവിശ്വാസികൾ പറഞ്ഞുവന്നിരുന്നതിനെ ഖണ്ഡിക്കുന്നതാണ് ഈ വചനങ്ങൾ. തിരുമേനി കവിത രചിക്കാറില്ല. അവിടുത്തേക്ക് കവിതാവാസനയോ പരിചയമോ ഇല്ല. അതെ, അല്ലാഹു തിരുമേനിക്ക് കവിത പഠിപ്പിച്ചിട്ടില്ല. (وَمَا عَلَّمْنَاهُ الشِّعْرَ) എന്നാൽ, അത് തിരുമേനിയുടെ സ്ഥിതിക്ക് യോജിച്ചതും, ചേർന്നതുമാണോ? അതുമല്ല (وَمَا يَنبَغِي لَهُ) എന്നിരിക്കെ, ക്വുർആനെപ്പറ്റി കവിതയെന്നും, നബിﷺയെപ്പറ്റി കവിയെന്നും പറയുന്നതിൽ യാതൊരർത്ഥവുമില്ല. അല്ലാഹുവിങ്കൽനിന്ന് ജനങ്ങൾക്കുവേണ്ടിയുള്ള ഉപദേശങ്ങളും സന്ദേശങ്ങളും അടങ്ങിയ ഒരു പ്രമാണ (ذِكْرٌ)വും, പാരായണം ചെയ്യപ്പെടേണ്ടതും, അതിന് തികച്ചും സൗകര്യപ്പെട്ടതും, ധാരാളമായി പാരായണം നടത്തപ്പെടുന്നതുമായ പാരായണഗ്രന്ഥ(قُرْآنٌ)വുമാണത്. അല്ലാതെ മറ്റൊന്നുമല്ല. അവിശ്വാസമാകുന്ന മഹാവ്യാധിനിമിത്തം ഹൃദയം നിർജ്ജീവമായിത്തീരുകയും, ഐഹിക താൽപര്യങ്ങളിൽ മതിമറന്ന് ആത്മീയചൈതന്യം നശിച്ചുപോകുകയും ചെയ്യാതെ, ജീവസ്സോടെ ഇരിക്കുന്ന എല്ലാവരെയും ഭാവിയിൽ വരാനിരിക്കുന്ന വിപത്തുകളെപ്പറ്റി താക്കീത് ചെയ്ത് രക്ഷാമാർഗം കാണിച്ചുകൊടുക്കുക, അവിശ്വാസത്തിൽ അടിയുറച്ചുനിൽക്കുന്നവരെ ശിക്ഷിക്കുന്നതിന് ന്യായം സ്ഥാപിക്കുക, ഇതാണതിന്റെ ലക്ഷ്യം.

ചുരുക്കം ചില സന്ദർഭങ്ങളിൽ നബിﷺ ചില പദ്യങ്ങളുടെ അരമുറിയോ ഒരുമുറിയോ ചൊല്ലിനോക്കുകയുണ്ടായിട്ടുണ്ട്. എങ്കിലും, പദ്യത്തിന്റെ വടിവൊപ്പിച്ചുകൊണ്ട് ശരിക്ക് നിർവ്വഹിക്കുവാൻ അവിടുത്തേക്ക് കഴിയുമായിരുന്നില്ല എന്ന് ഹദീഥ്ഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഒരിക്കൽ തിരുമേനി ഒരു വരി പദ്യം ചൊല്ലിയത് ശരിയാകാതെ കണ്ടപ്പോൾ, അബൂബക്ർ (റ) ഇങ്ങനെ പറയുകയുണ്ടായി: 'അവിടുന്ന് അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ അങ്ങേക്ക് കവിത പഠിപ്പിച്ചിട്ടില്ല; അതങ്ങേക്ക് യോജിക്കുന്നതുമല്ല' (اشهد انك رسول الله ما علمك الشعر وما ينبغى لك - ابن ابى حاتم وغيره)

കവിതകളിൽ ഉപയോഗപ്രദമായതും, ദോഷരഹിതമായതും ഇല്ലെന്നില്ല. പലപ്പോഴും ഒരു കവിത വളരെ നല്ല കാര്യങ്ങൾ സാധിതമാക്കുവാൻ പര്യാപ്തമായെന്നും വരാം. പക്ഷേ, പൊതുവിൽ, കവികളുടെ പാടവത്തിനും, അവരുടെ പ്രശസ്തിക്കും നിദാനം, കവിതയുടെ ഏതെങ്കിലും വശത്തിലുള്ള അതിരുകവിച്ചലായിക്കാണാം. മനസ്സാക്ഷിക്കും, യാഥാർത്ഥ്യത്തിനും വ്യത്യാസം വരുത്താതെ, പരിതസ്ഥിതിക്കും സന്ദർഭത്തിനും അനു

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

സരിച്ച് വസ്തുതകളിൽ മാറ്റം സ്വീകരിച്ചുകൊണ്ടല്ലാതെ, വിഷയത്തിൽ നീക്കുപോക്ക് കൂടാതെ, നേർക്കുനേരെ കൈകാര്യം ചെയ്യപ്പെടുന്ന കവിതകൾക്ക് കവിതാലോകത്ത് സ്ഥാനമുണ്ടാകുകയില്ല. ആശയത്തെക്കാൾ ഭാഷക്കും, യാഥാർത്ഥ്യത്തെക്കാൾ ഭാവനക്കും, വിജ്ഞാനത്തെക്കാൾ വികാരത്തിനുമാണ് കവിതയിൽ മുൻഗണന. കവിയുടെ വാസനക്കും ഭാവനക്കും അനുസരിച്ചായിരിക്കും ചിത്രീകരണം. اعذب الشعر اكذبه (കവിതയിൽ വെച്ച് കൂടുതൽ ആസ്വാദ്യമായത് അതിൽവെച്ച് കൂടുതൽ കളവായതാണ്.) എന്നൊരു ആപ്തവാക്യംപോലും ഉടലെടുത്തത് ഇക്കാരണത്താലാണ്. പ്രവാചകത്വവും, കവിത്വവും തമ്മിൽ യോജിപ്പും, ചേർച്ചയും ഇല്ലാതിരിക്കുവാൻ കാരണവും അതാണ്. കവിതാ പാണ്ഡിത്യം ഉണ്ടായിരുന്നിട്ടുപോലും, അത് പ്രകടിപ്പിക്കുവാൻ ചില മഹാൻമാർ മുന്നോട്ട് വരാതിരുന്നത് ഇതുകൊണ്ടായിരുന്നു. *(*)* (കവിതയെക്കുറിച്ചും, അതിൽ നല്ലതിനെയും, ചീത്തയായതിനെയും സംബന്ധിച്ചും സൂ: ശുഅറാഉ് 224– 227 വചനങ്ങളിലും, അവയുടെ വിവരണത്തിലും വായിച്ചത് ഓർക്കുക.)

അല്ലാഹുവിന്റെ ഏകത്വമാകുന്ന 'തൗഹീദ്', സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ മുമ്പിൽ സമ്മേളിപ്പിക്കപ്പെടുന്ന 'ഹശ്ർ', നബി തിരുമേനിﷺയുടെ ദൗത്യമാകുന്ന 'രിസാലത്ത്' (التوحيد، الحشر، الرسالة) എന്നിവയെപ്പറ്റി പലതും പ്രസ്താവിച്ചശേഷം, വീണ്ടും തൗഹീദിന്റെ ചില ദൃഷ്ടാന്തങ്ങൾകൂടി ഉണർത്തുന്നു:

أَوَلَمْ يَرَوْا۟ أَنَّا خَلَقْنَا لَهُم مِّمَّا عَمِلَتْ أَيْدِينَآ أَنْعَـٰمًا فَهُمْ لَهَا مَـٰلِكُونَ ﴿٧١﴾

﴿71﴾ അവർ കണ്ടില്ലേ, നമ്മുടെ ഹസ്തങ്ങൾ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് അവർക്കുവേണ്ടി നാം കന്നുകാലികളെ സൃഷ്ടിച്ചുകൊടുത്തിട്ടുള്ളത്?! എന്നിട്ട് അവർ അവക്ക് ഉടമസ്ഥൻമാരാകുന്നു.

وَذَلَّلْنَـٰهَا لَهُمْ فَمِنْهَا رَكُوبُهُمْ وَمِنْهَا يَأْكُلُونَ ﴿٧٢﴾

﴿72﴾ അവയെ അവർക്ക് നാം വിധേയമാക്കികൊടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, അവയിൽ അവരുടെ വാഹനങ്ങളുണ്ട്. അവയിൽനിന്ന് തന്നെ അവർ (ഭക്ഷണം) തിന്നുകയും ചെയ്യുന്നു!

وَلَهُمْ فِيهَا مَنَـٰفِعُ وَمَشَارِبُ ۖ أَفَلَا

﴿73﴾ അവയിൽ അവർക്ക് പല

(*)* മീർസാഗുലാം അഹ്മദ് ഖാദിയാനി താനൊരു പ്രവാചകനാണെന്ന് വാദിച്ചിരുന്ന ആളാണല്ലോ. എന്നിട്ടും, തന്റെ ചില കൃതികളിൽ കുറെ പരുക്കൻ കവിതകൾ ഉൾക്കൊള്ളുന്നതും, ചിലതിൽ തന്റെ എതിരാളികളെ താനുമായി കവിതാമത്സരത്തിന് വെല്ലുവിളിക്കുന്നതും കാണുമ്പോൾ നമുക്ക് ആശ്ചര്യം തോന്നും. പക്ഷേ, ഒരു സാധാരണക്കാരന്റെ അന്തസ്സിനും, മാന്യതക്കും പോലും നിരക്കാത്ത ചില പ്രസ്താവനകളും, പ്രയോഗങ്ങളും ആ കൃതികളിൽ സാധാരണമാണെന്നോർക്കുമ്പോൾ അതിൽ ആശ്ചര്യപ്പെടുവാനില്ലതാനും.

يَشْكُرُونَ ﴿٧٣﴾

ഉപയോഗങ്ങളും, കുടിപ്പാനുള്ള വക [പാനീയം]കളും ഉണ്ട്. എന്നിരിക്കെ, അവർക്ക് നന്ദി കാണിച്ചുകൂടേ?!

لَهُمْ നാം സൃഷ്ടിച്ചിട്ടുള്ളത് أَنَّا خَلَقْنَا അവർ കണ്ടില്ലേ, കാണുന്നില്ലേ أَوَلَمْ يَرَوْا ﴿71﴾
അവർക്കുവേണ്ടി مِّمَّا عَمِلَتْ പ്രവർത്തിച്ചുണ്ടാക്കിയതിൽനിന്ന് أَيْدِينَا നമ്മുടെ കൈകൾ
(ഹസ്തങ്ങൾ) أَنْعَامًا കന്നുകാലികളെ فَهُمْ എന്നിട്ടവർ لَهَا അവക്ക് مَالِكُونَ
ഉടമസ്ഥൻമാരാണ് ﴿72﴾ وَذَلَّلْنَاهَا അവയെ നാം വിധേയമാക്കുക (കീഴ്പെടുത്തുക)യും
ചെയ്തു لَهُمْ അവർക്ക് فَمِنْهَا അങ്ങനെ അവയിൽ നിന്നുണ്ട് رَكُوبُهُمْ അവരുടെ വാഹനം
وَمِنْهَا അതിൽനിന്ന് തന്നെ يَأْكُلُونَ അവർ തിന്നുന്നു ﴿73﴾ وَلَهُمْ فِيهَا അതിൽ അവർക്കുണ്ട്
مَنَافِعُ പല ഉപയോഗങ്ങൾ وَمَشَارِبُ കുടിക്കാനുള്ള വകയും, പാനീയങ്ങളും أَفَلَا يَشْكُرُونَ
എന്നിട്ട് അവർ നന്ദി കാണിക്കുന്നില്ലേ, നന്ദി ചെയ്തുകൂടേ

കൃഷി വ്യവസായങ്ങളിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് പലനിലക്കും പങ്കുണ്ട്. എന്നാൽ, ആടുമാടൊട്ടകങ്ങളാകുന്ന കന്നുകാലികളുടെ സൃഷ്ടിയിൽ അവർക്ക് യാതൊരു പങ്കുമില്ല. അവ അല്ലാഹുവിന്റെ മാത്രം പ്രവർത്തനങ്ങളിൽ പെട്ടതാണ്. അതോടുകൂടി മനുഷ്യൻ അവയുടെ ഉടമസ്ഥത വഹിച്ചുകൊണ്ടിരിക്കുകയും, അവയെ വാഹനത്തിനും, ഭക്ഷണത്തിനും, കൃഷിക്കും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. അവയിൽനിന്ന് പാൽ, തോൽ, മാംസം, രോമം തുടങ്ങിയവ ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം മനുഷ്യൻ അല്ലാഹുവിനോട് നന്ദികാണിക്കേണ്ടതില്ലേ?! നിശ്ചയമായും ഉണ്ട്. പക്ഷേ, മിക്കവരും നന്ദിക്കുപകരം നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്.

وَٱتَّخَذُوا۟ مِن دُونِ ٱللَّهِ ءَالِهَةً لَّعَلَّهُمْ يُنصَرُونَ ﴿٧٤﴾

﴿74﴾ അല്ലാഹുവിന് പുറമെ അവർ പല ആരാധ്യന്മാരെയും സ്വീകരിച്ചിരിക്കുകയാണ്, അവർ സഹായിക്കപ്പെടുവാൻവേണ്ടി.

لَا يَسْتَطِيعُونَ نَصْرَهُمْ وَهُمْ لَهُمْ جُندٌ مُّحْضَرُونَ ﴿٧٥﴾

﴿75﴾ അവർ [ആരാധ്യൻമാർ]ക്ക് ഇവരെ സഹായിക്കുവാൻ സാധിക്കുകയില്ല; ഇവരാകട്ടെ, അവർക്ക് സന്നദ്ധ സൈന്യവുമാണ്!

فَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّا نَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ﴿٧٦﴾

﴿76﴾ എന്നിരിക്കെ, അവരുടെ വാക്ക് (നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരുന്നുകൊള്ളട്ടെ. നിശ്ചയമായും, അവർ രഹസ്യമാക്കുന്നതും, പരസ്യമാക്കുന്നതും നാം അറിയുന്നു.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

آلِهَةً അവർ സ്വീകരിച്ചു, ഉണ്ടാക്കി مِنْ دُونِ اللَّهِ അല്ലാഹുവിന് പുറമെ وَاتَّخَذُوا ﴿74﴾
പല ദൈവങ്ങളെ, ആരാധ്യരെ لَعَلَّهُمْ അവരായേക്കാൻ വേണ്ടി يُنْصَرُونَ സഹായിക്ക
പ്പെടും ﴿75﴾ لَا يَسْتَطِيعُونَ അവർക്ക് സാധിക്കയില്ല نَصْرَهُمْ അവരെ സഹായിക്കാൻ وَهُمْ
അവരാകട്ടെ, ഇവർ لَهُمْ അവർക്ക് جُنْدٌ സൈന്യമാണ് مُحْضَرُونَ സന്നദ്ധരായ, ഹാജരാ
ക്കപ്പെട്ട ﴿76﴾ فَلَا يَحْزُنْكَ ആകയാൽ നിന്നെ വ്യസനിപ്പിക്കാതിരിക്കട്ടെ قَوْلُهُمْ അവരുടെ
വാക്ക് إِنَّا نَعْلَمُ നിശ്ചയമായും നാം അറിയുന്നു مَا يُسِرُّونَ അവർ രഹസ്യമാക്കുന്നത്
وَمَا يُعْلِنُونَ അവർ പരസ്യമാക്കുന്നതും

മേൽ വിവരിച്ചതുപോലെയുള്ള എത്രയോ ദൃഷ്ടാന്തങ്ങൾ അവരുടെ മുമ്പിലുണ്ട്- അവർ ചിന്തിക്കുന്നില്ല. അനേകം അനുഗ്രഹങ്ങൾ അവർ ആസ്വദിക്കുന്നുണ്ട്- അവർ നന്ദി ചെയ്യുന്നില്ല. തങ്ങളെ സഹായിക്കുവാൻ ഒട്ടും തന്നെ കഴിയാത്തവരെ ദൈവങ്ങളായി സ്വീകരിക്കുകയും, അവയുടെ സന്നദ്ധഭടൻമാരെന്നോണം അവക്കുവേണ്ടി വാദിക്കുവാനും, ചെറുക്കുവാനും ഒരുമ്പെട്ടിരിക്കുകയുമാണ് അവർ. അതുകൊണ്ട് കവിയെന്നും കവിതയെന്നും മറ്റും പറഞ്ഞ് ക്വുർആനെയും, സത്യപ്രബോധനത്തെയും അവർ നിരസിക്കുന്നതിൽ നബിﷺ വ്യാകുലപ്പെടേണ്ടതില്ല; എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുണ്ട്; വേണ്ടത് അവൻ ചെയ്തുകൊള്ളും എന്ന് സാരം. അടുത്ത വചനങ്ങളിൽ മനുഷ്യന് അവന്റെ സ്വന്തം ദേഹങ്ങളിലും മറ്റും അടങ്ങിയിട്ടുള്ള ചില ദൃഷ്ടാന്തങ്ങൾ ഓർമിപ്പിക്കുന്നു:-

أَوَلَمْ يَرَ ٱلْإِنسَٰنُ أَنَّا خَلَقْنَٰهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾

﴿77﴾ മനുഷ്യൻ കണ്ടറിയുന്നില്ലേ, (ഇന്ദ്രിയബിന്ദുവാകുന്ന) ഒരു തുള്ളിയിൽനിന്നും നാം അവനെ സൃഷ്ടിച്ചിരിക്കുന്നത്?! എന്നിട്ട് അവനതാ സ്പഷ്ടമായ ഒരു എതിരാളിയായിരിക്കുന്നു!

وَضَرَبَ لَنَا مَثَلًا وَنَسِىَ خَلْقَهُۥ ۖ قَالَ مَن يُحْىِ ٱلْعِظَٰمَ وَهِىَ رَمِيمٌ ﴿٧٨﴾

﴿78﴾ അവൻ നമുക്കൊരു ഉപമ ഉണ്ടാക്കുകയും, തന്റെ (സ്വന്തം) സൃഷ്ടിപ്പിനെ മറക്കുകയും ചെയ്തു; അവൻ പറയുകയാണ്:'ആരാണ് (ഈ)അസ്ഥികളെ - അവ ജീർണിച്ചതായിരിക്കെ- ജീവിപ്പിക്കുക'?!

قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ ﴿٧٩﴾

﴿79﴾ പറയുക: ആദ്യത്തെ പ്രാവശ്യം അതിനെ നിർമിച്ചവൻ അവയെ ജീവിപ്പിക്കും; അവൻ എല്ലാ (തരം) സൃഷ്ടിയെക്കുറിച്ചും അറിവുള്ളവനുമാണ്.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

ٱلَّذِى جَعَلَ لَكُم مِّنَ ٱلشَّجَرِ ٱلْأَخْضَرِ نَارًا فَإِذَآ أَنتُم مِّنْهُ تُوقِدُونَ ﴿٨٠﴾

﴿80﴾ അതായത്, നിങ്ങൾക്ക് പച്ചയായ മരത്തിൽനിന്ന് തീ ഉണ്ടാക്കിത്തന്നവൻ. എന്നിട്ട് നിങ്ങളതാ, അതിൽനിന്നും (തീ) കത്തിച്ചുകൊണ്ടിരിക്കുന്നു!

﴿77﴾ أَوَلَمْ يَرَ കണ്ടില്ലേ الْإِنْسَانُ മനുഷ്യൻ أَنَّا خَلَقْنَاهُ നാമവനെ സൃഷ്ടിച്ചത് مِنْ نُطْفَةٍ
ഒരു (ഇന്ദ്രിയ)തുള്ളിയിൽനിന്ന് فَإِذَا هُوَ എന്നിട്ട് അവനതാ خَصِيمٌ ഒരു വൈരി (എതിരാ
ളി)യായിരിക്കുന്നു مُبِينٌ സ്പഷ്ടമായ ﴿78﴾ وَضَرَبَ അവനുണ്ടാക്കി (സമർപ്പിച്ചു) لَنَا مَثَلًا
നമുക്ക് ഒരു ഉപമ وَنَسِيَ അവൻ മറക്കുകയും ചെയ്തു خَلْقَهُ തന്റെ സൃഷ്ടിപ്പിനെ قَالَ
അവൻ പറഞ്ഞു, പറയുന്നു مَنْ يُحْيِي ആർ ജീവിപ്പിക്കും الْعِظَامَ അസ്ഥി (എല്ലു)കളെ
وَهِيَ അവ ആയിരിക്കെ رَمِيمٌ തുരുമ്പൽ, ജീർണിച്ചത് ﴿79﴾ قُلْ നീ പറയുക يُحْيِيهَا
അവയെ ജീവിപ്പിക്കും الَّذِي أَنْشَأَهَا അവയെ നിർമിച്ചവൻ أَوَّلَ مَرَّةٍ ഒന്നാം പ്രാവശ്യം وَهُوَ
അവനാകട്ടെ بِكُلِّ خَلْقٍ എല്ലാ സൃഷ്ടിയെപ്പറ്റിയും عَلِيمٌ അറിയുന്നവനാണ് ﴿80﴾
الَّذِي جَعَلَ ഉണ്ടാക്കിയവൻ لَكُمْ നിങ്ങൾക്ക് مِنَ الشَّجَرِ മരത്തിൽനിന്ന് الْأَخْضَرِ പച്ച
യായ نَارًا തീ فَإِذَا أَنْتُمْ എന്നിട്ട് നിങ്ങളതാ مِنْهُ അതിൽ നിന്ന്, അതിനാൽ تُوقِدُونَ തീ
കത്തിക്കുന്നു

സ്വന്തം ഉത്ഭവത്തെക്കുറിച്ചുപോലും വിസ്മരിച്ചുകൊണ്ട് 'ആരാണ് ഈ എല്ലുകളെല്ലാം ജീർണിച്ചു തുരുമ്പലായശേഷം വീണ്ടും ജീവിപ്പിക്കുക' എന്ന് ചോദിക്കുന്ന മനുഷ്യൻ എന്തൊരു ധാർഷ്ട്യമാണ് കാണിക്കുന്നത്?! അവനെ നിസ്സാരമായ ഇന്ദ്രിയബീജത്തിൽനിന്ന് സൃഷ്ടിച്ചു ഈ നിലയിലെത്തിച്ച അല്ലാഹുവിന്റെ പ്രത്യക്ഷ എതിരാളിയല്ലയോ അവൻ?! അവൻ- സഹസൃഷ്ടികളോട് താരതമ്യം ചെയ്തുകൊണ്ട്- അല്ലാഹുവിന് നൽകുന്ന ഉപമ എത്രമേൽ ചീത്തയാണ്?! ആലോചിച്ചുനോക്കുക! ഈ ചോദ്യത്തിനുള്ള മറുപടി വളരെ വ്യക്തമാണ്. അവയെ ആദ്യത്തെ പ്രാവശ്യം ജീവിപ്പിച്ചതാരോ അവൻതന്നെ രണ്ടാമതും ജീവിപ്പിക്കും.' ഒന്നാമതായി സൃഷ്ടിക്കുവാൻ കഴിഞ്ഞ അവന് രണ്ടാമതുണ്ടാക്കുവാൻ കൂടുതൽ എളുപ്പമായിരിക്കുമല്ലോ. മർക്കടമുഷ്ടിയില്ലാത്തവർക്ക് ഈ മറുപടിയെ നേരിടുവാൻ സാധ്യമല്ല തന്നെ.

മരണപ്പെട്ടശേഷം ശരീരാംശങ്ങളിൽ വരുന്ന മാറ്റങ്ങൾ, പരിണാമങ്ങൾ, മണ്ണിലും മറ്റും ലയിച്ചുപോകുന്ന ഭാഗങ്ങൾ, അവയെ രണ്ടാമത് ശേഖരിക്കുന്നവിധം, ശേഖരിച്ച് വീണ്ടും ജീവൻ നൽകുന്നത് എന്നിങ്ങനെയുള്ള കാര്യമെല്ലാം അല്ലാഹുവിന് അറിയും. ശുദ്ധശൂന്യതയിൽനിന്ന് അഖിലാണ്ഡത്തെ സൃഷ്ടിച്ച അവന്നുണ്ടോ ഇതെല്ലാം അജ്ഞാതമാകുന്നു?! അതെ, അവൻ എല്ലാവിധ സൃഷ്ടിയെക്കുറിച്ചും അറിവുള്ളവനാകുന്നു. (وَهُوَ بِكُلِّ خَلْقٍ عَلِيمٌ) ഒരു ഉദാഹരണത്തിൽനിന്ന് ഇത് മനസ്സിലാക്കാം: തീയിന്റെ ഗുണങ്ങളാണല്ലോ ചൂടും, കരിക്കലും. ഇവയുടെ വിപരീതഗുണങ്ങളാണ് വെള്ളത്തിനുള്ളത്. എന്നിരിക്കെ, ജലാംശം നിറഞ്ഞ പച്ച മരങ്ങളിൽനിന്ന് അവൻ തീ ഉൽപാദിപ്പിക്കുന്നു. ഇതിലേറെ ആശ്ചര്യകരമല്ല, ജീർണിച്ചശേഷം മനുഷ്യനെ രണ്ടാമതും ജീവിപ്പിക്കൽ.

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

പച്ചമരത്തിൽനിന്ന് തീ ഉൽപാദിപ്പിക്കുന്നതിന് വ്യത്യസ്തങ്ങളായ ഉദാഹരണങ്ങൾ കാണുവാൻ കഴിയും. എല്ലാ പച്ചമരങ്ങളും ഉണങ്ങിക്കഴിഞ്ഞാൽ അതിൽ തീ കത്തിക്കുവാൻ സാധിക്കുന്നു. തീക്കല്ലും, ലോഹവും ഉരസി തീയുണ്ടാക്കൽ പരിചയപ്പെടുന്നതിനുമുമ്പ് ചില പ്രത്യേക മരച്ചുള്ളികൾ തമ്മിൽ ഉരസി തീയുണ്ടാക്കുക മുൻകാലത്ത് ഹിജാസിൽ പതിവുണ്ടായിരുന്നു. അതിനായി അറബികൾ കൂടുതൽ ഉപയോഗപ്പെടുത്തിയിരുന്ന രണ്ട് മരങ്ങളാണ് 'മറഖും, അഫാറും' (المرخ ، والعفار). ഓട, മുള മുതലായ ചില മരങ്ങൾ തമ്മിൽ ഉരസി തീയെടുക്കുന്ന സമ്പ്രദായം ഇന്നും മലവാസികൾക്കിടയിൽ നടപ്പുള്ളതാണ്. നീർപച്ചയുള്ള മരത്തിൽ വൈദ്യുതപ്രവാഹം ഏൽക്കുമ്പോൾ തീയുണ്ടാകുന്നു. അതേസമയത്ത് ഉണങ്ങിയ മരത്തിൽ ഏൽക്കുമ്പോൾ ഉണ്ടാകുന്നുമില്ല. കൂടാതെ, ജലാംശം കലർന്നതും, നീരായതുമായ പല വസ്തുക്കളിലും വേഗം തീ ബാധിക്കാറുള്ളതും, ചില അംഗാരാമ്ലപദാർത്ഥങ്ങൾ വെള്ളം തട്ടുമ്പോൾ തീ പിടിക്കുന്നതും കാണാം. പരസ്പരവിരുദ്ധങ്ങളായ രണ്ട് വസ്തുക്കൾ തമ്മിൽ സ്പർശിക്കുമ്പോഴുണ്ടാകുന്ന ആ തീ അതുവരെ എവിടെയായിരുന്നുവെന്നും, തീ പൊലിഞ്ഞുപോകുമ്പോൾ അതെവിടെ പോകുന്നുവെന്നും ആലോചിച്ചുനോക്കുക!

أَوَلَيْسَ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ بِقَـٰدِرٍ عَلَىٰٓ أَن يَخْلُقَ مِثْلَهُم ۚ

﴿81﴾ ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിച്ചിട്ടുള്ളവൻ, അവരെപ്പോലെയുള്ളതിനെ സൃഷ്ടിക്കുവാനും കഴിവുള്ളവനല്ലയോ?!

بَلَىٰ وَهُوَ ٱلْخَلَّـٰقُ ٱلْعَلِيمُ ﴿٨١﴾

അല്ലാതെ! (കഴിവുള്ളവൻതന്നെ). അവൻ തന്നെയാണ് സർവ്വജ്ഞനായ മഹാസ്രഷ്ടാവ്.

إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ ﴿٨٢﴾

﴿82﴾ നിശ്ചയമായും അവന്റെ കാര്യം, അവൻ ഒരു വസ്തു (അഥവാ കാര്യം) ഉദ്ദേശിച്ചാൽ, അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് പറയുകയേ വേണ്ടൂ- അപ്പോഴത് ഉണ്ടാകുന്നതാണ്.

﴿81﴾ أَوَلَيْسَ الَّذِي യാതൊരുവനല്ലേ خَلَقَ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ച وَالْأَرْضَ ഭൂമിയെയും بِقَادِرٍ കഴിവുള്ളവൻ عَلَىٰٓ أَن يَخْلُقَ താൻ സൃഷ്ടിക്കുവാൻ مِثْلَهُمْ അവരെപ്പോലുള്ളതിനെ بَلَىٰ അല്ലാതെ, (അതെ) وَهُوَ അവനത്രെ, അവൻതന്നെ الْخَلَّاقُ മഹാസ്രഷ്ടാവും (വലിയ സ്രഷ്ടാവ്) الْعَلِيمُ സർവ്വജ്ഞനായ **﴿82﴾** إِنَّمَا أَمْرُهُ നിശ്ചയമായും അവന്റെ കാര്യം إِذَا أَرَادَ അവൻ ഉദ്ദേശിച്ചാൽ شَيْـًٔا ഒരു കാര്യം (വസ്തു) أَن يَقُولَ അവൻ പറയുക മാത്രമാണ് لَهُ അതിനെക്കുറിച്ച് كُنْ ഉണ്ടാകുക എന്ന് فَيَكُونُ അപ്പോഴത് ഉണ്ടാകും

പല ഉദാഹരണങ്ങളും ദൃഷ്ടാന്തങ്ങളും വഴി, പുനരുത്ഥാന നിഷേധികളുടെ വാദത്തെ ഖണ്ഡിച്ചശേഷം, അതിനെക്കാളെല്ലാം ഉപരിയായ മറ്റൊരു യാഥാർത്ഥ്യം- യാഥാർത്ഥ്യങ്ങളിൽ വെച്ച് ഏറ്റവും മഹത്തായ യാഥാർത്ഥ്യം- എടുത്തുകാട്ടിക്കൊണ്ട് ആ വാദത്തിന്റെ അങ്ങേഅറ്റത്തെ മൗഢ്യതയും, നികൃഷ്ടതയും അല്ലാഹു സ്ഥാപിക്കുന്നു. ഈ അഖിലാണ്ഡത്തിന്റെ മുഴുവനും സ്രഷ്ടാവും നിയന്താവുമാണവൻ. ഏതൊരുകാര്യവും- അതെത്ര വമ്പിച്ചതാവട്ടെ- ഉണ്ടാവണമെന്ന് അവൻ ഉദ്ദേശിക്കുമ്പോഴേക്കും അത് അസ്തിത്വം കൊള്ളുന്നു. അപ്പോൾ, നിസ്സാരനായ മനുഷ്യനെപ്പോലുള്ളവരെ ഒന്നാമത് ജീവിപ്പിക്കുവാനോ രണ്ടാമത് ജീവിപ്പിക്കുവാനോ അവന് സാധിക്കുകയില്ലെന്ന് കരുതുന്നവനെക്കാൾ വിഡ്ഢിയും, നികൃഷ്ടനും മറ്റാരാണ്?!

فَسُبْحَٰنَ ٱلَّذِى بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَإِلَيْهِ تُرْجَعُونَ ﴿٨٣﴾

﴾83﴿ അപ്പോൾ, എല്ലാ വസ്തുവിന്റെയും, രാജാധിപത്യം യാതൊരുവന്റെ കൈവശമാണോ അവൻ, മഹാ പരിശുദ്ധനത്രെ! അവങ്കലേക്കുതന്നെ, നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

﴾83﴿ فَسُبْحَانَ الَّذِي അപ്പോൾ യാതൊരുവൻ മഹാ പരിശുദ്ധൻ, യാതൊരുവന്ന് കീർത്തനം بِيَدِهِ അവന്റെ കയ്യവശമാണ് مَلَكُوتُ രാജാധികാരം, രാജാധിപത്യം كُلِّ شَيْءٍ എല്ലാ വസ്തുവിന്റെയും وَإِلَيْهِ അവങ്കലേക്കുതന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

ഈ സൂറത്തിൽ ഇതുവരെയുള്ള സൂക്തങ്ങളിൽ പ്രതിപാദിച്ച തത്വങ്ങളുടെ രത്നസാരമാണ് ഈ ചെറിയ സമാപന സൂക്തം ഉൾക്കൊള്ളുന്നത്. അതെ, എല്ലാ വസ്തുക്കളുടെയും ഉടമസ്ഥതയും, കൈകാര്യകർത്തൃത്വവും അല്ലാഹുവിന്നുള്ളതാണ്; അവിശ്വാസികളും നിഷേധികളും ജൽപിക്കുന്ന എല്ലാ ജൽപനങ്ങളടക്കമുള്ള സകലവിധ പോരായ്മയിൽ നിന്നും അവൻ എത്രയോ പരിശുദ്ധനാണ്; എല്ലാവരും അവങ്കലേക്ക് തിരിച്ചു ചെല്ലുകയും അവന്റെ രക്ഷാശിക്ഷകൾക്ക് വിധേയരാകുകയും ചെയ്യും. ഈ മൂന്ന് യാഥാർത്ഥ്യങ്ങളിലുള്ള ബോധവും വിശ്വാസവുമാണ് മനുഷ്യനെ അങ്ങേഅറ്റം ഉത്തമനും ഉൽകൃഷ്ടനുമാക്കുന്നത്. അവയിലുള്ള അവിശ്വാസവും ബോധമില്ലായ്മയുമാണ് അവനെ ഇങ്ങേഅറ്റം അധമനും നികൃഷ്ടനുമാക്കുന്നതും.

രണ്ടുമൂന്ന് ദശവത്സരങ്ങൾക്ക് മുമ്പത്തെ ശാസ്ത്രീയാഭിപ്രായമനുസരിച്ച് ഈ അഖിലാണ്ഡത്തിന്റെ ഏകദേശ വിസ്തൃതി ഇപ്രകാരം കണക്കാക്കപ്പെട്ടിരിക്കുന്നു: ഒരു മിടിയിട (സെക്കന്റ്) കൊണ്ട് 1, 86,000 നാഴിക വേഗതയിൽ സഞ്ചരിക്കുന്ന പ്രകാശം, അതിന്റെ ഒരു വശത്തുനിന്ന് മറുവശത്തേക്ക് മദ്ധ്യബിന്ദുവിലൂടെ നേർക്കുനേരെ എത്തിച്ചേരുവാൻ പത്തുകോടികൊല്ലം വേണ്ടിവരും. ഈ കണക്ക് കൃത്യവും ശരിയുമാണെന്ന് പറഞ്ഞുകൂടാ. മനുഷ്യന്റെ നിരീക്ഷണ കഴിവുകൾ എത്ര സമർത്ഥമായിരുന്നാലും ശരി, അവന്റെ ഗോളാന്തരയാത്രകൾ എത്ര വിജയകരമായിത്തീർന്നാലും ശരി അഖിലാണ്ഡത്തിന്റെ സൂക്ഷ്മമായ കണക്കും കയ്യും അവന്ന് കണ്ടുപിടിക്കുവാൻ കഴിയുമെന്ന് വിചാരിക്കാൻ സാധ്യമല്ല. ഒരു കാലത്ത് മനുഷ്യൻ അവയെല്ലാം ചുറ്റി സഞ്ചരിക്കുമെന്ന് ഊഹിക്കുവാനും സാധ്യമല്ല. മേൽകണ്ട കണക്ക് ഏറെക്കുറെ ശരിയാണെന്ന് വെക്കുക: എന്നാൽ തന്നെയും, അതിലടങ്ങുന്ന വാനങ്ങൾ, അവയിലെ കോടാനുകോടി നക്ഷത്രങ്ങൾ, നിര

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

വധി സൗരയൂഥങ്ങൾ, ഓരോന്നിന്റെയും ഉപഗ്രഹങ്ങൾ ആദിയായവയും, ഭൂമി, അതിലെ സമുദ്രങ്ങൾ, പർവ്വതങ്ങൾ ആദിയായവയും, മലക്കുകൾ, മനുഷ്യർ തുടങ്ങിയ ജീവികളും, നമുക്ക് കാണുവാനോ കേൾക്കുവാനോ ഊഹിക്കുവാനോ കഴിയാത്ത മറ്റെല്ലാ വസ്തുക്കളും അടങ്ങുന്ന ലോകാലോകമൊട്ടുക്കും ഈവിധം സൃഷ്ടിച്ച് ഓരോന്നിനും അതതിന്റെ ക്രമവും വ്യവസ്ഥയും നല്കി നിയന്ത്രിച്ച് നിലനിറുത്തിപ്പോരുന്ന രാജാധിരാജന്റെ രാജാധിപത്യം, ഹാ! എത്ര മഹനീയം!! എത്ര വിസ്തൃതം!!! فَسُبْحَانَ الَّذِي بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَإِلَيْهِ تُرْجَعُونَ

﴿والحمد لله اولا واخرا وله الفضل والمنة﴾

വെളിച്ചം റമദാൻ 2026
https://velichamsaudionline.com/

വ്യാഖ്യാനക്കുറിപ്പ്:

ക്വബ്റിലെ സ്ഥിതിഗതികൾ

(احوال القبر)

മനുഷ്യൻ ക്വബ്റിൽവെച്ച്– മരണപ്പെട്ടതിന് ശേഷം പുനരുത്ഥാനത്തിന് മുമ്പുള്ള കാലഘട്ടത്തിൽ– സുഖദുഃഖങ്ങളൊന്നും കൂടാതെ കേവലം തനി നിദ്രയിലായിരിക്കുകയല്ല ചെയ്യുന്നതെന്നും, നേരെമറിച്ച് നല്ലവനാണെങ്കിൽ അവന് സുഖസന്തോഷങ്ങളുടെയും, ചീത്തപ്പെട്ടവനാണെങ്കിൽ അവന് ഭയദുഃഖങ്ങളുടെയും അനുഭവങ്ങൾ പലതും അനുഭവപ്പെട്ടുകൊണ്ടിരിക്കുമെന്നും ചില ക്വുർആൻ വാക്യങ്ങൾകൊണ്ടും, അനേകം ഹദീഥുകൾകൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ളതാണ്. മുസ്‌ലിംകൾ പൊതുവിൽ അങ്ങനെ വിശ്വസിക്കുകയും ചെയ്യുന്നു. ഭൗതികകാഴ്ചപ്പാടിന്നപ്പുറമുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ക്വുർആൻ വാക്യങ്ങളെല്ലാം തങ്ങളുടെ യുക്തിവാദങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയും, പ്രസ്തുത വ്യാഖ്യാനത്തിന് നിരക്കാത്ത ഹദീഥുകളെല്ലാം പുറംതള്ളുകയും പതിവുള്ളവർക്ക് മാത്രമേ– മുസ്‌ലിംകളുടെ കൂട്ടത്തിൽ– ഇതിൽ ഭിന്നാഭിപ്രായമുള്ളൂ. ഈ വിഷയകമായി ക്വുർആനിലും ഹദീഥിലും വന്നിട്ടുള്ളതിന്റെ ചുരുക്കം എന്താണെന്നും, അതിൽ ബുദ്ധിക്കോ, ക്വുർആന്റെ മറ്റേതെങ്കിലും പ്രസ്താവനകൾക്കോ വിരുദ്ധമായി വല്ലതും ഉണ്ടോ എന്നും പരിശോധിക്കുകയാണ് ഈ കുറിപ്പിന്റെ ഉദ്ദേശ്യം. والله الموفق

കുറ്റവാളികളായ ആളുകൾ മരണവേളയിൽ, തങ്ങളെ ഐഹികജീവിതത്തിലേക്ക് ഒന്നുകൂടി മടക്കിത്തരേണമെന്ന് അപേക്ഷിക്കുമെന്നും, ആ അപേക്ഷ ഗൗനിക്കപ്പെടുകയില്ലെന്നും പ്രസ്താവിച്ചുകൊണ്ട് സൂ: മുഅ്മിനൂൻ 100–ാം വചനത്തിൽ അല്ലാഹു പറയുന്നു: وَمِن وَرَآئِهِم بَرْزَخٌ إِلَىٰ يَوْمِ يُبْعَثُونَ (അവരുടെ അപ്പുറം അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസംവരേക്കും ഒരു 'ബർസഖ്'ഉണ്ട്.) തുടർന്നുകൊണ്ട് ക്വിയാമത്ത്നാളിൽ അവരുടെ നില എന്തായിരിക്കുമെന്നും പ്രസ്താവിക്കുന്നു. 'ബർസഖ്' (بَرْزَخٌ) എന്ന വാക്കിന് 'രണ്ട് വസ്തുക്കൾക്കിടയിലുണ്ടാകുന്ന മറ– അല്ലെങ്കിൽ– തടസ്സം' (الحاجز بين الشيئين) എന്നത്രെ ഭാഷാർത്ഥം. ഈ അർത്ഥം പരിഗണിച്ചുകൊണ്ടാണ് യവനിക, കടലിടുക്ക്' മുതലായവക്ക് ആ വാക്ക് ഉപയോഗിക്കപ്പെടുന്നത്. ഇതേ അർത്ഥത്തിൽ തന്നെയാണ് സൂ: ഫുർക്വാനിൽ وَجَعَلَ بَيْنَهُمَا بَرْزَخًا (രണ്ട് സമുദ്രത്തിനുമിടയിൽ അവൻ ഒരു മറ ഏർപ്പെടുത്തിയിരിക്കുന്നു) എന്നും സൂ: റഹ്മാനിൽ بَيْنَهُمَا بَرْزَخٌ (രണ്ടിനുമിടയിൽ ഒരു മറയുണ്ട്) എന്നും പറഞ്ഞത്.

മരണത്തിനും കിയാമത്തുനാളിനും ഇടയ്ക്കുള്ള കാലത്തെ- മരണത്തോടുകൂടി അവസാനിക്കുന്ന ഐഹികജീവിതത്തിനും പുനരുത്ഥാനത്തോടുകൂടി ആരംഭിക്കുന്ന പാരത്രിക ജീവിതത്തിനും മദ്ധ്യേയുള്ള കാലഘട്ടത്തെ- ഉദ്ദേശിച്ചാണ് മേലുദ്ധരിച്ച ആയത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് സ്പഷ്ടമാകുന്നു. ആ വാക്കിന് പല മഹാൻമാരും നൽകിയിട്ടുള്ള നിർവ്വചനങ്ങൾ ഇമാം ഇബ്നു ജരീർ, ഇബ്നു കഥീർ (റ) മുതലായവർ അവരുടെ തഫ്സീറുകളിൽ ഉദ്ധരിച്ചുകാണാം. വാക്കുകളിൽ വ്യത്യാസം കാണുമെങ്കിലും ഉദ്ദേശ്യത്തിൽ പരസ്പരം യോജിക്കുന്ന ആ ഉദ്ധരണികളുടെ സാരം ഇതാണ്: 'ദുൻയാ'വിന്റെയും 'ആഖിറ'ത്തിന്റെയും ഇടക്കാലത്തെ മറയാണ് 'ബർസഖ്', അതായത്, ദുൻയാവിലെപ്പോലെ ഭക്ഷണപാനീയങ്ങളും മറ്റും കൂടാതെയും, ആഖിറത്തിലെപ്പോലെ കർമങ്ങളുടെ പ്രതിഫലം ലഭിച്ച് കഴിയാതെയും ഇരിക്കുന്ന അവസ്ഥ'. *(*)*

തഫ്സീർ ഗ്രന്ഥങ്ങളിൽ മാത്രമല്ല, പ്രധാന അറബി നിഘണ്ടുക്കളിലും 'ബർസഖി'നു ഈ അർത്ഥം കൽപിച്ചു കാണാം. 'ഖാമൂസി'ലെ വാചകം **البرزخ الحاجز بين الشيئين ومن وقت الموت الى القيمة ومن مات دخله** ('ബർസഖ്' എന്നാൽ, രണ്ട് വസ്തുക്കൾക്കിടയിലുള്ള മറയും, മരണസമയം മുതൽ കിയാമത്തുനാൾ വരെയുമാകുന്നു. ആർ മരണപ്പെട്ടുവോ അവൻ അതിൽ പ്രവേശിക്കുന്നു) എന്നാണ്. 'ലിസാനുൽ അറബി' (لِسَانُ العَرَب)ൽ ഇങ്ങനെയാണ്: **البرزخ ما بين الدنيا والآخرة قبل الحشر من وقت الموت الى البعث فمن مات فقد دخل البرزخ** *(**)* ('ബർസഖ്' എന്നാൽ, ഇഹലോകത്തിനും പരലോകത്തിനുമിടക്ക്- 'ഹശ്റി'ന്റെ മുമ്പ് *(***)*- മരണസമയം മുതൽ പുനരുത്ഥാനം വരെയുള്ള കാലമാകുന്നു. അപ്പോൾ ആർ മരിച്ചുവോ അവൻ ബർസഖിൽ പ്രവേശിച്ചു). പരലോകത്തിനും ഇഹലോകത്തിനും ഇടയ്ക്ക് രണ്ടിൽനിന്നും കേവലം വ്യത്യസ്തമായ ഒരു ലോകം സ്ഥിതിചെയ്യുന്നുണ്ടെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു. എനി, ഈ അദൃശ്യലോകത്തുവെച്ച് നടക്കുന്ന ചില സ്ഥിതികളെക്കുറിച്ച് മനസ്സിലാക്കാം:-

ഫിർഔന്റെയും അവന്റെ ആൾക്കാരെയും സമുദ്രത്തിൽ മുക്കിനശിപ്പിച്ചതിനെപ്പറ്റി പറഞ്ഞശേഷം, സൂറത്തുൽ മുഅ്മിൻ (ഗാഫിർ) 46 ൽ അല്ലാഹു പറയുന്നു: النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا (അവർ രാവിലെയും വൈകുന്നേരവും നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്നു.) ഈ പ്രദർശിപ്പിക്കൽ കിയാമത്തുനാളിലെ സംഭവമായിട്ടല്ല പറഞ്ഞിരിക്കുന്നത്.കാരണം, അതേ ആയത്തിൽതന്നെ തുടർന്നുകൊണ്ട് ഇപ്രകാരം പറയുന്നു: 'അന്ത്യനാൾ, സംഭവിക്കുമ്പോൾ, ഫിർഔന്റെ ആൾക്കാരെ അതികഠിനമായ ശിക്ഷയിൽ പ്രവേശിപ്പിക്കുവിൻ എന്ന് കൽപനയുണ്ടാകും.' وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ അപ്പോൾ, സമുദ്രത്തിൽ മുങ്ങിനശിച്ചതിനുശേഷം കിയാമത്തുനാളിനുമുമ്പായി ഫിർഔന്റെ ആൾക്കാർക്ക് ചില പ്രത്യേക ശിക്ഷാനുഭവങ്ങൾ ഉണ്ടെന്നും, അത് അവരുടെ പ്രവർത്തനങ്ങളുടെ യഥാർത്ഥ പ്രതിഫലമാകുന്ന നരകശിക്ഷയല്ലെന്നും ഇതിൽനിന്ന് വ്യക്തമാണ്. ഈ വാസ്തവം നബിﷺ ഒരു ഹദീഥിൽ കൂടുതൽ വ്യക്ത

(*) ഖബ്റുകളിൽവെച്ച് അനുഭവപ്പെടുന്ന സുഖദുഃഖങ്ങൾ ഒരു തരത്തിൽ കർമഫലം തന്നെയാണെങ്കിലും, കർമങ്ങളുടെ യഥാർത്ഥ ഫലമല്ല അവ. ഇതിനെപ്പറ്റി താഴെ വിവരിക്കുന്നുണ്ട്.

(**) **كما في مجلة الحج الجزء ٢ – السنة ٢٣ (٢٠ شعبان ٨٨ هـ)**

(***) വിചാരണക്കായി ഒരുമിച്ചുകൂട്ടുന്നതിന്മുമ്പ്.

മായി പ്രസ്താവിച്ചിരിക്കുന്നത് കാണുക:

നബിﷺ പ്രസ്താവിച്ചതായി ഇബ്നുഉമർ (റ) ഉദ്ധരിക്കുന്നു: 'നിങ്ങൾ ഒരാൾ മരണപ്പെട്ടാൽ, രാവിലെയും വൈകുന്നേരവും അവന്റെ ഇരിപ്പിടം- വാസസ്ഥലം- അവന് പ്രദർശിപ്പിക്കപ്പെടും. അവൻ സ്വർഗക്കാരനാണെങ്കിൽ സ്വർഗക്കാരിൽനിന്നും, അവൻ നരകക്കാരനാണെങ്കിൽ നരകക്കാരിൽനിന്നുമായിരിക്കും പ്രദർശിപ്പിക്കപ്പെടുക. 'ഖിയാമത്തുനാളിൽ അല്ലാഹു നിന്നെ എഴുന്നേൽപിക്കുന്നതുവരേക്കും നിന്റെ ഇരിപ്പിടം ഇതാണ് എന്ന് അവനോട് പറയപ്പെടുകയും ചെയ്യും.' (ബു; മു.)

ഖബ്റുകളിൽവെച്ച് അനുഭവപ്പെടുന്ന പല സ്ഥിതിഗതികളെക്കുറിച്ചും പ്രസ്താവിച്ചിട്ടുള്ള ധാരാളം ഹദീഥുകൾ ഉദ്ധരിക്കുവാനുണ്ട്. ഉദാഹരണത്തിനുമാത്രം ചിലത് ഇവിടെ ഉദ്ധരിക്കാം:

1) നബി ﷺ പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു: 'മനുഷ്യൻ ഖബ്റിൽ വെക്കപ്പെടുകയും, അവന്റെ ആൾക്കാർ തിരിഞ്ഞുപോകുകയും ചെയ്താൽ- അവരുടെ ചെരുപ്പിന്റെ ശബ്ദം അവൻ കേൾക്കുന്നുണ്ടായിരിക്കും (അത് അടുത്ത സമയം) -അവന്റെ അടുക്കൽ രണ്ട് മലക്കുകൾ വരും. അവർ അവനെ ഇരുത്തി അവനോട് ചോദിക്കും: 'ഈ മനുഷ്യനെ- അതായത്, മുഹമ്മദിനെ- ക്കുറിച്ച് നീ എന്ത് പറഞ്ഞിരുന്നു?' അപ്പോൾ സത്യവിശ്വാസി പറയും: 'അദ്ദേഹം അല്ലാഹുവിന്റെ അടിയാനും റസൂലുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു' അവനോട് പറയപ്പെടും: 'നരകത്തിൽ നിന്ന് നിനക്കുള്ള (നിനക്ക് ഉണ്ടാകുമായിരുന്ന) ഇരിപ്പിടത്തിലേക്ക് നോക്കൂ! ഇതാ, അല്ലാഹു നിനക്ക് അതിനുപകരം സ്വർഗത്തിൽനിന്ന് ഇരിപ്പിടം തന്നിരിക്കുന്നു.' അങ്ങനെ, അവൻ അത് രണ്ടും (സ്വർഗത്തിലെയും നരകത്തിലെയും ഇരിപ്പിടങ്ങൾ) കാണും. എന്നാൽ, കപടവിശ്വാസിയും അവിശ്വാസിയുമാകട്ടെ, അവനോട് ചോദിക്കപ്പെടും: 'നീ ഈ മനുഷ്യനെപ്പറ്റി എന്ത് പറഞ്ഞിരുന്നു?' അവൻ പറയും: 'എനിക്കറിഞ്ഞുകൂടാ! ആളുകൾ പറയുംപ്രകാരം ഞാനും പറഞ്ഞിരുന്നു.' അവനോട് പറയപ്പെടും: 'നീ അറിഞ്ഞതുമില്ല, പിൻപറ്റിയതുമില്ല.' അവൻ ഇരുമ്പിന്റെ ചുറ്റികകളാൽ അടിക്കപ്പെടും. അവൻ വമ്പിച്ച അട്ടഹാസം അട്ടഹസിക്കും ഇരുസമുദായങ്ങൾ (മനുഷ്യരും ജിന്നുകളും) അല്ലാത്തവരെല്ലാം അത് കേൾക്കുന്നതാണ്. (ബു; മു.)

(2, 3) നബിﷺ പറഞ്ഞതായി അബൂഹുറയ്റഃ (റ) പറയുന്നു: 'നിങ്ങളൊരാൾ (നമസ്കാരത്തിൽ) അവസാനത്തെ 'തശഹ്-ഹുദി'ൽ ('അത്തഹിയ്യാത്തി')ൽ നിന്ന് വിരമിച്ചാൽ, അവൻ നാല് കാര്യങ്ങളെക്കുറിച്ച് അല്ലാഹുവിനോട് രക്ഷ തേടിക്കൊള്ളട്ടെ; നരകശിക്ഷയിൽ നിന്നും, ഖബ്ർ ശിക്ഷയിൽനിന്നും, ജീവിതത്തിന്റെയും മരണത്തിന്റെയും കുഴപ്പത്തിൽ നിന്നും, ദജ്ജാലിന്റെ കെടുതിയിൽ നിന്നും.' (മു.) നബിﷺ നമസ്കാരത്തിൽ اَللَّهُمَّ اِنِى اَعُوذُبِكَ مِن عَذَابِ القَبرِ الخ (അല്ലാഹുവേ, നിന്നോട് ഞാൻ ഖബ്റിലെ ശിക്ഷയിൽനിന്ന് രക്ഷതേടുന്നു) എന്ന് തുടങ്ങിയ പ്രാർത്ഥന ചെയ്യാറുണ്ടായിരുന്നതായി ആഇശഃ (റ) നിവേദനം ചെയ്യുന്നു. (ബു; മു.) ഇതനുസരിച്ചാണ് മുസ്‌ലിംകൾ ഈ ദുആ അത്തഹിയ്യാത്തിൽ നിത്യവും ചൊല്ലിവരുന്നതും. *(*)* ഖബ്റുകളിൽ വെച്ച് സജ്ജനങ്ങൾക്ക് സുഖപ്രദമായ ചില അനുഭവങ്ങളും, ദുർജ്ജനങ്ങൾക്ക് ശിക്ഷാമയമായ ചില അനുഭവങ്ങളും ഉണ്ടാകുമെന്ന് ഇപ്പോൾ ഖുർആൻകൊണ്ടും ഹദീഥുകൊണ്ടും ശരിക്കും വ്യക്തമായല്ലോ. വിശദീകരണത്തിന് ഇവിടെ ഉദ്ദേശിക്കുന്നില്ല.

(*) എന്നാൽ, ഖബ്റിലെ ശിക്ഷയെ നിഷേധിക്കുന്നവരിൽ ചിലർപോലും- ▶▶

ഓരോരുവനും ചെയ്ത കർമങ്ങളുടെ പ്രതിഫലം അനുഭവിക്കുന്നത് അവരവരുടെ വിചാരണ കഴിഞ്ഞശേഷം സ്വർഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നതുമുതൽക്കാണല്ലോ. എന്നിരിക്കെ, ഖബ്റുകളിൽവെച്ച് ശിക്ഷ അനുഭവിക്കുന്നതിന്റെ ന്യായം എന്താണ്? എന്നിങ്ങനെ വല്ലവരും സംശയിച്ചേക്കാം. വാസ്തവത്തിൽ പരലോകത്തുവെച്ച് നൽകപ്പെടുന്ന രക്ഷാശിക്ഷകൾതന്നെയാണ് കർമങ്ങളുടെ യഥാർത്ഥ പ്രതിഫലങ്ങൾ. അതിനുമുമ്പുണ്ടാകുന്ന സുഖദുഃഖങ്ങളെല്ലാം ഓരോരുത്തന്റെയും കർമങ്ങൾക്കനുസരിച്ച് അവരവരിൽ പ്രത്യക്ഷപ്പെടുന്ന ചില അനന്തരഫലങ്ങൾ മാത്രമാകുന്നു. ഒരു ഉദാഹരണം മൂലം ഇത് മനസ്സിലാക്കാം. ഒരു കൊലക്കേസിൽ പിടിക്കപ്പെട്ട പ്രതികുറ്റക്കാരനാണെന്ന് കോടതി വിധിച്ചശേഷമേ അവന് കൊലക്കുറ്റത്തിന് നിയമപ്രകാരമുള്ള യഥാർത്ഥ പ്രതിഫലം അഥവാ ശിക്ഷ- നൽകപ്പെടാറുള്ളൂ. എങ്കിലും, പ്രഥമ വീക്ഷണത്തിൽ അവന്റെമേൽ കൊലക്കുറ്റം ചുമത്തപ്പെട്ടത് മുതൽ -അവൻ കുറ്റക്കാരനാണെന്നോ അല്ലെന്നോ കോടതി തീരുമാനിക്കുന്നതുവരെയുള്ള ഇടക്കാലത്ത്- അവൻ ഒരു കൊലയാളിയെപ്പോലെ ഗണിക്കപ്പെടുകയും, കുറ്റക്കാരനെന്ന നിലക്ക് അവനോട് പെരുമാറപ്പെടുകയും ചെയ്യുമല്ലോ. പ്രത്യക്ഷത്തിൽ അവനൊരു കൊലയാളിയാണെന്നതാണ് ഇതിന് കാരണം. എന്നാൽ, ഇവിടെ ഒരു വ്യത്യാസമുണ്ട്. ഒരു കൊലക്കുറ്റം ചുമത്തപ്പെട്ട ആൾ ഒരുപക്ഷേ നിരപരാധിയാണെന്നായിരിക്കും കോടതിയുടെ വിധി. അതോടുകൂടി അവൻ വിട്ടയക്കപ്പെടുകയും ചെയ്യും. മരണപ്പെട്ടവരുടെ കാര്യം അങ്ങനെയല്ല. യഥാർത്ഥത്തിൽ കുറ്റവാളികൾക്ക് മാത്രമേ ശിക്ഷാപരമായ അനുഭവങ്ങൾ ഉണ്ടാവുകയുള്ളൂ. ഇങ്ങനെയുള്ളവരെക്കുറിച്ച് അല്ലാഹുവിന്റെ കോടതിയിൽ അവർ നിരപരാധികളായി തെളിയിക്കപ്പെടുമെന്നോ വിധിയുണ്ടാകുമെന്നോ പ്രതീക്ഷിക്കുവാനുമില്ല. അവിടെ എല്ലാ കാര്യവും യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നടക്കുക. ഖബ്റുകളിൽവെച്ച് മാത്രമല്ല അതിനുമുമ്പുതന്നെ- മരണപ്പെടുന്ന അവസരത്തിലും, പിന്നീട് ഖബ്റുകളിൽനിന്ന് എഴുന്നേറ്റ് മഹ്ശറിലേക്ക് വരുമ്പോഴും, വിചാരണവേളയിലും, വിചാരണ കഴിഞ്ഞ് നരകത്തിലേക്ക് കൊണ്ടുപോകുമ്പോഴും- എല്ലാംതന്നെ വിവിധ തരത്തിലുള്ള കഷ്ടപ്പാടുകൾ കുറ്റവാളികൾ അനുഭവിക്കുന്നതാണെന്നും ഖുർആന്റെ പല പ്രസ്താവനകളിലും കാണാവുന്നതാണ്. (8 : 50; 32 : 12; 55 : 41; 20 : 102; 37 : 24; 41 : 31; 27 : 89 മുതലായവ) എന്നിരിക്കെ ഖബ്റിലെ അനുഭവത്തെ സംബന്ധിച്ച് മാത്രം ഈ സംശയത്തിന് അവകാശമില്ല.

ഖബ്റിലെ ശിക്ഷാനുഭവങ്ങളെ നിഷേധിക്കുന്നവർക്ക് അതിനുള്ള പ്രധാന ന്യായം ഇതാണ്: ഖബ്റുകൾ തുറന്നുനോക്കിയാൽ അവിടെ ശിക്ഷകളോ മറ്റുവല്ലതുമോ നടക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. ജഡമാണെങ്കിൽ നശിച്ചുപോകുന്നു. ആത്മാവും എങ്ങോ പോയിക്കഴിഞ്ഞിരിക്കുന്നു. പിന്നീട് ശിക്ഷയും മറ്റും അനുഭവിക്കുവാൻ അവിടെ ആരാണുള്ളത്?! ആ ന്യായം കേൾക്കുമ്പോൾ ചില സാധാരണക്കാരും സംശയത്തിന് വിധേയരാകും. ബാഹ്യലോകവും യാഥാർത്ഥ്യലോകവും തമ്മിലും, ഭൗതിലോകവും ആത്മീയലോകവും തമ്മിലും ഉള്ള വ്യത്യാസത്തെപ്പറ്റി അൽപമെങ്കിലും ആലോചിക്കുന്നപക്ഷം, യാതൊരു സംശയത്തിനും അവകാശമില്ല. മരണവേളയിൽ കുറ്റവാളികളുടെ അടുക്കൽ മലക്കുകൾ വന്ന് നിങ്ങളുടെ ആത്മാക്കളെ പുറത്താക്കുവിൻ എന്ന് പറയുമെന്നും, അവരുടെ മുഖത്തും, പിൻപുറത്തും അടിക്കുമെന്നും മറ്റും അല്ലാഹു പറയുന്നു. (6: 93; 8: 50 മുതലായവ നോക്കുക.) കുറ്റവാളികൾ തങ്ങളെ ഒന്നുകൂടി ഐഹികജീവിതത്തിലേക്ക് മടക്കിക്കൊടുക്കുവാൻ മരണവേള

◀◀ അറിഞ്ഞോ അറിയാതെയോ-നമസ്കാരത്തിൽ ഈ ദുആ ചെയ്യുന്നതും, ചിലർ നമസ്കാരത്തിന്റെ രൂപം വിവരിക്കുന്ന കൂട്ടത്തിൽ ഈ ദുആയും ഉൾപ്പെടുത്തുന്നതും കാണുമ്പോൾ ആശ്ചര്യം തോന്നുന്നു.

യിൽ അപേക്ഷിക്കുമെന്നും പറയുന്നു. (23 : 99 ഉം മറ്റും കാണുക) മരണം നമ്മുടെ മുന്നിൽ വെച്ച് തന്നെ സംഭവിക്കുകയും കുറെക്കാലം ആ ജഡം നാം കണ്ണുതെറ്റാതെ നോക്കിക്കൊണ്ടിരിക്കുകയും ചെയ്താലും ഇതെല്ലാം നമുക്ക് കാണുവാൻ കഴിയുമോ? ഖുർആനിൽ കേവലം ഉപമകളും അലങ്കാരപ്രയോഗങ്ങളുമാക്കിക്കൊണ്ട് ദുർവ്യാഖ്യാനം ചെയ്യാൻ ആരെങ്കിലും മുതിരുന്നപക്ഷം അയാൾ യഥാർത്ഥത്തിൽ ഖുർആനിൽ വിശ്വസിക്കുന്നില്ലെന്നേ പറയുവാനുള്ളൂ. ഖുർആനിൽ വിശ്വസിക്കാത്തവരെക്കുറിച്ച് ഇവിടെ നാം സംസാരിക്കുന്നുമില്ല.

ഖബ്റിലെ അനുഭവങ്ങളെക്കുറിച്ച് മാത്രമല്ല, നമ്മുടെ അനുമാനങ്ങൾക്കും ഈ ഐഹികലോകത്തെ സാധാരണ നടപടി ക്രമങ്ങൾക്കും എതിരായി ഖുർആനിലും, ഹദീഥിലും വന്നിട്ടുള്ള പല കാര്യങ്ങളെക്കുറിച്ചും വളരെ ഗഹനങ്ങളായ ചർച്ചകൾ നടത്തുകയും വിവരിക്കുകയും ചെയ്തിട്ടുള്ള രണ്ട് പണ്ഡിതവര്യൻമാരാണ് ഇമാം ഗസ്സാലി (റ)യും, അല്ലാമാ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയും (റ). ഈ രണ്ട് മഹാൻമാരും കേവലം മതപണ്ഡിതൻമാർ മാത്രമല്ല, ദാർശനിക പ്രമുഖൻമാർ കൂടിയാണ്. ഇവരുടെ ചില പ്രസ്താവനകൾ ഇവിടെ ഉദ്ധരിക്കുന്നത്- ഖബ്റിലെ അനുഭവങ്ങളെക്കുറിച്ച് മാത്രമല്ല- അതുപോലെ നമുക്ക് യാഥാർത്ഥ്യം ഗ്രഹിക്കുവാൻ പ്രയാസമുള്ള മറ്റ് പലതിനെക്കുറിച്ചും മനസ്സിലാക്കുവാൻ വളരെ പ്രയോജനകരമായിരിക്കും.' ഇസ്‌ലാം ശരീഅത്തിന്റെ യുക്തിരഹസ്യങ്ങൾ' (اسرار الشريعة) എന്ന വിഷയത്തിൽ രചിക്കപ്പെട്ട ഒരു നിസ്തുല മഹൽ ഗ്രന്ഥമത്രെ ശാഹ് വലിയ്യുല്ലാഹിയുടെ 'ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ' (حُجَّة اللّٰه البَالِغَة) ഈ ഭൗതിക ലോകപ്രകൃതിക്കും, അതിലെ നടപടിക്രമങ്ങൾക്കും നിരക്കാത്ത പല യാഥാർത്ഥ്യങ്ങളും ഉൾക്കൊള്ളുന്ന ഒരു അഭൗതികലോകത്തെക്കുറിച്ച് ഖുർആനിലും, ഹദീഥിലും വന്നിട്ടുള്ള പല തെളിവുകളും, ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ട് സംസാരിക്കുന്ന മദ്ധ്യേ അതിൽ അദ്ദേഹം ചെയ്തിട്ടുള്ള സ്വൽപം ദീർഘമായ ഒരു പ്രസ്താവനയുടെ ചുരുക്കം താഴെ ചേർക്കാം. ഈ വിഷയത്തിൽ ഇമാം ഗസ്സാലി (റ)യുടെ വാചകങ്ങളും അതിലദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ രണ്ട് മഹാൻമാരുടെയും അഭിപ്രായം നമുക്ക് ഒന്നിച്ച് കാണുവാൻ സാധിക്കും.

മർയം (അ)ന്റെ അടുക്കൽ മനുഷ്യരൂപത്തിൽ മലക്ക് ചെന്നത്, ഖബ്റിൽവെച്ച് മലക്കുകൾ ചോദ്യം ചെയ്യുന്നത്, മരണപ്പെട്ടവർ അട്ടഹസിക്കുന്നത്, അവനെ പാമ്പ് കൊത്തുന്നത്, നബി ﷺ യുടെ അടുക്കൽ മലക്ക് വന്നുപോകുമ്പോൾ സ്വഹാബികൾക്ക് അത് കാണാൻ കഴിയാത്തത്, നബി ﷺ യുടെ 'ഇസ്റാഉ്' എന്ന രാവുയാത്രയിലെ ചില സംഭവങ്ങൾ, നമസ്കാരം, മുതലായ കർമങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ചെല്ലുന്നത് എന്നിങ്ങനെ ഖുർആനിലും ഹദീഥിലും കാണപ്പെടുന്ന പലതിനെയും ചൂണ്ടിക്കാട്ടിക്കൊണ്ട് അദ്ദേഹം പറയുകയാണ്:- 'ഇങ്ങനെയുള്ള വിഷയങ്ങളിൽ ചിന്തിച്ചുനോക്കുന്നവർ മൂന്നിൽ ഒരു തരക്കാരായിരിക്കും:

1) ഒന്നുകിൽ അവയുടെ ബാഹ്യമായ സ്വഭാവത്തിൽ തന്നെ നേർക്കുനേരെ സമ്മതിക്കുക. അപ്പോൾ, നാം മേൽപറഞ്ഞ തരത്തിലുള്ള ഒരു ലോകം ഉണ്ടെന്ന് സമ്മതിക്കേണ്ടിവരും. ഹദീഥ് പണ്ഡിതൻമാരുടെ ചട്ടം അതാണ്. ഇതിനെപ്പറ്റി സുയൂത്വി (റ) ഉണർത്തിയിട്ടുണ്ട്. ഇതാണ് ഞാൻ പറയുന്നതും, ഞാൻ അഭിപ്രായപ്പെടുന്നതും.

2) അല്ലെങ്കിൽ, വെളിയിൽ അവയ്ക്ക് യാഥാർത്ഥ്യമൊന്നും ഇല്ലെങ്കിലും അവ അനുഭവപ്പെടുന്നതിന്റെ അനുഭവത്തിലും കാഴ്ചയിലും അങ്ങനെ രൂപാന്തരപ്പെട്ട് കാണുക

യാണെന്ന് *(*)*വെക്കുക. يَوْمَ تَأْتِي السَّمَاءُ بِدُخَانٍ مُّبِينٍ (ആകാശം ഒരു വ്യക്തമായ പുകയും കൊണ്ടുവരുന്ന ദിവസം) എന്ന് അല്ലാഹു (സൂ: ദുഖാനിൽ) പ്രസ്താവിച്ചതിനെപ്പറ്റി ഇബ്നു മസ്ഊദ് (റ) പറയുന്നത് ഇതുപോലെയാണ്. അറബികൾക്ക് ഒരു ക്ഷാമം പിടിപെട്ടപ്പോൾ വിശപ്പ് നിമിത്തം ആകാശത്തേക്ക് നോക്കുമ്പോൾ അവർക്ക് പുക മൂടിയതായി തോന്നിയിരുന്നുവെന്നാണ് അദ്ദേഹം പറയുന്നത്.

3) അതുമല്ലെങ്കിൽ, ചില വസ്തുക്കളെ മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ടി ഉപമാരൂപത്തിൽ പറയപ്പെട്ടതാണ് അവ എന്ന് വെക്കുക. ഈ മൂന്നാമത്തെ നിലപാട് കൊണ്ട് തൃപ്തി അടയുന്നവരെ സത്യത്തിന്റെ പക്ഷക്കാരായി ഞാൻ വിചാരിക്കുന്നില്ല.' *(**)*

അദ്ദേഹം തുടരുന്നു: 'ഇമാംഗസ്സാലി (റ) ഖബ്റിലെ ശിക്ഷയുടെ കാര്യത്തിൽ മേൽപറഞ്ഞ മൂന്ന് നിലപാടുകളെ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഇങ്ങനെയുള്ള ഹദീഥുകൾക്ക് ശരിയായ ബാഹ്യസാരങ്ങളും ഗൂഢമായ അന്തസാരങ്ങളും ഉണ്ട്. ഉൾക്കാഴ്ചയുള്ളവർക്ക് അവ വ്യക്തങ്ങളായിരിക്കും. അവയുടെ യാഥാർത്ഥ്യങ്ങൾ മനസ്സിലാകാത്തവർക്ക് അവയുടെ ബാഹ്യസാരങ്ങളെ നിഷേധിക്കുവാൻ പാടില്ല. പക്ഷേ, സത്യവിശ്വാസത്തിന്റെ ഏറ്റവും കുറഞ്ഞ പടി അവ സമ്മതിക്കലും, സത്യമെന്ന് വിശ്വസിക്കലുമാകുന്നു. 'അവിശ്വാസിയായ മനുഷ്യനെ അവന്റെ ഖബ്റിൽവെച്ച് നാം കുറേക്കാലം വീക്ഷിച്ചുകൊണ്ടിരുന്നാലും നാം ഒന്നും കാണുകയില്ലല്ലോ. എന്നിരിക്കെ, പിന്നെയെങ്ങനെയാണത് സത്യമെന്ന് വെക്കുക' എന്ന് വല്ലവരും പറഞ്ഞേക്കുന്നപക്ഷം, നീ അറിഞ്ഞുകൊള്ളുക: ഇത് സത്യമാണെന്ന് സ്വീകരിക്കുന്നതിൽ നിനക്ക് മൂന്ന് നിലപാടുകൾ ഉണ്ടായിരിക്കാവുന്നതാണ്:-

'ഒന്നാമത്തേത്- അതാണ് കൂടുതൽ വ്യക്തവും, ശരിയും, രക്ഷയുമായിട്ടുള്ളത്- അവയെല്ലാം യഥാർത്ഥം തന്നെയാണെന്ന് നീ വിശ്വസിക്കുകയാകുന്നു. (ഖബ്റിൽവെച്ച്) മരിച്ചവനെ പാമ്പുകൊത്തുന്നു; പക്ഷേ ഈ കണ്ണ് അത് കാണാൻ പറ്റിയതല്ല; അതെല്ലാം അദൃശ്യ ലോകവുമായി ബന്ധപ്പെട്ടതാണ് എന്ന് വെക്കുക. ജിബ്രീൽ (അ) വന്നിരുന്നുവെന്നും, അദ്ദേഹത്തെ നബിﷺ കണ്ടിരുന്നുവെന്നും സ്വഹാബികൾ വിശ്വസിച്ചിരുന്നുവല്ലോ, അതിൽ നിനക്ക് വിശ്വാസമില്ലെങ്കിൽ, ആദ്യമായി നീ മലക്കുകളിലും വഹ്‌യിലും വിശ്വസിച്ചുകൊണ്ട് നിന്റെ ഈമാന്റെ മൗലികവശം ശരിപ്പെടുത്തുകയാണ് വേണ്ടത്. അതല്ല, നീയത് വിശ്വസിക്കുകയും, സമുദായത്തിന് കാണാൻ കഴിയാത്തത് നബിﷺക്ക് കാണാമെന്ന് വെക്കുകയാണ് ചെയ്യുന്നതെങ്കിൽ, എന്തുകൊണ്ട് മരിച്ചവരിലും അങ്ങനെ പാടില്ല?! മലക്കുകൾ മനുഷ്യരോടും, മറ്റ് ജീവികളോടും സാമ്യമില്ലാത്തതുപോലെത്തന്നെ, ഖബ്റുകളിൽവെച്ച് മരിച്ചവരെ കടിക്കുന്ന പാമ്പും, തേളും ഈ ലോകത്തുള്ള പാമ്പും തേളുമായി സാമ്യമില്ല. അത് മറ്റൊരു വർഗത്തിൽപ്പെട്ടതും, (ഈ ബാഹ്യേന്ദ്രിയങ്ങളല്ലാത്ത) മറ്റൊരു ഗ്രഹണശക്തികൊണ്ട് അറിയേണ്ടതുമാകുന്നു.'

'രണ്ടാമത്തേത്, ഉറങ്ങുന്നവന്റെ സ്ഥിതി ഓർക്കുകയാണ്. സ്വപ്നത്തിൽ പാമ്പ് കടിക്കുന്നതായി അവൻ കാണുന്നു. വേദനയനുഭവിക്കുന്നു. ചിലപ്പോൾ ഉറക്കെ ശബ്ദമുണ്ടാക്കുകയും, വിയർക്കുകയും, എഴുന്നേൽക്കുകയും ചെയ്യും. നീയാണെങ്കിൽ, അവൻ ശാന്തമായി ഉറങ്ങുന്നതായേ കാണുന്നുള്ളൂ. പാമ്പിനെയൊ മറ്റോ നീ കാണുന്നില്ല. എങ്കിലും ഉറങ്ങുന്ന

(*) സ്വപ്നത്തിലും, രോഗംകൊണ്ടോ മറ്റോ ഉണ്ടാകുന്ന അബോധാവസ്ഥയിലും കാണുന്ന അനുഭവങ്ങൾ ഏതാണ്ട് ഈ തരത്തിൽപെട്ടതാണ്. കണ്ണാടി, സിനിമ, ടെലിവിഷൻ മുതലായവയിലെ ദൃശ്യങ്ങളും വേണമെങ്കിൽ ഉദാഹരണമായെടുക്കാം.

(**) ഈ മൂന്നിലും പെടാത്തവർ തനി നിഷേധികളുമായിരിക്കും.

വൻ അത് കാണുകയും, വേദനയും ശിക്ഷയും അനുഭവിക്കുകയും ചെയ്യുന്നു. അപ്പോൾ കാഴ്ചയിലുള്ള പാമ്പും മായയിലുള്ള പാമ്പും തമ്മിൽ അവനെ സംബന്ധിച്ചിടത്തോളം വ്യത്യാസമില്ലല്ലോ.'

'മൂന്നാമത്തേത് ഇതാണ്: വാസ്തവത്തിൽ പാമ്പിന്റെ ദേഹമല്ല നിന്നെ ഉപദ്രവിക്കുന്നത്. അതിന്റെ വിഷവുമല്ല. വിഷംനിമിത്തം നിന്നിലുണ്ടാകുന്ന ചില മാറ്റങ്ങളാണ് നിനക്ക് ഉപദ്രവമായിത്തീരുന്നത്. അപ്പോൾ വിഷം തീണ്ടാതെത്തന്നെ അതേ മാറ്റങ്ങൾ നിനക്ക് അനുഭവപ്പെട്ടാലും പാമ്പിനെകൊണ്ടുണ്ടാകുന്ന ഉപദ്രവവും ശിക്ഷയും നിനക്ക് അനുഭവപ്പെടുമല്ലോ. ഇങ്ങനെയുള്ള ശിക്ഷകളെപ്പറ്റി പറയുമ്പോൾ, അതിന് സാധാരണ കാരണമാകാറുള്ള സംഗതികളോട് ബന്ധിപ്പിച്ച് പറഞ്ഞതല്ലാതെ അതിനെ നിർവ്വചിക്കുക സാധ്യമല്ല. ഒരു കാരണത്താൽ സിദ്ധിക്കാറുള്ള സുഖാനുഭവം ആ കാരണം സിദ്ധിച്ചാലും അതിനെ ആ കാരണത്തോട് ബന്ധപ്പെടുത്തിയേ പറയുവാൻ സാധിക്കുകയുള്ളൂ. കാരണമല്ല അവിടെ ഉദ്ദേശ്യം. അതുകൊണ്ട് സിദ്ധിക്കുന്ന ഫലമാണ്. ഇങ്ങനെയുള്ള ചില വിഷമാവസ്ഥകൾ മരണപ്പെട്ടവന് അനുഭവപ്പെടുകയും, പാമ്പ് കൂടാതെത്തന്നെ പാമ്പ് കടിക്കുന്നതുപോലെയുള്ള വേദന അവന് ഉണ്ടാക്കുകയും ചെയ്യുന്നു.' [ഉദ്ധരണി അവസാനിച്ചു]

ഇമാംഗസ്സാലി (റ) പാമ്പിനെപ്പറ്റി പറഞ്ഞത് ഒരു ഉദാഹരണം മാത്രമാകുന്നു. പാമ്പ് പോലെത്തന്നെ ഭയാനകമായ മറ്റ് പല വസ്തുക്കളെയും സ്വപ്നത്തിൽ കാണാറുള്ളത്. ഉറങ്ങുന്നവൻ, ഉണർച്ചയിൽ അവയെ കണ്ടാലുള്ളതുപോലെത്തന്നെ വിഷമിക്കുകയും ചെയ്യുന്നു. നേരെമറിച്ച് ആനന്ദകരമായ സ്വപ്നങ്ങളും, ഉറങ്ങുന്നവനിൽ അവ നിമിത്തം പ്രത്യക്ഷപ്പെടുന്ന ചില പ്രകടനങ്ങളും നമുക്ക് സുപരിചിതമാണല്ലോ. ഉറങ്ങിക്കിടക്കുമ്പോൾ പെട്ടെന്ന് പരിഭ്രമത്തോടെ എഴുന്നേറ്റ് തലയണയോ, കയ്യിൽകിട്ടിയ മറ്റ് സാധനമോ എടുത്ത് 'പാമ്പ്! പാമ്പ്!' എന്ന് ഉച്ചത്തിൽ ശബ്ദിച്ചുകൊണ്ട് അവിടവിടെ അടിക്കുകയും, പിന്നീട് പാമ്പിനെ അടിച്ചുകൊന്നുവെന്ന ഭാവേന വീണ്ടും പോയി കിടക്കുകയും ചെയ്തിരുന്ന ഒരു സ്നേഹിതനെ നമുക്ക് നേരിൽ പരിചയമുണ്ട്. ഉറക്കത്തിലല്ലാതെത്തന്നെ, ഏതെങ്കിലും ചില രോഗങ്ങൾ കാരണമായി ചിലർക്ക് ആശ്ചര്യകരമോ, സന്തോഷകരമോ ആയ ചില അനുഭവങ്ങളെക്കുറിച്ച് ഓർമയുള്ളവരും ഇല്ലാത്തവരും ഉണ്ടാകാറുണ്ട്. നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾക്കതീതമായി എന്തൊക്കെയോ ചില യാഥാർത്ഥ്യങ്ങൾ നടമാടിക്കൊണ്ടിരിക്കുന്നുവെന്നും, നമ്മുടെ അറിവിനപ്പുറം പലതും സംഭവിക്കാൻ സാധ്യതയുണ്ടെന്നും ഇതിൽ നിന്നൊക്കെ സത്യാന്വേഷികൾക്ക് മനസ്സിലാക്കാം. എന്നല്ലാതെ, തർക്ക ശാസ്ത്രത്തിന്റെയോ, ഭൗതിക ശാസ്ത്രങ്ങളുടെയോ അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെടാവുന്നതല്ല ഇത്തരം സംഗതികൾ.

എനി, ഖബ്റിലെ അനുഭവങ്ങളെ നിഷേധിക്കുന്നവൻ, തങ്ങൾക്കനുകൂലമായി ഖുർആനിൽനിന്ന് ചൂണ്ടിക്കാട്ടാറുള്ള ഒന്നുരണ്ട് തെളിവുകളെക്കുറിച്ചാണ് രണ്ട് വാക്ക് പറയുവാനുള്ളത്. രണ്ടും പരലോകത്തുവെച്ച് അവിശ്വാസികൾ പറയുന്ന ചില വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ്താനും.

1) സൂ: യാസീനിലെ 52-ാം വചനത്തിൽ, പുനരുത്ഥാനസമയത്ത് അവിശ്വാസികൾ പറയുന്നതായി അല്ലാഹു ഉദ്ധരിച്ച വാക്യമാണ് يَا وَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَا (ഞങ്ങളുടെ നാശമേ! ആരാണ് ഞങ്ങൾ ഉറങ്ങുന്നിടത്തുനിന്ന് ഞങ്ങളെ എഴുന്നേൽപിച്ചത്?!) എന്നത്രെ അത്. മരണപ്പെട്ടവർ പുനരുത്ഥാനദിവസംവരെ സുഖമോ ദുഃഖമോ ഒന്നും അറിയാതെ ഉറങ്ങിക്കിടക്കുകയായിരിക്കുമെന്നും, അതിനാൽ ഖബ്റുകളിൽ 'തല്ലും കുത്തും' (ശി

ക്ഷാനുഭവങ്ങൾ) ഉണ്ടാകുമെന്ന് പറയുന്നത് ശരിയല്ലെന്നും അവർ പരിഹാസപൂർവ്വം പറയാറുണ്ട്. മേലുദ്ധരിച്ചതുപോലുള്ള ഖുർആൻ വചനങ്ങളുടെനേരെ മൗനം അവലംബിക്കുകയും, ഹദീഥുകളെ അവഗണിച്ച് പുറംതള്ളുകയുമാണവർ ചെയ്യുന്നത്. യഥാർത്ഥത്തിൽ അവർ ഉറക്കിലായിരുന്നാൽപോലും, പാപികൾക്ക് 'തല്ലും കുത്തും' മറ്റ് പലതും അനുഭവപ്പെടാമെന്നും, സൽക്കർമികളായുള്ളവർക്ക് സുഖകരമായ അനുഭവങ്ങളും ഉണ്ടാകുമെന്നും മേൽവിവരിച്ചതിൽ നിന്ന് വ്യക്തമായല്ലോ. വാസ്തവത്തിൽ മരണത്തോടുകൂടി ഈ ലോകവുമായുള്ള ബന്ധം മുറിഞ്ഞുപോകുകയും, അതിൽനിന്ന് വ്യത്യസ്തമായതും, ഇവിടെ നടപ്പില്ലാത്ത പലതും നടക്കുന്ന ഒരു ലോകമാണത്. 'ഞങ്ങൾ ഉറങ്ങുന്നിടം' مَرْقَدِنَا എന്ന് അവിശ്വാസികൾ പറയുവാനുള്ള കാരണവും, ആ വാക്കിന്റെ ശരിയായ ഉദ്ദേശ്യവും നാം യഥാസ്ഥാനത്തുവെച്ച് വിവരിച്ചിട്ടുണ്ട്. ഇവിടെ അത് ആവർത്തിക്കുന്നില്ല.

2) പുനരുത്ഥാനദിവസത്തിലെ അത്യധികമായ ഭയവും, പരിഭ്രമവും നിമിത്തം അതിനുമുമ്പ് തങ്ങൾ ഏറെക്കാലം കഴിഞ്ഞുകൂടിയിട്ടുണ്ടെന്ന് അവിശ്വാസികൾക്ക് പറയുവാൻ സാധിക്കുകയില്ലെന്ന് കാണിക്കുന്ന ആയത്തുകളാണ്. (സൂ: മുഅ്മിനൂർ 112, 113 പോലെയുള്ള ആയത്തുകൾ.) അവർക്ക് അതറിയാതിരിക്കാൻ കാരണം അവർ മരണം മുതൽ അതുവരെ ഉറങ്ങിക്കിടക്കുകയായിരുന്നതുകൊണ്ടാണെന്ന് ഇവർ പറയുന്നു. ഇവരുടെ ഈ വാദം തീരെ വാസ്തവവിരുദ്ധമാണെന്നും, ആ ആയത്തുകളുടെ യഥാർത്ഥത്തിലുള്ള ഉദ്ദേശ്യം എന്താണെന്നും സൂ: മുഅ്മിനൂനിന് ശേഷമുള്ള രണ്ടാം വ്യാഖ്യാനക്കുറിപ്പിലും നാം കാര്യകാരണസഹിതം വിവരിച്ചിരിക്കുന്നു. അതുകൊണ്ട് ഇവിടെ അതിനെപ്പറ്റിയും കൂടുതലൊന്നും പറയേണ്ടതില്ല. നബിﷺ നമസ്കാരങ്ങളിൽ ദുആ ചെയ്യാറുണ്ടായിരുന്നതുപോലെ– നമ്മോടും അങ്ങനെ ചെയ്യാൻ അവിടുന്ന് ഉപദേശിച്ചിട്ടുമുണ്ട്– നാമും ദുആ ചെയ്യുക:

اللّهم انى اعوذ بك من عذاب القبر ومن عذاب النار ومن فتنة المحيا والممات ومن فتنة المسيح الدجال (അല്ലാഹുവേ, ഖബ്റിലെ ശിക്ഷയിൽ നിന്നും, നരകത്തിന്റെ ശിക്ഷയിൽനിന്നും, ജീവിതത്തിലെയും മരണത്തിലെയും കുഴപ്പത്തിൽനിന്നും കള്ളവാദിയും സഞ്ചാരിയുമായ ദജ്ജാലിന്റെ കുഴപ്പത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.